പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

(2021-23)

നാല്പതാമത് റിപ്പോർട്ട്

(2023 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 1,2,3,5,7,8 എന്നിവയിലെ ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2023

പതിനഞ്ചാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

(2021-23)

നാല്പതാമത് റിപ്പോർട്ട്

(2023 ആഗസ്റ്റ് മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 1,2,3,5,7,8 എന്നിവയിലെ ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]

ഉള്ളടക്കം

പേജ്

സമിതിയുടെ ഘടന : 1

മുഖവുര : 11

റിപ്പോർട്ട് : 1

അനുബന്ധം I

പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും : 104

അനുബന്ധം II

സർക്കാരിൽ നിന്നും ലഭിച്ച മറുപടി : 112

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23)

ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ടി. പി. രാമകൃഷ്ണൻ

അംഗങ്ങൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., അണ്ടർ സെക്രട്ടറി

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-2023)യുടെ നാല്പതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അദ്ധ്യായം 1,2,3,5,7,8 എന്നിവയിലെ ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2023 ആഗസ്റ്റ് മാസം 8-ാംതീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2023, ആഗസ്റ്റ് 10

റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അധ്യായം 1,2,3,5,7,8 എന്നിവയിലെ ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

ഓഡിറ്റ് ഖണ്ഡിക

	1. പദ്ധതി നിർവ്വഹണം : നിഷ്ക്രിയാസ്തികൾ കുന്നുകൂടുന്നു
പ്രാദേശിക വികസനം ദിശ തെറ്റുന്നു	തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം നിഷ്ക്രിയാസ്തികൾ കുന്നുകൂടാൻ ഇടയാക്കുന്നു. ലക്ഷ്യമിട്ട ഭൗതിക നേട്ടം കൈവരിക്കാതെ പദ്ധതി വിഹിതം കോടികളാണ് പാഴാവുന്നത്. ഇതിലൂടെ പ്രാദേശിക വികസനം ദിശതെറ്റുന്നു. 2004-2005 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ ഇതിന് തെളിവാണ്.
നിർമ്മാണ പദ്ധതികൾ സമയക്ലിപ്തത തെറ്റിക്കുന്നു	നിർമ്മാണസ്വഭാവമുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല. (പത്രിക 1 കാണുക). ചിലത് അനന്തമായി നീളുന്നു. ചിലത് മുൻകൂറുകളിൽ ഒതുങ്ങി. മുൻകൂറുകൾ വർഷങ്ങൾ കഴിഞ്ഞിട്ടും ക്രമീകരിച്ചില്ല.
പദ്ധതിവിഹിതം; കോടികൾ നിക്ഷേപമായി; പദ്ധതികൾ പാതിവഴിക്ക് ഉപേക്ഷിച്ചു	വൈദ്യുതീകരണം, കുടിവെള്ളം/ജലസേചനം, ഭവനനിർമ്മാണം, തൊഴിൽ പദ്ധതികൾ തുടങ്ങിയവ സർക്കാർ ഏജൻസികളിലും മറ്റ് സ്ഥാപനങ്ങളിലും നിക്ഷേപമായി തുടരുന്നു. ചില പദ്ധതികളാകട്ടെ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. മാറിയ സാഹചര്യത്തിൽ പഴയ എസ്റ്റിമേറ്റിൽ ഇവയുടെ പൂർത്തീകരണം അസാധ്യമാണ്. ഫലത്തിൽ കോടികളുടെ പാഴ്ചെലവാണ് ഇവ വരുത്തിയിരിക്കുന്നത്. പൂർത്തിയായ പദ്ധതികൾ അധികവും തുടർപ്രവർത്തനമില്ലാതെ നിശ്ചലാവസ്ഥയിലാണ്.
	ഉത്പാദനമേഖല പദ്ധതികളിൽ വാങ്ങിയ ട്രാക്ടർ, കൊയ്ത്ത് മെതിയന്ത്രം, കറവയന്ത്രം എന്നിവയിൽ

ഉല്പാദനമേഖലാ പദ്ധതികൾ പാളി	അധികവും ഉപയോഗശൂന്യമായി നശിക്കുന്നു. കാർഷികാഭിവൃദ്ധി ലക്ഷ്യമിട്ട്. വിത്തും വളവും സൗജന്യമായി നൽകാൻ തയ്യാറാക്കിയ പദ്ധതികൾ ധനസഹായവിതരണമായി പരിമിതപ്പെട്ടു. ഉല്പാദന വർധനയെന്നത് സാമ്പത്തികനേട്ടം കൈവരിക്കലായി ചുരുങ്ങി.
ജനപങ്കാളിത്തം പരിമിതം പദ്ധതിധനവിനിയോഗത്തിൽ ക്രമക്കേട് ഗുരുതരം	ജനപങ്കാളിത്തം പരിമിതപ്പെട്ടതും പദ്ധതികൾ അപ്രായോഗികമായതും നിർവ്വഹണത്തിൽ അപാകതകൾ പെരുകിയതും മോണിട്ടറിംഗ് സംവിധാനം നിശബ്ദമാക്കപ്പെട്ടതുമാണ് ഭൂരിഭാഗം പദ്ധതികളുടേയും പാളിച്ചകൾക്ക് കാരണം. പദ്ധതി നിർവ്വഹണത്തിൽ മാത്രമല്ല ധനവിനിയോഗത്തിലും ഗുരുതരമായ ക്രമക്കേടുകൾ വ്യാപകമാണ്. വകമാറ്റി ചെലവ് ചെയ്യലും ഏറെയുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത തകർക്കുന്നവയാണിത്.
	1(i) മരാമത്ത് പണികൾ
മരാമത്ത് പദ്ധതികൾ = ധനദുർവിനിയോഗം	തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതികളിൽ ഏറ്റവും കുറഞ്ഞ ഫലപ്രാപ്തിയും ഏറ്റവും കൂടിയ ധനദുർവിനിയോഗവും കെടുകാര്യസ്ഥതയും സുതാര്യതയില്ലായ്മയും ധൂർത്തും പൊതുമരാമത്ത് പണികളിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മരാമത്ത് പണികൾക്ക് ചെലവഴിച്ച കോടികളുമായി തുലനം ചെയ്യുമ്പോൾ കൈവരിച്ച നേട്ടങ്ങൾ നാമമാത്രമാണ്.
എഞ്ചിനീയർമാരുടേയും കരാറുകാരുടേയും	അധികാര വികേന്ദ്രീകരണം ജനകീയാസൂത്രണത്തിലൂടെ കേരളവികസന പദ്ധതിയായി വളർന്നിട്ടും പൊതുമരാമത്ത് പണികളിൽ ജനപങ്കാളിത്തം ഭൂരിഭാഗം സ്ഥാപനങ്ങളിലും തീരെയില്ല. ഉദ്യോഗസ്ഥർ-പ്രത്യേകിച്ചും എഞ്ചിനീയർമാർ,

രാഷ്ട്രീയക്കാരുടേയും മേധാവിത്വം	കരാറുകാർ, രാഷ്ട്രീയ നേതാക്കൾ എന്നിവരുടെ മേധാവിത്വം പൊതുമരാമത്ത് പണികളിൽ പ്രകടമാണ്. എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട് തുടങ്ങിയവ ലളിതമലയാളത്തിൽ തയ്യാറാക്കണമെന്ന നിർദ്ദേശം 99 ശതമാനം എഞ്ചിനീയർമാരും പാലിക്കുന്നില്ല. സാങ്കേതികതയുടെ പുകമറയിൽ മരാമത്ത് പദ്ധതി നിർവ്വഹണം അവ്യക്തമായി തുടരുന്നു.

പത്രിക-1

പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളിൽ രണ്ട് വർഷത്തിലധികമായി പൂർത്തിയാക്കാതെ കിടക്കുന്ന മരാമത്ത് പണികളുടെ വിവരം

(ഓഡിറ്റ് റിപ്പോർട്ടുകളിൽ ലഭ്യമായ വിവരങ്ങൾ) (31.3.2005 ലെ സ്ഥിതി)

ജില്ല	പൂർത്തിയാക്കാനുള്ള മരാമത്ത് പണികളുടെ എണ്ണം					അടങ്കൽ തുക (ആകെ)	ആകെ ചെലവ്	ബാക്കി
	ഗ്രാമപഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ജില്ലാ പഞ്ചായത്ത്	നഗരസഭ	ആകെ			
തിരുവനന്തപുരം	13	-	-	3	16	7043000	2456186	4536814
പത്തനംതിട്ട	78	-	-	44-	122	8231479	8747842	516363
കോട്ടയം	-	-	-	2	2	628405	283112	345293
ഇടുക്കി	120	32	29	20	201	30042539	12706377	17336162
തൃശ്ശൂർ	54	9	-	2	65	31590791	20506551	11074240
വയനാട്	36	-	-	-	36	6559572	2515982	4043590
കോഴിക്കോട്	106	45	-	55	206	52280719	30934290	23346429

കണ്ണൂർ	88	3	41	16	148	48040521	23263779	24776742
ആകെ	495	89	70	142	796	184417026	101414119	85975633

എറണാകുളം, പാലക്കാട്, കാസർഗോഡ് ജില്ലകളിലെ വിവരം ലഭ്യമല്ല

*ബാക്കിയില്ല; 516363/- രൂപ അധികം ചെലവഴിച്ചിട്ടും പണികൾ പൂർത്തിയായില്ല.

മരാമത്ത് പദ്ധതി നിർവ്വഹണം: മോണിട്ടറിംഗ് സമിതി രൂപീകരിച്ചില്ല *കേരള വികസന പദ്ധതിയിൽ കരാറുകാരുടെ കുത്തക*	1997-98 മുതൽ 2001-2002 വരെ മരാമത്ത് പദ്ധതികൾക്ക് ഗുണഭോക്തൃ സമിതികളെങ്കിലുമുണ്ടായിരുന്നു. പണികൾ അന്ന് അനന്തമായി നീണ്ടതിനാലും ബിനാമി ഇടപാടുകൾ വ്യാപകമായതിനാലും 2002-2003 മുതൽ കേരള വികസനപദ്ധതിയുടെ ഭാഗമായി 25,000 രൂപക്ക് മുകളിലുള്ള പണികൾ ടെണ്ടർവേലയായി നിർദ്ദേശിക്കപ്പെട്ടു. ഇതിൽ ഉണ്ടാകാമായിരുന്ന അപകടങ്ങൾക്ക് എതിരെ സർക്കാർ ജാഗ്രതാ നിർദ്ദേശവും നൽകിയിരുന്നു. ടെണ്ടർവേലകളുടെ സുതാര്യതയും ഉത്തരവാദിത്വവും ഗുണമേന്മയും ഉറപ്പാക്കാൻ ഗുണഭോക്തൃസമിതി മാതൃകയിൽ കമ്മിറ്റി രൂപീകരിച്ച് മോണിട്ടറിംഗ് നടത്തണമെന്ന് സർക്കാർ ഉത്തരവ് (ജി.ഒ(എം.എസ്.)20/2002;6.6.2002) ഉണ്ടായിരുന്നു. ഭൂരിഭാഗം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഉത്തരവ് പാലിച്ചില്ല. മാത്രമല്ല പരസ്പരധാരണയിലൂടെ നിരക്ക് കോട്ട് ചെയ്ത് മത്സരസ്വഭാവത്തിലുള്ള ടെൻഡറുകൾക്ക് സാധ്യതയില്ലാതാക്കി പൊതുമരാമത്ത് പണികളിൽ കരാറുകാരുടെ കുത്തക രൂപപ്പെടുന്നത് തടയാനും സ്ഥാപനങ്ങൾ ശ്രമിച്ചില്ല.
	മരാമത്ത് പണികളുടെ നിർവ്വഹണത്തിൽ സ്ഥാപനങ്ങളുടെ അലംഭാവം പ്രതിഫലിപ്പിക്കുന്നതാണ് ഇവയുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പ്. സർക്കാർ

സുപ്രധാന രേഖകൾ സൂക്ഷിക്കുന്നില്ല.	നിർദ്ദേശം ഉണ്ടായിരുന്നിട്ടും പണികൾ-ഏറ്റെടുത്തവ, പൂർത്തിയാക്കിയവ, പൂർത്തിയാക്കാൻ ശേഷിക്കുന്നവ എന്നീ വിവരങ്ങൾ വിശദീകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല. അവസാന ബില്ല് തീർപ്പാക്കുമ്പോഴാണ് പല പണികളും തുടർ പദ്ധതിയായി അംഗീകരിച്ചിട്ടില്ലെന്ന് അറിയുന്നത്. പണികൾക്ക് നൽകിയ മുൻക്കൂറുകൾ കൃത്യമായി രജിസ്റ്റർ സൂക്ഷിച്ച് രേഖപ്പെടുത്താത്തതിനാൽ അവസാന ബില്ലിൽ മുൻക്കൂർ ക്രമീകരിക്കാതെ തുക നൽകി അധികചെലവും വരുത്തുന്നുണ്ട്.
മുൻക്കൂർ: നിയമലംഘനം വ്യാപകം	മരാമത്ത് പണികളുടെ നിർമ്മാണ പുരോഗതി വിലയിരുത്താതെയും ചെയ്ത പണികളുടെ മൂല്യനിർണ്ണയം അളവ് പുസ്തകത്തിൽ രേഖപ്പെടുത്താതെയും വർഷം തോറും വൻതുകകൾ മുൻക്കൂർ നൽകുന്നു. കരാറുകാർക്ക് മുൻക്കൂർ നൽകുന്നതിൽ കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡ് ഖണ്ഡിക 10.2.22 നോട്ട് 4,10,2.23 എന്നിവയിലെ നിബന്ധനകൾ ലംഘിക്കുന്നതോടൊപ്പം പ്രത്യേകാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.
എസ്റ്റിമേറ്റ് യാഥാർത്ഥ്യ ബോധമില്ല; വ്യതിചലനം ഏറുന്നു	മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുന്നില്ല. എസ്റ്റിമേറ്റ് വ്യതിചലനം വ്യാപകമാണ്. പണിയുടെ ഗുണനിലവാരം ഹനിക്കുന്നതും അധികചെലവിന് ഇടയാക്കുന്നതുമാണിത്. ചീഫ് ടെക്നിക്കൽ എക്സാമിനറും ചീഫ് എഞ്ചിനീയറും പുറപ്പെടുവിച്ച നിർദ്ദേശങ്ങളും കേരളാ സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ, ഇന്ത്യൻ റോഡ് കോൺഗ്രസ് സ്പെസിഫിക്കേഷൻ എന്നിവ ലംഘിച്ച് പണിനടത്തുന്നതും അധികചെലവിന് ഇടയാക്കുന്നു.

	1(ii) മരാമത്ത് പണികൾ **മറ്റ് പൊതു അപാകതകൾ**
	1. സ്റ്റാക്ക് ചെയ്ത മെറ്റലിന്റെ വോയ്ഡ്സ് പരിഗണിച്ച് നിശ്ചിത ശതമാനം അളവ് കുറയ്ക്കണമെന്ന ഐ.ആർ.സി. 515(5) നിബന്ധന പാലിക്കുന്നില്ല. 2.കരാർ കാലാവധിയ്ക്കകം പണി പൂർത്തിയാക്കാത്തവർക്കെതിരെ പൊതുമരാമത്ത് നിയമം അനുശാസിക്കുന്ന പിഴ/ശിക്ഷ സ്വീകരിക്കുന്നില്ല. 3. 1.4.1994 മുതൽ 'ശരാശരി ലീഡ്' കണക്കിലെടുക്കണമെന്ന നിർദ്ദേശം ലംഘിച്ച് 'ലോറികടത്ത് വ്യത്യാസപ്പെടുത്തി എസ്റ്റിമേറ്റ് ലാഭകരമാക്കുന്നു 4. മരാമത്ത് പണികളിൽ മുൻഗണനാക്രമം പാലിക്കുന്നില്ല. ജലസേചന/കുടിവെള്ള പദ്ധതികൾ ഉദാഹരണം. അന്ത്യഘട്ടത്തിൽ ആവശ്യമായ മോട്ടറുകളും പൈപ്പുകളും ആദ്യഘട്ടത്തിൽ വാങ്ങുന്നു. ജലലഭ്യതയുടെ കുറവ് കാരണം പിന്നീട് ഇവ ഉപയോഗിക്കാനാവാതെ വരുന്നു. 5. മരാമത്ത് പണികൾക്ക് സ്ഥാപനങ്ങൾ വാങ്ങി നൽകുന്ന ബിറ്റുമെൻ, പൈപ്പ്, മോട്ടർ തുടങ്ങിയവയുടെ കൃത്യമായ സംഭരണ വിതരണ രേഖകൾ സൂക്ഷിക്കുന്നില്ല. 6. ഉപേക്ഷിക്കപ്പെട്ട പണികൾക്ക് സമാഹരണ/സെക്യൂർഡ് മുൻകൂറുകളായി മൂല്യനിർണ്ണയത്തിൽ അധികം പണം നൽകുന്നു. 7. തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ട പദ്ധതികൾ ലക്ഷ്യം കണ്ടില്ല.
	1(iii) വ്യക്തിഗത ആനുകൂല്യ പദ്ധതികൾ
	തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടപ്പാക്കിയ വ്യക്തിഗത ആനുകൂല്യ പദ്ധതികൾ ദരിദ്രജന വിഭാഗങ്ങളുടെ സാമ്പത്തിക ശാക്തീകരണത്തിന് ഉതകിയില്ല. ഇത്തരം

	പദ്ധതികളുടെ അവലോകനത്തിൽ കണ്ട പൊതു അപാകതകൾ- ➢ വ്യക്തിഗത ആനുകൂല്യ പദ്ധതികൾ ധനസഹായ വിതരണമായി പരിമിതപ്പെടുന്നു. ➢ ഭൂരിഭാഗം സ്ഥാപനങ്ങളിലും ഗുണഭോക്താക്കളെ ഗ്രാമസഭ തിരഞ്ഞെടുത്തതിനും അർഹത പരിശോധിച്ചതിനും തെളിവില്ല. ഗ്രാമസഭയെ മറികടന്ന് ഭരണസമിതികളും അധ്യക്ഷന്മാരും ഏകപക്ഷീയമായി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. ➢ അനർഹരായ ഗുണഭോക്താക്കൾ വൻതോതിൽ ആനുകൂല്യം കൈപ്പറ്റി. ➢ ഒരേ ഗുണഭോക്താക്കൾ ഒന്നിലധികം പദ്ധതികളിൽ ആനുകൂല്യം കൈപ്പറ്റി. ➢ വ്യക്തിഗത ആനുകൂല്യ പദ്ധതികൾ വിജയകരമായി നിർവ്വഹിക്കപ്പെട്ടെന്ന് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി. ➢ സർക്കാർ സബ്സിഡി നിരോധിച്ച ഇനങ്ങൾക്ക് പദ്ധതി തയ്യാറാക്കി. ഡി.പി.സി. അംഗീകരിച്ച് സബ്സിഡി നൽകി. ➢ വീട്/കക്കൂസ് എന്നിവക്ക് മുൻകൂർ കൈപ്പറ്റി വർഷങ്ങളായി പണി നടത്താത്തവർക്കെതിരെ നടപടി സ്വീകരിച്ചില്ല.
	1(iv) കേന്ദ്രാവിഷ്കൃത പദ്ധതികൾ
കേന്ദ്രാവിഷ്കൃത	പ്രാദേശിക വികസനവും ദാരിദ്ര്യനിർമ്മാർജ്ജനവും മുഖ്യലക്ഷ്യമായ കേന്ദ്രാവിഷ്കൃത പദ്ധതികൾ ലക്ഷ്യം കണ്ടില്ല.

പദ്ധതികളിൽ അഴിമതി വ്യാപകം	അഴിമതിയും ക്രമക്കേടുകളും പദ്ധതികളിൽ വ്യാപകമായി.
മസ്റ്റർ റോളുകൾ വ്യാജം	എസ്.ജി.ആർ.വൈ. പദ്ധതികളിൽ 'ജോലിക്ക് കൂലി ഭക്ഷണം' എന്നതിൽ വേതനഘടകത്തിന്റെ ഭാഗമായി വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യങ്ങൾ കൃത്രിമരേഖ ചമച്ച് മറ്റ് രീതിയിൽ വിനിമയം ചെയതത് വ്യാപകമായി. തൊഴിലാളികൾ ജോലി ചെയ്ത വിവരം കാണിക്കുന്ന മസ്റ്റർറോളുകളിലും കൃത്രിമം വ്യാപകമാണ്. മസ്റ്റർറോളുകളിൽ തൊഴിലാളികളുടെ പേര്, വിലാസം തുടങ്ങിയവയില്ല. തീയതിയും ഒപ്പും മിക്ക മസ്റ്റർറോളുകളിലുമില്ല. കൺവീനർമാർ വ്യാജപേരുകളിൽ മസ്റ്റർറോളുകൾ തയ്യാറാക്കുകയാണ്.
	നിർദ്ദേശങ്ങൾ 1. അഴിമതിയും ക്രമക്കേടും തടയാൻ കേന്ദ്രാവിഷ്കൃത പദ്ധതി നിർവ്വഹണത്തിൽ കൂടുതൽ ജാഗ്രത ആവശ്യമാണ്. 2. കേന്ദ്രാവിഷ്കൃത പദ്ധതിനിർവ്വഹണം പ്രത്യേക ഏജൻസി അന്വേഷിക്കണം. 3. കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന സാഹചര്യങ്ങൾക്ക് അനുഗുണമായി ഉടച്ച് വാർക്കണം. ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധന പദ്ധതി നിർവ്വഹണത്തിൽ കൂടുതൽ ശക്തമാക്കണം.
	2. അധികാരവികേന്ദ്രീകരണവും ജനപങ്കാളിത്തവും
ഗ്രാമ/വാർഡ് സഭകൾ നിർജ്ജീവമാക്കപ്പെട്ടു	അധികാര വികേന്ദ്രീകരണം 10 വർഷം പിന്നിടുമ്പോൾ പ്രാദേശിക വികസനത്തിൽ ജനപങ്കാളിത്തം കുറയുന്നു. പ്രാഥമിക ഭരണഘടനാ വേദിയായ ഗ്രാമ/വാർഡ് സഭകൾ നിർജ്ജീവമാക്കപ്പെട്ടത് ഇതിന് തെളിവാണ്.

ഗ്രാമ/വാർഡ് സഭകളിൽ ജനപങ്കാളിത്തം പരിമിതം	ഗ്രാമ/വാർഡ് സഭകളിൽ ജനസാന്നിധ്യം കുറവായിരുന്നു. ഗ്രാമസഭകളിൽ പ്രത്യേകിച്ചും നഗരവത്കൃത പഞ്ചായത്തുകളിൽ ജനപങ്കാളിത്തം കുറവായിരുന്നെന്ന് ആസൂത്രണ ബോർഡും വ്യക്തമാക്കിയിരുന്നു. വികസന നയരൂപീകരണവും പദ്ധതി നിർവ്വഹണവും ഇപ്പോഴും ഉദ്യോഗസ്ഥരാഷ്ട്രീയ കൂട്ടുകെട്ടായി തുടരുന്നു.
ഗ്രാമ/വാർഡ് സഭ: ബാധ്യത നിറവേറ്റാൻ രേഖ ചമച്ചു	അപൂർവ്വം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലുമാണ് ഗ്രാമ/വാർഡ് സഭകൾ ഫലപ്രദമായി നടന്നത്. ഭൂരിഭാഗം സ്ഥാപനങ്ങളിലും നിയമബാധ്യത നിറവേറ്റലായിരുന്നു. ഗ്രാമ/വാർഡ് സഭകൾ യോഗം ചേർന്നതായി രേഖ ചമയ്ക്കുകയായിരുന്നില്ലേയെന്ന് സംശയിക്കണം. യോഗങ്ങളുടെ മിനിട്ട്സും മറ്റ് രേഖകളും ഓഡിറ്റിന് ലഭ്യമാക്കാതിരുന്നത് പരിഗണിക്കുമ്പോൾ ഇത് സംശയമല്ലെന്ന് വ്യക്തം.
അയോഗ്യതാ നടപടികൾ ഫലപ്രദമായില്ല	ഗ്രാമ/വാർഡ് സഭകൾ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന് പഞ്ചായത്ത് രാജ് (വകുപ്പ് 3)നഗരപാലിക (വകുപ്പ് 42(എ)(3)) നിയമങ്ങൾ അനുശാസിക്കുന്നു. വീഴ്ച വരുത്തിയാൽ ബന്ധപ്പെട്ട പഞ്ചായത്ത് അംഗം/വാർഡ് കൗൺസിലർ-ഇവരെ പഞ്ചായത്ത് രാജ് (വകുപ്പ് 35(പി)/നഗരപാലിക (വകുപ്പ് 91(3)) നിയമപ്രകാരം അയോഗ്യരാക്കാം. നിയമം നടപ്പായിരുന്നെങ്കിൽ ഭൂരിഭാഗം അംഗങ്ങളും അയോഗ്യരാക്കപ്പെടുമായിരുന്നു. വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന ഗ്രാമ/വാർഡ് സഭകളിൽ മാത്രമാണ് ജനങ്ങൾ ആകർഷിക്കപ്പെട്ടത്. ഈ പ്രവണത ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള സമിതികൾ

	മാത്രമായി ഗ്രാമസഭകളെ ചുരുക്കും.
വികസന നിരക്ഷരത ഗ്രാമ/വാർഡ് സഭകളെ നിശ്ചലമാക്കി	ഗ്രാമ/വാർഡ് സഭകൾ അധികാരം ഫലപ്രദമായി വിനിയോഗിച്ചില്ല. അതിന് ആവശ്യമായ ബോധവത്ക്കരണം നടന്നില്ല. ഗ്രാമസഭകളെ ശാക്തീകരിക്കാനുള്ള ഇച്ഛാശക്തി രാഷ്ട്രീയഭരണനേതൃത്വങ്ങൾ കാട്ടിയില്ല. അധികാരവികേന്ദ്രീകരണത്തിൽ അഴിമതി, ക്രമക്കേട്, സ്വജനപക്ഷപാതം എന്നിവ പെരുകിയതിന് ഒരു കാരണം ഗ്രാമ/വാർഡ് സഭകൾ നിശബ്ദമാക്കപ്പെട്ടതാണ്. ജനകീയാസൂത്രണ/ കേരള വികസന പദ്ധതികളെ വലിയ അളവിൽ നിഷ്പ്രയോജനവും ലക്ഷ്യമില്ലാത്തതുമാക്കിയത് പങ്കാളിത്ത ജനാധിപത്യത്തിനും വികസനത്തിനും മുഖ്യതടസ്സമായിനിൽക്കുന്ന വികസന നിരക്ഷരതയാണ്. ഗ്രാമ/വാർഡ് സഭകളെ നിശ്ചലമാക്കിയതിലും വികസന നിരക്ഷരതക്ക് പങ്കുണ്ട്.
ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമ സഭയിൽ ചർച്ച ചെയ്തില്ല	കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ഖണ്ഡിക 15 നിഷ്കർഷിക്കും വിധം ഓഡിറ്റ് റിപ്പോർട്ട് അവയിൽ ഭരണസമിതി സ്വീകരിച്ച നടപടികൾ സഹിതം പരസ്യപ്പെടുത്തുകയും ഗ്രാമസഭകളിൽ പ്രത്യേക അജണ്ടയായി ചർച്ചയ്ക്ക് വെച്ചില്ലെന്നതും ഇവിടെ ഓർമ്മിക്കാം.
സോഷ്യൽ ഓഡിറ്റ് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിൽ കേന്ദ്രീകരിക്കണം	ഗ്രാമ/വാർഡ് സഭകൾ കേന്ദ്രമാക്കി സോഷ്യൽ ഓഡിറ്റിന് ഇപ്പോൾ വ്യാപകമായ പ്രചാരവേല നടക്കുന്നുണ്ട്. ഇപ്പോഴത്തെ അവസ്ഥയിൽ തികച്ചും ദുർബലവും ജനപങ്കാളിത്തം തീരെയില്ലാത്തതുമായ ഗ്രാമ/വാർഡ് സഭകൾ വികസന പദ്ധതികളുടെ ഓഡിറ്റ് നടത്തുന്നത് ക്രമക്കേടുകളും അഴിമതിയും കണ്ടെത്തപ്പെടാതെ

	പോകുന്നതിനോ മൂടിവെക്കുന്നതിനോ ഇടയാക്കും. ഇങ്ങനെ പൊതുപണം വ്യാപകമായി അപഹരിക്കപ്പെടുന്നതോടെ ഗുരുതരമായ സാമ്പത്തിക തകർച്ചയാകും ഫലം. അതിനാൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമ/വാർഡ് സഭകളിൽ മുഖ്യ ചർച്ചാവിഷയമാക്കി അതിനെ അടിസ്ഥാനമാക്കി വേണം സോഷ്യൽ ഓഡിറ്റ്.
	നിർദ്ദേശങ്ങൾ ; 1.ഗ്രാമ/വാർഡ് സഭകൾ ശാക്തീകരിക്കണം. ജനപങ്കാളിത്തം ഉറപ്പാക്കണം 2. ഗ്രാമ/വാർഡ് സഭകൾ കൃത്യമായി യോഗം ചേരുന്നതും അധികാരങ്ങൾ വിനിയോഗിക്കുന്നതും ഉറപ്പാക്കാൻ സംസ്ഥാന തല മോണിട്ടറിംഗ് സംവിധാനം വേണം. 3. അയോഗ്യതാ നിയമം കർശനമായി നടപ്പാക്കണം. 4. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് ശക്തമാക്കി സോഷ്യൽ ഓഡിറ്റിന് പൂരകമാക്കണം. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് റിപ്പോർട്ടുകൾ സോഷ്യൽ ഓഡിറ്റിനുള്ള പ്രഥമവിവര റിപ്പോർട്ടാകണം.
	3. ബജറ്റ് ബാധ്യത നിറവേറ്റലാകുന്നു
ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ബജറ്റ് പാസ്സാക്കുന്നില്ല	ധനവർഷാരംഭത്തിൽ ഭരണസമിതിക്ക് സമർപ്പിക്കുന്ന പ്രതീക്ഷിത വരവ് ചെലവ് വസ്തുതാവിവരണപത്രികയാണ് ബജറ്റെന്ന് നിർവ്വചനം. എന്നാൽ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബജറ്റ് ബാധ്യത നിറവേറ്റലാണ്. ചില സ്ഥാപനങ്ങളാകട്ടെ ബജറ്റ് പാസ്സാക്കാൻ കൂടി മിനക്കെടാറില്ല (കോഴിക്കോട് ജില്ലയിൽ നിന്നുള്ള ഓഡിറ്റ് പരാമർശം കാണുക).
	പഞ്ചായത്ത് രാജ്/നഗരപാലികാ നിയമം അനുശാസിക്കുന്നതുകൊണ്ട് മാത്രമാണ് അദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബജറ്റ് പാസാക്കുന്നതെന്ന് ഓഡിറ്റ് വിശകലനങ്ങൾ

ബജറ്റിന് യാഥാർത്ഥ്യബോധമില്ല	ശരിവെക്കുന്നു. ബജറ്റുകൾക്ക് യാഥാർത്ഥ്യബോധം തീരെയില്ല. വസ്തുതകളും സ്ഥിതിവിവര കണക്കുകളും അടിസ്ഥാനമാക്കാതെയാണ് ഇവ തയ്യാറാക്കുന്നത്. മുൻകാലബജറ്റുകളും യഥാർത്ഥവരവ് ചെലവ് കണക്കുകളും വിശകലനം ചെയ്ത അനുഭവ പാഠത്തിലൂന്നിയല്ല ബജറ്റ് സൃഷ്ടി.
യഥാർത്ഥ കണക്കുകളും ബജറ്റ് കണക്കുകളുമായി താരതമ്യാതീത അന്തരം	ബജറ്റിലെ പ്രതീക്ഷിത വരവ്ചെലവുകൾ യഥാർത്ഥ തുകകളുമായി താരതമ്യാതീതമായ അന്തരം നിലനിൽക്കുന്നു. ബജറ്റ് അർത്ഥശൂന്യവും പ്രഹസനവുമാക്കുന്നതാണിത്. മുൻ വർഷങ്ങളിലെ യഥാർത്ഥ വരവ് ചെലവുകൾ പരിഗണിക്കാതെ വസ്തുനിഷ്ഠസാഹചര്യങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ആവശ്യങ്ങളും ലക്ഷ്യങ്ങളും ബജറ്റ് തയ്യാറാക്കുന്നതിൽ കാണുന്നില്ല. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ബജറ്റ് യഥാർത്ഥ ധനകാര്യ പ്രസ്താവനയായി മാറേണ്ടതുണ്ട്.
	നിർദ്ദേശങ്ങൾ 1.സ്ഥിതിവിവരകണക്കുകൾ അടിസ്ഥാനമാക്കി യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കണം. 2. സ്ഥാപനത്തിന് സർക്കാർ ധനസഹായം നൽകും മുമ്പ് ബജറ്റ് പാസ്സാക്കിയിട്ടുണ്ടെന്ന് ഭരണവകുപ്പുകൾ ഉറപ്പാക്കണം. 3. ബജറ്റ് അതീവ പ്രാധാന്യമുള്ള ധനരേഖയാണെന്ന ജാഗ്രത ഭരണസമിതികൾക്കുണ്ടാവണം.
	4. വാർഷിക കണക്ക് ഓഡിറ്റിന് ലഭിക്കുന്നില്ല; നിയമലംഘനം തുടരുന്നു
	ധനവർഷം അവസാനിച്ച് നാല് മാസത്തിനുള്ളിൽ ഓഡിറ്റ് പരിധിയിലെ സ്ഥാപനങ്ങൾ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ്

	നിയമം (94) വകുപ്പ് 9 അനുശാസിക്കുന്നു. സമാന നിർദ്ദേശം പഞ്ചായത്ത് രാജ് നഗരപാലിക നിയമങ്ങളിലുമുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭൂരിഭാഗവും നിയമം പാലിക്കുന്നില്ല. 2004-2005 ൽ വിവിധ സ്ഥാപനങ്ങളുടെ 3720 വാർഷിക കണക്കുകൾ സമർപ്പിക്കാനുണ്ട്. വിശദാംശം താഴെ :

സ്ഥാപനം	എണ്ണം	ഓഡിറ്റിന് സമർപ്പിക്കാനുള്ള വാർഷികകണക്കുകളുടെ എണ്ണം (31.04.2005 വരെ)	2004-2005 ൽ സമർപ്പിച്ച വാർഷിക കണക്കുകളുടെ എണ്ണം	സമർപ്പിക്കുവാൻ ബാക്കിയുള്ള വാർഷിക കണക്കുകളുടെ എണ്ണം
ഗ്രാമപഞ്ചായത്ത്	992	3725	743	2982
ബ്ലോക്ക് പഞ്ചായത്ത്	152	564	141	423
ജില്ലാ പഞ്ചായത്ത്	14	44	10	34
നഗരസഭ	51	294	38	256
കോർപ്പറേഷൻ	05	29	04	25
ആകെ	1214	4656	936	3720

	4 (i) വാർഷിക കണക്കുകളിൽ അപാകതകൾ
	ഓഡിറ്റിന് ലഭിക്കുന്ന കണക്കുകളിൽ അപാകതകൾ അനവധിയാണ്.
	1. **കണക്കുകൾക്ക് നൈരന്തര്യമില്ല:** തുടർച്ചയായ വർഷങ്ങളിലെ കണക്കുകൾ ലഭിക്കുന്നില്ല. മുൻ വർഷങ്ങളിലെ കുടിശ്ശിക തീർത്ത് കണക്കുകൾ

	സമർപ്പിക്കുന്നില്ല. ഇടവിട്ടും വിട്ടുവിട്ടും സമർപ്പിക്കുന്നതിനാൽ കണക്കുകൾക്ക് നൈരന്തര്യമില്ല. ഈ അവസ്ഥയിൽ ഓഡിറ്റ് നടത്തുവാനും കഴിയില്ല.
	2. **കണക്കുകൾ അപൂർണ്ണം:** വാർഷികധനപത്രികയും ഡി.സി.ബി. പത്രികയും സ്ഥാപനത്തിന്റെ മുഴുവൻ വരവ്ചെലവ് കണക്ക് പ്രതിഫലിപ്പിക്കുന്നില്ല. തനത് ഫണ്ട് കണക്ക് മാത്രമായി ഇവ പരിമിതപ്പെടുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ലഭിക്കുന്ന പദ്ധതി, പദ്ധതിയേതര കേന്ദ്ര ഫണ്ടുകളുടെ കണക്ക് വിശദീകരിക്കപ്പെടാറില്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ നിർദ്ദേശത്തെത്തുടർന്ന് ചില സ്ഥാപനങ്ങൾ അവ വിശദീകരിക്കാറുണ്ടെങ്കിലും സമഗ്രമല്ല. മാത്രമല്ല ധനപത്രികയുടെ ഏറ്റവും പ്രധാന ഭാഗമായ ആസ്തിബാധ്യത വിവരണവും കണക്കുകളിൽ ലഭിക്കുന്നില്ല. ധനകാര്യ ഡി.സി.ബി. പത്രികകൾ സമർപ്പിക്കുന്നതിനുള്ള ഫോറങ്ങളുടെ അപര്യാപ്തതയാണ് കണക്കുകളുടെ അപൂർണതയ്ക്ക് ഒരു കാരണം. പ്രതിമാസകണക്കുകൾ പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നതിലെ വീഴ്ചകളും സ്ഥാപനങ്ങളിൽ ശാസ്ത്രീയമായ ജോലി വിഭജനം ഇല്ലാത്തതുമാണ് മറ്റ് കാരണങ്ങൾ. പഞ്ചായത്തിന്റെ മുഴുവൻ ധനവിനിമയങ്ങളും ആസ്തിബാധ്യതകളും പ്രതിഫലിപ്പിക്കുന്ന വാർഷിക ധനകാര്യ പത്രികകൾ സൃഷ്ടിക്കപ്പെടണം. ഇതിന് പഞ്ചായത്ത് രാജ് നിയമം (94)215(1) വകുപ്പ് പ്രകാരം ഫോറങ്ങൾ നിർണ്ണയിക്കണം. ഇതിനുള്ള ചട്ടങ്ങൾ ഇതുവരെ പുറപ്പെടുവിച്ചില്ല. 1960 ലെ പഞ്ചായത്ത് നിയമങ്ങളിലെ ഫോറങ്ങൾക്കാണ് പഞ്ചായത്ത് രാജ്

	നിയമം 284(2)(ഐ) വകുപ്പ് പ്രകാരം ഇപ്പോഴും പ്രാബല്യം. സ്ഥാപനത്തിന്റെ മൊത്തം വരവ് ചെലവ്, വസ്തുവകകളുടെ വിവരം, കെട്ടിടം, യന്ത്രസാമഗ്രികൾ എന്നിവയുടെ വിവരം, മറ്റ് പ്രധാന ആസ്തി ഇനങ്ങളായ നികുതി കുടിശ്ശിക, തിരിച്ചടയ്ക്കാനുള്ള മുൻകൂറുകൾ, നിക്ഷേപങ്ങൾ തുടങ്ങിയ വിവരങ്ങൾ പ്രതിഫലിക്കുന്നതും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുതിയ ഓഡിറ്റ് റിപ്പോർട്ട് മാതൃകക്ക് സഹായകരവുമായ വിധത്തിൽ ഫോറങ്ങൾ പുനർനിർണ്ണയിക്കപ്പെടണം.
	4 (ii) അക്കൗണ്ടിംഗ് പരിഷ്കരണം ഫലം ചെയ്തില്ല
	തദ്ദേശഭരണസ്ഥാപനങ്ങളിലെ കുത്തഴിഞ്ഞ കണക്ക് സൂക്ഷിപ്പിന് പരിഹാരമായി പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കിയിട്ടും വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിൽ പുരോഗതിയില്ല. കണക്കുകൾ ഇപ്പോഴും കൃത്യമല്ലെന്നതാണ് ഇതിനു കാരണം (ഈ വിഷയം പ്രത്യേകം പരാമർശിച്ചത് കാണുക).
	4 (iii) പരിഹാരമാർഗങ്ങളും നിയമനടപടികളും
കണക്കുകൾ തയ്യാറാക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ സഹായം തേടണം	ഭരണസമിതികളുടേയും ഭരണവകുപ്പുകളുടേയും കർശന നിർദ്ദേശങ്ങളും ഫലപ്രദമായ നടപടികളും മാത്രമാണ് വാർഷിക കണക്കുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് ഫലപ്രദമായ പരിഹാരം. വിവരസാങ്കേതിക വിദ്യയുടെ സഹായവും സ്ഥാപനങ്ങളിലെ ജോലിഭാരം പുനർനിർണ്ണയിച്ച് ശാസ്ത്രീയമായ ജോലിവിഭജനവും ഇതിന് പൂരകമാക്കാം. കൈപ്പറ്റി ചെലവഴിച്ച പണത്തിന്റെ കൃത്യമായ കണക്ക് തയ്യാറാക്കി ഭരണസമിതി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കുന്നതുവരെ വരും വർഷത്തെ ധനസഹായം

	തടഞ്ഞുവെക്കും എന്നൊരു നിലപാട് സർക്കാർ സ്വീകരിക്കുന്നതും പരിഹാരമായേക്കും.
പ്രോസിക്യൂഷൻ നടപടിയ്ക്ക് മുൻകൂർ സർക്കാർ അനുമതി റദ്ദാക്കണം	നിയമം അനുശാസിക്കുന്ന സമയത്തിനുള്ളിൽ വാർഷിക കണക്ക് സമർപ്പിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളിലെ കാര്യ നിർവ്വഹണാധികാരിക്കെതിരെ പ്രോസിക്യൂഷൻ നടപടിക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(2)-ൽ വ്യവസ്ഥയുണ്ട്. 2001-ൽ ഇതനുസരിച്ച് കോഴിക്കോട് ജില്ലയിലെ 67 ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ കേസ് ഫയൽ ചെയ്തതിനെ തുടർന്ന് കണക്കുകൾ ലഭിക്കുന്നതിൽ വലിയ പുരോഗതിയുണ്ടായി. എന്നാൽ നിയമനടപടിക്ക് സർക്കാർ അനുമതി വേണമെന്ന നിർദ്ദേശം (സർക്കാർ കത്ത് 25827/എസ്റ്റാ/ഡി.1/2002 ധന: 27.6.2002)നിയമനടപടികൾ തടസപ്പെടുത്തി. സ്ഥാപനങ്ങളുടെ പല വർഷങ്ങളിലെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കാനുണ്ട്. ഇതിന് ഓരോന്നിനും സർക്കാർ അനുമതി വാങ്ങുക പ്രായോഗികമല്ല. മാത്രമല്ല വകുപ്പിലെ പരിമിതമായ മനുഷ്യവിഭവശേഷി ലഭ്യതയും പ്രശ്നമാണ്. നിയമനടപടിക്ക് മുൻകൂർ അനുമതി ഒഴിവാക്കുക മാത്രമാണ് പോംവഴി.
കണക്കുകളുടെ കൃത്യത പരിശോധിക്കാൻ മുൻകൂർ സംവിധാനം വേണം	നിയമനടപടി സ്വീകരിച്ചാലുണ്ടാകുന്ന പ്രശ്നങ്ങളും ഇവിടെ പരിഗണിക്കപ്പെടണം. ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ തെറ്റായതോ അപൂർണ്ണമോ ആയ വാർഷിക കണക്കുകൾ സമർപ്പിക്കാനിടയുണ്ട്. വാർഷിക കണക്കിലെ വിവരങ്ങൾ വിവിധ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ടോ, വസ്തുതാപരമായ പിഴവുകൾ ഉണ്ടോ എന്നിവ ഓഡിറ്റ് സമയത്ത് മാത്രമേ

	പരിശോധിക്കാനാവൂ. അതിനാൽ വാർഷിക കണക്ക് സമർപ്പണം ബാധ്യത നിറവേറ്റലാകാതിരിക്കാൻ കണക്കുകളുടേയും രജിസ്റ്ററുകളുടേയും രേഖകളുടേയും കൃത്യത പരിശോധിക്കുവാനായി സംവിധാനം വേണം. ഇതിന് ആവശ്യമായ മനുഷ്യവിഭവശേഷി ലഭ്യമാക്കണം.
ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിന് കാലയിളവ് വേണം	നിയമനടപടിയിലൂടെ വൻതോതിൽ വാർഷിക കണക്ക് ലഭിക്കുന്നതും പ്രശ്നങ്ങൾക്കിടയാക്കും. കണക്ക് ലഭിച്ചാൽ അവ ആറു മാസത്തിനുള്ളിൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് പുറപ്പെടുവിക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം അനുശാസിക്കുന്നു. വകുപ്പിലെ മനുഷ്യവിഭവശേഷി പരിഗണിക്കുമ്പോൾ ഇത് അസാധ്യമാണ്. അതിനാൽ 6 മാസക്കാലയളവിന് ഇളവ് അനുവദിക്കണം.
	4 (iv) കണക്കില്ലാതെ ഓഡിറ്റ്; ആരോപണം വസ്തുനിഷ്ഠമല്ല
ചെലവ്/ഓഡിറ്റ് സർക്കാർ അനുമതിയോടെ	ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് വാർഷിക കണക്കില്ലാതെ ഓഡിറ്റ് നടത്തുന്നതായി ആരോപണം ഉണ്ട്. ഇതിൽ വസ്തുതയില്ല. കണക്കുകൾ ലഭ്യമല്ലാത്തപ്പോൾ വകുപ്പ് ചെലവ് ഓഡിറ്റ് മാത്രമായി നടത്താറുണ്ട്. 2004-2005 ൽ പുറപ്പെടുവിച്ച ഭൂരിഭാഗവും ചെലവ് ഓഡിറ്റ് റിപ്പോർട്ടുകളാണ്. സർക്കാരിന്റെ മുൻകൂർ അനുമതിയോടെയാണിത്. ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 20 ഉം ഇതിന് അധികാരം നൽകുന്നുണ്ട്. മാത്രമല്ല പഞ്ചായത്ത് രാജ് നിയമത്തിൽ ഒരു ചെലവ് നടന്ന് നാല് വർഷത്തിനുള്ളിലേ സർചാർജ്ജ് നടപടിക്ക് സാധ്യതയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നാല് വർഷകാലപരിധി പാലിച്ചില്ലെന്നതിനാൽ വകുപ്പ്

	സ്വീകരിച്ച സർചാർജ്ജ് നടപടികളിൽ ചിലത് കോടതികൾ അസാധുവാക്കിയിട്ടുണ്ട്.
ചെലവ്/ഓഡിറ്റ് അഴിമതിയും ക്രമക്കേടും പ്രതിരോധിക്കാൻ	നിയമത്തോടുള്ള ആദരവും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ വ്യാപകമായ അഴിമതിയും ക്രമക്കേടുകളും വിചാരണ ചെയ്യപ്പെടണമെന്ന സദുദ്ദേശ്യവും മാത്രമാണ് ചെലവ് ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിക്കുന്നതിന് കാരണം. കണക്കുകൾ ലഭ്യമാണെങ്കിൽ മാത്രം ഓഡിറ്റ് നടത്തുകയെന്നത് അഴിമതിയും ക്രമക്കേടും കണ്ടെത്തപ്പെടാതെ പോകുന്നതിന് ഇടയാക്കും. പ്രത്യേകിച്ചും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളെ വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിന് കൃത്യമായി പ്രേരിപ്പിക്കുന്ന സമഗ്ര നിയമത്തിന്റെ അഭാവത്തിൽ.
	5. തനത് വരുമാന പാലനത്തിൽ അലംഭാവം; ധനസ്ഥിതി തകർച്ചയിലേക്ക്
നികുതി നിർണയത്തിലും പിരിവിലും അലംഭാവം	തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ധനസ്ഥിതി തകർച്ചയിലാണെന്ന് ഓഡിറ്റ് അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. നികുതികൾ നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും കുറ്റകരമായ അലംഭാവം കാണുന്നു. കുടിശ്ശിക നികുതികൾ ഓരോ സ്ഥാപനത്തിലും ലക്ഷങ്ങളായി പെരുകുന്നു. ചില ഉദാഹരണങ്ങൾ:- ➢ കോഴിക്കോട് ജില്ലയിൽ 51 ഗ്രാമപഞ്ചായത്തുകളുടെ നികുതി/ വാടക കുടിശിക 3.28 കോടി. ➢ ആലപ്പുഴ നഗരസഭ ഡിമാന്റ് തുകയുടെ 50% പോലും പിരിക്കുന്നില്ല ; കുടിശിക തീർക്കുന്നുമില്ല. ➢ കണ്ണൂർ നഗരസഭയുടെ തനത് ഫണ്ട് ന്യൂനതുകയായി തുടരുന്നെന്ന് 2000-2001 ഓഡിറ്റ് റിപ്പോർട്ട്. പ്രത്യേകാവശ്യഫണ്ടുകളും സർക്കാരിനും മറ്റ്

	സ്ഥാപനങ്ങൾക്കുമുള്ള അംശദാനങ്ങളും ഇവിടെ വകമാറ്റുന്നു. ➢ കാസർഗോഡ് ജില്ലയിലെ കാറഡുക്ക, മോഗ്രാൽ പുത്തൂർ പഞ്ചായത്തുകൾ 1997-1998 ൽ കെട്ടിട നികുതി പിരിച്ചത് യഥാക്രമം 15, 20 ശതമാനം മാത്രം. ➢ വടകര നഗരസഭയിൽ 1998-1999 ലേയും 1999-2000 ലേയും വിവിധയിനം വരവിൽ 38 ലക്ഷത്തിന്റെ കുറവ്
കുടിശിക പിരിവിൽ പുരോഗതിയില്ല	കുടിശ്ശിക പിരിവിലും പുരോഗതിയില്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കുടിശിക പിരിവിലെ അലംഭാവത്തിന്റെ പൊതുസൂചകമാണ് വടകര നഗരസഭയുടെ താഴെ ചേർക്കുന്ന കണക്കുകൾ :

വടകര നഗരസഭ :

കുടിശിക പിരിവ് - പുരോഗതി പത്രിക

ഇനം	99-00 ലെ കുടിശിക (ഡിമാന്റ്)	99-00 ലെ പിരിവ്	പുരോഗതി (ശതമാന കണക്കിൽ)
വസ്തുനികുതി	75,55,034	15,64,247	20.7
തൊഴിൽ നികുതി	7,77,882	42,166	5.42
വസ്തു/കെട്ടിട വാടക	14,82,120	84,800	5.72
ലൈബ്രറി സെസ്	397,633	8,238	20.7

വരുമാനം പിരിച്ചെടുക്കുന്നതിൽ ഭരണസമിതിക്കും	അധികാരവികേന്ദ്രീകരണത്തിന് ശേഷമാണ് തനത് വരുമാന പിരിവിൽ ഉദാസീനത കൂടിയതും കുടിശിക പെരുകിയതും. പദ്ധതി പദ്ധതിയേതര

ഭരണവകുപ്പിനും പെർഫോമൻസ് ഓഡിറ്റിനും വീഴ്ച .	കേന്ദ്രഫണ്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവഹിച്ചതോടെ വരവിൽ താല്പര്യമില്ലാതായി. അധികാര വികേന്ദ്രീകരണം ജോലിഭാരം ഉയർത്തിയതും കാരണമായി. ഉദ്യോഗസ്ഥപുനർവിന്യാസം സ്ഥിതി മെച്ചമാക്കിയില്ല. 100 ശതമാനം പിരിവിന് ആനുകൂല്യം നിർത്തിയതും പ്രശ്നമായി. തനതുവരുമാനം കടിശികയില്ലാതെ പിരിക്കുന്നതിൽ ഭരണസമിതിയും ഭരണവകുപ്പുകളും ആത്മാർത്ഥത കാട്ടിയില്ല. പെർഫോമൻസ് ഓഡിറ്റും ചലിച്ചില്ല.
പഞ്ചവത്സര നികുതി പുനർനിർണയം മുടങ്ങി	തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രധാന വരുമാനം കെട്ടിട/വസ്തു നികുതി കാലികമായി പരിഷ്കരിക്കാഞ്ഞതും തനത് സാമ്പത്തികനില വഷളാക്കി. പഞ്ചവത്സര നികുതിപരിഷ്കരണം അട്ടിമറിക്കപ്പെട്ടു. 1993-1994 ന് ശേഷം നികുതി പുനർനിർണയം നടന്നില്ല. പഞ്ചായത്ത് രാജ് നിയമത്തിന് 11 വയസ് തികഞ്ഞിട്ടും നികുതി നിർണയചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. ഇതിനിടയിൽ തനത് വരുമാന ചോർച്ച തടയുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ പാലിക്കപ്പെട്ടിട്ടില്ല. കെട്ടിടനികുതി പുനർ-നിർണ്ണയത്തിന് മേഖലാ-പ്രൈമറി, സെക്കണ്ടറി സോണുകൾ വിഭജനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ പുരോഗതിയുണ്ടായില്ല.
തദ്ദേശഭരണസ്ഥാപനങ്ങളിലെ ജീവനക്കാർ ഉണർന്ന്	ഉടമസ്ഥർ അറിയിക്കുമ്പോൾ മാത്രമാണ് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ പുതിയ കെട്ടിടങ്ങളെപ്പറ്റി അറിയുന്നത് തന്നെ. ഇതിൽ ദുരൂഹതയുണ്ട്. സ്ഥാപനങ്ങളിലെ നികുതി വിഭാഗം ജീവനക്കാർ

പ്രവർത്തിച്ചില്ല	വാർഡുകൾ നിരീക്ഷിക്കുന്നില്ലെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഇതേപോലെ അറ്റകുറ്റപണി നടത്തി വിപുലീകരിക്കുന്ന കെട്ടിടങ്ങളുടെ നികുതിയും പുനർ നിർണയം നടത്തുന്നില്ല. കാലികമായ നികുതി പരിഷ്കരണവും ശാസ്ത്രീയമായ നികുതി നിർണയവും ഊർജ്ജിതമായ പിരിവും നടന്നിരുന്നെങ്കിൽ ഭവനനിർമാണ വിപ്ലവം നടക്കുന്ന സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളും നഗരപാലികാ സ്ഥാപനങ്ങളും കെട്ടിട/ വസ്തു നികുതിയിലൂടെ സാമ്പത്തിക സ്വയം പര്യാപ്തത നേടിയേനെ.
തനത് വരവിലൂടെ സാമ്പത്തിക സ്വാശ്രയത്വം	
പുതിയ വരുമാന സ്രോതസ്സുകൾ ഉപയോഗിച്ചില്ല	പുതിയവരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് താല്പര്യം കുറയുന്നു. സർക്കാർ ഉറന്നിടുന്ന സാധ്യതകൾ പോലും ചൂഷണം ചെയ്യുന്നില്ല. പരസ്യ നികുതി ഈടാക്കാൻ പഞ്ചായത്ത് രാജ് നിയമത്തിലെ 209-ാം വകുപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് 128/2000, 25.7.2000 ലെ ഉത്തരവിൽ പരസ്യനികുതി കുറഞ്ഞ നിരക്കും നിശ്ചയിച്ചിരുന്നു. എന്നാൽ വൻകിട കമ്പനികളുടേയും കച്ചവട സ്ഥാപനങ്ങളുടേയും ഉറ്റൻ പരസ്യബോർഡുകൾ ഗ്രാമങ്ങളിലും വ്യാപകമായിട്ടും പരസ്യനികുതി വരുമാനം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നഷ്ടപ്പെടുത്തുകയാണ്.
കുടിശിക നികുതികൾ	നികുതി കുടിശിക പിരിക്കുന്നതിലെ അലംഭാവവും സാമ്പത്തിക നില വഷളാക്കുന്നുണ്ട്. സമയത്ത് പിരിക്കാത്തതിനാൽ ലക്ഷങ്ങളാണ് കാലഹരണപ്പെടുന്നത്. ഇന്ത്യൻ ലിമിറ്റേഷൻ ആക്ടിന്റെ വെളിച്ചത്തിൽ കുടിശിക ഇനങ്ങൾ കാലഹരണപ്പെടുന്നത് വ്യാപകമായിരിക്കുന്നു.

കാലഹരണപ്പെടുന്ന	നികുതി പിരിവിൽ വീഴ്ച വരുത്തുന്ന ജീവനക്കാരുടെ പേരിൽ ബാധ്യത ചുമത്താൻ പഞ്ചായത്ത് രാജ് (വകുപ്പ് 243(3)), നഗരപാലിക (വകുപ്പ് 539(2)) നിയമങ്ങളിൽ വ്യവസ്ഥയുണ്ട്. ഇതിൻ പ്രകാരം നടപടിയെടുക്കാൻ സ്ഥാപനങ്ങൾ ആർജ്ജവം കാട്ടുന്നില്ല.
തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനതകർച്ച സർക്കാരിന് ബാധ്യതയാകും പ്രാദേശിക വികസനം നിഷേധിക്കപ്പെടും	തനത് വരുമാനം പിരിക്കുന്നതിലെ വീഴ്ചകൾ ഗൗരവത്തോടെ കാണണം. ഭൂരിഭാഗം സ്ഥാപനങ്ങളുടേയും തനത്ഫണ്ട് ന്യൂനതുകയായിരിക്കുന്നു. ഇതിനാൽ ജീവനക്കാരുടെ സേവനാനുകൂല്യങ്ങൾ, അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ എന്നിവ നിറവേറ്റുവാൻ സർക്കാർ സഹായം ആശ്രയിക്കേണ്ടി വരുന്നു. സാമ്പത്തികനില വഷളായ സർക്കാരിന് ഇത് അധികബാധ്യത വരുത്തിയേക്കും. മാത്രമല്ല അധികാരവികേന്ദ്രീകരണം സ്ഥാപനങ്ങളുടെ സാമൂഹ്യബാധ്യതകൾ ഉയർത്തിയിരിക്കുന്നു. ഇവ നിറവേറ്റുവാൻ കൂടുതൽ പണം കണ്ടെത്തണം. ഇല്ലെങ്കിൽ പ്രാദേശിക വികസനത്തിന് ഉപയോഗിക്കേണ്ട ഫണ്ടുകളുടെ വകമാറ്റലാവും ഫലം.
ചെലവിന് മിതത്വം നഷ്ടപ്പെടുന്നു	വരുമാന തകർച്ചയ്ക്കൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ചെലവിൽ മിതത്വം നഷ്ടപ്പെടുന്നതും പരിഗണനീയമാണ്. ഭരണചെലവ് ധൂർത്തോളം എത്തിയിരിക്കുന്നു. നഗരപാലികാ സ്ഥാപനങ്ങളിലെ വാഹന പരിപാലന ചെലവ് മാത്രമെടുത്താൽ മതി ധൂർത്തിന്റെ വ്യാപ്തി മനസ്സിലാകും. വാഹനങ്ങൾ വാടകക്ക് എടുക്കുന്നതിന്റെ പല മടങ്ങ് വരുന്നു സ്വന്തമായ വാഹന പരിപാലനത്തിന്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പാഴ്ചെലവ്, അധിക ചെലവ്, ചെലവിലെ നഷ്ടം എന്നിവ

	വിശദീകരിക്കുന്ന ഈ റിപ്പോർട്ടിലെ നിരവധി ഓഡിറ്റ് പരാമർശങ്ങളിലേക്കും ശ്രദ്ധക്ഷണിക്കുന്നു.
	നിർദ്ദേശങ്ങൾ: 1. നികുതി പുനർനിർണയം അടിയന്തരമായി നടപ്പാക്കുക. 2. നികുതി-നിർണയം - പിരിവ് കാര്യക്ഷമമാക്കുക 3. തനത് വരുമാനം കുടിശികയില്ലാതെ പിരിക്കേണ്ടത് ഭരണസമിതിയുടെ നിയമപരമായ ബാധ്യതയാക്കുക. 4 കാലഹരണപ്പെട്ട വരവ് ഉത്തരവാദിയിൽ നിന്ന് ഈടാക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ ചാർജ്ജ് നടപടി വിപുലീകരിക്കുക. 5.സർക്കാർ ധനസഹായ ലഭ്യതയ്ക്ക് കുടിശിക യില്ലാതെയുള്ള തനത് വരുമാന പിരിവ് കൂടി മാനദണ്ഡമാക്കുക. 6. പെർഫോമൻസ് ഓഡിറ്റ് കാര്യക്ഷമമാക്കുക.
	6. ചാർജ്/ സർചാർജ് നടപടികൾ
3.18 കോടിയുടെചാർജ്/ സർചാർജ് നടപടികൾ	ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കപ്പെട്ട സ്ഥാപനത്തിനുണ്ടായ വരവ്ചെലവ് നഷ്ടം ഈടാക്കുന്നതിനുള്ള വകുപ്പ് തല സംവിധാനമാണ് ചാർജ്/സർചാർജ് നടപടികൾ. ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 16, ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം(96), ചട്ടം 20 എന്നിവ ഇതിന് ഡയറക്ടർക്ക് അധികാരം നൽകുന്നു. 2004-2005 ൽ 7,53,229 രൂപയുടെ വരവ്നഷ്ടവും 84,85,708 രൂപയുടെ ചെലവ്നഷ്ടവും ഈടാക്കുന്നതിന്

	യഥാക്രമം 32 ചാർജ്ജും 201 സർചാർജ്ജും സർട്ടിഫിക്കറ്റുകൾ പുറപ്പെടുവിച്ചു. കൂടാതെ 10,63,744 രൂപയുടെ വരവ് നഷ്ടവും 2,15,09,777 രൂപയുടെ ചെലവ്നഷ്ടവും ഈടാക്കുന്നതിന് ആദ്യപടിയായി 38 ചാർജ് നോട്ടീസുകളും 378 സർചാർജ് നോട്ടീസുകളും പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ക്രമക്കേടുകളും ധനാപഹരണങ്ങളും അഴിമതിയും തടയുന്നതിൽ ഫലപ്രദമായ ചാർജ്/സർചാർജ് നടപടികൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട് പ്രധാനപ്പെട്ടവ:
	6(i)നഷ്ടോത്തരവാദിയെ നിർണയിക്കാനാവുന്നില്ല
നഷ്ടോത്തരവാദി നിർണ്ണയം: നിയമപ്രശ്നം	ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 16(1) പ്രകാരം ചാർജ്/സർചാർജ് നടപടികൾ തുടങ്ങുന്നതിന് നഷ്ടത്തിന് ഉത്തരവാദിയാരെന്ന് നിർണയിക്കേണ്ടതുണ്ട്. പഞ്ചായത്ത്രാജ് നിയമ (സെക്ഷൻ 156(1)) പ്രകാരം നിർവഹണാധികാരം പ്രസിഡന്റിൽ നിക്ഷിപ്തമാണ്. എന്നാൽ ഇതേ നിയമപ്രകാരം, (സെക്ഷൻ 182(6)(7)) കാര്യനിർവഹണ അധികാരി സെക്രട്ടറിയാണ്. മാത്രമല്ല ഭരണസമിതി തീരുമാനങ്ങളിൽ സെക്രട്ടറി ബന്ധിതനുമാണ്. ഈ അവസ്ഥയിൽ സർചാർജ് നടപടി സ്വീകരിക്കേണ്ട ചെലവുകൾക്ക് ഉത്തരവാദിയാരെന്നത് നിയമപ്രശ്നമാകും. ഉദാഹരണം മരാമത്ത് ചെലവുകൾ. നിലവിലുള്ള നിയമപ്രകാരം മരാമത്ത് പണി നടത്തിയ എഞ്ചിനീയറെ നഷ്ടോത്തരവാദിയാക്കാനാവില്ല. മറിച്ച് സാങ്കേതിക പിഴവിലെ നഷ്ടത്തിന് സാങ്കേതിക ജ്ഞാനമില്ലാത്ത

ചാർജ്/സർചാർജ് നിയമം ഭേദഗതി വേണം	സെക്രട്ടറിയെ സർചാർജ് നടപടിക്ക വിധേയനാക്കുന്നത് സാമാന്യനീതിക്ക് നിരക്കുന്നതല്ല. അതിനാൽ ചാർജ്/സർചാർജ് നടപടികൾ സുഗമമാക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്ത് ആവശ്യമായ ഭേദഗതി വരുത്തണം. അതോടൊപ്പം ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ സെക്ഷൻ 16 ജനപ്രതിനിധികൾ, എഞ്ചിനീയർമാർ എന്നിങ്ങനെ വീഴ്ച വരുത്തുന്ന വ്യക്തിക്കെതിരെ ഉപയോഗിക്കാവുന്ന വിധത്തിൽ വിപുലീകരിക്കണം.
സമയപരിധി അപ്രായോഗികം *ചാർജ്/സർചാർജ് നിയമവ്യവഹാരം ഏറുന്നു*	**6(ii)സമയക്ലിപ്തത: നിയമപരമായ പ്രതിബന്ധങ്ങൾ** i) ചാർജ്/സർചാർജ് നോട്ടീസ് കൈപ്പറ്റി 4 മാസത്തിനകം ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കണം എന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം(96) ചട്ടം 20(11) കർശനമായി നടപ്പാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ നിരവധി സർചാർജ് നടപടികൾ നിയമക്കുരുക്കിലാക്കിയിട്ടുണ്ട്. നഷ്ടത്തിന് ഉത്തരവാദിയായവർക്ക് മറുപടി നൽകുവാനും അത് പരിശോധിക്കുവാനും 4 മാസ കാലാവധി അപര്യാപ്തമാണ്. അതിനാൽ കാലപരിധി ദീർഘിപ്പിക്കേണ്ടതാണ്. (ii) സർചാർജ് നടപടിക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം കാലപരിധി കൽപിക്കുന്നില്ല. എന്നാൽ പഞ്ചായത്ത്രാജ് നിയമത്തിൽ ചെലവ് നടന്ന സാമ്പത്തിക വർഷം കഴിഞ്ഞ് 4 വർഷം പൂർത്തിയായാൽ സർചാർജ് നടപടി

	നിലനിൽക്കില്ലെന്ന വ്യവസ്ഥയുണ്ട്. ഘടകവിരുദ്ധമായ ഈ നിലപാടുകളും വ്യവഹാരങ്ങൾക്കിടയാക്കും. ഇതിനും ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്.
ചാർജ്/സർചാർജ്: റവന്യൂ റിക്കവറി നിയമത്തിൽ മാറ്റം	**6(iii) റവന്യൂറിക്കവറി നിയമത്തിൽ ഉൾപ്പെടുത്തണം** ചാർജ്/സർചാർജ് നടപടികൾ ഊർജിതമായി സ്വീകരിക്കപ്പെടുമ്പോഴും ഇതിലൂടെ ഈടാക്കപ്പെടുന്ന തുകയിൽ പുരോഗതിയില്ല. കോടതി വ്യവഹാരങ്ങൾ നിലവിലില്ലാത്തപ്പോൾ നഷ്ടോത്തരവാദിയിൽ നിന്നും നഷ്ടം ഈടാക്കുവാൻ റവന്യൂ റിക്കവറി നിയമം ഫലപ്രദമല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം റവന്യൂ റിക്കവറി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണിതിന് കാരണം. സർചാർജ് നടപടികൾക്ക് ഇടയാക്കുന്ന ചെലവുകൾ അധികവും പദ്ധതി വിഹിതത്തിൽ നിന്നാണ്. ഈ അവസ്ഥ സർചാർജ് നടപടികളെ നിഷ്ഫലമാക്കുന്നു. അതിനാൽ റവന്യൂ റിക്കവറി നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം.
മുൻകൂർ ക്രമീകരിക്കാൻ കോടികൾ	**7. മുൻകൂറുകൾ ക്രമീകരിച്ചില്ല; കോടികൾ സ്വകാര്യ വ്യക്തികളിൽ** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നടത്തിപ്പിനും മറ്റ് ആവശ്യങ്ങൾക്കും മുൻകൂർ നൽകിയ കോടികൾ ക്രമീകരിക്കുന്നതിൽ പുരോഗതിയില്ല. മുൻ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ വിഷയം വിശദീകരിച്ചിരുന്നു.
	ക്രമീകരിക്കാനുള്ള മുൻകൂറുകൾ ഓരോവർഷം കഴിയുമ്പോൾ ഉയരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ണൂർ

ക്രമീകരിക്കാനുള്ള മുൻകൂകൾ വർഷം തോറും ഉയരുന്നു	നഗരസഭയുടെ കണക്കുകൾ ഉദാഹരണമാണ്. നഗരസഭയിൽ 1999-2000 ൽ ക്രമീകരിക്കാനുള്ള മുൻകൂർ 38.09 ലക്ഷമായിരുന്നത് 2000-2001 ൽ 44.43 ലക്ഷമായി ഉയർന്നു.
സർക്കാർ നിർദ്ദേശങ്ങൾ നടപ്പാക്കിയില്ല	ജനകീയാസൂത്രണ വർഷങ്ങളിൽ മരാമത്ത് പണികളുടെ കൺവീനർമാർക്ക് നൽകിയ മുൻകൂറുകൾ പണി തുടങ്ങാതെ വർഷങ്ങൾ കഴിഞ്ഞിട്ടും തിരിച്ച് ഈടാക്കിയിട്ടില്ല. ഇത്തരത്തിൽ മുൻകൂർ വാങ്ങി പണി നടത്താതിരുന്ന കൺവീനർമാരുടെ കരാർ റദ്ദ് ചെയ്ത് അവരുടെ നഷ്ടോത്തരവാദിത്വത്തിൽ പണി പുനർക്രമീകരിക്കണമെന്നും മുൻകൂർ പലിശ സഹിതം ഈടാക്കണമെന്നും വ്യവസ്ഥയുണ്ടായിരുന്നിട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രതികരിച്ചില്ല. എസ്റ്റിമേറ്റ് പ്രകാരം പൂർണ്ണമാക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ച പണികൾക്ക് മൂല്യനിർണ്ണയത്തിൽ അധികരിച്ച് നൽകിയ തുകകളും ഈടാക്കാനുണ്ട്.
മുൻകൂർ രജിസ്റ്റർ രേഖയുമില്ല	മുൻകൂറുകൾ നിരീക്ഷിക്കുന്നതിന് കൃത്യമായ രജിസ്റ്ററുകൾ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല. ഇത് സംബന്ധിച്ച് കൃത്യമായ കണക്കില്ല. മാത്രമല്ല നിയമസാധുതയുള്ള നടപടിക്രമങ്ങൾക്ക് ശേഷമല്ല മുൻകൂറുകൾ നൽകിയതും.
വ്യക്തമായ കണക്കില്ല	മുൻകൂർ നൽകിയ തുക എത്രയെന്ന് പോലും അറിയാത്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ സമഗ്രാന്വേഷണം വേണം. അതോടൊപ്പം വികസനം നിഷേധിച്ച് പൊതുപണം വർഷങ്ങളായി സ്വകാര്യ വ്യക്തികൾ കൈവശം സൂക്ഷിക്കുന്നത് അറുതി വരുത്തി തിരിച്ച് ഈടാക്കണം.

	8. പുതിയ പരിഷ്കാരങ്ങൾ: ചില വസ്തുതകൾ
പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം തുടക്കത്തിലേ പാളി	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കണക്ക് സൂക്ഷിക്കുന്നതിന് നടപ്പാക്കിയ പുതിയ അക്കൗണ്ടിംഗ് രീതി ഫലപ്രദമായില്ല. 2004 ഏപ്രിൽ 1 നാണ് പുതിയ രീതി തുടങ്ങിയത്.
കണക്കുകളും രേഖകളും രജിസ്റ്ററുകളും ഇപ്പോഴും കുത്തഴിഞ്ഞ നിലയിൽ	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കണക്കുകൾ കൃത്യമല്ലാത്തതിനും രജിസ്റ്ററുകളും രേഖകളും കുത്തഴിഞ്ഞ നിലയിൽ തുടരുന്നതിനും പരിഹാരമായാണ് ജി.ഒ.(പി)319/03 ധനം; 12.6.2003 ഉത്തരവിലൂടെ പുതിയ രീതി കൊണ്ടുവന്നത്. ഉദ്ദേശിച്ച ഫലം നേടുന്നതിൽ തുടക്കത്തിൽ പരാജയപ്പെട്ടതായി ഓഡിറ്റ് അനുഭവങ്ങൾ സാക്ഷ്യപ്പെടുന്നു.
ഫോർമാറ്റുകൾ സൂക്ഷിക്കുന്നില്ല	പുതിയ അക്കൗണ്ടിംഗ് സമ്പ്രദായത്തിലെ എല്ലാ ഫോർമാറ്റുകളും പ്രത്യേകിച്ച് ഫോറം 10 മുതൽ 19 വരെയുള്ളത് മിക്ക പഞ്ചായത്തുകളിലും സൂക്ഷിക്കുന്നില്ല. കണക്കുകൾ മിക്ക പഞ്ചായത്തിലും കൃത്യമല്ല. രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലും അലംഭാവം തുടരുന്നു. (കോഴിക്കോട് ജില്ലയിലെ ഒമ്പത് ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള വിവരം റിപ്പോർട്ടിൽ ചേർത്തത് കാണുക).
ഹെഡ് ഓഫ് അക്കൗണ്ടുകളുടെ ബാഹുല്യം പ്രധാന പരിമിതി	ഹെഡ് ഓഫ് അക്കൗണ്ടുകളുടെ ബാഹുല്യമാണ് പുതിയ രീതിയുടെ പ്രധാന അപാകത. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കണക്ക് സൂക്ഷിക്കുന്നതിന് ഇത്രയധികം ശീർഷകങ്ങൾ

	ആവശ്യമാണോയെന്ന് അടിയന്തരമായി പരിശോധിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജോലി ഭാരത്തിനിടയിൽ കണക്കുകൾ ഇത്രയധികം ശീർഷകങ്ങളിൽ വിന്യസിക്കുവാനാവില്ല. കണക്ക് സൂക്ഷിപ്പ് മാത്രമല്ല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതല. പ്രാദേശിക വികസനത്തിന്റെ ചാലക ശക്തികളാണ് പ്രാഥമിക ജനാധിപത്യ സ്ഥാപനങ്ങൾ. അതിനാൽ ശീർഷകങ്ങളുടെ ബാഹുല്യം കുറച്ച്, കമ്പ്യൂട്ടർവത്കരണം ത്വരിതപ്പെടുത്തുന്നതാകും ഉത്തമ മാർഗ്ഗം. പുതിയ അക്കൗണ്ടിംഗ് രീതിയുടെ മറ്റുള്ള അപാകതകൾ താഴെ വിവരിക്കുന്നു.
ഒരു സ്ഥാപനത്തിന് ഒരു അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ	സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതിവിഹിതം, മെയിന്റനൻസ് ഗ്രാന്റ് തുടങ്ങിയവയുടെ ട്രഷറി അലോട്ട്മെന്റ് ഒന്നാകെ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിനാണ് നൽകുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ ഇത് മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് റീ അപ്രോപ്രിയേഷൻ നടത്തുന്നു. നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന തുകകളും ബിൽ തുകകളും സെക്രട്ടറിയുടെ അപ്രോപിയേഷൻ രജിസ്റ്ററിൽ കുറവ് ചെയ്യുന്നു. നിർവഹണ ഉദ്യോഗസ്ഥർ പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിച്ച് തങ്ങൾക്കുള്ള റീ അപ്രോപ്രിയേഷനിൽ നിന്നുള്ള കുറവുകൾ മാത്രമാണ് ട്രഷറി ബില്ലുകളിൽ കാണിക്കുന്നത്. ചില സ്ഥാപനങ്ങൾ ഓരോ പദ്ധതിയുടേയും അടങ്കൽ തുകയിൽ നിന്നുള്ള അപ്രോപ്രിയേഷൻ മാത്രമാണ് ബില്ലിൽ കാണിക്കുന്നത്. ഇങ്ങനെ വ്യത്യസ്ത രീതി അനുവർത്തിക്കുന്നതിനാൽ ശരിയായ അപ്രോപ്രിയേഷൻ

	കൺട്രോൾ ഉറപ്പ് വരുത്താൻ (അലോട്ട്മെന്റിൽ അധികരിക്കുന്നില്ലയെന്ന്) കഴിയുന്നില്ല. അതിനാൽ ഒരു തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ ഒരു അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ മാത്രമേ സൂക്ഷിക്കാവൂ എന്നും സെക്രട്ടറി ഉൾപ്പെടെ എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടേയും ചെലവുകൾ (ബിൽ തുക) പ്രധാന അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും നിർദ്ദേശിക്കാവുന്നതാണ്. (ചുരുക്കത്തിൽ മറ്റു നിർവഹണ ഉദ്യോഗസ്ഥർക്കുള്ള റീ അപ്രോപ്രിയേഷൻ തുകകൾ പ്രധാന അപ്രോപിയേഷൻ രജിസ്റ്ററിൽ കുറവ് വരുത്താതിരിക്കുക. മറ്റ് നിർവഹണ ഉദ്യോഗസ്ഥർ സൂക്ഷിക്കുന്ന രജിസ്റ്ററിന്റെ പേര് റീ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്ന് ആക്കുക). കൂടാതെ സർക്കാരിലും മറ്റും അടയ്ക്കേണ്ട ആദായ നികുതി, വിൽപ്പന നികുതി തുടങ്ങിയവ ട്രഷറിയിൽ നിന്ന് ഡിമാന്റ് ഡ്രാഫ്റ്റായി പിൻവലിച്ച് ഡ്രാഫ്റ്റുകൾ കൈമാറാതെ ദീർഘകാലത്തേയ്ക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്നതും കണ്ടുവരുന്നു. ഡിമാന്റ് ഡ്രാഫ്റ്റ് പണത്തിന് തുല്യമായി പരിഗണിക്കാവുന്നതിനാൽ ഇത് ക്രമപ്രകാരമല്ല. കേന്ദ്ര സംസ്ഥാന സർക്കാരുകളിലേയ്ക്കും മറ്റും അടയ്ക്കേണ്ട തുകകൾ ഡിമാന്റ് ഡ്രാഫ്റ്റ് ആയി മാറ്റി നേരിട്ട് ബില്ലിൽ തന്നെ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതാകും ഉചിതം.
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക അക്കൗണ്ട്സ് വിഭാഗം	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ അക്കൗണ്ട് ഫോർമാറ്റുകളുടെ സൂക്ഷിപ്പിന് മാത്രം പ്രത്യേക അക്കൗണ്ട്സ് വിഭാഗം തുടങ്ങിയാലേ പുതിയ രീതി പൂർണ്ണമായി അനുവർത്തിക്കാൻ കഴിയൂ.

കരട് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട അധ്യായം 1,2,3,5,7,8 എന്നിവയിലെ ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

ഓഡിറ്റ് ഖണ്ഡിക

	1. പദ്ധതി നിർവ്വഹണം : നിഷ്ക്രിയാസ്തികൾ കുന്നുകൂടുന്നു
പ്രാദേശിക വികസനം ദിശ തെറ്റുന്നു	തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം നിഷ്ക്രിയാസ്തികൾ കുന്നുകൂടാൻ ഇടയാക്കുന്നു. ലക്ഷ്യമിട്ട ഭൗതിക നേട്ടം കൈവരിക്കാതെ പദ്ധതി വിഹിതം കോടികളാണ് പാഴാവുന്നത്. ഇതിലൂടെ പ്രാദേശിക വികസനം ദിശതെറ്റുന്നു. 2004-2005 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ ഇതിന് തെളിവാണ്.
നിർമ്മാണ പദ്ധതികൾ സമയക്ലിപ്തത തെറ്റിക്കുന്നു	നിർമ്മാണസ്വഭാവമുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല. (പട്ടിക 1 കാണുക). ചിലത് അനന്തമായി നീളുന്നു. ചിലത് മുൻകൂറുകളിൽ ഒതുങ്ങി. മുൻകൂറുകൾ വർഷങ്ങൾ കഴിഞ്ഞിട്ടും ക്രമീകരിച്ചില്ല.
പദ്ധതിവിഹിതം; കോടികൾ നിക്ഷേപമായി; പദ്ധതികൾ പാതിവഴിക്ക് ഉപേക്ഷിച്ചു	വൈദ്യുതീകരണം, കുടിവെള്ളം/ജലസേചനം, ഭവനനിർമ്മാണം, തൊഴിൽ പദ്ധതികൾ തുടങ്ങിയവ സർക്കാർ ഏജൻസികളിലും മറ്റ് സ്ഥാപനങ്ങളിലും നിക്ഷേപമായി തുടരുന്നു. ചില പദ്ധതികളാകട്ടെ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. മാറിയ സാഹചര്യത്തിൽ പഴയ എസ്റ്റിമേറ്റിൽ ഇവയുടെ പൂർത്തീകരണം അസാധ്യമാണ്. ഫലത്തിൽ കോടികളുടെ പാഴ്ചെലവാണ് ഇവ വരുത്തിയിരിക്കുന്നത്. പൂർത്തിയായ പദ്ധതികൾ അധികവും തുടർപ്രവർത്തനമില്ലാതെ നിശ്ചലാവസ്ഥയിലാണ്.
	ഉത്പാദനമേഖല പദ്ധതികളിൽ വാങ്ങിയ ട്രാക്ടർ, കൊയ്ത്ത് മെതിയന്ത്രം, കറവയന്ത്രം എന്നിവയിൽ

ഉല്പാദനമേഖലാ പദ്ധതികൾ പാളി	അധികവും ഉപയോഗശൂന്യമായി നശിക്കുന്നു. കാർഷികാഭിവൃദ്ധി ലക്ഷ്യമിട്ട് വിത്തും വളവും സൗജന്യമായി നൽകാൻ തയ്യാറാക്കിയ പദ്ധതികൾ ധനസഹായവിതരണമായി പരിമിതപ്പെട്ടു. ഉല്പാദന വർധനയെന്നത് സാമ്പത്തികനേട്ടം കൈവരിക്കലായി ചുരുങ്ങി.
ജനപങ്കാളിത്തം പരിമിതം പദ്ധതിധനവിനിയോഗത്തിൽ ക്രമക്കേട് ഗുരുതരം	ജനപങ്കാളിത്തം പരിമിതപ്പെട്ടതും പദ്ധതികൾ അപ്രായോഗികമായതും നിർവ്വഹണത്തിൽ അപാകതകൾ പെരുകിയതും മോണിട്ടറിംഗ് സംവിധാനം നിശബ്ദമാക്കപ്പെട്ടതുമാണ് ഭൂരിഭാഗം പദ്ധതികളുടേയും പാളിച്ചകൾക്ക് കാരണം. പദ്ധതി നിർവ്വഹണത്തിൽ മാത്രമല്ല ധനവിനിയോഗത്തിലും ഗുരുതരമായ ക്രമക്കേടുകൾ വ്യാപകമാണ്. വകമാറ്റി ചെലവ് ചെയ്യലും ഏറെയുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത തകർക്കുന്നവയാണിത്.
	1(i) മരാമത്ത് പണികൾ
മരാമത്ത് പദ്ധതികൾ = ധനദുർവിനിയോഗം	തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതികളിൽ ഏറ്റവും കുറഞ്ഞ ഫലപ്രാപ്തിയും ഏറ്റവും കൂടിയ ധനദുർവിനിയോഗവും കെടുകാര്യസ്ഥതയും സുതാര്യതയില്ലായ്മയും ധൂർത്തും പൊതുമരാമത്ത് പണികളിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മരാമത്ത് പണികൾക്ക് ചെലവഴിച്ച കോടികളുമായി ഇലനം ചെയ്യുമ്പോൾ കൈവരിച്ച നേട്ടങ്ങൾ നാമമാത്രമാണ്.
എഞ്ചിനീയർമാരുടേയും കരാറുകാരുടേയും	അധികാര വികേന്ദ്രീകരണം ജനകീയാസൂത്രണത്തിലൂടെ കേരളവികസന പദ്ധതിയായി വളർന്നിട്ടും പൊതുമരാമത്ത് പണികളിൽ ജനപങ്കാളിത്തം ഭൂരിഭാഗം സ്ഥാപനങ്ങളിലും തീരെയില്ല. ഉദ്യോഗസ്ഥർ-പ്രത്യേകിച്ചും എഞ്ചിനീയർമാർ,

രാഷ്ട്രീയക്കാരുടേയും മേധാവിത്വം	കരാറുകാർ, രാഷ്ട്രീയ നേതാക്കൾ എന്നിവരുടെ മേധാവിത്വം പൊതുമരാമത്ത് പണികളിൽ പ്രകടമാണ്. എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട് തുടങ്ങിയവ ലളിതമലയാളത്തിൽ തയ്യാറാക്കണമെന്ന നിർദ്ദേശം 99 ശതമാനം എഞ്ചിനീയർമാരും പാലിക്കുന്നില്ല. സാങ്കേതികതയുടെ പുകമറയിൽ മരാമത്ത് പദ്ധതി നിർവ്വഹണം അവ്യക്തമായി തുടരുന്നു.

പത്രിക-1

പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളിൽ രണ്ട് വർഷത്തിലധികമായി പൂർത്തിയാക്കാതെ കിടക്കുന്ന മരാമത്ത് പണികളുടെ വിവരം

(ഓഡിറ്റ് റിപ്പോർട്ടുകളിൽ ലഭ്യമായ വിവരങ്ങൾ) (31.3.2005 ലെ സ്ഥിതി)

ജില്ല	പൂർത്തിയാക്കാനുള്ള മരാമത്ത് പണികളുടെ എണ്ണം					അടങ്കൽ തുക (രൂപ കോടി)	ആകെ ചെലവ്	ബാക്കി
	ഗ്രാമപഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ജില്ലാ പഞ്ചായത്ത്	നഗരസഭ	ആകെ			
തിരുവനന്തപുരം	13	-	-	3	16	7043000	2456186	4536814
പത്തനംതിട്ട	78	-	-	44-	122	8231479	8747842	516363
കോട്ടയം	-	-	-	2	2	628405	283112	345293
ഇടുക്കി	120	32	29	20	201	30042539	12706377	17336162
തൃശ്ശൂർ	54	9	-	2	65	31590791	20506551	11074240
വയനാട്	36	-	-	-	36	6559572	2515982	4043590
കോഴിക്കോട്	106	45	-	55	206	52280719	30934290	23346429

കണ്ണൂർ	88	3	41	16	148	48040521	23263779	24776742
ആകെ	495	89	70	142	796	184417026	101414119	85975633

എറണാകുളം, പാലക്കാട്, കാസർഗോഡ് ജില്ലകളിലെ വിവരം ലഭ്യമല്ല

*ബാക്കിയില്ല; 516363/- രൂപ അധികം ചെലവഴിച്ചിട്ടും പണികൾ പൂർത്തിയായില്ല.

മരാമത്ത് പദ്ധതി നിർവ്വഹണം: മോണിട്ടറിംഗ് സമിതി രൂപീകരിച്ചില്ല	1997-98 മുതൽ 2001-2002 വരെ മരാമത്ത് പദ്ധതികൾക്ക് ഗുണഭോക്തൃ സമിതികളെങ്കിലുമുണ്ടായിരുന്നു. പണികൾ അന്ന് അനന്തമായി നീണ്ടതിനാലും ബിനാമി ഇടപാടുകൾ വ്യാപകമായതിനാലും 2002-2003 മുതൽ കേരള വികസനപദ്ധതിയുടെ ഭാഗമായി 25,000 രൂപക്ക് മുകളിലുള്ള പണികൾ ടെണ്ടർവേലയായി നിർദ്ദേശിക്കപ്പെട്ടു. ഇതിൽ ഉണ്ടാകാമായിരുന്ന അപകടങ്ങൾക്ക് എതിരെ സർക്കാർ ജാഗ്രതാ നിർദ്ദേശവും നൽകിയിരുന്നു. ടെണ്ടർവേലകളുടെ സുതാര്യതയും ഉത്തരവാദിത്വവും ഗുണമേന്മയും ഉറപ്പാക്കാൻ ഗുണഭോക്തൃസമിതി മാതൃകയിൽ കമ്മിറ്റി രൂപീകരിച്ച് മോണിട്ടറിംഗ് നടത്തണമെന്ന് സർക്കാർ ഉത്തരവ് (ജി.ഒ(എം.എസ്.)20/2002;6.6.2002) ഉണ്ടായിരുന്നു. ഭൂരിഭാഗം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഉത്തരവ് പാലിച്ചില്ല. മാത്രമല്ല പരസ്പരധാരണയിലൂടെ നിരക്ക് കോട്ട് ചെയ്ത് മത്സരസ്വഭാവത്തിലുള്ള ടെൻഡറുകൾക്ക് സാധ്യതയില്ലാതാക്കി പൊതുമരാമത്ത് പണികളിൽ കരാറുകാരുടെ കൃത്തക രൂപപ്പെടുന്നത് തടയാനും സ്ഥാപനങ്ങൾ ശ്രമിച്ചില്ല.
കേരള വികസന പദ്ധതിയിൽ കരാറുകാരുടെ കൃത്തക	
	മരാമത്ത് പണികളുടെ നിർവ്വഹണത്തിൽ സ്ഥാപനങ്ങളുടെ അലംഭാവം പ്രതിഫലിപ്പിക്കുന്നതാണ് ഇവയുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പ്. സർക്കാർ

സുപ്രധാന രേഖകൾ സൂക്ഷിക്കുന്നില്ല.	നിർദ്ദേശം ഉണ്ടായിരുന്നിട്ടും പണികൾ-ഏറ്റെടുത്തവ, പൂർത്തിയാക്കിയവ, പൂർത്തിയാക്കാൻ ശേഷിക്കുന്നവ എന്നീ വിവരങ്ങൾ വിശദീകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല. അവസാന ബില്ല് തീർപ്പാക്കുമ്പോഴാണ് പല പണികളും തുടർ പദ്ധതിയായി അംഗീകരിച്ചിട്ടില്ലെന്ന് അറിയുന്നത്. പണികൾക്ക് നൽകിയ മുൻക്കൂറുകൾ കൃത്യമായി രജിസ്റ്റർ സൂക്ഷിച്ച് രേഖപ്പെടുത്താത്തതിനാൽ അവസാന ബില്ലിൽ മുൻക്കൂർ ക്രമീകരിക്കാതെ തുക നൽകി അധികചെലവും വരുത്തുന്നുണ്ട്.
മുൻക്കൂർ: നിയമലംഘനം വ്യാപകം	മരാമത്ത് പണികളുടെ നിർമ്മാണ പുരോഗതി വിലയിരുത്താതെയും ചെയ്ത. പണികളുടെ മൂല്യനിർണ്ണയം അളവ് പുസ്തകത്തിൽ രേഖപ്പെടുത്താതെയും വർഷം തോറും വൻതുകകൾ മുൻക്കൂർ നൽകുന്നു. കരാറുകാർക്ക് മുൻക്കൂർ നൽകുന്നതിൽ കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡ് ഖണ്ഡിക 10.2.22 നോട്ട് 4,10,2.23 എന്നിവയിലെ നിബന്ധനകൾ ലംഘിക്കുന്നതോടൊപ്പം പ്രത്യേകാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.
എസ്റ്റിമേറ്റ് യാഥാർത്ഥ്യ ബോധമില്ല; വ്യതിചലനം ഏറുന്നു	മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുന്നില്ല. എസ്റ്റിമേറ്റ് വ്യതിചലനം വ്യാപകമാണ്. പണിയുടെ ഗുണനിലവാരം ഹനിക്കുന്നതും അധികചെലവിന് ഇടയാക്കുന്നതുമാണിത്. ചീഫ് ടെക്നിക്കൽ എക്സാമിനറും ചീഫ് എഞ്ചിനീയറും പുറപ്പെടുവിച്ച നിർദ്ദേശങ്ങളും കേരളാ സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ, ഇന്ത്യൻ റോഡ് കോൺഗ്രസ് സ്പെസിഫിക്കേഷൻ എന്നിവ ലംഘിച്ച് പണിനടത്തുന്നതും അധികചെലവിന് ഇടയാക്കുന്നു.

	1(ii) മരാമത്ത് പണികൾ **മറ്റ് പൊതു അപാകതകൾ**
	1. സ്റ്റാക്ക് ചെയ്ത മെറ്റലിന്റെ വോയ്ഡ്സ് പരിഗണിച്ച് നിശ്ചിത ശതമാനം അളവ് കുറയ്ക്കണമെന്ന ഐ.ആർ.സി. 515(5) നിബന്ധന പാലിക്കുന്നില്ല. 2.കരാർ കാലാവധിയ്ക്കകം പണി പൂർത്തിയാക്കാത്തവർക്കെതിരെ പൊതുമരാമത്ത് നിയമം അനുശാസിക്കുന്ന പിഴ/ശിക്ഷ സ്വീകരിക്കുന്നില്ല. 3. 1.4.1994 മുതൽ 'ശരാശരി ലീഡ് കണക്കിലെടുക്കണമെന്ന നിർദ്ദേശം ലംഘിച്ച് 'ലോറികടത്ത് വ്യത്യാസപ്പെടുത്തി എസ്റ്റിമേറ്റ് ലാഭകരമാക്കുന്നു 4. മരാമത്ത് പണികളിൽ മുൻഗണനാക്രമം പാലിക്കുന്നില്ല. ജലസേചന/കുടിവെള്ള പദ്ധതികൾ ഉദാഹരണം. അന്ത്യഘട്ടത്തിൽ ആവശ്യമായ മോട്ടറുകളും പൈപ്പുകളും ആദ്യഘട്ടത്തിൽ വാങ്ങുന്നു. ജലലഭ്യതയുടെ കുറവ് കാരണം പിന്നീട് ഇവ ഉപയോഗിക്കാനാവാതെ വരുന്നു. 5. മരാമത്ത് പണികൾക്ക് സ്ഥാപനങ്ങൾ വാങ്ങി നൽകുന്ന ബിറ്റുമെൻ, പൈപ്പ്, മോട്ടർ തുടങ്ങിയവയുടെ കൃത്യമായ സംഭരണ വിതരണ രേഖകൾ സൂക്ഷിക്കുന്നില്ല. 6. ഉപേക്ഷിക്കപ്പെട്ട പണികൾക്ക് സമാഹരണ/സെക്യോർഡ് മുൻകൂറുകളായി മൂല്യനിർണ്ണയത്തിൽ അധികം പണം നൽകുന്നു. 7. തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ട പദ്ധതികൾ ലക്ഷ്യം കണ്ടില്ല.
	1(iii) വ്യക്തിഗത ആനുകൂല്യ പദ്ധതികൾ
	തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നടപ്പാക്കിയ വ്യക്തിഗത ആനുകൂല്യ പദ്ധതികൾ ദരിദ്രജന വിഭാഗങ്ങളുടെ സാമ്പത്തിക ശാക്തീകരണത്തിന് ഉതകിയില്ല. ഇത്തരം

	പദ്ധതികളുടെ അവലോകനത്തിൽ കണ്ട പൊതു അപാകതകൾ- ➢ വ്യക്തിഗത ആനുകൂല്യ പദ്ധതികൾ ധനസഹായ വിതരണമായി പരിമിതപ്പെടുന്നു. ➢ ഭൂരിഭാഗം സ്ഥാപനങ്ങളിലും ഗുണഭോക്താക്കളെ ഗ്രാമസഭ തിരഞ്ഞെടുത്തതിനും അർഹത പരിശോധിച്ചതിനും തെളിവില്ല. ഗ്രാമസഭയെ മറികടന്ന് ഭരണസമിതികളും അധ്യക്ഷന്മാരും ഏകപക്ഷീയമായി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. ➢ അനർഹരായ ഗുണഭോക്താക്കൾ വൻതോതിൽ ആനുകൂല്യം കൈപ്പറ്റി. ➢ ഒരേ ഗുണഭോക്താക്കൾ ഒന്നിലധികം പദ്ധതികളിൽ ആനുകൂല്യം കൈപ്പറ്റി. ➢ വ്യക്തിഗത ആനുകൂല്യ പദ്ധതികൾ വിജയകരമായി നിർവ്വഹിക്കപ്പെട്ടെന്ന് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി. ➢ സർക്കാർ സബ്സിഡി നിരോധിച്ച ഇനങ്ങൾക്ക് പദ്ധതി തയ്യാറാക്കി. ഡി.പി.സി. അംഗീകരിച്ച് സബ്സിഡി നൽകി. ➢ വീട്/കക്കൂസ് എന്നിവക്ക് മുൻകൂർ കൈപ്പറ്റി വർഷങ്ങളായി പണി നടത്താത്തവർക്കെതിരെ നടപടി സ്വീകരിച്ചില്ല.
	1(iv) കേന്ദ്രാവിഷ്കൃത പദ്ധതികൾ
കേന്ദ്രാവിഷ്കൃത	പ്രാദേശിക വികസനവും ദാരിദ്ര്യനിർമ്മാർജ്ജനവും മുഖ്യലക്ഷ്യമായ കേന്ദ്രാവിഷ്കൃത പദ്ധതികൾ ലക്ഷ്യം കണ്ടില്ല.

പദ്ധതികളിൽ അഴിമതി വ്യാപകം	അഴിമതിയും ക്രമക്കേടുകളും പദ്ധതികളിൽ വ്യാപകമായി.
മസ്റ്റർ റോളുകൾ വ്യാജം	എസ്.ജി.ആർ.വൈ. പദ്ധതികളിൽ 'ജോലിക്ക് കൂലി ഭക്ഷണം' എന്നതിൽ വേതനഘടകത്തിന്റെ ഭാഗമായി വിതരണം ചെയ്യേണ്ട ഭക്ഷ്യധാന്യങ്ങൾ കൃത്രിമരേഖ ചമച്ച് മറ്റ് രീതിയിൽ വിനിമയം ചെയതത് വ്യാപകമായി. തൊഴിലാളികൾ ജോലി ചെയ്ത വിവരം കാണിക്കുന്ന മസ്റ്റർറോളുകളിലും കൃത്രിമം വ്യാപകമാണ്. മസ്റ്റർറോളുകളിൽ തൊഴിലാളികളുടെ പേര്, വിലാസം തുടങ്ങിയവയില്ല. തീയതിയും ഒപ്പും മിക്ക മസ്റ്റർറോളുകളിലുമില്ല. കൺവീനർമാർ വ്യാജപേരുകളിൽ മസ്റ്റർറോളുകൾ തയ്യാറാക്കുകയാണ്.
	നിർദ്ദേശങ്ങൾ 1. അഴിമതിയും ക്രമക്കേടും തടയാൻ കേന്ദ്രാവിഷ്കൃത പദ്ധതി നിർവ്വഹണത്തിൽ കൂടുതൽ ജാഗ്രത ആവശ്യമാണ്. 2. കേന്ദ്രാവിഷ്കൃത പദ്ധതിനിർവ്വഹണം പ്രത്യേക ഏജൻസി അന്വേഷിക്കണം. 3. കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന സാഹചര്യങ്ങൾക്ക് അനുഗുണമായി ഉടച്ച് വാർക്കണം. ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധന പദ്ധതി നിർവ്വഹണത്തിൽ കൂടുതൽ ശക്തമാക്കണം.
	2. അധികാരവികേന്ദ്രീകരണവും ജനപങ്കാളിത്തവും
ഗ്രാമ/വാർഡ് സഭകൾ നിർജ്ജീവമാക്കപ്പെട്ടു	അധികാര വികേന്ദ്രീകരണം 10 വർഷം പിന്നിടുമ്പോൾ പ്രാദേശിക വികസനത്തിൽ ജനപങ്കാളിത്തം കുറയുന്നു. പ്രാഥമിക ഭരണഘടനാ വേദിയായ ഗ്രാമ/വാർഡ് സഭകൾ നിർജ്ജീവമാക്കപ്പെട്ടത് ഇതിന് തെളിവാണ്.

ഗ്രാമ/വാർഡ് സഭകളിൽ ജനപങ്കാളിത്തം പരിമിതം	ഗ്രാമ/വാർഡ് സഭകളിൽ ജനസാന്നിധ്യം കുറവായിരുന്നു. ഗ്രാമസഭകളിൽ പ്രത്യേകിച്ചും നഗരവത്കൃത പഞ്ചായത്തുകളിൽ ജനപങ്കാളിത്തം കുറവായിരുന്നെന്ന് ആസൂത്രണ ബോർഡും വ്യക്തമാക്കിയിരുന്നു. വികസന നയരൂപീകരണവും പദ്ധതി നിർവ്വഹണവും ഇപ്പോഴും ഉദ്യോഗസ്ഥരാഷ്ട്രീയ കൂത്തകയായി തുടരുന്നു.
ഗ്രാമ/വാർഡ് സഭ: ബാധ്യത നിറവേറ്റാൻ രേഖ ചമച്ചു	അപൂർവ്വം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലുമാണ് ഗ്രാമ/വാർഡ് സഭകൾ ഫലപ്രദമായി നടന്നത്. ഭൂരിഭാഗം സ്ഥാപനങ്ങളിലും നിയമബാധ്യത നിറവേറ്റലായിരുന്നു. ഗ്രാമ/വാർഡ് സഭകൾ യോഗം ചേർന്നതായി രേഖ ചമയ്ക്കുകയായിരുന്നില്ലേയെന്ന് സംശയിക്കണം. യോഗങ്ങളുടെ മിനിട്ട്സും മറ്റ് രേഖകളും ഓഡിറ്റിന് ലഭ്യമാക്കാതിരുന്നത് പരിഗണിക്കുമ്പോൾ ഇത് സംശയമല്ലെന്ന് വ്യക്തം.
അയോഗ്യതാ നടപടികൾ ഫലപ്രദമായില്ല	ഗ്രാമ/വാർഡ് സഭകൾ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന് പഞ്ചായത്ത് രാജ് (വകുപ്പ് 3)നഗരപാലിക (വകുപ്പ് 42(എ)(3)) നിയമങ്ങൾ അനുശാസിക്കുന്നു. വീഴ്ച വരുത്തിയാൽ ബന്ധപ്പെട്ട പഞ്ചായത്ത് അംഗം/വാർഡ് കൗൺസിലർ-ഇവരെ പഞ്ചായത്ത് രാജ് (വകുപ്പ് 35(പി)/നഗരപാലിക (വകുപ്പ് 91(3)) നിയമപ്രകാരം അയോഗ്യരാക്കാം. നിയമം നടപ്പായിരുന്നെങ്കിൽ ഭൂരിഭാഗം അംഗങ്ങളും അയോഗ്യരാക്കപ്പെടുമായിരുന്നു. വ്യക്തിഗത ആനുകൂല്യ പദ്ധതികൾക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന ഗ്രാമ/വാർഡ് സഭകളിൽ മാത്രമാണ് ജനങ്ങൾ ആകർഷിക്കപ്പെട്ടത്. ഈ പ്രവണത ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള സമിതികൾ

	മാത്രമായി ഗ്രാമസഭകളെ ചുരുക്കും.
വികസന നിരക്ഷരത ഗ്രാമ/വാർഡ് സഭകളെ നിശ്ചലമാക്കി	ഗ്രാമ/വാർഡ് സഭകൾ അധികാരം ഫലപ്രദമായി വിനിയോഗിച്ചില്ല. അതിന് ആവശ്യമായ ബോധവത്ക്കരണം നടന്നില്ല. ഗ്രാമസഭകളെ ശാക്തീകരിക്കാനുള്ള ഇച്ഛാശക്തി രാഷ്ട്രീയഭരണനേതൃത്വങ്ങൾ കാട്ടിയില്ല. അധികാരവികേന്ദ്രീകരണത്തിൽ അഴിമതി, ക്രമക്കേട്, സ്വജനപക്ഷപാതം എന്നിവ പെരുകിയതിന് ഒരു കാരണം ഗ്രാമ/വാർഡ് സഭകൾ നിശബ്ദമാക്കപ്പെട്ടതാണ്. ജനകീയാസൂത്രണ/ കേരള വികസന പദ്ധതികളെ വലിയ അളവിൽ നിഷ്പ്രയോജനവും ലക്ഷ്യമില്ലാത്തതുമാക്കിയത് പങ്കാളിത്ത ജനാധിപത്യത്തിനും വികസനത്തിനും മുഖ്യതടസ്സമായിനിൽക്കുന്ന വികസന നിരക്ഷരതയാണ്. ഗ്രാമ/വാർഡ് സഭകളെ നിശ്ചലമാക്കിയതിലും വികസന നിരക്ഷരതക്ക് പങ്കുണ്ട്.
ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമ സഭയിൽ ചർച്ച ചെയ്തില്ല	കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ഖണ്ഡിക 15 നിഷ്കർഷിക്കും വിധം ഓഡിറ്റ് റിപ്പോർട്ട് അവയിൽ ഭരണസമിതി സ്വീകരിച്ച നടപടികൾ സഹിതം പരസ്യപ്പെടുത്തുകയും ഗ്രാമസഭകളിൽ പ്രത്യേക അജണ്ടയായി ചർച്ചയ്ക്ക് വെച്ചില്ലെന്നതും ഇവിടെ ഓർമ്മിക്കാം.
സോഷ്യൽ ഓഡിറ്റ് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിൽ കേന്ദ്രീകരിക്കണം	ഗ്രാമ/വാർഡ് സഭകൾ കേന്ദ്രമാക്കി സോഷ്യൽ ഓഡിറ്റിന് ഇപ്പോൾ വ്യാപകമായ പ്രചാരവേല നടക്കുന്നുണ്ട്. ഇപ്പോഴത്തെ അവസ്ഥയിൽ തികച്ചും ദുർബലവും ജനപങ്കാളിത്തം തീരെയില്ലാത്തതുമായ ഗ്രാമ/വാർഡ് സഭകൾ വികസന പദ്ധതികളുടെ ഓഡിറ്റ് നടത്തുന്നത് ക്രമക്കേടുകളും അഴിമതിയും കണ്ടെത്തപ്പെടാതെ

	പോകുന്നതിനോ മൂടിവെക്കുന്നതിനോ ഇടയാക്കും. ഇങ്ങനെ പൊതുപണം വ്യാപകമായി അപഹരിക്കപ്പെടുന്നതോടെ ഗുരുതരമായ സാമ്പത്തിക തകർച്ചയാകും ഫലം. അതിനാൽ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമ/വാർഡ് സഭകളിൽ മുഖ്യ ചർച്ചാവിഷയമാക്കി അതിനെ അടിസ്ഥാനമാക്കി വേണം സോഷ്യൽ ഓഡിറ്റ്.
	നിർദ്ദേശങ്ങൾ ; 1.ഗ്രാമ/വാർഡ് സഭകൾ ശാക്തീകരിക്കണം. ജനപങ്കാളിത്തം ഉറപ്പാക്കണം 2. ഗ്രാമ/വാർഡ് സഭകൾ കൃത്യമായി യോഗം ചേരുന്നതും അധികാരങ്ങൾ വിനിയോഗിക്കുന്നതും ഉറപ്പാക്കാൻ സംസ്ഥാന തല മോണിട്ടറിംഗ് സംവിധാനം വേണം. 3. അയോഗ്യതാ നിയമം കർശനമായി നടപ്പാക്കണം. 4. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് ശക്തമാക്കി സോഷ്യൽ ഓഡിറ്റിന് പൂരകമാക്കണം. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് റിപ്പോർട്ടുകൾ സോഷ്യൽ ഓഡിറ്റിനുള്ള പ്രഥമവിവര റിപ്പോർട്ടാകണം.
	3. ബജറ്റ് ബാധ്യത നിറവേറ്റലാകുന്നു
ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ബജറ്റ് പാസ്സാക്കുന്നില്ല	ധനവർഷാരംഭത്തിൽ ഭരണസമിതിക്ക് സമർപ്പിക്കുന്ന പ്രതീക്ഷിത വരവ് ചെലവ് വസ്തുതാവിവരണപത്രികയാണ് ബജറ്റെന്ന് നിർവ്വചനം. എന്നാൽ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബജറ്റ് ബാധ്യത നിറവേറ്റലാണ്. ചില സ്ഥാപനങ്ങളാകട്ടെ ബജറ്റ് പാസ്സാക്കാൻ കൂടി മിനക്കെടാറില്ല (കോഴിക്കോട് ജില്ലയിൽ നിന്നുള്ള ഓഡിറ്റ് പരാമർശം കാണുക).
	പഞ്ചായത്ത് രാജ്/നഗരപാലികാ നിയമം അനുശാസിക്കുന്നതുകൊണ്ട് മാത്രമാണ് അദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബജറ്റ് പാസാക്കുന്നതെന്ന് ഓഡിറ്റ് വിശകലനങ്ങൾ

ബജറ്റിന് യാഥാർത്ഥ്യബോധമില്ല	ശരിവെക്കുന്നു. ബജറ്റുകൾക്ക് യാഥാർത്ഥ്യബോധം തീരെയില്ല. വസ്തുതകളും സ്ഥിതിവിവര കണക്കുകളും അടിസ്ഥാനമാക്കാതെയാണ് ഇവ തയ്യാറാക്കുന്നത്. മുൻകാലബജറ്റുകളും യഥാർത്ഥവരവ് ചെലവ് കണക്കുകളും വിശകലനം ചെയ്ത അനുഭവ പാഠത്തിലൂന്നിയല്ല ബജറ്റ് സൃഷ്ടി.
യഥാർത്ഥ കണക്കുകളും ബജറ്റ് കണക്കുകളുമായി താരതമ്യാതീത അന്തരം	ബജറ്റിലെ പ്രതീക്ഷിത വരവ്ചെലവുകൾ യഥാർത്ഥ ഇകകളുമായി താരതമ്യാതീതമായ അന്തരം നിലനിൽക്കുന്നു. ബജറ്റ് അർത്ഥശൂന്യവും പ്രഹസനവുമാക്കുന്നതാണിത്. മുൻ വർഷങ്ങളിലെ യഥാർത്ഥ വരവ് ചെലവുകൾ പരിഗണിക്കാതെ വസ്തുനിഷ്ഠസാഹചര്യങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ആവശ്യങ്ങളും ലക്ഷ്യങ്ങളും ബജറ്റ് തയ്യാറാക്കുന്നതിൽ കാണുന്നില്ല. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ബജറ്റ് യഥാർത്ഥ ധനകാര്യ പ്രസ്താവനയായി മാറേണ്ടതുണ്ട്.
	നിർദ്ദേശങ്ങൾ 1.സ്ഥിതിവിവരകണക്കുകൾ അടിസ്ഥാനമാക്കി യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കണം. 2. സ്ഥാപനത്തിന് സർക്കാർ ധനസഹായം നൽകും മുമ്പ് ബജറ്റ് പാസ്സാക്കിയിട്ടുണ്ടെന്ന് ഭരണവകുപ്പുകൾ ഉറപ്പാക്കണം. 3. ബജറ്റ് അതീവ പ്രാധാന്യമുള്ള ധനരേഖയാണെന്ന ജാഗ്രത ഭരണസമിതികൾക്കുണ്ടാവണം.
	4. വാർഷിക കണക്ക് ഓഡിറ്റിന് ലഭിക്കുന്നില്ല; നിയമലംഘനം തുടരുന്നു
	ധനവർഷം അവസാനിച്ച് നാല് മാസത്തിനുള്ളിൽ ഓഡിറ്റ് പരിധിയിലെ സ്ഥാപനങ്ങൾ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ്

	നിയമം (94) വകുപ്പ് 9 അനുശാസിക്കുന്നു. സമാന നിർദ്ദേശം പഞ്ചായത്ത് രാജ് നഗരപാലിക നിയമങ്ങളിലുമുണ്ട്. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഭൂരിഭാഗവും നിയമം പാലിക്കുന്നില്ല. 2004-2005 ൽ വിവിധ സ്ഥാപനങ്ങളുടെ 3720 വാർഷിക കണക്കുകൾ സമർപ്പിക്കാനുണ്ട്. വിശദാംശം താഴെ :

സ്ഥാപനം	എണ്ണം	ഓഡിറ്റിന് സമർപ്പിക്കാനുള്ള വാർഷികകണക്കുകളുടെ എണ്ണം (31.04.2005 വരെ)	2004-2005 ൽ സമർപ്പിച്ച വാർഷിക കണക്കുകളുടെ എണ്ണം	സമർപ്പിക്കുവാൻ ബാക്കിയുള്ള വാർഷിക കണക്കുകളുടെ എണ്ണം
ഗ്രാമപഞ്ചായത്ത്	992	3725	743	2982
ബ്ലോക്ക് പഞ്ചായത്ത്	152	564	141	423
ജില്ലാ പഞ്ചായത്ത്	14	44	10	34
നഗരസഭ	51	294	38	256
കോർപ്പറേഷൻ	05	29	04	25
ആകെ	1214	4656	936	3720

	4 (i) വാർഷിക കണക്കുകളിൽ അപാകതകൾ
	ഓഡിറ്റിന് ലഭിക്കുന്ന കണക്കുകളിൽ അപാകതകൾ അനവധിയാണ്.
	1. **കണക്കുകൾക്ക് നൈരന്തര്യമില്ല:** തുടർച്ചയായ വർഷങ്ങളിലെ കണക്കുകൾ ലഭിക്കുന്നില്ല. മുൻ വർഷങ്ങളിലെ കുടിശ്ശിക തീർത്ത് കണക്കുകൾ

	സമർപ്പിക്കുന്നില്ല. ഇടവിട്ടും വിട്ടുവിട്ടും സമർപ്പിക്കുന്നതിനാൽ കണക്കുകൾക്ക് നൈരന്തര്യമില്ല. ഈ അവസ്ഥയിൽ ഓഡിറ്റ് നടത്തുവാനും കഴിയില്ല.
	2. **കണക്കുകൾ അപൂർണ്ണം:** വാർഷികധനപത്രികയും ഡി.സി.ബി. പത്രികയും സ്ഥാപനത്തിന്റെ മുഴുവൻ വരവ്ചെലവ് കണക്ക് പ്രതിഫലിപ്പിക്കുന്നില്ല. തനത് ഫണ്ട് കണക്ക് മാത്രമായി ഇവ പരിമിതപ്പെടുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ലഭിക്കുന്ന പദ്ധതി, പദ്ധതിയേതര കേന്ദ്ര ഫണ്ടുകളുടെ കണക്ക് വിശദീകരിക്കപ്പെടാറില്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ നിർദ്ദേശത്തെത്തുടർന്ന് ചില സ്ഥാപനങ്ങൾ അവ വിശദീകരിക്കാറുണ്ടെങ്കിലും സമഗ്രമല്ല. മാത്രമല്ല ധനപത്രികയുടെ ഏറ്റവും പ്രധാന ഭാഗമായ ആസ്തിബാധ്യത വിവരണവും കണക്കുകളിൽ ലഭിക്കുന്നില്ല. ധനകാര്യ ഡി.സി.ബി. പത്രികകൾ സമർപ്പിക്കുന്നതിനുള്ള ഫോറങ്ങളുടെ അപര്യാപ്തതയാണ് കണക്കുകളുടെ അപൂർണതയ്ക്ക് ഒരു കാരണം. പ്രതിമാസകണക്കുകൾ പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നതിലെ വീഴ്ചകളും സ്ഥാപനങ്ങളിൽ ശാസ്ത്രീയമായ ജോലി വിഭജനം ഇല്ലാത്തതുമാണ് മറ്റ് കാരണങ്ങൾ. പഞ്ചായത്തിന്റെ മുഴുവൻ ധനവിനിമയങ്ങളും ആസ്തിബാധ്യതകളും പ്രതിഫലിപ്പിക്കുന്ന വാർഷിക ധനകാര്യ പത്രികകൾ സൃഷ്ടിക്കപ്പെടണം. ഇതിന് പഞ്ചായത്ത് രാജ് നിയമം (94)215(1) വകുപ്പ് പ്രകാരം ഫോറങ്ങൾ നിർണ്ണയിക്കണം. ഇതിനുള്ള ചട്ടങ്ങൾ ഇതുവരെ പുറപ്പെടുവിച്ചില്ല. 1960 ലെ പഞ്ചായത്ത് നിയമങ്ങളിലെ ഫോറങ്ങൾക്കാണ് പഞ്ചായത്ത് രാജ്

	നിയമം 284(2)(ഐ) വകുപ്പ് പ്രകാരം ഇപ്പോഴും പ്രാബല്യം. സ്ഥാപനത്തിന്റെ മൊത്തം വരവ് ചെലവ്, വസ്തുവകകളുടെ വിവരം, കെട്ടിടം, യന്ത്രസാമഗ്രികൾ എന്നിവയുടെ വിവരം, മറ്റ് പ്രധാന ആസ്തി ഇനങ്ങളായ നികുതി കുടിശ്ശിക, തിരിച്ചടയ്ക്കാനുള്ള മുൻകൂറുകൾ, നിക്ഷേപങ്ങൾ തുടങ്ങിയ വിവരങ്ങൾ പ്രതിഫലിക്കുന്നതും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുതിയ ഓഡിറ്റ് റിപ്പോർട്ട് മാതൃകക്ക് സഹായകരവുമായ വിധത്തിൽ ഫോറങ്ങൾ പുനർനിർണ്ണയിക്കപ്പെടണം.
	4 (ii) അക്കൗണ്ടിംഗ് പരിഷ്കരണം ഫലം ചെയ്തില്ല
	തദ്ദേശഭരണസ്ഥാപനങ്ങളിലെ കുത്തഴിഞ്ഞ കണക്ക് സൂക്ഷിപ്പിന് പരിഹാരമായി പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കിയിട്ടും വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിൽ പുരോഗതിയില്ല. കണക്കുകൾ ഇപ്പോഴും കൃത്യമല്ലെന്നതാണ് ഇതിനു കാരണം (ഈ വിഷയം പ്രത്യേകം പരാമർശിച്ചത് കാണുക).
	4 (iii) പരിഹാരമാർഗങ്ങളും നിയമനടപടികളും
കണക്കുകൾ തയ്യാറാക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ സഹായം തേടണം	ഭരണസമിതികളുടേയും ഭരണവകുപ്പുകളുടേയും കർശന നിർദ്ദേശങ്ങളും ഫലപ്രദമായ നടപടികളും മാത്രമാണ് വാർഷിക കണക്കുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് ഫലപ്രദമായ പരിഹാരം. വിവരസാങ്കേതിക വിദ്യയുടെ സഹായവും സ്ഥാപനങ്ങളിലെ ജോലിഭാരം പുനർനിർണ്ണയിച്ച് ശാസ്ത്രീയമായ ജോലിവിഭജനവും ഇതിന് പൂരകമാക്കാം. കൈപ്പറ്റി ചെലവഴിച്ച പണത്തിന്റെ കൃത്യമായ കണക്ക് തയ്യാറാക്കി ഭരണസമിതി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കുന്നതുവരെ വരും വർഷത്തെ ധനസഹായം

	തടഞ്ഞുവെക്കും എന്നൊരു നിലപാട് സർക്കാർ സ്വീകരിക്കുന്നതും പരിഹാരമായേക്കും.
പ്രോസിക്യൂഷൻ നടപടിയ്ക്ക് മുൻകൂർ സർക്കാർ അനുമതി റദ്ദാക്കണം	നിയമം അനുശാസിക്കുന്ന സമയത്തിനുള്ളിൽ വാർഷിക കണക്ക് സമർപ്പിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളിലെ കാര്യ നിർവ്വഹണാധികാരിക്കെതിരെ പ്രോസിക്യൂഷൻ നടപടിക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(2)-ൽ വ്യവസ്ഥയുണ്ട്. 2001-ൽ ഇതനുസരിച്ച് കോഴിക്കോട് ജില്ലയിലെ 67 ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ കേസ് ഫയൽ ചെയ്തതിനെ തുടർന്ന് കണക്കുകൾ ലഭിക്കുന്നതിൽ വലിയ പുരോഗതിയുണ്ടായി. എന്നാൽ നിയമനടപടിക്ക് സർക്കാർ അനുമതി വേണമെന്ന നിർദ്ദേശം (സർക്കാർ കത്ത് 25827/എസ്റ്റാ/ഡി.1/2002 ധന:27.6.2002)നിയമനടപടികൾ തടസപ്പെടുത്തി. സ്ഥാപനങ്ങളുടെ പല വർഷങ്ങളിലെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കാനുണ്ട്. ഇതിന് ഓരോന്നിനും സർക്കാർ അനുമതി വാങ്ങുക പ്രായോഗികമല്ല. മാത്രമല്ല വകുപ്പിലെ പരിമിതമായ മനുഷ്യവിഭവശേഷി ലഭ്യതയും പ്രശ്നമാണ്. നിയമനടപടിക്ക് മുൻകൂർ അനുമതി ഒഴിവാക്കുക മാത്രമാണ് പോംവഴി.
കണക്കുകളുടെ കൃത്യത പരിശോധിക്കാൻ മുൻകൂർ സംവിധാനം വേണം	നിയമനടപടി സ്വീകരിച്ചാലുണ്ടാകുന്ന പ്രശ്നങ്ങളും ഇവിടെ പരിഗണിക്കപ്പെടണം. ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ തെറ്റായതോ അപൂർണ്ണമോ ആയ വാർഷിക കണക്കുകൾ സമർപ്പിക്കാനിടയുണ്ട്. വാർഷിക കണക്കിലെ വിവരങ്ങൾ വിവിധ രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ടോ, വസ്തുതാപരമായ പിഴവുകൾ ഉണ്ടോ എന്നിവ ഓഡിറ്റ് സമയത്ത് മാത്രമേ

	പരിശോധിക്കാനാവൂ. അതിനാൽ വാർഷിക കണക്ക് സമർപ്പണം ബാധ്യത നിറവേറ്റലാകാതിരിക്കാൻ കണക്കുകളുടേയും രജിസ്റ്ററുകളുടേയും രേഖകളുടേയും കൃത്യത പരിശോധിക്കുവാനായി സംവിധാനം വേണം. ഇതിന് ആവശ്യമായ മനുഷ്യവിഭവശേഷി ലഭ്യമാക്കണം.
ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിന് കാലയിളവ് വേണം	നിയമനടപടിയിലൂടെ വൻതോതിൽ വാർഷിക കണക്ക് ലഭിക്കുന്നതും പ്രശ്നങ്ങൾക്കിടയാക്കും. കണക്ക് ലഭിച്ചാൽ അവ ആറു മാസത്തിനുള്ളിൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് പുറപ്പെടുവിക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം അനുശാസിക്കുന്നു. വകുപ്പിലെ മനുഷ്യവിഭവശേഷി പരിഗണിക്കുമ്പോൾ ഇത് അസാധ്യമാണ്. അതിനാൽ 6 മാസക്കാലയളവിന് ഇളവ് അനുവദിക്കണം.
	4 (iv) കണക്കില്ലാതെ ഓഡിറ്റ്; ആരോപണം വസ്തുനിഷ്ഠമല്ല
ചെലവ്/ഓഡിറ്റ് സർക്കാർ അനുമതിയോടെ	ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് വാർഷിക കണക്കില്ലാതെ ഓഡിറ്റ് നടത്തുന്നതായി ആരോപണം ഉണ്ട്. ഇതിൽ വസ്തുതയില്ല. കണക്കുകൾ ലഭ്യമല്ലാത്തപ്പോൾ വകുപ്പ് ചെലവ് ഓഡിറ്റ് മാത്രമായി നടത്താറുണ്ട്. 2004-2005 ൽ പുറപ്പെടുവിച്ച ഭൂരിഭാഗവും ചെലവ് ഓഡിറ്റ് റിപ്പോർട്ടുകളാണ്. സർക്കാരിന്റെ മുൻകൂർ അനുമതിയോടെയാണിത്. ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 20 ഉം ഇതിന് അധികാരം നൽകുന്നുണ്ട്. മാത്രമല്ല പഞ്ചായത്ത് രാജ് നിയമത്തിൽ ഒരു ചെലവ് നടന്ന് നാല് വർഷത്തിനുള്ളിലേ സർചാർജ്ജ് നടപടിക്ക് സാധ്യതയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നാല് വർഷകാലപരിധി പാലിച്ചില്ലെന്നതിനാൽ വകുപ്പ്

	സ്വീകരിച്ച സർചാർജ്ജ് നടപടികളിൽ ചിലത് കോടതികൾ അസാധുവാക്കിയിട്ടുണ്ട്.
ചെലവ്/ഓഡിറ്റ് അഴിമതിയും ക്രമക്കേടും പ്രതിരോധിക്കാൻ	നിയമത്തോടുള്ള ആദരവും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ വ്യാപകമായ അഴിമതിയും ക്രമക്കേടുകളും വിചാരണ ചെയ്യപ്പെടണമെന്ന സദുദ്ദേശ്യവും മാത്രമാണ് ചെലവ് ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിക്കുന്നതിന് കാരണം. കണക്കുകൾ ലഭ്യമാണെങ്കിൽ മാത്രം ഓഡിറ്റ് നടത്തുകയെന്നത് അഴിമതിയും ക്രമക്കേടും കണ്ടെത്തപ്പെടാതെ പോകുന്നതിന് ഇടയാക്കും. പ്രത്യേകിച്ചും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളെ വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിന് കൃത്യമായി പ്രേരിപ്പിക്കുന്ന സമഗ്ര നിയമത്തിന്റെ അഭാവത്തിൽ.
	5. തനത് വരുമാന പാലനത്തിൽ അലംഭാവം; ധനസ്ഥിതി തകർച്ചയിലേക്ക്
നികുതി നിർണയത്തിലും പിരിവിലും അലംഭാവം	തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ധനസ്ഥിതി തകർച്ചയിലാണെന്ന് ഓഡിറ്റ് അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. നികുതികൾ നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും കുറ്റകരമായ അലംഭാവം കാണുന്നു. കുടിശ്ശിക നികുതികൾ ഓരോ സ്ഥാപനത്തിലും ലക്ഷങ്ങളായി പെരുകുന്നു. ചില ഉദാഹരണങ്ങൾ:- ➢ കോഴിക്കോട് ജില്ലയിൽ 51 ഗ്രാമപഞ്ചായത്തുകളുടെ നികുതി/ വാടക കുടിശിക 3.28 കോടി. ➢ ആലപ്പുഴ നഗരസഭ ഡിമാന്റ് തുകയുടെ 50% പോലും പിരിക്കുന്നില്ല ; കുടിശിക തീർക്കുന്നുമില്ല. ➢ കണ്ണൂർ നഗരസഭയുടെ തനത് ഫണ്ട് നൂനതുകയായി തുടരുന്നെന്ന് 2000-2001 ഓഡിറ്റ് റിപ്പോർട്ട്. പ്രത്യേകാവശ്യഫണ്ടുകളും സർക്കാരിനും മറ്റ്

	സ്ഥാപനങ്ങൾക്കുമുള്ള അംശദാനങ്ങളും ഇവിടെ വകമാറ്റുന്നു. ➢ കാസർഗോഡ് ജില്ലയിലെ കാറഡുക്ക, മോഗ്രാൽ പുത്തൂർ പഞ്ചായത്തുകൾ 1997-1998 ൽ കെട്ടിട നികുതി പിരിച്ചത് യഥാക്രമം 15, 20 ശതമാനം മാത്രം. ➢ വടകര നഗരസഭയിൽ 1998-1999 ലേയും 1999-2000 ലേയും വിവിധയിനം വരവിൽ 38 ലക്ഷത്തിന്റെ കുറവ്
കുടിശിക പിരിവിൽ പുരോഗതിയില്ല	കുടിശ്ശിക പിരിവിലും പുരോഗതിയില്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ കുടിശിക പിരിവിലെ അലംഭാവത്തിന്റെ പൊതുസൂചകമാണ് വടകര നഗരസഭയുടെ താഴെ ചേർക്കുന്ന കണക്കുകൾ :

വടകര നഗരസഭ :

കുടിശിക പിരിവ് - പുരോഗതി പത്രിക

ഇനം	99-00 ലെ കുടിശിക (ഡിമാന്റ്)	99-00 ലെ പിരിവ്	പുരോഗതി (ശതമാന കണക്കിൽ)
വസ്തുനികുതി	75,55,034	15,64,247	20.7
തൊഴിൽ നികുതി	7,77,882	42,166	5.42
വസ്തു/കെട്ടിട വാടക	14,82,120	84,800	5.72
ലൈബ്രറി സെസ്	397,633	8,238	20.7

വരുമാനം പിരിച്ചെടുക്കുന്നതിൽ ഭരണസമിതിക്കും	അധികാരവികേന്ദ്രീകരണത്തിന് ശേഷമാണ് തനത് വരുമാന പിരിവിൽ ഉദാസീനത കൂടിയതും കുടിശിക പെരുകിയതും. പദ്ധതി പദ്ധതിയേതര

ഭരണവകുപ്പിനും പെർഫോമൻസ് ഓഡിറ്റിനും വീഴ്ച .	കേന്ദ്രഫണ്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവഹിച്ചതോടെ വരവിൽ താല്പര്യമില്ലാതായി. അധികാര വികേന്ദ്രീകരണം ജോലിഭാരം ഉയർത്തിയതും കാരണമായി. ഉദ്യോഗസ്ഥപുനർവിന്യാസം സ്ഥിതി മെച്ചമാക്കിയില്ല. 100 ശതമാനം പിരിവിന് ആനുകൂല്യം നിർത്തിയതും പ്രശ്നമായി. തനതുവരുമാനം കടിശികയില്ലാതെ പിരിക്കുന്നതിൽ ഭരണസമിതിയും ഭരണവകുപ്പുകളും ആത്മാർത്ഥത കാട്ടിയില്ല. പെർഫോമൻസ് ഓഡിറ്റും ചലിച്ചില്ല.
പഞ്ചവത്സര നികുതി പുനർനിർണയം മുടങ്ങി	തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രധാന വരുമാനം കെട്ടിട/വസ്തു നികുതി കാലികമായി പരിഷ്കരിക്കാഞ്ഞതും തനത് സാമ്പത്തികനില വഷളാക്കി. പഞ്ചവത്സര നികുതിപരിഷ്കരണം അട്ടിമറിക്കപ്പെട്ടു. 1993-1994 ന് ശേഷം നികുതി പുനർനിർണയം നടന്നില്ല. പഞ്ചായത്ത് രാജ് നിയമത്തിന് 11 വയസ് തികഞ്ഞിട്ടും നികുതി നിർണയചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. ഇതിനിടയിൽ തനത് വരുമാന ചോർച്ച തടയുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ പാലിക്കപ്പെട്ടിട്ടില്ല. കെട്ടിടനികുതി പുനർ-നിർണ്ണയത്തിന് മേഖലാ-പ്രൈമറി, സെക്കണ്ടറി സോണുകൾ വിഭജനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ പുരോഗതിയുണ്ടായില്ല.
തദ്ദേശഭരണസ്ഥാപനങ്ങളിലെ ജീവനക്കാർ ഉണർന്ന്	ഉടമസ്ഥർ അറിയിക്കുമ്പോൾ മാത്രമാണ് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ പുതിയ കെട്ടിടങ്ങളെപ്പറ്റി അറിയുന്നത് തന്നെ. ഇതിൽ ദുരൂഹതയുണ്ട്. സ്ഥാപനങ്ങളിലെ നികുതി വിഭാഗം ജീവനക്കാർ

പ്രവർത്തിച്ചില്ല തനത് വരവിലൂടെ സാമ്പത്തിക സ്വാശ്രയത്വം	വാർഡുകൾ നിരീക്ഷിക്കുന്നില്ലെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഇതേപോലെ അറ്റകുറ്റപണി നടത്തി വിപുലീകരിക്കുന്ന കെട്ടിടങ്ങളുടെ നികുതിയും പുനർ നിർണയം നടത്തുന്നില്ല. കാലികമായ നികുതി പരിഷ്കരണവും ശാസ്ത്രീയമായ നികുതി നിർണയവും ഊർജ്ജിതമായ പിരിവും നടന്നിരുന്നെങ്കിൽ ഭവനനിർമാണ വിപ്ലവം നടക്കുന്ന സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളും നഗരപാലികാ സ്ഥാപനങ്ങളും കെട്ടിട/ വസ്തു നികുതിയിലൂടെ സാമ്പത്തിക സ്വയം പര്യാപ്തത നേടിയേനെ.
പുതിയ വരുമാന സ്രോതസ്സുകൾ ഉപയോഗിച്ചില്ല	പുതിയവരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് താല്പര്യം കുറയുന്നു. സർക്കാർ തുറന്നിടുന്ന സാധ്യതകൾ പോലും പൂഷണം ചെയ്യുന്നില്ല. പരസ്യ നികുതി ഈടാക്കാൻ പഞ്ചായത്ത് രാജ് നിയമത്തിലെ 209-ാം വകുപ്പ് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് 128/2000, 25.7.2000 ലെ ഉത്തരവിൽ പരസ്യനികുതി കുറഞ്ഞ നിരക്കും നിശ്ചയിച്ചിരുന്നു. എന്നാൽ വൻകിട കമ്പനികളുടേയും കച്ചവട സ്ഥാപനങ്ങളുടേയും കൂറ്റൻ പരസ്യബോർഡുകൾ ഗ്രാമങ്ങളിലും വ്യാപകമായിട്ടും പരസ്യനികുതി വരുമാനം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നഷ്ടപ്പെടുത്തുകയാണ്.
കുടിശിക നികുതികൾ	നികുതി കുടിശിക പിരിക്കുന്നതിലെ അലംഭാവവും സാമ്പത്തിക നില വഷളാക്കുന്നുണ്ട്. സമയത്ത് പിരിക്കാത്തതിനാൽ ലക്ഷങ്ങളാണ് കാലഹരണപ്പെടുന്നത്. ഇന്ത്യൻ ലിമിറ്റേഷൻ ആക്ടിന്റെ വെളിച്ചത്തിൽ കുടിശിക ുകകൾ കാലഹരണപ്പെടുന്നത് വ്യാപകമായിരിക്കുന്നു.

കാലഹരണപ്പെടുന്നു	നികുതി പിരിവിൽ വീഴ്ച വരുത്തുന്ന ജീവനക്കാരുടെ പേരിൽ ബാധ്യത ചുമത്താൻ പഞ്ചായത്ത് രാജ് (വകുപ്പ് 243(3)), നഗരപാലിക (വകുപ്പ് 539(2)) നിയമങ്ങളിൽ വ്യവസ്ഥയുണ്ട്. ഇതിൻ പ്രകാരം നടപടിയെടുക്കാൻ സ്ഥാപനങ്ങൾ ആർജ്ജവം കാട്ടുന്നില്ല.
തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനതകർച്ച സർക്കാരിന് ബാധ്യതയാകും പ്രാദേശിക വികസനം നിഷേധിക്കപ്പെടും	തനത് വരുമാനം പിരിക്കുന്നതിലെ വീഴ്ചകൾ ഗൗരവത്തോടെ കാണണം. ഭൂരിഭാഗം സ്ഥാപനങ്ങളുടേയും തനത്ഫണ്ട് ന്യൂനതുകയായിരിക്കുന്നു. ഇതിനാൽ ജീവനക്കാരുടെ സേവനാനുകൂല്യങ്ങൾ, അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ എന്നിവ നിറവേറ്റുവാൻ സർക്കാർ സഹായം ആശ്രയിക്കേണ്ടി വരുന്നു. സാമ്പത്തികനില വഷളായ സർക്കാരിന് ഇത് അധികബാധ്യത വരുത്തിയേക്കും. മാത്രമല്ല അധികാരവികേന്ദ്രീകരണം സ്ഥാപനങ്ങളുടെ സാമൂഹ്യബാധ്യതകൾ ഉയർത്തി യിരിക്കുന്നു. ഇവ നിറവേറ്റുവാൻ കൂടുതൽ പണം കണ്ടെത്തണം. ഇല്ലെങ്കിൽ പ്രാദേശിക വികസനത്തിന് ഉപയോഗിക്കേണ്ട ഫണ്ടുകളുടെ വകമാറ്റലാവും ഫലം.
ചെലവിന് മിതത്വം നഷ്ടപ്പെടുന്നു	വരുമാന തകർച്ചയ്ക്കൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ചെലവിൽ മിതത്വം നഷ്ടപ്പെടുന്നതും പരിഗണനീയമാണ്. ഭരണചെലവ് ധൂർത്തോളം എത്തിയിരിക്കുന്നു. നഗരപാലികാ സ്ഥാപനങ്ങളിലെ വാഹന പരിപാലന ചെലവ് മാത്രമെടുത്താൽ മതി ധൂർത്തിന്റെ വ്യാപ്തി മനസ്സിലാകും. വാഹനങ്ങൾ വാടകക്ക് എടുക്കുന്നതിന്റെ പല മടങ്ങ് വരുന്നു സ്വന്തമായ വാഹന പരിപാലനത്തിന്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പാഴ്ചെലവ്, അധിക ചെലവ്, ചെലവിലെ നഷ്ടം എന്നിവ

	വിശദീകരിക്കുന്ന ഈ റിപ്പോർട്ടിലെ നിരവധി ഓഡിറ്റ് പരാമർശങ്ങളിലേക്കും ശ്രദ്ധക്ഷണിക്കുന്നു.
	നിർദ്ദേശങ്ങൾ: 1. നികുതി പുനർനിർണയം അടിയന്തരമായി നടപ്പാക്കുക. 2. നികുതി-നിർണയം - പിരിവ് കാര്യക്ഷമമാക്കുക 3. തനത് വരുമാനം കുടിശികയില്ലാതെ പിരിക്കേണ്ടത് ഭരണസമിതിയുടെ നിയമപരമായ ബാധ്യതയാക്കുക. 4 കാലഹരണപ്പെട്ട വരവ് ഉത്തരവാദിയിൽ നിന്ന് ഈടാക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ ചാർജ്ജ് നടപടി വിപുലീകരിക്കുക. 5.സർക്കാർ ധനസഹായ ലഭ്യതയ്ക്ക് കുടിശിക യില്ലാതെയുള്ള തനത് വരുമാന പിരിവ് കൂടി മാനദണ്ഡമാക്കുക. 6. പെർഫോമൻസ് ഓഡിറ്റ് കാര്യക്ഷമമാക്കുക.
	6. ചാർജ്/ സർചാർജ് നടപടികൾ
3.18 കോടിയുടെചാർജ്/ സർചാർജ് നടപടികൾ	ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കപ്പെട്ട സ്ഥാപനത്തിനുണ്ടായ വരവ്ചെലവ് നഷ്ടം ഈടാക്കുന്നതിനുള്ള വകുപ്പ് തല സംവിധാനമാണ് ചാർജ്/സർചാർജ് നടപടികൾ. ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 16, ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം(96), ചട്ടം 20 എന്നിവ ഇതിന് ഡയറക്ടർക്ക് അധികാരം നൽകുന്നു. 2004-2005 ൽ 7,53,229 രൂപയുടെ വരവ്നഷ്ടവും 84,85,708 രൂപയുടെ ചെലവ്നഷ്ടവും ഈടാക്കുന്നതിന്

	യഥാക്രമം 32 ചാർജ്ജും 201 സർചാർജ്ജും സർട്ടിഫിക്കറ്റുകൾ പുറപ്പെടുവിച്ചു. കൂടാതെ 10,63,744 രൂപയുടെ വരവ് നഷ്ടവും 2,15,09,777 രൂപയുടെ ചെലവ്നഷ്ടവും ഈടാക്കുന്നതിന് ആദ്യപടിയായി 38 ചാർജ് നോട്ടീസുകളും 378 സർചാർജ് നോട്ടീസുകളും പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ക്രമക്കേടുകളും ധനാപഹരണങ്ങളും അഴിമതിയും തടയുന്നതിൽ ഫലപ്രദമായ ചാർജ്/സർചാർജ് നടപടികൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട് പ്രധാനപ്പെട്ടവ:
	6(i)നഷ്ടോത്തരവാദിയെ നിർണയിക്കാനാവുന്നില്ല
നഷ്ടോത്തരവാദി നിർണ്ണയം: നിയമപ്രശ്നം	ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 16(1) പ്രകാരം ചാർജ്/സർചാർജ് നടപടികൾ തുടങ്ങുന്നതിന് നഷ്ടത്തിന് ഉത്തരവാദിയാരെന്ന് നിർണയിക്കേണ്ടതുണ്ട്. പഞ്ചായത്ത്രാജ് നിയമ (സെക്ഷൻ 156(1)) പ്രകാരം നിർവഹണാധികാരം പ്രസിഡന്റിൽ നിക്ഷിപ്തമാണ്. എന്നാൽ ഇതേ നിയമപ്രകാരം, (സെക്ഷൻ 182(6)(7)) കാര്യനിർവഹണ അധികാരി സെക്രട്ടറിയാണ്. മാത്രമല്ല ഭരണസമിതി തീരുമാനങ്ങളിൽ സെക്രട്ടറി ബന്ധിതനുമാണ്. ഈ അവസ്ഥയിൽ സർചാർജ് നടപടി സ്വീകരിക്കേണ്ട ചെലവുകൾക്ക് ഉത്തരവാദിയാരെന്നത് നിയമപ്രശ്നമാകും. ഉദാഹരണം മരാമത്ത് ചെലവുകൾ. നിലവിലുള്ള നിയമപ്രകാരം മരാമത്ത് പണി നടത്തിയ എഞ്ചിനീയറെ നഷ്ടോത്തരവാദിയാക്കാനാവില്ല. മറിച്ച് സാങ്കേതിക പിഴവിലെ നഷ്ടത്തിന് സാങ്കേതിക ജ്ഞാനമില്ലാത്ത

	സെക്രട്ടറിയെ സർചാർജ് നടപടിക്ക് വിധേയനാക്കുന്നത് സാമാന്യനീതിക്ക് നിരക്കുന്നതല്ല. അതിനാൽ ചാർജ്/സർചാർജ് നടപടികൾ സുഗമമാക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്ത് ആവശ്യമായ ഭേദഗതി വരുത്തണം. അതോടൊപ്പം ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ സെക്ഷൻ 16 ജനപ്രതിനിധികൾ, എഞ്ചിനീയർമാർ എന്നിങ്ങനെ വീഴ്ച വരുത്തുന്ന വ്യക്തിക്കെതിരെ ഉപയോഗിക്കാവുന്ന വിധത്തിൽ വിപുലീകരിക്കണം.
ചാർജ്/സർചാർജ് നിയമം ഭേദഗതി വേണം	
	6(ii) സമയക്ലിപ്തത: നിയമപരമായ പ്രതിബന്ധങ്ങൾ
സമയപരിധി അപ്രായോഗികം	i) ചാർജ്/സർചാർജ് നോട്ടീസ് കൈപ്പറ്റി 4 മാസത്തിനകം ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കണം എന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം(96) ചട്ടം 20(11) കർശനമായി നടപ്പാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ നിരവധി സർചാർജ് നടപടികൾ നിയമക്കുരുക്കിലാക്കിയിട്ടുണ്ട്. നഷ്ടത്തിന് ഉത്തരവാദിയായവർക്ക് മറുപടി നൽകുവാനും അത് പരിശോധിക്കുവാനും 4 മാസ കാലാവധി അപര്യാപ്തമാണ്. അതിനാൽ കാലപരിധി ദീർഘിപ്പിക്കേണ്ടതാണ്.
ചാർജ്/സർചാർജ് നിയമവ്യവഹാരം ഏറുന്നു	(ii) സർചാർജ് നടപടിക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം കാലപരിധി കൽപിക്കുന്നില്ല. എന്നാൽ പഞ്ചായത്ത്രാജ് നിയമത്തിൽ ചെലവ് നടന്ന സാമ്പത്തിക വർഷം കഴിഞ്ഞ് 4 വർഷം പൂർത്തിയായാൽ സർചാർജ് നടപടി

	നിലനിൽക്കില്ലെന്ന വ്യവസ്ഥയുണ്ട്. ഘടകവിരുദ്ധമായ ഈ നിലപാടുകളും വ്യവഹാരങ്ങൾക്കിടയാക്കും. ഇതിനും ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്.
ചാർജ്/സർചാർജ്: റവന്യൂ റിക്കവറി നിയമത്തിൽ മാറ്റം	**6(iii)റവന്യൂറിക്കവറി നിയമത്തിൽ ഉൾപ്പെടുത്തണം** ചാർജ്/സർചാർജ് നടപടികൾ ഊർജിതമായി സ്വീകരിക്കപ്പെടുമ്പോഴും ഇതിലൂടെ ഈടാക്കപ്പെടുന്ന തുകയിൽ പുരോഗതിയില്ല. കോടതി വ്യവഹാരങ്ങൾ നിലവിലില്ലാത്തപ്പോൾ നഷ്ടോത്തരവാദിയിൽ നിന്നും നഷ്ടം ഈടാക്കുവാൻ റവന്യൂ റിക്കവറി നിയമം ഫലപ്രദമല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം റവന്യൂ റിക്കവറി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണിതിന് കാരണം. സർചാർജ് നടപടികൾക്ക് ഇടയാക്കുന്ന ചെലവുകൾ അധികവും പദ്ധതി വിഹിതത്തിൽ നിന്നാണ്. ഈ അവസ്ഥ സർചാർജ് നടപടികളെ നിഷ്ഫലമാക്കുന്നു. അതിനാൽ റവന്യൂ റിക്കവറി നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം.
മുൻകൂർ ക്രമീകരിക്കാൻ കോടികൾ	**7. മുൻകൂറുകൾ ക്രമീകരിച്ചില്ല; കോടികൾ സ്വകാര്യ വ്യക്തികളിൽ** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നടത്തിപ്പിനും മറ്റ് ആവശ്യങ്ങൾക്കും മുൻകൂർ നൽകിയ കോടികൾ ക്രമീകരിക്കുന്നതിൽ പുരോഗതിയില്ല. മുൻ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ വിഷയം വിശദീകരിച്ചിരുന്നു.
	ക്രമീകരിക്കാനുള്ള മുൻകൂറുകൾ ഓരോവർഷം കഴിയുമ്പോൾ ഉയരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണ്ണൂർ

ക്രമീകരിക്കാനുള്ള മുൻക്കൂകൾ വർഷം തോറും ഉയരുന്നു	നഗരസഭയുടെ കണക്കുകൾ ഉദാഹരണമാണ്. നഗരസഭയിൽ 1999-2000 ൽ ക്രമീകരിക്കാനുള്ള മുൻക്കൂർ 38.09 ലക്ഷമായിരുന്നത് 2000-2001 ൽ 44.43 ലക്ഷമായി ഉയർന്നു.
സർക്കാർ നിർദ്ദേശങ്ങൾ നടപ്പാക്കിയില്ല	ജനകീയാസൂത്രണ വർഷങ്ങളിൽ മരാമത്ത് പണികളുടെ കൺവീനർമാർക്ക് നൽകിയ മുൻക്കൂറുകൾ പണി തുടങ്ങാതെ വർഷങ്ങൾ കഴിഞ്ഞിട്ടും തിരിച്ച് ഈടാക്കിയിട്ടില്ല. ഇത്തരത്തിൽ മുൻക്കൂർ വാങ്ങി പണി നടത്താതിരുന്ന കൺവീനർമാരുടെ കരാർ റദ്ദ് ചെയ്ത് അവരുടെ നഷ്ടോത്തരവാദിത്വത്തിൽ പണി പുനർക്രമീകരിക്കണമെന്നും മുൻക്കൂർ പലിശ സഹിതം ഈടാക്കണമെന്നും വ്യവസ്ഥയുണ്ടായിരുന്നിട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രതികരിച്ചില്ല. എസ്റ്റിമേറ്റ് പ്രകാരം പൂർണ്ണമാക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ച പണികൾക്ക് മൂല്യനിർണ്ണയത്തിൽ അധികരിച്ച് നൽകിയ തുകകളും ഈടാക്കാനുണ്ട്.
മുൻക്കൂർ രജിസ്റ്റർ രേഖയുമില്ല	മുൻക്കൂറുകൾ നിരീക്ഷിക്കുന്നതിന് കൃത്യമായ രജിസ്റ്ററുകൾ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല. ഇത് സംബന്ധിച്ച് കൃത്യമായ കണക്കില്ല. മാത്രമല്ല നിയമസാധുതയുള്ള നടപടിക്രമങ്ങൾക്ക് ശേഷമല്ല മുൻക്കൂറുകൾ നൽകിയതും.
വ്യക്തമായ കണക്കില്ല	മുൻക്കൂർ നൽകിയ തുക എത്രയെന്ന് പോലും അറിയാത്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ സമഗ്രാന്വേഷണം വേണം. അതോടൊപ്പം വികസനം നിഷേധിച്ച് പൊതുപണം വർഷങ്ങളായി സ്വകാര്യ വ്യക്തികൾ കൈവശം സൂക്ഷിക്കുന്നത് അറുതി വരുത്തി തിരിച്ച് ഈടാക്കണം.

	8. പുതിയ പരിഷ്കാരങ്ങൾ: ചില വസ്തുതകൾ
പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം തുടക്കത്തിലേ പാളി	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കണക്ക് സൂക്ഷിക്കുന്നതിന് നടപ്പാക്കിയ പുതിയ അക്കൗണ്ടിംഗ് രീതി ഫലപ്രദമായില്ല. 2004 ഏപ്രിൽ 1 നാണ് പുതിയ രീതി തുടങ്ങിയത്.
കണക്കുകളും രേഖകളും രജിസ്റ്ററുകളും ഇപ്പോഴും കുത്തഴിഞ്ഞ നിലയിൽ	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കണക്കുകൾ കൃത്യമല്ലാത്തതിനും രജിസ്റ്ററുകളും രേഖകളും കുത്തഴിഞ്ഞ നിലയിൽ തുടരുന്നതിനും പരിഹാരമായാണ് ജി.ഒ.(പി)319/03 ധനം; 12.6.2003 ഉത്തരവിലൂടെ പുതിയ രീതി കൊണ്ടുവന്നത്. ഉദ്ദേശിച്ച ഫലം നേടുന്നതിൽ തുടക്കത്തിൽ പരാജയപ്പെട്ടതായി ഓഡിറ്റ് അനുഭവങ്ങൾ സാക്ഷ്യപ്പെടുന്നു.
ഫോർമാറ്റുകൾ സൂക്ഷിക്കുന്നില്ല	പുതിയ അക്കൗണ്ടിംഗ് സമ്പ്രദായത്തിലെ എല്ലാ ഫോർമാറ്റുകളും പ്രത്യേകിച്ച് ഫോറം 10 മുതൽ 19 വരെയുള്ളത് മിക്ക പഞ്ചായത്തുകളിലും സൂക്ഷിക്കുന്നില്ല. കണക്കുകൾ മിക്ക പഞ്ചായത്തിലും കൃത്യമല്ല. രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലും അലംഭാവം തുടരുന്നു. (കോഴിക്കോട് ജില്ലയിലെ ഒമ്പത് ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള വിവരം റിപ്പോർട്ടിൽ ചേർത്തത് കാണുക).
ഹെഡ് ഓഫ് അക്കൗണ്ടുകളുടെ ബാഹുല്യം പ്രധാന പരിമിതി	ഹെഡ് ഓഫ് അക്കൗണ്ടുകളുടെ ബാഹുല്യമാണ് പുതിയ രീതിയുടെ പ്രധാന അപാകത. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കണക്ക് സൂക്ഷിക്കുന്നതിന് ഇത്രയധികം ശീർഷകങ്ങൾ

	ആവശ്യമാണോയെന്ന് അടിയന്തരമായി പരിശോധിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജോലി ഭാരത്തിനിടയിൽ കണക്കുകൾ ഇത്രയധികം ശീർഷകങ്ങളിൽ വിനൃസിക്കുവാനാവില്ല കണക്ക് സൂക്ഷിപ്പ് മാത്രമല്ല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതല. പ്രാദേശിക വികസനത്തിന്റെ ചാലക ശക്തികളാണ് പ്രാഥമിക ജനാധിപത്യ സ്ഥാപനങ്ങൾ. അതിനാൽ ശീർഷകങ്ങളുടെ ബാഹുല്യം കുറച്ച്, കമ്പ്യൂട്ടർവത്കരണം ത്വരിതപ്പെടുത്തുന്നതാകും ഉത്തമ മാർഗ്ഗം. പുതിയ അക്കൗണ്ടിംഗ് രീതിയുടെ മറ്റുള്ള അപാകതകൾ താഴെ വിവരിക്കുന്നു.
ഒരു സ്ഥാപനത്തിന് ഒരു അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ	സർക്കാരിൽ നിന്നും ലഭിക്കുന്ന പദ്ധതിവിഹിതം, മെയിന്റനൻസ് ഗ്രാന്റ് തുടങ്ങിയവയുടെ ട്രഷറി അലോട്ട്മെന്റ് ഒന്നാകെ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിനാണ് നൽകുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ ഇത് മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് റീ അപ്രോപ്രിയേഷൻ നടത്തുന്നു. നിർവഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന തുകകളും ബിൽ തുകകളും സെക്രട്ടറിയുടെ അപ്രോപിയേഷൻ രജിസ്റ്ററിൽ കുറവ് ചെയ്യുന്നു. നിർവഹണ ഉദ്യോഗസ്ഥർ പ്രത്യേകം രജിസ്റ്ററുകൾ സൂക്ഷിച്ച് തങ്ങൾക്കുള്ള റീ അപ്രോപ്രിയേഷനിൽ നിന്നുള്ള കുറവുകൾ മാത്രമാണ് ട്രഷറി ബില്ലുകളിൽ കാണിക്കുന്നത്. ചില സ്ഥാപനങ്ങൾ ഓരോ പദ്ധതിയുടേയും അടങ്കൽ തുകയിൽ നിന്നുള്ള അപ്രോപ്രിയേഷൻ മാത്രമാണ് ബില്ലിൽ കാണിക്കുന്നത്. ഇങ്ങനെ വ്യത്യസ്ത രീതി അനുവർത്തിക്കുന്നതിനാൽ ശരിയായ അപ്രോപ്രിയേഷൻ

	കൺട്രോൾ ഉറപ്പ് വരുത്താൻ (അലോട്ട്മെന്റിൽ അധികരിക്കുന്നില്ലയെന്ന്) കഴിയുന്നില്ല. അതിനാൽ ഒരു തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ ഒരു അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ മാത്രമേ സൂക്ഷിക്കാവൂ എന്നും സെക്രട്ടറി ഉൾപ്പെടെ എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടേയും ചെലവുകൾ (ബിൽ തുക) പ്രധാന അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും നിർദ്ദേശിക്കാവുന്നതാണ്. (ചുരുക്കത്തിൽ മറ്റു നിർവഹണ ഉദ്യോഗസ്ഥർക്കുള്ള റീ അപ്രോപ്രിയേഷൻ തുകകൾ പ്രധാന അപ്രോപിയേഷൻ രജിസ്റ്ററിൽ കുറവ് വരുത്താതിരിക്കുക. മറ്റ് നിർവഹണ ഉദ്യോഗസ്ഥർ സൂക്ഷിക്കുന്ന രജിസ്റ്ററിന്റെ പേര് റീ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്ന് ആക്കുക). കൂടാതെ സർക്കാരിലും മറ്റും അടയ്ക്കേണ്ട ആദായ നികുതി, വിൽപ്പന നികുതി തുടങ്ങിയവ ട്രഷറിയിൽ നിന്ന് ഡിമാന്റ് ഡ്രാഫ്റ്റായി പിൻവലിച്ച് ഡ്രാഫ്റ്റുകൾ കൈമാറാതെ ദീർഘകാലത്തേയ്ക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്നതും കണ്ടുവരുന്നു. ഡിമാന്റ് ഡ്രാഫ്റ്റ് പണത്തിന് തുല്യമായി പരിഗണിക്കാവുന്നതിനാൽ ഇത് ക്രമപ്രകാരമല്ല. കേന്ദ്ര സംസ്ഥാന സർക്കാരുകളിലേയ്ക്കും മറ്റും അടയ്ക്കേണ്ട തുകകൾ ഡിമാന്റ് ഡ്രാഫ്റ്റ് ആയി മാറ്റി നേരിട്ട് ബില്ലിൽ തന്നെ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതാകും ഉചിതം.
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക അക്കൗണ്ട്സ് വിഭാഗം	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ അക്കൗണ്ട് ഫോർമാറ്റുകളുടെ സൂക്ഷിപ്പിന് മാത്രം പ്രത്യേക അക്കൗണ്ട്സ് വിഭാഗം തുടങ്ങിയാലേ പുതിയ രീതി പൂർണ്ണമായി അനുവർത്തിക്കാൻ കഴിയൂ.

ബില്ല് സമ്പ്രദായം നിയമസഭാ സമിതി പ്രവർത്തനത്തിന് ദോഷകരം	തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പണമിടപാടിന് 1.12.2004 മുതൽ ബിൽ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. 3.11.2004-ന് ധനവകുപ്പ് പുറപ്പെടുവിച്ച ജി.ഒ.പി 516/2004 ഉത്തരവിലെ വ്യവസ്ഥകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഉത്തരവിൽ ഒറിജിനൽ ബില്ലുകൾ, രസീതുകൾ തുടങ്ങിയവ ട്രഷറിയിൽ നൽകാനും ഡ്യൂപ്ലിക്കേറ്റ് കോപ്പി ഓഡിറ്റിന് സൂക്ഷിക്കാനും നിർദ്ദേശിക്കുന്നുണ്ട്. ഒറിജിനൽ ബില്ലുകളും രസീതുകളും വൗച്ചറുകളും പരിശോധിക്കാതെ ഓഡിറ്റർമാർ നിഗമനങ്ങളിലെത്തുന്നതും ആയത് സമാഹൃത റിപ്പോർട്ടിന്റെ ഭാഗമായി മാറുന്നതും നിയമസഭാസമിതിയുടെ പ്രവർത്തനത്തിന് സഹായകരമല്ല. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിന് വിരുദ്ധമായി പുറപ്പെടുവിച്ച ബിൽ സമ്പ്രദായം സംബന്ധിച്ച ഉത്തരവിലെ നിർദ്ദേശങ്ങൾ പിൻവലിക്കാൻ ശിപാർശ ചെയ്യാവുന്നതാണ്.
	നിർദ്ദേശങ്ങൾ: 1. അക്കൗണ്ട് ഹെഡുകളുടെ എണ്ണം കുറച്ച് പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം പരിഷ്കരിക്കണം. 2. ഭരണഘടനയുടെ ആധാരശിലയായ ഫെഡറൽ മൂല്യങ്ങൾക്ക് നിരക്കാത്തതിനാൽ ബില്ല് സമ്പ്രദായം അവസാനിപ്പിച്ച് തദ്ദേശ നിധികളെ ശക്തിപ്പെടുത്തണം. 3. തദ്ദേശഭരണ സ്ഥാപനങ്ങളിൽ കണക്കുകൾ സൂക്ഷിക്കുന്നതിന് പ്രത്യേക അക്കൗണ്ട്സ് വിഭാഗം രൂപീകരിക്കണം.

	9. ഓഡിറ്റ് നേരിടുന്ന പ്രശ്നങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഉൾപ്പെടെ ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ ഓഡിറ്റ് കാര്യക്ഷമമായി നടത്തുന്നതിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഇന്ന് നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ വിവരിക്കുന്നു.
ഓഡിറ്റ് രണ്ട് മുതൽ മൂന്ന് ധനവർഷം പിറകിൽ	**9 (i) ഓഡിറ്റ് സമകാലികമാകുന്നില്ല** ഓഡിറ്റ് കാലികമാക്കുന്നതിൽ വകുപ്പ് നടത്തുന്ന ശ്രമങ്ങൾ പരിമിതപ്പെടുന്നു. രണ്ട് മുതൽ മൂന്ന് വരെ ധനവർഷങ്ങൾ പിറകിലാണ് വകുപ്പിന്റെ ഓഡിറ്റ്. വകുപ്പിൽ ലഭ്യമായ മനുഷ്യവിഭവശേഷിയുടെ അപര്യാപ്തതയും വാർഷിക കണക്കുകൾ സമയത്ത് ലഭിക്കാത്തതും ഓഡിറ്റ് പരിധിയിലെ സ്ഥാപനങ്ങളുടെ നിസ്സഹകരണവുമാണ് കുടിശിക പെരുകുന്നതിന് പ്രധാന കാരണങ്ങൾ. കാലികമല്ലാത്തതിനാൽ ഓഡിറ്റ് കൊണ്ട് ഉദ്ദേശിക്കപ്പെട്ട ഫലങ്ങൾ ലഭ്യമാകുന്നില്ല തുടർനടപടികൾക്കും ഫലപ്രാപ്തി നഷ്ടപ്പെടുന്നു.
ഓഡിറ്റ് കുടിശ്ശികയാകുന്നതിന് പ്രധാന കാരണം മനുഷ്യ വിഭവശേഷിയിലെ കുറവ്	ബാധ്യതകൾ നിറവേറ്റുന്നതിന് വകുപ്പിൽ ലഭ്യമായ മനുഷ്യവിഭവശേഷി പരിമിതമെന്ന് കണക്കുകൾ തെളിയിക്കുന്നു. 3894 സ്ഥാപനങ്ങളുടെ ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാണ്. ഇതിൽ 1300 ഓളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് ഏജൻസി കൂടിയാണ് വകുപ്പ്. ഇവയെല്ലാം ഓഡിറ്റ് ചെയ്യുന്നതിന് വകുപ്പിൽ 135 ഓഡിറ്റ് ഓഫീസർമാരും 458 ഓഡിറ്റർമാരും മാത്രം. മറ്റ്

3894 സ്ഥാപനങ്ങൾക്ക് 593 ഓഡിറ്റർമാർ.	ഓഡിറ്റുകളിൽ നിന്ന് വ്യത്യസ്തമായി ഓരോ വരവും ചെലവും സൂക്ഷ്മമായി വിശകലനം ചെയ്യുന്ന സമ്പൂർണ്ണ ഓഡിറ്റാണ് വകുപ്പിന്റേത്.
	വകുപ്പിലെ മനുഷ്യവിഭവശേഷി കുറവ് മനസ്സിലാക്കാൻ മലപ്പുറം ജില്ലയിലെ സ്ഥാപനങ്ങൾ ഓഡിറ്റ് ചെയ്യാൻ (കുടിശിക ഓഡിറ്റ് ഒഴികെ) ആവശ്യമായ മനുഷ്യദിനങ്ങൾ പരിഗണിച്ചാൽ മതിയാകും.

മലപ്പുറം ജില്ല: ഓഡിറ്റിന് ആവശ്യമായതും ലഭ്യമായതുമായ മനുഷ്യദിനങ്ങൾ

മലപ്പുറം ജില്ലയിൽ മാത്രം ആവശ്യമായ മനുഷ്യദിനത്തിൽ 1386 കുറവ്

സ്ഥാപനം	എണ്ണം	ഓഡിറ്റിന് ആവശ്യമായ കുറഞ്ഞ മനുഷ്യദിനം	ഓഡിറ്റിന് ലഭ്യമായ കൂടിയ മനുഷ്യദിനം	കുറവ്
ഗ്രാമപഞ്ചായത്ത്	100	3320		
ബ്ലോക്ക് പഞ്ചായത്ത്	14	420		
ജില്ലാ പഞ്ചായത്ത്	1	150		
നഗരസഭ	5	700		
കോടതി	23	96		
മറ്റ് സ്ഥാപനങ്ങൾ	80	160		
ആകെ	**313**	**4846**	**2460**	**1386**

	മറ്റ് ജില്ലകളിലും സമാനസ്ഥിതി നിലവിലുണ്ട്. ഓഡിറ്റിനോളം പ്രധാനമാണ് ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർ നടപടികൾ. ഓഡിറ്റ് പരിധിയിലെ സ്ഥാപനങ്ങളിലെ അഴിമതിയും ക്രമക്കേടുകളും തടയുന്നതിന് ചാർജ്/സർചാർജ് നടപടികൾ ഊർജിതമായതോടെ ജോലിഭാരം വീണ്ടും വർദ്ധിച്ചിരിക്കുന്നു.

ചാർജ്/സർചാർജ് നടപടി ജോലിഭാരം കൂട്ടി ജോലിഭാരത്തിന്. ആനുപാതികമായി മനുഷ്യവിഭവശേഷി പുനർനിർണയിക്കണം.	ചാർജ്/സർചാർജ് നടപടികളുടെ ഭാഗമായി ചാർജ്/സർചാർജ് നോട്ടീസുകൾ പുറപ്പെടുവിക്കുക, നോട്ടീസുകൾക്കുള്ള മറുപടി പരിശോധിക്കുക, പ്രാദേശിക പരിശോധനകൾ നടത്തുക, ചാർജ്/സർചാർജ് സർട്ടിഫിക്കറ്റുകൾ പുറപ്പെടുവിക്കുക കോടതി വ്യവഹാരങ്ങൾ-ക്കാവശ്യമായ വസ്തുതാവിവരങ്ങൾ നൽകുക എന്നിവ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുണ്ട്. ഇതു കൂടാതെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുക, സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേൽ നിയമസഭാ സമിതിക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുക, സമിതി നിർദ്ദേശങ്ങളനുസരിച്ച് നടപടികൾ സ്വീകരിക്കുക എന്നിവയും വകുപ്പിന്റെ ബാധ്യതയാണ്. ഇവ പരിഗണിച്ച് ജോലി ഭാരത്തിന് പൂരകമായി മനുഷ്യവിഭവശേഷി പുനർനിർണയി ക്കപ്പെടേണ്ടതാണ്.
ഓഡിറ്റ് റിപ്പോർട്ട് തുടർനടപടിയ്ക്ക് മാത്രം പ്രത്യേക വിഭാഗം	**9(ii) വകുപ്പ് പുന:സംഘാടനം** ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമപ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർനടപടികൾ സമയബന്ധിതമായി പൂർത്തിയാക്കണം. വീഴ്ച വന്നാൽ ചാർജ്/സർചാർജ് നടപടികൾ കോടതികൾ അസ്ഥിരപ്പെടുത്തിയേക്കും. നിയമപ്രകാരം ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച് രണ്ട് മാസം കഴിയുമ്പോൾ പുനർ റിപ്പോർട്ടുകൾ പുറപ്പെടുവിക്കണം. ചാർജ്/സർചാർജ് നോട്ടീസുകൾ പുറപ്പെടുവിച്ച് നാല് മാസത്തിനുള്ളിൽ ചാർജ്/സർചാർജ് സർട്ടിഫിക്കറ്റുകൾ പുറപ്പെടുവിക്കണം. മനുഷ്യവിഭവ ലഭ്യത കുറവായതിനാൽ പലപ്പോഴും സമയനിബന്ധന പാലിക്കാനാവുന്നില്ല. അതിനാൽ മനുഷ്യവിഭവ ലഭ്യത ഉയർത്തുന്നതോടൊപ്പം വകുപ്പ് പുനഃസംഘാടനവും പരിഗണിക്കപ്പെടണം. ഓഡിറ്റ്

	റിപ്പോർട്ടുകളിൻമേൽ തുടർനടപടികൾക്ക് മാത്രമായി വകുപ്പിര പ്രത്യേക വിഭാഗം പരിഗണിക്കാവുന്നതാണ്. തുടർനടപടി കളിൻമേലുള്ള കോടതി വ്യവഹാരങ്ങൾ വകുപ്പിന അനുകൂലമാവുന്നതിന് പ്രത്യേക നിയമ വിഭാഗവു പരിഗണിക്കപ്പെടണം.
ഓഡിറ്റിന്റെ ബാഹുല്യം ആസൂത്രണ പ്രക്രിയയ്ക്ക് തടസ്സം *ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിൽ സാധാരണമില്ല*	**9(iii) ഓഡിറ്റിന്റെ ബാഹുല്യം** തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഇന്ന് സ്റ്റാറ്റ്യൂട്ടറ ഓഡിറ്റായ ലോക്കൽ ഫണ്ട് ഓഡിറ്റിന് പുറമേ പെർഫോർമൻസ് ഓഡിറ്റും, സി ആന്റ് എജിയും ഓഡിറ്റ നടത്തുന്നു. ഓഡിറ്റിന്റെ ബാഹുല്യം വികേന്ദ്രീകൃതാ സൂത്രണത്തിന് ചുക്കാൻ പിടിക്കേണ്ട സ്ഥാപനങ്ങളെ അക്ഷരാർത്ഥത്തിൽ ശ്വാസം മുട്ടിക്കുന്നു. ഓഡിറ്റിനോടുള്ള സ്ഥാപനങ്ങളുടെ പ്രതികരണം ആത്മാർത്ഥതയില്ലാത്തതും ഉദാസീനവും ആയിരിക്കുന്നു. ഓഡിറ്റ് അന്വേഷണങ്ങൾക്ക് കൃത്യമായ മറുപടികൾ ലഭിക്കുന്നില്ല. രജിസ്റ്ററുകളും, രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിൽ സഹകരണം കുറയുന്നു. ഇതാകട്ടെ ഓഡിറ്റിന്റെ ഫലപ്രാപ്തി തന്നെ അപകടത്തിലാക്കുന്നു. മാത്രമല്ല ഒരേ ജോലി ഒന്നിലധികം ഏജൻസികൾ ആവർത്തിക്കുന്നതിൽ പ്രത്യേകിച്ച് എന്തെങ്കിലും ഗുണമുണ്ടെന്ന് തോന്നുന്നില്ല. മനുഷ്യവിഭവ ശേഷി പാഴാക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഓഡിറ്റിനോട് അന്യവൽകരിക്കപ്പെടുത്തുന്നതുമാണ്.
	യഥാർത്ഥത്തിൽ പെർഫോർമൻസ് ഓഡിറ്റ് ചുമതലകൾ ഫലപ്രദമായി നിറവേറ്റിയില്ലെന്ന് കാണാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കണക്കുകൾ കൃത്യമല്ലാത്തതും രജിസ്റ്ററുകളും രേഖകളും കുത്തഴിഞ്ഞ നിലയിൽ സൂക്ഷിക്കപ്പെടുന്നതും തനത് വരുമാനത്തിൽ കുടിശിക പെരുകുന്നതും ലോക്കൽ ഫണ്ട്

പെർഫോമൻസ് ഓഡിറ്റ് ചുമതല നിറവേറ്റിയില്ല	ഓഡിറ്റ് വകുപ്പ് പുറപ്പെടുവിക്കുന്ന സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് റിപ്പോർട്ടുകൾ നിയമപ്രകാരം ആവശ്യമായതിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സഹകരണത്തോടെ തെറ്റതിരുത്തൽ നടക്കാത്തതും പെർഫോർമൻസ് ഓഡിറ്റിന്റെ ബലഹീനത ഓർമ്മിപ്പിക്കുന്നു. ഉദ്ദേശലക്ഷ്യങ്ങൾ നവീകരിച്ച് പെർഫോർമൻസ് ഓഡിറ്റ് സംവിധാനം പുനഃസംഘടിപ്പിച്ച് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് സഹായകരമാക്കുകയാണ് വേണ്ടത്. അതിന് ആദ്യം വേണ്ടത് ഓഡിറ്റിന്റെ അടിസ്ഥാനതത്വങ്ങൾ ലംഘിക്കപ്പെടുന്നത് ഒഴിവാക്കാൻ പഞ്ചായത്ത്, ഗ്രാമവികസനം, നഗരസഭ എന്നിവ ഒഴികെയുള്ള വകുപ്പുകളിൽ നിന്ന് പെർഫോമൻസ് ഓഡിറ്റിന് ഉദ്യോഗസ്ഥരെ നിയമിക്കണം.
ലോക്കൽ ഫണ്ട് ഓഡിറ്റ് കേന്ദ്രമാക്കി ഓഡിറ്റ് കമ്മീഷൻ	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓഡിറ്റിന്റെ ഇരകളല്ല, പ്രാദേശിക വികസനത്തിന്റെ ചാലകശക്തികളാണ്. ഈയൊരു വിവേകത്തിൽ ഊന്നി സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് കേന്ദ്ര സ്ഥാനത്ത് നിർത്തി ഓഡിറ്റ് ഏകമുഖമാക്കണം. ഒപ്പം കൂടുതൽ അധികാരങ്ങളും നൽകണം. ഓഡിറ്റ് കമ്മീഷൻ പോലുള്ള സാധ്യതകളും പരിഗണിക്കാവുന്നതാണ്.
	നിർദ്ദേശങ്ങൾ: 1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിൽ ഏകമുഖമാക്കണം. 2. സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിന് സഹായകരമായി പെർഫോമൻസ് ഓഡിറ്റ് പുനഃസംഘടിപ്പിക്കണം. 3. ലോക്കൽ ഫണ്ട് ഓഡിറ്റ് സ്വയംഭരണാധികാരങ്ങളുള്ള ഓഡിറ്റ് കമ്മീഷനാക്കി വിപുലീകരിക്കണം.

	9(iv) രജിസ്റ്ററുകളും രേഖകളുമില്ല **ചെലവുകൾ സാധൂകരിക്കപ്പെടുന്നില്ല** തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ലക്ഷങ്ങളു ചെലവുകൾക്ക് രേഖയില്ല. വിവിധ പദ്ധതി ചെലവുക നിർവ്വഹണ രേഖകൾ ഹാജരാക്കി സാധൂകരിക്കാത്ത ഓഡിറ്റിന് വെല്ലുവിളിയായിരിക്കുകയാണ്.
രേഖകൾ സൂക്ഷിക്കുന്നതിൽ മുൻവർഷങ്ങളിലെ അച്ചടക്കരാഹിത്യം തുടരുന്നു. അക്കൗണ്ടിംഗ് പരിഷ്കാരം ഫലപ്രദമായില്ല	രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിൽ തീ കൃത്യതയില്ല. മുൻവർഷങ്ങളിലെ കുത്തഴിഞ്ഞ നി തുടരുകയാണ്. ബില്ല് സമ്പ്രദായം ഉൾപ്പെടെ പുതി പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടും വിവരസാങ്കേതികവിദ ഭാഗികമായി നടപ്പാക്കിയിട്ടും രേഖകളുടെ സൂക്ഷിപ്പ് ഫലപ്രദമല്ല അഴിമതിയും ക്രമക്കേടുകളും മൂടി വെക്കുന്നതിന് ബോധപൂർവ്വ രേഖകളും രജിസ്റ്ററുകളും അലങ്കോലപ്പെടുത്തുകയാണോ എന്ന സംശയിക്കണം.
അടിസ്ഥാന രജിസ്റ്ററുകൾ പോലും കൃത്യമല്ല	അടിസ്ഥാന രജിസ്റ്ററുകളായ ക്യാഷ് ബുക്ക്, വരവ്/ചെലവ രജിസ്റ്ററുകൾ പൂർണ്ണമല്ല. പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട അത്യാവശ്യ രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.
കണക്കുകൾ അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തുന്നില്ല.	സ്ഥാപനത്തിന്റെ ധനവിനിയോഗകണക്കുകൾ നിത്യേന എഴുതി മാസാന്ത്യങ്ങളിൽ അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തുന്നതിൽ ഭൂരിഭാഗം സ്ഥാപനങ്ങളും ഉദാസീനമാണ്. പുതിയ അക്കൗണ്ടിംഗ് രീതിയും ഇതിൽ ആശാവഹമായ പുരോഗതി സൃഷ്ടിച്ചില്ല. ഓഡിറ്റിന് സമർപ്പിക്കാനുള്ള വാർഷികകണക്കുകളുടെ ഭീമമായ കുടിശിക ഇത്തരുണത്തിൽ പ്രസ്താവ്യമാണ്.
	ഗ്രാന്റ് രജിസ്റ്റർ മിക്ക സ്ഥാപനങ്ങളിലും സൂക്ഷിക്കുന്നില്ല ഉള്ളവയിൽ കൃത്യമായ വിവരങ്ങൾ വിശദീകരിക്കാറില്ല.

ഗ്രാന്റ് രേഖയില്ല:വിനിയോഗ സർട്ടിഫിക്കറ്റ് നൽകാനാവുന്നില്ല	വിനിയോഗരേഖകളും ലഭ്യമല്ല. ഈ അവസ്ഥയിൽ ഗ്രാന്റുകൾ ഉദ്ദേശിക്കപ്പെട്ട ആവശ്യത്തിന് വിനിയോഗിക്കപ്പെട്ടുവോ എന്ന് ഓഡിറ്റിൽ നിരീക്ഷിക്കാനാവുന്നില്ല. ഗ്രാന്റ് വിനിയോഗ സർട്ടിഫിക്കറ്റുകളും നൽകാനാവുന്നില്ല.
ഡിമാന്റ് രജിസ്റ്ററുകൾ നാമാവശേഷമായി വൻ വരുമാന ചോർച്ച	ഗ്രാമപഞ്ചായത്തുകളുടെ പ്രധാന വരുമാനമായ കെട്ടിടനികുതി ഡിമാന്റ് രജിസ്റ്ററുകൾ കാലപഴക്കത്താൽ നാമാവശേഷമായിരിക്കുന്നു. ഇവ പുതുതായി എഴുതി തയ്യാറാക്കണമെന്ന ഭരണ വകുപ്പ് നിർദ്ദേശം ഭൂരിഭാഗം പഞ്ചായത്തുകളും നടപ്പാക്കിയില്ല. ഡിമാന്റ് രജിസ്റ്ററുകൾ ഉപയോഗശൂന്യമായതോടെ വരവ് രജിസ്റ്ററിലെ ആകെ വരവ് ഡി.സി.ബി. പത്രികയിൽ 'ഡിമാന്റും' 'കളക്ഷനും' ആകുന്നു. കുടിശിക നികുതി നിർണ്ണയം ഇതിനാൽ തടസ്സപ്പെടുന്നു. വൻ വരുമാനച്ചോർച്ചയാണ് ഇതിന്റെ ഫലം. അതുപോലെ കുടിശിക ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി കുടിശിക പിരിവ് നിരീക്ഷിക്കാറുമില്ല.
രജിസ്റ്ററില്ല: മുൻകൂർ തിരിച്ചടവ് നിരീക്ഷിക്കാനാവുന്നില്ല	മുൻകൂർ രജിസ്റ്ററുകളും കൃത്യമല്ല. തിരിച്ചടവ് വീക്ഷിക്കാനാവാത്തതിനാൽ മുൻകൂർ ക്രമീകരണം നടക്കുന്നില്ല. മാത്രമല്ല മുൻകൂറുകളുടെ വിവരം ലഭ്യമല്ലാത്തതിനാൽ മരാമത്ത് ബില്ലുകൾ അധിക തുക നൽകി തീർപ്പാക്കുന്നതും തുടരുന്നു.
സ്റ്റോക്ക്/വിതരണ രജിസ്റ്ററുകൾ കൃത്യമല്ല	പദ്ധതി നിർവ്വഹണത്തിന് സ്ഥാപനങ്ങൾ വൻ തുകക്ക് വിവിധ സാധനങ്ങൾ വാങ്ങുന്നുണ്ട്. ഇവയുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പ് പരിതാപകരമാണ്.
ഗ്രാമ/വാർഡ് സഭായോഗരേഖകൾ സൂക്ഷിക്കുന്നില്ല	ഗ്രാമ/വാർഡ് സഭായോഗങ്ങളുടെ മിനിട്സും അനുബന്ധരേഖകളും സൂക്ഷിക്കുന്നതിൽ വൈമുഖ്യം കാണാം. വ്യക്തിഗത ആനുകൂല്യപദ്ധതികൾക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത രേഖകളും കൃത്യമല്ല. ഗുണഭോക്താക്കളുടെ

	അർഹത തെളിയിക്കുന്ന രേഖകളും സൂക്ഷിക്കുന്നില്ല.
ഭരണസമിതി മിനിട്ട്സ് അപൂർണ്ണം പെർഫോമൻസ് ഓഡിറ്റ് പരാജയം *രേഖയില്ല. ഓഡിറ്റ് തടസ്സവാദങ്ങളും നിരാകരണങ്ങളും കൂടുന്നു.*	ഭരണസമിതി യോഗങ്ങളുടെ മിനിട്സ് പോലും ചി സ്ഥാപനങ്ങളിൽ അപൂർണ്ണമാണ്. രജിസ്റ്ററുകളും രേഖകള സൂക്ഷിക്കുന്നതിൽ ഭരണസമിതി ശ്രദ്ധിക്കുന്നില്ലെന്നതി തെളിവാണിത്. പെർഫോമൻസ് ഓഡിറ്റ് സംവിധാന പരാജയപ്പെട്ടതും സ്ഥിതി വഷളാക്കി. രജിസ്റ്ററുകളും രേഖകളും കൃത്യമല്ലാത്തത് ഓഡി ദുർഗ്രഹമാക്കുന്നു. ഓഡിറ്റ് സമയത്ത് രേഖകൾ കൊണ ചെലവുകൾ സാധൂകരിക്കാത്തതിനാൽ ഓഡിറ്റ് തടസ്സവാദങ്ങള നിരാകരണങ്ങളും കൂടിവരുന്നു. ചാർജ്/സർചാർജ നടപടികളിലേക്ക് കടക്കുന്നതോടെ അനാവശ്യ വ്യവഹാരങ്ങള പെരുകുന്നു.
	നിർദ്ദേശങ്ങൾ: 1.രജിസ്റ്ററുകളുടേയും രേഖകളുടേയും കൃത്യമായ സൂക്ഷിപ്പ ഭരണസമിതികളുടെ നിയമപരമായ ബാധ്യതയാകണം. 2. പെർഫോമൻസ് ഓഡിറ്റ് കാര്യക്ഷമമാക്കണം . 3. രേഖകളുടേയും രജിസ്റ്ററുകളുടേയും സൂക്ഷിപ്പിന് വിവരസാങ്കേതിക വിദ്യയുടെ സാധ്യത തേടണം. 4.രേഖയില്ലാത്ത ചെലവുകൾക്ക് സർചാർജ് നടപട ബാധകമാക്കണം.
ഓഡിറ്റർമാർക്ക് തുടർച്ചയായ പരിശീലനം വേണം	**9 (v) തുടർച്ചയായ പരിശീലനം** പൊതു പണത്തിന്റെ 40 ശതമാനത്തിലധികം വിനിമയം ചെയ്യുന്ന സ്ഥാപനങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിധിയിലുണ്ട്. ഏതാണ്ട് നാലായിരം കോടിയോളം രൂപയുടെ ചെലവുകൾ വകുപ്പിന്റെ ഓഡിറ്റ് ഇടപെടലിന് വിധേയമാകുന്നുണ്ട്. ഓഡിറ്റ് സുഗമവും കാര്യക്ഷമവും

	ഫലപ്രദവുമാകാൻ വകുപ്പിലെ ജീവനക്കാർക്ക് തുടർച്ചയായ പരിശീലനം വേണം. നിലവിൽ ഇതിന് സംവിധാനമില്ല. സേവനം തുടങ്ങുമ്പോൾ ലഭിക്കുന്ന മൂന്ന് മാസം പരിശീലനം ഓഡിറ്റ് പോലെ സാമൂഹ്യ പ്രതിബദ്ധതയുള്ള അർദ്ധ ജുഡീഷ്യൽ സേവനം ഫലപ്രദമാകാൻ തികച്ചും അപര്യാപ്തമാണ്.
സ്ഥിരം പരിശീലന കേന്ദ്രം വേണം	അധികാരവികേന്ദ്രീകരണാനന്തരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനവിനിയോഗ വ്യാപ്തി വർദ്ധിക്കുകയും സ്വഭാവത്തിൽ മാറ്റം വരുകയും ചെയ്തിരിക്കുന്നു. പദ്ധതികൾ അധികവും നിർമ്മാണ സ്വഭാവമുള്ളതും സ്കീമുകളുമായിരിക്കുന്നു. ഇവ വിലയിരുത്തുവാനും ഓഡിറ്റ് തന്ത്രങ്ങൾക്ക് മൂർച്ച കൂട്ടുവാനും വകുപ്പിലെ ജീവനക്കാരുടെ ഓഡിറ്റിലുള്ള കഴിവുകൾ തേച്ച് മിനുക്കുന്നതിനും തുടർച്ചയായ പരിശീലനം ആവശ്യമാണ്. ഒരു ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ വകുപ്പിൽ സ്ഥിരം പരിശീലന കേന്ദ്രം അനുവദിക്കണം. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രാദേശിക പരിശീലനകേന്ദ്രങ്ങളും രൂപീകരിക്കണം. വകുപ്പിലേയും പുറമെനിന്നുള്ളവരേയും പരിശീലകരാക്കാവുന്നതാണ്. ഓഡിറ്റിന്റെ സാമൂഹ്യ പ്രസക്തി പരിഗണിക്കുമ്പോൾ ഇതിന് ആവശ്യമാകുന്ന അധിക ചെലവ് ന്യായീകരിക്കാവുന്നതാണ്.
	10. ഓഡിറ്റ് പരിധിയിലെ മറ്റ് സ്ഥാപനങ്ങൾ **10(i) ഗുരുവായൂർ ദേവസ്വം: ചാർജ്/സർചാർജ് അധികാരം പുനഃപരിശോധിക്കണം** ഗുരുവായൂർ ദേവസ്വം ആക്ട് (78) സെക്ഷൻ 23(3), ക്ലൗ (80), ചട്ടം (17) എന്നിവ പ്രകാരം ദേവസ്വത്തിന്റെ സമകാലീന ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റിൽ നിക്ഷിപ്തമാണ്. ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് ഓഡിറ്റ് റിപ്പോർട്ടിലെ

ദേവസ്വം ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർ നടപടി ഫലപ്രദമല്ല	തടസ്സവാദങ്ങൾ ഭരണസമിതി വിശദീകരണത്തിന അടിസ്ഥാനത്തിൽ ഒഴിവാക്കുന്നതും ചാർജ്ജ്/സർചാർജ അധികാരവും ദേവസ്വം കമ്മീഷണർക്കാണ്. ഓഡിറ റിപ്പോർട്ടുകളിന്മേലുള്ള തുടർനടപടികളുടെ ഫലപ്രാപ്തി ഇ അപകടത്തിലാക്കുന്നു.
ഓഡിറ്റ് തടസ്സം അന്യായമായി നീതീകരിക്കപ്പെടുന്നു	കമ്മീഷണർ ഓഡിറ്റ് തടസ്സം ഒഴിവാക്കുമ്പോൾ ഓഡിറ വകുപ്പിനെ അറിയിക്കാറില്ല. വകുപ്പിന്റെ അഭിപ്രായ തേടാറുമില്ല. തടസ്സം എങ്ങനെ ഒഴിവാക്കിയെന്നും അ നിയമാനുസൃതമായിരുന്നോയെന്നും നിരീക്ഷിക്കാൻ കഴിയുന്നില്ല മാത്രമല്ല അപാകതകളും ക്രമക്കേടുകളും നീതീകരിക്കപ്പെടാനു ഇടയാക്കും.
ദേവസ്വം ഓഡിറ്റ് റിപ്പോർട്ട്: തുടർനടപടികൾ കേവലയുക്തിക്ക് നിരക്കുന്നതല്ല	കമ്മീഷണർ ദേവസ്വം ഭരണത്തിന്റെ ഭാഗമാണ്. 5 ലക്ഷത്തിന്മേലുള്ള ദേവസ്വം ചെലവുകൾക്ക് അനുമത നൽകുന്നത് കമ്മീഷണറാണ്. ചെലവ് അനുവാദത്തിന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ തന്നെ ചെലവുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ഒഴിവാക്കുന്നതും, ചാർജ്ജ്/സർചാർജ്
ചാർജ്ജ്/സർചാർജ് അധികാരം ലോക്കൽ ഫണ്ട് ഓഡിറ്റിന്	നടപടി സ്വീകരിക്കുന്നതും കേവലയുക്തിക്ക് പോലും നിരക്കുന്നതല്ല. ചാർജ്ജ്/സർചാർജ് അധികാരം ഓഡിറ്റ് ഏജൻസിക്ക് നൽകിയാൽ ദേവസ്വം ഭരണത്തിൽ നിന്ന് ബാഹ്യമായതിനാൽ നിഷ്പക്ഷത ഉറപ്പാക്കാനും കോടതി വ്യവഹാരങ്ങളിലൂടെ നീതീകരിക്കപ്പെടാനും ഇടയാക്കും. അതിനാൽ ദേവസ്വം ആക്ട്, റൂൾസ് എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ചാർജ്ജ്/സർചാർജ് അധികാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് നൽകേണ്ടതാണ്.
	ഇതോടൊപ്പം ഓഡിറ്റിനോടുള്ള ദേവസ്വം ഭരണസമിതിയുടെ നിസ്സഹകരണവും പരിഹരിക്കപ്പെടേണ്ടതുണ്ട്. ഓഡിറ്റിന്

ഓഡിറ്റ് ഭരണസമിതിക്ക് നിസ്സഹകരണം *ക്യാഷ് വെരിഫിക്കേഷൻ വേണ്ടെന്ന് ഭരണസമിതി* *ഭണ്ഡാര വരവ്: സുതാര്യതയില്ല*	ആവശ്യമായ രേഖകൾ ലഭ്യമാക്കാറില്ല. 99 മുതലുള്ള ഭരണസമിതി മിനിട്ട്സ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഓരോ മാസവും കോടികളുടെ വരവും ചെലവുമുള്ള ദേവസ്വത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 6 പ്രകാരം നടത്തേണ്ട "ക്യാഷ് വെരിഫിക്കേഷൻ" അധികാരികളുടെ എതിർപ്പിൽ നടത്താനാവുന്നില്ല. ദേവസ്വത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ ഭണ്ഡാരവരവ് എണ്ണി തിട്ടപ്പെടുത്തുന്നതിൽ ഇന്ന് സുതാര്യതയില്ല. ഭണ്ഡാരവരവ് എണ്ണി തിട്ടപ്പെടുത്തുമ്പോൾ ഓഡിറ്റർമാരെ നിരീക്ഷകരായി നിയമിക്കുന്നതും പരിഗണിക്കപ്പെടണം.
	നിർദ്ദേശങ്ങൾ: 1. ചാർജ്/സർചാർജ് അധികാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കണം. 2. ഭരണസമിതിയുടെ ഓഡിറ്റ് നിസ്സഹകരണം അവസാനിപ്പിക്കാൻ നടപടിവേണം.
ഓഡിറ്റ് വേണ്ടെന്ന് സർവ്വകലാശാലകൾ *നിയമങ്ങൾ ബാധകമല്ലെന്ന് സർവ്വകലാശാലകൾ* *സർവ്വകലാശാലകളിൽ സാമ്പത്തിക അച്ചടക്കരാഹിത്യം*	**10(ii) ഓഡിറ്റ് : സർവ്വകലാശാലകൾ മുഖം തിരിക്കുന്നു** സമൂഹത്തിന് മാതൃകയാകേണ്ട സർവ്വകലാശാലകൾ ഓഡിറ്റിനോട് മുഖം തിരിക്കുന്നു. സർവ്വകലാശാലയിൽ ഓഡിറ്റ് വേണ്ടെന്ന് വരെയായിരിക്കുന്നു. (എം.ജി. സർവ്വകലാശാല ഓഡിറ്റ് പരാമർശം കാണുക.) നിയമങ്ങളും സർക്കാർ നിർദ്ദേശങ്ങളും ബാധകമല്ലെന്ന് സർവ്വകലാശാലകൾ കരുതുന്നതായി ഓഡിറ്റ് അന്വേഷണങ്ങൾ തെളിയിക്കുന്നു. വരുമാനത്തിൽ ഭൂരിഭാഗവും സർക്കാർ ഗ്രാന്റാകുമ്പോഴും വിനിയോഗത്തിൽ സർക്കാർ ഉത്തരവുകൾ പേരിന് പോലും പാലിക്കുന്നില്ല. അക്കാദമിക് കാര്യങ്ങളിലുള്ള സ്വയംഭരണ സ്വാതന്ത്ര്യം ഭരണകാര്യങ്ങളിലും

സർവ്വകലാശാലകൾ സേവനാനുകൂല്യവിതരണ സ്ഥാപനങ്ങളായി	പ്രയോഗിക്കുന്നത് സാമ്പത്തിക അച്ചടക്കം തീരെയില്ലാ സർവ്വകലാശാലകളിൽ ധനത്തകർച്ച കൂടുതൽ വഷളാക്കും. അക്കാദമിക് മികവിനേക്കാൾ സർവ്വകലാശാലകൾക താല്പര്യം ജീവനക്കാർക്ക് സേവനാനുകൂല്യങ്ങൾ വാരിക്കോ നൽകുന്നതിലാണെന്ന് ഓഡിറ്റ് പരാമർശങ്ങൾ തെളിയിക്കുന പുതിയ തസ്തികകൾ തോന്നിയതുപോലെ സൃഷ്ടി ആനുകൂല്യങ്ങൾ നൽകുന്നു. സർക്കാരിലോ സമാ തസ്തികകളിലോ ഇല്ലാത്ത രീതിയിലാണ് ആനുകൂല്യങ്ങ നൽകുന്നത്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങണമെന സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട് വ്യവസ്ഥകളും പാലിക്കാറില്ല ജീവനക്കാരുടെ ശമ്പളനിർണയത്തിന് സർക്കാർ ഉത്തരവുക ബാധകമാക്കാറില്ല. വൻതുകക്ക് സാധന സാമഗ്രികൾ വാങ്ങുമ്പോഴും സ്റ്റോർ പർച്ചേസ് മാനുവൽ പാലിക്കാറില്ല. സർവ്വകലാശാലകൾക്ക് ഓഡിറ്റിനോടുള്ള നിസ്സഹകരണത്തിന സൂചകമാണ് കൊച്ചി സർവ്വകലാശാലയിലെ താഴെ വിവരിക്കുന്ന വസ്തുതകൾ. ➢ വാർഷിക കണക്കുകളും അനുബന്ധ രേഖകളും പൂർണ്ണമായി ഓഡിറ്റിന് ലഭ്യമാക്കിയില്ല. കണക്കുകൾക്ക് സിൻഡിക്കേറ്റ് അംഗീകാരമില്ല. ➢ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു മുമ്പ് ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. ➢ ഓഡിറ്റ് റിപ്പോർട്ടുകളിൽ സർവ്വകലാശാല തുടർനടപടി സ്വീകരിക്കുന്നില്ല. 74-75 മുതലുള്ള റിപ്പോർട്ടുകൾ തീർപ്പാക്കാനുണ്ട്.

11. നികുതികളും വിഹിതങ്ങളും അടയ്ക്കുന്നില്ല; കുടിശിക 10.5 കോടി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നികുതികളും ക്ഷേമനിധി വിഹിതവും അടയ്ക്കുന്നില്ല. 2004-2005 ൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ ഇനങ്ങളിലെ കുടിശിക 10,54,82,525/- രൂപയാണ്.

ആദായനികുതി, വിൽപന നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം, ലൈബ്രറി സെസ് തുടങ്ങിയ ഇനങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും ലൈബ്രറി കൗൺസിൽ, നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ സ്ഥാപനങ്ങൾക്കുമാണ് പ്രധാനമായും തുകകൾ അടയ്ക്കുവാനുള്ളത് (വിശദാംശം താഴെ പത്രികയിൽ).

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ 817 ഓഡിറ്റ് റിപ്പോർട്ടുകളാണ് പത്രിക തയ്യാറാക്കുന്നതിന് പരിഗണിച്ചത്. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നികുതികളും വിഹിതങ്ങളുമായി അടയ്ക്കുവാനുള്ള തുകയുടെ പൂർണ്ണവിവരമല്ല പത്രിക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സർക്കാരിലും മറ്റ് സ്ഥാപനങ്ങളിലും അടയ്ക്കുവാനുള്ള തുകയുടെ വിവരം രജിസ്റ്ററുകളിൽ കൃത്യമായി എഴുതി സൂക്ഷിക്കാറില്ലെന്നത് കൂടി പരിഗണിക്കുമ്പോൾ യഥാർത്ഥത്തിൽ ഈ ഇനത്തിൽ അടയ്ക്കുവാനുള്ളത് ഇതിലധികം വരും. വിഷയത്തിന്റെ ഗൗരവം ബന്ധപ്പെട്ട ഭരണ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

പത്രിക-2

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാരിലും മറ്റ് സ്ഥാപനങ്ങളിലും അടയ്ക്കുവാനുള്ള തുകയുടെ വിവരം

(2004-2005 ൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നുള്ള വിവരങ്ങൾ കോട്ടയം ജില്ല ഒഴികെ)

ജില്ല	കേന്ദ്ര സർക്കാർ	സംസ്ഥാന സർക്കാർ(ഓഡിറ്റ് ഫീ ഒഴികെ)	ലൈബ്രറി കൗൺസിൽ	നിർമ്മാണ തൊഴിലാളി ക്ഷേമനിധി	മറ്റിനം	ആകെ
1. തിരുവനന്തപുരം	385518	1107219	954729	307656	135230	289035
2. കൊല്ലം	280505	3616635	2192325	2007121	320605	8417191
3. പത്തനംതിട്ട	30754	199570	423263	157533	..	811120
4.ആലപ്പുഴ	243076	523317	2326529	197817	18948	330968
5.എറണാകുളം	906962	4266773	1010144	2273604	10933	846841
6.ഇടുക്കി	361673	2203139	4589207	1024983	55562	8234564
7.തൃശ്ശൂർ	264618	776461	32746605	15770	3681	3380713
8. പാലക്കാട്	65970	457181	520264	117045	..	1160460
9.മലപ്പുറം	395131	2704084	2494770	1859799	29	7453813
10.വയനാട്	183417	990053	5205809	633291	..	7012570
11.കോഴിക്കോട്	581394	1755883	9574561	3756727	840	1566940
12.കണ്ണൂർ	406999	1055322	2747528	3506014	..	7715863
13. കാസർഗോഡ്	18108	148661	269460	95720	..	531949
ആകെ	**4124125**	**19804298**	**65055194**	**15953080**	**545828**	**10548252**

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക നമ്പർ 1.1. മുതൽ 1.11 വരെ)

ഓഡിറ്റ് ഖണ്ഡികകയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. പെൻഷൻ ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നൽകുന്നതിനുമുൻപ് സേവന/പെൻഷൻ രേഖകൾ ഹാജരാക്കുന്നുണ്ടെന്ന് ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ഖ.1.10(ii) ലെ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

2. അദ്ധ്യായം 1 ലെ താഴെപ്പറയുന്ന ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

1) **പദ്ധതി നിർവ്വഹണം: നിഷ്ക്രിയാസ്തികൾ കുന്നുകൂടുന്നു**

1(i) മരാമത്ത് പണികൾ [(കൊല്ലം, മലപ്പുറം, ആലപ്പുഴ. എന്നിവ ഒഴികെ) ആലപ്പുഴ നഗരസഭ പരിഗണിച്ചു)]

1(ii) മരാമത്ത് പണികൾ : മറ്റ് പൊതു അപാകതകൾ

1(iii) വ്യക്തിഗത ആനുകൂല്യ പദ്ധതികൾ

1(iv) കേന്ദ്രാവിഷ്കൃത പദ്ധതികൾ

2) **അധികാര വികേന്ദ്രീകരണവും ജനപങ്കാളിത്തവും**

3) **ബഡ്ജറ്റ് ബാധ്യത നിറവേറ്റലാകുന്നു**

4) **വാർഷിക കണക്ക് ഓഡിറ്റിന് ലഭിക്കുന്നില്ല; നിയമലംഘനം തുടരുന്നു**

4(i) വാർഷിക കണക്കുകളിൽ അപാകതകൾ

4(ii) അക്കൗണ്ടിംഗ് പരിഷ്കരണം ഫലം ചെയ്തില്ല

4(iii) പരിഹാരമാർഗ്ഗങ്ങളും നിയമനടപടികളും

4(iv) കണക്കില്ലാതെ ഓഡിറ്റ്; ആരോപണം വസ്തുനിഷ്ഠമല്ല

5) **തനത് വരുമാന പാലനത്തിൽ അലംഭാവം; ധനസ്ഥിതി തകർച്ചയിലേയ്ക്ക്**

6) **ചാർജ്/സർചാർജ് നടപടികൾ**

6(i) നഷ്ടോത്തരവാദിയെ നിർണയിക്കാനാവുന്നില്ല

6(ii) സമയക്ലിപ്തത: നിയമപരമായ പ്രതിബന്ധങ്ങൾ

6(iii) റവന്യൂ റിക്കവറി നിയമത്തിൽ ഉൾപ്പെടുത്തണം

7) **മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല : കോടികൾ സ്വകാര്യ വ്യക്തികളിൽ**

8) **പുതിയ പരിഷ്കാരങ്ങൾ : ചില വസ്തുതകൾ**

9) **ഓഡിറ്റ് നേരിടുന്ന പ്രശ്നങ്ങൾ**

9(i) ഓഡിറ്റ് സമകാലികമാകുന്നില്ല

9(ii) വകുപ്പ് പുനഃസംഘാടനം

9(iii) ഓഡിറ്റിന്റെ ബാഹുല്യം

9(iv) രജിസ്റ്ററുകളും രേഖകളുമില്ല ചെലവുകൾ സാധൂകരിക്കപ്പെടുന്നില്ല

9(v) തുടർച്ചയായ പരിശീലനം

10) ഓഡിറ്റ് പരിധിയിലെ മറ്റ് സ്ഥാപനങ്ങൾ

10(i) ഗുരുവായൂർ ദേവസ്വം : ചാർജ്/സർചാർജ് അധികാരം പുനഃപരിശോധിക്കണം

11) നികുതികളും വിഹിതങ്ങളും അടയ്ക്കുന്നില്ല: കുടിശ്ശിക 10.5 കോടി രൂപ (മലപ്പുറം ഒഴികെ)

നിഗമനങ്ങൾ/ ശിപാർശകൾ.

3. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അധ്യായം 1 ലെ 1.1, 1.2, 1.3, 1.4, 1.5, 1.6, 1.7, 1.8, 1.9, 1.10, 1.11 എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

തുടർപ്രവർത്തനമില്ല: പദ്ധതികൾക്ക് ഏറ്റെടുത്ത 4.01 കോടിയുടെ ഭൂമി പാഴാവുന്നു

ജനകീയാസൂത്രണ പദ്ധതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത ഭൂമി തുടർപ്രവർത്തനമില്ലാതെ പാഴാവുന്നു.

രജിസ്റ്ററും രേഖകളും കൃത്യമല്ലാത്തതിനാൽ സംസ്ഥാനത്ത് ഒട്ടാകെ എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമല്ല. ലഭ്യമായ കണക്കുകൾ 4.01 കോടി രൂപയുടെ ഭൂമി പാഴാവുന്നതായി ഓഡിറ്റിൽ വ്യക്തമാകുന്നു. പദ്ധതിവിഹിതത്തിൽ നിന്നാണ് തുക ചെലവിട്ടത്. തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിലെ കണക്കുകൾ കൂടി പരിഗണിക്കുമ്പോൾ പാഴാവുന്ന ഭൂമിയുടെ അളവും അതിന് ചെലവഴിച്ച പദ്ധതി വിഹിതവും ഉയരും.

ജലസേചന/കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തൽ, പട്ടിക വിഭാഗങ്ങൾക്ക് ഭവനനിർമ്മാണം, വ്യവസായപാർക്കുകളും മറ്റ് സ്ഥാപനങ്ങളും നിർമ്മിക്കുക, കളിസ്ഥലം പണിയുക, ബസ് സ്റ്റാന്റ് വികസനം, വ്യാപാരസമുച്ചയം നിർമ്മാണം തുടങ്ങിയ പദ്ധതികൾക്കുവേണ്ടിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭൂമി ഏറ്റെടുത്തത്. 97-98 മുതൽ 2001-2002 വരെ ഏറ്റെടുത്തതാണിത്.

ഏറ്റെടുത്ത ഭൂമിയുടെ വിവരം ആസ്തിവിവര രജിസ്റ്റർ സൂക്ഷിച്ച് കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ആധാരം തുടങ്ങിയ അടിസ്ഥാന രേഖകൾ പോലും ചില സ്ഥാപനങ്ങളിൽ ലഭ്യമല്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥത തെളിയിക്കുന്നതിന് കൃത്യമായ രേഖയില്ലാത്തത് ഭൂമി അന്യാധീനപ്പെടുന്നതിനും അനാവശ്യ വ്യവഹാരങ്ങൾക്കും ഇടയാക്കിയേക്കാം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെടുകാര്യസ്ഥതയും നിരുത്തരവാദിത്വവുമാണ് പദ്ധതികൾ പൂർത്തിയാക്കാതെ ഭൂമി അന്യാധീനപ്പെടുന്നതിന് പ്രധാന കാരണം.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എന്നാൽ തുടർനടപടി ഉണ്ടായില്ല. വിഷയത്തിന്റെ ഗൗരവം അറിയാൻ തിരഞ്ഞെടുത്ത ചില ഓഡിറ്റ് പരാമർശങ്ങൾ താഴെ :-

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വ്യവസായ എസ്റ്റേറ്റിന് വാങ്ങിയ ഭൂമിയിൽ എസ്റ്റേറ്റ് ഇതേവരെ ആരംഭിച്ചിട്ടില്ല. 7 ലക്ഷം രൂപയാണ് പദ്ധതി വിഹിതം ദുരുപയോഗപ്പെട്ടത്.
(99-2000 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക.5)

ആലപ്പുഴ നഗരസഭ 4.79 ആർ. സ്ഥലം 211699 രൂപയ്ക്ക് വാങ്ങിയെങ്കിലും ഉദ്ദേശിച്ച മത്സ്യവിപണ കേന്ദ്രം യാഥാർത്ഥ്യമായില്ല .
(99-2000 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 45)

ചങ്ങനാശ്ശേരി നഗരസഭ അന്തർദേശീയ സോർട്സ് കോംപ്ലക്സിന് വാങ്ങിയ 4770469 രൂപയുടെ 444.73 ആർ. ഭൂമി യാതൊരുവിധ തുടർ പ്രവർത്തനവുമില്ലാതെ അന്യാധീനപ്പെടുന്നു.
(98-99 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 49(14))

തലശ്ശേരി നഗരസഭ വിവിധ പദ്ധതികൾക്ക് ഏറ്റെടുത്ത 1,21,84,095 രൂപയുടെ ഭൂമി പാഴായി കിടക്കുന്നു.
(1999-2000 - 2004-2005 ഓഡിറ്റ് റിപ്പോർട്ട്)

വിവിധ ജില്ലകളിൽ ഏറ്റെടുത്ത ഭൂമിക്ക് ചെലവഴിച്ച പദ്ധതി വിഹിതത്തിന്റെ വിവരം താഴെ പട്ടികയിൽ

	ജില്ല	തുക
1	പത്തനംതിട്ട	1193923
2	കോട്ടയം	5587734
3	എറണാകുളം	5265000
4	തൃശ്ശൂർ	996257
5	വയനാട്	11069472
6	കണ്ണൂർ	12184095
	ആകെ	**36296481**

പദ്ധതിവിഹിതം കോടികൾ ചെലവഴിച്ച് വാങ്ങിയ ഭൂമി അന്യാധീനപ്പെടുന്നതിന് എതിരെ സർക്കാരിന്റെ ജാഗ്രതാ നടപടികൾ ക്ഷണിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 2.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

(ഓഡിറ്റ് വർഷം 1999-2000 ഖണ്ഡിക നം. 5)

4. രണ്ടേക്കർ ഭൂമി അക്വയർ ചെയ്തെങ്കിലും വ്യവസായ വകുപ്പിന് കൈമാറിയിട്ടില്ലെന്നും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുവേണ്ടി പ്രോജക്ട് തയ്യാറാക്കിയെങ്കിലും ഭൂമി ഉപയോഗിച്ചിട്ടില്ലെന്നും രണ്ടേക്കർ ഭൂമി ഉപയോഗിക്കാത്തതുകൊണ്ട് തിരിച്ചുനൽകണമെന്ന് ഗ്രാമപഞ്ചായത്ത്

ആവശ്യപ്പെട്ടിട്ടുണ്ടെന്നും റൂറൽ ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് കമ്മീഷണർ സമിതിയെ അറിയിച്ചു.

5. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി കോട്ടയം ജില്ലാ മിനി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് സ്ഥലം അക്വയർ ചെയ്തെങ്കിലും നാളിതുവരെ സ്ഥാപിച്ചിട്ടില്ലെന്നും ഇക്കാര്യത്തിന്മേൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടെങ്കിലും നടപടി സ്വീകരിയ്ക്കാത്തതിനാൽ ടി സ്ഥലം തിരിച്ചുനൽകണമെന്നാവശ്യപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും വ്യവസായ വകുപ്പ് ഡയറക്ടർക്കും കത്ത് നൽകിയിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും സമിതിയെ അറിയിച്ചു.

6. രണ്ടേക്കർ സ്ഥലം മറ്റുപ്രോജക്ടുകൾക്കായി ഉപയോഗിക്കുന്നുണ്ടെന്നും വ്യവസായ വകുപ്പ് ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ലെന്നും ബ്ലോക്ക് പഞ്ചായത്ത് തന്നെയാണ് പ്രോജക്ട് വച്ചിട്ടുള്ളതെന്നും കമ്മീഷണർ സമിതിയെ അറിയിച്ചതിന് സൊസൈറ്റിയുടെ കൈവശമുള്ള ഭൂമി ഗവൺമെന്റ് തീരുമാനമെടുത്ത് നൽകിയാൽ മാത്രമേ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന് പ്രസ്തുത ഭൂമി ലഭിച്ച് എന്തെങ്കിലും പ്രോജക്ട് തുടങ്ങുവാൻ സാധിയ്ക്കുകയുള്ളുവെന്നും സമിതി അഭിപ്രായപ്പെട്ടു അതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ചങ്ങനാശ്ശേരി നഗരസഭ

(ഓഡിറ്റ് റിപ്പോർട്ട് 1998-99 ഖണ്ഡിക 49(14))

7. അന്താരാഷ്ട്ര സ്പോർട്ട്സ് കോംപ്ലക്സിനായി നാല് ഹെക്ടർ 14 ആർ 73 സ്ക്വയർ മീറ്റർ സ്ഥലമാണ് വാങ്ങിയതെന്നും ബൈപ്പാസിനായി ഏകദേശം മദ്ധ്യഭാഗത്തിലൂടെ സർക്കാർ സ്ഥലം ഏറ്റെടുത്തതുകാരണം സ്റ്റേഡിയം ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ സാധിച്ചില്ലെന്നും സ്പോർട്ട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിലേയ്ക്കായി 2019-20-ൽ ഒരു കോടി രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നുവെന്നും കായിക യുവജന കാര്യാലയത്തിലെ എഞ്ചിനീയർമാർ ചങ്ങനാശ്ശേരി ബൈപ്പാസിന്റെ ഇരുവശത്തായി സ്ഥിതി ചെയ്യുന്ന പദ്ധതി പ്രദേശം പരിശോധിച്ചിട്ടുണ്ടെന്നും അവിടെ സിന്തറ്റിക് ട്രാക്കും ഫുട്ബോൾ

ടർഫും നിർമ്മിക്കണമെന്നാണ് മുൻ എം.എൽ.എ. ആയിരുന്ന അന്തരിച്ച ശ്രീ. സി. എഫ്. തോമസ് അറിയിച്ചിരുന്നതെന്നും പ്രസ്തുത സ്ഥലം മണ്ണിട്ട് നികത്തുന്ന പ്രവൃത്തിക്കായി ധാരാളം തുക ചെലവ് വരുമെന്നതിനാൽ ടി പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്നും ഗ്രൗണ്ട് നിർമ്മാണത്തിനായി അനുവദിച്ച തുകയും അപര്യാപ്തമായിരുന്നുവെന്നും നഗരസഭ സെക്രട്ടറി വ്യക്തമാക്കി.

8. ഭൂമി ഏത് രീതിയിൽ ഉപയോഗപ്പെടുത്താമെന്ന വിശദീകരണം വാങ്ങിയതിന് ശേഷം ഒഴിവാക്കുന്നതായിരിക്കും ഉചിതമെന്നും നടപ്പു വർഷത്തെ ബഡ്ജറ്റിലും പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ടെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടറും സ്റ്റേഡിയം നിർമ്മാണത്തിനുവേണ്ടിയല്ല തുക വകയിരുത്തിയിട്ടുള്ളതെന്നും ഓപ്പൺ ജിംനേഷ്യത്തിനുവേണ്ടി അഞ്ച് ലക്ഷം രൂപയും . അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ടോക്കൺ പ്രൊവിഷനുമാണ് വച്ചിട്ടുള്ളതെന്നും നഗരസഭ സെക്രട്ടറിയും വ്യക്തമാക്കി.

9. പ്രസ്തുത പദ്ധതി പ്രായോഗികമാകുമോ എന്ന് സമിതി ആരാഞ്ഞതിന് സ്ഥലം നികത്തണമെങ്കിൽ നല്ലൊരു തുക ആവശ്യമായി വരുമെന്നും ബൈപ്പാസിന്റെ അലൈൻമെന്റ് മാറ്റി സ്റ്റേഡിയം നിർമ്മിക്കാൻ പറ്റുമോയെന്നത് സംബന്ധിച്ച അനൗദ്യോഗികമായി രണ്ട് മാസം മുമ്പ് കൗൺസിൽ യോഗത്തിൽ ചർച്ച ചെയ്തിരുന്നുവെന്നും ഭൂമി അളന്ന് തിരിക്കുന്നതിനായി തഹസീൽദാർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു.

10. സർക്കാരിന്റെ അനുമതിയോടെ പ്രായോഗികമായ പദ്ധതി നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ആയതിന് നടപടി സ്വീകരിയ്ക്കാമെന്ന് സെക്രട്ടറി സമിതിയെ അറിയിക്കുകയും ചെയ്തു.

11. പ്രസ്തുത സ്ഥലത്ത് സ്പോർട്ട്സ് കോംപ്ലക്സ് നിർമ്മാണത്തിനുള്ള സാധ്യതയില്ലെന്നും ഭൂമിയുടെ ഒരു ഭാഗം ബൈപ്പാസ് നിർമ്മാണത്തിനായി ഏറ്റെടുത്തുവെന്നും ബൈപ്പാസിന്റെ അലൈൻമെന്റ് മാറ്റാൻ കഴിയുന്നതല്ലെന്നും അഭിപ്രായപ്പെട്ട സമിതി സർക്കാർ സാധൂകരണം നേടിയതിനുശേഷം ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് തീരുമാനിച്ചു.

തലശ്ശേരി നഗരസഭ

(ഓഡിറ്റ് റിപ്പോർട്ട് 1999-2000, 2004-2005)

വിവിധ പദ്ധതികൾക്ക് ഏറ്റെടുത്ത 1,21,84,095/- രൂപയുടെ ഭൂമി പാഴായി കിടക്കുന്നു

കുട്ടിമാക്കൂൽ വയലളം മിനിസ്റ്റേഡിയം - 80 സെന്റ് ഭൂമി പദ്ധതി വർഷം 2003-04 തുക 11,96,395/- രൂപ

12. മിനി സ്റ്റേഡിയത്തിന്റെ പ്രവേശന കവാടം വരുന്ന ഭാഗത്ത് സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയായതിനാൽ, സ്റ്റേഡിയത്തിലേയ്ക്ക് പ്രവേശിയ്ക്കുന്നതിന് വഴി സൗകര്യമൊരുക്കുന്നതുസംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് സമിതി ആരാഞ്ഞതിന് വസ്തുവിന്റെ ഉടമസ്ഥരുമായി ഇക്കാര്യം സംസാരിച്ചിരുന്നുവെന്നും ഉടമസ്ഥന്റെ മക്കളാണ് വഴി നൽകുന്നതിനെ എതിർക്കുന്നതെന്നും ആയതിനാൽ ലാൻഡ് അക്വിസിഷൻ നടപടികളിലുൾപ്പെടുത്തി സ്ഥലമേറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും സെക്രട്ടറി ബോധിപ്പിച്ചു.

13. ഓഡിറ്റ് വിഭാഗത്തിന് മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ഓഡിറ്റ് വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു.

പുറമ്പോക്കിൽ താമസിക്കുന്നവരുടെ പുനരധിവാസം - 60 സെന്റ് ഭൂമി പദ്ധതി വർഷം 2003-04

14. പ്രസ്തുത ഭൂമിയിൽ നിലവിൽ ആൾത്താമസമുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് നിലവിൽ ആരും താമസിക്കുന്നില്ലെന്നും ഭൂമി ആളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ടെന്നും പഞ്ചായത്തിൽ ഭൂരഹിത ഭവനരഹിതരായ ഏകദേശം 300 പേരുടെ ലിസ്റ്റ് നിലവിലുണ്ടെന്നും പ്രസ്തുത ഭൂമി വിനിയോഗിച്ച് വീട് നിർമ്മിക്കുന്നതിനും ലൈഫ് പദ്ധതിയിൽ പ്രോജക്ട് സമർപ്പിക്കാനുമുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടെന്നും തലശ്ശേരി നഗരസഭ സെക്രട്ടറി വ്യക്തമാക്കി. പ്രസ്തുത മറുപടി ഓഡിറ്റ് വിഭാഗത്തിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുകയും നൽകാമെന്ന് സെക്രട്ടറി അറിയിക്കുകയും ചെയ്തു.

15. പ്രസ്തുത ഓഡിറ്റ് പരാമർശത്തിലുൾപ്പെട്ട താഴെപ്പറയുന്നവയും ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

1. ജനകീയാസൂത്രണ പദ്ധതി - മിനി വ്യവസായ എസ്റ്റേറ്റ് - 2.59 ഏക്കർ ഭൂമി
2. മിനി വ്യവസായ എസ്റ്റേറ്റ് - 5.28 ഏക്കർ ഭൂമി
3. മത്സ്യ മാർക്കറ്റ് വികസനം, ഇറച്ചി മാർക്കറ്റ് നവീകരണം - 25 സെന്റ് ഭൂമി
4. പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണം - 102 സെന്റ് സ്ഥലം
5. കാവുംഭാഗം സ്കൂൾ വികസനം - 12.5 സെന്റ് സ്ഥലം.

ആലപ്പുഴ നഗരസഭ

(ഓഡിറ്റ് റിപ്പോർട്ട് 1999-2000, ഖണ്ഡിക 45)

16. 4.79 ആർ സ്ഥലം 2,11,699/- രൂപയ്ക്ക് വാങ്ങിയെങ്കിലും ഉദ്ദേശിച്ച മത്സ്യവിപണന കേന്ദ്രം യാഥാർത്ഥ്യമായില്ല എന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

17. കോട്ടയം ജില്ലാ മിനി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കൈവശമുള്ള ഭൂമി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയാൽ മാത്രമേ പ്രസ്തുത ഭൂമിയിൽ പുതിയ പദ്ധതി ഉടങ്ങുന്നതിന് സാധിക്കുകയുള്ളൂ എന്നതിനാൽ ഭൂമി കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

18. ചങ്ങനാശ്ശേരി നഗരസഭ അന്താരാഷ്ട്ര സ്പോർട്ട്സ് കോംപ്ലക്സിനായി വാങ്ങിയ ഭൂമിയുടെ മധ്യഭാഗത്തിലൂടെ ബൈപ്പാസിനായി സർക്കാർ സ്ഥലം ഏറ്റെടുത്തിട്ടുള്ളതിനാൽ വിഭാവനം ചെയ്ത രീതിയിൽ സ്പോർട്ട്സ് കോംപ്ലക്സ് നിർമ്മിക്കാൻ കഴിയില്ലെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത സ്ഥലത്ത് സർക്കാർ അനുമതിയോടെ മറ്റൊരു പദ്ധതി നടപ്പിലാക്കുന്നതായിരിക്കും ഉചിതം എന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ മേൽവിഷയം സംബന്ധിച്ച് സർക്കാരിൽ നിന്നും സാധുകരണം നേടുന്നതിനും സാധുകരണം

ലഭ്യമാകുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

19. തലശ്ശേരി നഗരസഭ വിവിധ പദ്ധതികൾക്ക് ഏറ്റെടുത്ത ഭൂമി പാഴായിക്കിടക്കുന്നു എന്ന പരാമർശത്തിലുൾപ്പെടെ ജനകീയാസൂത്രണ പദ്ധതി മിനി വ്യവസായ എസ്റ്റേറ്റ്, മത്സ്യമാർക്കറ്റ് വികസനം, ഇറച്ചിമാർക്കറ്റ് നവീകരണം, പ്രീമെട്രിക്ക് ഹോസ്റ്റൽ കെട്ടിട നിർമ്മാണം, കാവുംഭാഗം സ്കൂൾ വികസനം എന്നിവ പൂർത്തിയായിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശത്തിലെ പ്രസ്തുത ഭാഗങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

20. പ്രസ്തുത പരാമർശത്തിലെ കുട്ടിമാക്കൂൽ-വയലളം മിനി സ്റ്റേഡിയത്തിലേക്ക് സുഗമമായ വാഹനസൗകര്യം ഒരുക്കുന്നതിനായി ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുത്ത് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്നും പുറമ്പോക്കിൽ താമസിക്കുന്നവരുടെ പുനരധിവാസത്തിനായി 60 സെന്റ് ഭൂമി ലൈഫ് പദ്ധതിയിലുൾപ്പെടുത്തി ഭവന നിർമ്മാണത്തിനുള്ള പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടെന്നുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

21. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ആലപ്പുഴ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

നിക്ഷേപപദ്ധതികൾ പൂർത്തിയായില്ല; പദ്ധതി വിഹിതം 18.19 കോടി വിവിധ സ്ഥാപനങ്ങളിൽ

ഭവനനിർമ്മാണം, വൈദ്യുതീകരണം, കുടിവെള്ള വിതരണം തുടങ്ങിയ അടിസ്ഥാന വികസന പദ്ധതികൾക്ക് ജനകീയാസൂത്രണ വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ ഏജൻസികളിലും മറ്റ് സ്ഥാപനങ്ങളിലും നിക്ഷേപിച്ച പദ്ധതി വിഹിതം നിക്ഷേപമായി തുടരുന്നു.

ഓഡിറ്റിൽ ലഭ്യമായ വിവരങ്ങൾ അനുസരിച്ച് വിവിധ ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിൽ നിന്നും 18.19 കോടി രൂപ ഭവനനിർമ്മാണ ബോർഡ്, വൈദ്യുതി ബോർഡ്, ജല അതോറിറ്റി, കോസ്റ്റ് ഫോർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. 2001-2002 ന് മുമ്പ് നിക്ഷേപിച്ചതാണിത്. ഏറ്റെടുത്ത വർഷം തന്നെ പൂർത്തിയാക്കേണ്ട പദ്ധതികളുടെ പേരിലാണ് നിക്ഷേപം നടത്തിയത്. നിക്ഷേപം നടത്തി വർഷങ്ങൾ കഴിഞ്ഞിട്ടും പദ്ധതികൾ പൂർത്തിയാക്കിയതിന് സാധൂകരണ രേഖകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

വർഷങ്ങൾക്ക് മുമ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിലും നിരക്കിലും ഇനി പദ്ധതികൾ പൂർത്തിയാക്കാൻ കഴിഞ്ഞേക്കില്ല. ഈ അവസ്ഥയിൽ നിക്ഷേപത്തുക സ്ഥാപനങ്ങൾക്ക് നഷ്ടപ്പെടുന്നതിന് ഇടയാകും. പ്രത്യേകിച്ചും നിക്ഷേപം സംബന്ധിച്ച രേഖകളോ കരാറുകളോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപത്തുക ജില്ല തിരിച്ച് താഴെ പത്രികയിൽ വിവരിക്കുന്നു.

	ജില്ല	തുക
1	തിരുവനന്തപുരം	8905316
2	പത്തനംതിട്ട	10440982
3	ആലപ്പുഴ	42103377

4	ഇടുക്കി	527235
5	കോട്ടയം	21224990
6	എറണാകുളം	2180850
7	തൃശ്ശൂർ	17688699
8	പാലക്കാട്	37673186
9	മലപ്പുറം	5997418
10	കോഴിക്കോട്	17908284
11	വയനാട്	17876195
12	കണ്ണൂർ	4326119
13	കാസർഗോഡ്	1873938
ആകെ		**188726589**

ജനങ്ങളുടെ വികസനം നിഷേധിച്ച് പദ്ധതി വിഹിതം വിവിധ ഏജൻസികൾക്ക് സഹായകരമായി നിക്ഷേപമായി തുടരുന്നത് ഗൗരവമായി കണ്ട് അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

22. താഴെപ്പറയുന്ന ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

നിക്ഷേപ പദ്ധതികൾ പൂർത്തിയായില്ല

പദ്ധതി വിഹിതം 18.19 കോടി രൂപ വിവിധ സ്ഥാപനങ്ങളിൽ

(കോഴിക്കോട്, ആലപ്പുഴ, കൊല്ലം ഒഴികെ)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള പത്രികയിൽ:

കോഴിക്കോട് - 1,79,08,284/- ആലപ്പുഴ - 4,21,03,377/-

നിഗമനങ്ങൾ/ശിപാർശകൾ

23. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

തൊഴിൽ സംരംഭങ്ങൾ അടച്ചുപൂട്ടി ;

പദ്ധതി വിഹിതം 4.02 കോടി നഷ്ടം

തൊഴിലും വ്യവസായ വികസനവും ലക്ഷ്യമിട്ട് ജനകീയാസൂത്രണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം ചെലവഴിച്ച് സ്ഥാപിച്ച തൊഴിൽ സംരംഭങ്ങൾ ഇപ്പോൾ അടച്ചുപൂട്ടിയതോ പ്രവർത്തനം നിലച്ചതോ ആയ അവസ്ഥയിലാണ്. ഇവയുടെ സ്ഥാപനച്ചെലവ് കോടികൾ പാഴായി.

ഇടുക്കി, പാലക്കാട്, മലപ്പുറം ഒഴികെയുള്ള ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഓഡിറ്റിന് ലഭ്യമായ കണക്കുകൾ പ്രകാരം അടച്ചുപൂട്ടിയതോ പ്രവർത്തനം നിലച്ചതോ ആയ തൊഴിൽ സംരംഭങ്ങൾക്ക് ചെലവ് 4.02 കോടിയാണ്. സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാൻ സാധ്യത വിരളമായതിനാൽ ഈ തുക നഷ്ടപ്പെട്ടതായി കണക്കാക്കാം.

ഓഡിറ്റ് റിപ്പോർട്ടുകളിൽ ഈ വിഷയത്തിൽ ലഭ്യമായ ചില വിവരങ്ങൾ: -

തലശ്ശേരി നഗരസഭയുടെ വനിതാ വ്യവസായ സംഘം, വനിതാ കട, ചെരുപ്പ് നിർമ്മാണ സഹകരണ സംഘം എന്നിവ പ്രവർത്തനം നിലച്ച നിലയിലാണ്. ശരിയായ മാനേജ്മെന്റിന്റെ അഭാവത്തിൽ ഇവയുടെ ചെലവ് 12,91,650 രൂപ പാഴായി.

കോട്ടയം ജില്ലാ പഞ്ചായത്ത് യന്ത്രവത്കൃത ഡിഫൈബറിംഗ് യൂണിറ്റിന് പദ്ധതി വിഹിതം 10.54 ലക്ഷം ചെലവഴിച്ചു. 98-99 ൽ തുടങ്ങിയ പദ്ധതി പ്രവർത്തനക്ഷമമായിട്ടില്ല.

(99-00, 00-01, 01-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 7)

കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ തയ്യൽ/റെഡിമെയ്ഡ് യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പദ്ധതിവിഹിതം 895166 രൂപയാണ് ഇതിന് ചെലവ്.

(99-00, 00-01, 01-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക.2(20))

വിവിധ ജില്ലകളിൽ ഈ ഇനത്തിൽ നഷ്ടപ്പെട്ട തുകകളുടെ വിവരം താഴെ പട്ടികയിൽ

	ജില്ല	**തുക**
1	തിരുവനന്തപുരം	1865558
2	പത്തനംതിട്ട	323200
3	കോട്ടയം	12057701
4	എറണാകുളം	2433204
5	തൃശ്ശൂർ	10093803
6	കണ്ണൂർ	1550089
7	കാസർഗോഡ്	241550
ആകെ		**2,85,65,105**

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 2.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

തലശ്ശേരി നഗരസഭ

1. വനിതാവ്യവസായ സഹകരണ സംഘം

പദ്ധതി വർഷം 1998-1999 - തുക 12,00,000/- രൂപ

2. വനിത കട, ചെരുപ്പ് നിർമ്മാണ സഹകരണ സംഘം

പദ്ധതി വർഷം 1998-1999 - തുക 91,650/- രൂപ

24. പ്രസ്തുത പദ്ധതികൾ നിലവിലുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് നിലവിലില്ലെന്നും ഫയൽ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു. 1999-ലെ പ്രോജക്ടുകളാണിതെന്നും രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലെന്നും നിലവിൽ സംഘങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് അറിയിച്ചിരിയ്ക്കുന്നതിനാൽ, ആയതു സംബന്ധിച്ച വിശദവിവരം ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുകയും ഒന്നുകൂടി അന്വേഷിച്ചിട്ട് വിശദമായ മറുപടി നൽകാമെന്ന് നഗരസഭ സെക്രട്ടറി അറിയിക്കുകയും ചെയ്തു.

25. സമിതി താഴെപ്പറയുന്ന ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു

പദ്ധതി വിഹിതം 4.02 കോടി രൂപ നഷ്ടം

(കോഴിക്കോട്, ആലപ്പുഴ, കൊല്ലം ഒഴികെ)

വിവിധ ജില്ലകളിൽ ഈ ഇനത്തിൽ നഷ്ടപ്പെട്ട തുകയുടെ വിവരം പത്രികയിൽ:

കോഴിക്കോട് - 78,200/-, ആലപ്പുഴ - 42,30,117/-

നിഗമനങ്ങൾ/ശിപാർശകൾ

26. തലശ്ശേരി നഗരസഭയിലെ വനിതാ വ്യവസായ സഹകരണ സംഘം, വനിത കട, ചെരുപ്പ് നിർമ്മാണ സഹകരണ സംഘം എന്നിവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശത്തിലെ ശേഷിച്ച ഭാഗങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

കാർഷിക യന്ത്രവൽകരണം ലക്ഷ്യം നേടിയില്ല

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ കാർഷിക യന്ത്രവൽകരണ പദ്ധതികൾ ലക്ഷ്യം കണ്ടില്ല. ഇതിന് ചെലവഴിച്ച പദ്ധതി വിഹിതം ലക്ഷങ്ങൾ പാഴായി.

കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനും ഉല്പാദന ചെലവ് കുറയ്ക്കുന്നതിനും വേണ്ടിയാണ് പ്രത്യേക പരിഗണന നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വൻതോതിൽ കാർഷികയന്ത്രങ്ങൾ വാങ്ങിയത്. അംഗീകൃത പദ്ധതികളിൽ ചിലതിലെങ്കിലും ഗുണഭോക്തൃ വിഹിതം വകയിരുത്തിയിരുന്നെങ്കിലും ഇവ പിരിക്കാതെ ഭൂരിഭാഗം പദ്ധതികളും പദ്ധതി വിഹിതത്തിലാണ് നടപ്പാക്കിയത്.

കാർഷിക യന്ത്രവൽകരണ പദ്ധതികളിൽ പാളിച്ച സംഭവിക്കാൻ പ്രധാന കാരണം കൃഷിയിടങ്ങൾക്കും കൃഷിരീതിക്കും അനുയോജ്യമായ യന്ത്രങ്ങൾ വാങ്ങാതിരുന്നതും യന്ത്രങ്ങളുടെ ഉടമസ്ഥതയും പ്രവർത്തനവും ജനകീയ സമിതികളെ ഏൽപ്പിക്കാതിരുന്നതും മോണിട്ടറിംഗ് സംവിധാനം പാഴായതുമാണ്.

കാർഷിക യന്ത്രങ്ങളുടെ നടത്തിപ്പ് പാടശേഖര/കാർഷിക സമിതികളെ ഏൽപ്പിക്കുവാനായിരുന്ന നിർദ്ദേശം. പരിമിതമായിപ്പോലും ജനാധിപത്യം ഇല്ലാത്ത ഇത്തരം സമിതികളെ ഏൽപ്പിച്ച യന്ത്രങ്ങൾ ചില വ്യക്തികൾ കയ്യടക്കിയതിന് ഉദാഹരണം നിരവധിയാണ്. കൃഷിഭവനുകളുടെ മോണിട്ടറിംഗ് നിർദ്ദേശിക്കപ്പെട്ടിരുന്നെങ്കിലും കൃഷി ഓഫീസർമാർ യന്ത്രങ്ങളുടെ വരവ്/ചെലവ് കണക്കുകൾ പരിശോധിച്ചതിനു തെളിവില്ല. ഇതിനാൽ ടാക്ടർ/ട്രില്ലർ പോലുള്ള യന്ത്രങ്ങൾ കൃഷിക്ക് മാത്രമായി ഉപയോഗിച്ചു എന്നത് ഉറപ്പാക്കാനും കഴിഞ്ഞില്ല.

കാർഷിക യന്ത്രവൽകരണ പദ്ധതികളുടെ സമകാലസ്ഥിതി വിവരിക്കുന്നതിന് ഓഡിറ്റ് റിപ്പോർട്ടുകളിൽ ലഭ്യമായ തിരഞ്ഞെടുത്ത വിവരങ്ങൾ താഴെ.

തലശ്ശേരി നഗരസഭ 112147 രൂപയ്ക്ക് വാങ്ങിയ പവർട്ടില്ലർ പാടശേഖരസമിതിയുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്നു.

(2001-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 2/47)

കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമപഞ്ചായത്ത് 606084 രൂപയ്ക്ക് പാടശേഖരങ്ങൾക്ക് വാങ്ങി നൽകിയ 4 മോട്ടറുകൾ വൈദ്യുതി ലഭ്യമാക്കാതെയും അനുബന്ധ സാമഗ്രികളുടെ അഭാവത്തിലും ഉപയോഗിക്കപ്പെടാതെ കിടക്കുന്നു.

(99-02 പദ്ധതി വിഹിതം ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 17)

പാലക്കാട് നഗരസഭ പാടശേഖര സമിതിക്ക് കാർഷികയന്ത്രം എന്ന പദ്ധതിയിൽ 5 ലക്ഷം രൂപയ്ക്ക് വാങ്ങിയ പവർട്ടില്ലർ ഇപ്പോൾ നഗരസഭ ശുചീകരണത്തിന് ഉപയോഗിക്കുന്നു.

എന്നാൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കാർഷിക യന്ത്രങ്ങൾ പ്രയോജനപ്രദമായി ഉപയോഗിക്കുന്നുണ്ട്. ഉദാഹരണം: കൊല്ലം കോർപ്പറേഷൻ വിവിധ കാർഷിക പദ്ധതികൾക്ക് വാങ്ങിയ ട്രാക്ടറും പവർട്ടില്ലറും ഇപ്പോഴും നല്ല നിലയിൽ പാടശേഖര സമിതികൾ ഉപയോഗിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെടുകാര്യസ്ഥതയാണ് കാർഷിക യന്ത്രവൽക്കരണ പാളിച്ചയ്ക്ക് കാരണമെന്ന് ഇതിനാൽ വ്യക്തമാണ്.

വിവിധ ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതികളുടെ ഭാഗമായി കാർഷിക യന്ത്രവൽകരണത്തിന് ചെലവഴിച്ച പദ്ധതി വിഹിതം താഴെ പത്രികയിൽ:-

കാർഷിക യന്ത്രവൽകരണ പദ്ധതിനിർവ്വഹണം അന്വേഷിച്ച് ഭാവിയിലേയ്ക്ക് വേണ്ട പ്രതിരോധ മാർഗങ്ങൾ തേടേണ്ടതാണ്.

	ജില്ല	തുക
1	തിരുവനന്തപുരം	1218654
2	പത്തനംതിട്ട	1566122

3	ആലപ്പുഴ	605055
4	കോട്ടയം	2793022
5	തൃശ്ശൂർ	1030290
6	പാലക്കാട്	500000
7	മലപ്പുറം	108000
8	വയനാട്	6506824
9	കണ്ണൂർ	829876
10	കാസർഗോഡ്	318736
ആകെ		**15476579**

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 2.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

അയ്മനം ഗ്രാമപഞ്ചായത്ത്

(ഓഡിറ്റ് റിപ്പോർട്ട് 1999-2002 ഖണ്ഡിക 17 പദ്ധതി വിഹിതം)

27. പ്രസ്തുത ഓഡിറ്റ് പരാമർശത്തെക്കുറിച്ച് എന്താണ് അറിയിക്കാനുള്ളതെന്ന് സമിതി ആരാഞ്ഞതിന്, കെ.എസ്.ഇ.ബി.യുടെ സ്ഥിരം വൈദ്യുതി കണക്ഷൻ ലഭ്യമായതുമുതൽ 4 മോട്ടോറുകളും പ്രവർത്തിച്ചുവന്നിരുന്നുവെന്നും എന്നാൽ 2018-ലെ വെള്ളപ്പൊക്കത്തിൽ ഇരിത്തിക്കണ്ടം പാടശേഖരത്തിലെ 30 എച്ച്.പി. മോട്ടോർ പ്രവർത്തനരഹിതമായിയെന്നും സ്പെയർ പാർട്ട്സ് ലഭ്യമല്ലാത്തതിനാൽ ഈ മോട്ടോർ നിലവിൽ പ്രവർത്തനക്ഷമമല്ലെന്നും ബാക്കി 3 മോട്ടോറുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടറേറ്റ് സീനിയർ ഫിനാൻസ് ഓഫീസർ സമിതിയെ ബോധ്യപ്പെടുത്തി.

28. പഞ്ചായത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതി യോഗത്തിൽ ഹാജരാകാത്തതെന്തുകൊണ്ടാണെന്നും പരാമർശത്തിന്മേൽ മറുപടി പറയാൻ

ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തിയതാരാണെന്നും സമിതി ആരാഞ്ഞതിന് പഞ്ചായത്ത് ഡയറക്ടർക്ക് മറ്റൊരു യോഗത്തിൽ പങ്കെടുക്കേണ്ടതിനാലാണ് തന്നെ ചുമതലപ്പെടുത്തിയതെന്നും പഞ്ചായത്ത് ഡയറക്ടറേറ്റിൽ ലഭ്യമായ മറുപടി സമിതി മുൻപാകെ അറിയിച്ചതാണെന്നും ഫിനാൻസ് ഓഫീസർ മറുപടി നൽകി.

29. ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലെന്നാണ് റിപ്പോർട്ടിൽ അറിയിച്ചിരിക്കുന്നതെന്നതിനാൽ, എത്രയും വേഗം മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ആയത് ലഭ്യമാക്കുന്നതാണെന്ന് വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിക്കുകയും ചെയ്തു.

തലശ്ശേരി നഗരസഭ

30. പ്രസ്തുത പരാമർശം സംബന്ധിച്ച് മുൻ സമിതി നിർദ്ദേശിച്ചതുപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന കൃഷി ഓഫീസർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കൃഷി വകുപ്പിലേയ്ക്ക് കത്തയച്ചെങ്കിലും അതിന്മേൽ നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടില്ലെന്നും 18.09.2018-ൽ നടന്ന അദാലത്ത് തീരുമാനപ്രകാരം വീണ്ടും കൃഷി വകുപ്പിലേയ്ക്ക് കത്തയച്ചിരുന്നുവെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഓഫീസറായിരുന്നുവെങ്കിലും അന്ന് ചാർജ്ജുണ്ടായിരുന്ന സീനിയർ അസിസ്റ്റന്റാണ് പ്രസ്തുത പദ്ധതി നിർവ്വഹണം നടത്തിയതെന്നും അദ്ദേഹം മരണപ്പെട്ടുവെന്നാണ് അനൗദ്യോഗികമായി അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞതെന്നും നഗരസഭ സെക്രട്ടറി അറിയിച്ചു.

31. കൃത്യമായീ അന്വേഷിച്ച് മറുപടി ലഭ്യമാക്കിയിരുന്നുവെങ്കിൽ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ തീരുമാനമെടുക്കാമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുകയും ഒരാഴ്ചയ്ക്കകം ഓഡിറ്റ് വിഭാഗത്തിന് മറുപടി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിയ്ക്കുകയും ലഭ്യമാക്കാമെന്ന് സെക്രട്ടറി അറിയിക്കുകയും ചെയ്തു.

പാലക്കാട് നഗരസഭ

32. പാടശേഖര സമിതിക്ക് കാർഷികയന്ത്രം എന്ന പദ്ധതിയിൽ 5 ലക്ഷം രൂപയ്ക്ക് വാങ്ങിയ പവർട്രില്ലർ നഗരസഭ ഇപ്പോൾ ശുചീകരണത്തിനുപയോഗിക്കുന്നുവെന്ന പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് 2001-02 കാലയളവിലാണ് ഈ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളതെന്നും പാടശേഖര സമിതി കാര്യക്ഷമമല്ലാത്തതിനാലും ട്രില്ലറുകൾ ഉപയോഗിക്കാത്തതിനാലും 28.04.2003-ലെ വികസന സ്റ്റാൻറിംഗ് കമ്മിറ്റി തീരുമാനപ്രകാരം പവർട്രില്ലറുകൾ നഗരസഭ തിരിച്ചെടുത്ത് ശുചീകരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയാണുണ്ടായതെന്നും അതിനുശേഷം പവർ ട്രില്ലർ പ്രവർത്തനരഹിതമായതിനെത്തുടർന്ന് റിപ്പയർ ചെയ്യാൻ സാധ്യമല്ലെന്ന് മനസ്സിലാക്കി നഗരസഭ കൈമാറ്റം ചെയ്ത് പുതിയ വാഹനങ്ങൾ വാങ്ങിയതായാണ് അന്വേഷണത്തിൽ മനസ്സിലായതെന്നും നഗരസഭ സെക്രട്ടറി വ്യക്തമാക്കി.

33. പഴയ പവർട്രില്ലറുകൾ എന്തു ചെയ്തുവെന്ന് സമിതി ആരാഞ്ഞതിന് നഗരസഭയുടെ അന്വേഷണത്തിലും ലഭ്യമായ റെക്കോർഡുകൾ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ പഴയ പവർട്രില്ലറുകൾ ഡിസ്പോസ് ചെയ്ത് പുതിയത് വാങ്ങിയതായാണ് കാണുന്നതെന്ന് സെക്രട്ടറി അറിയിച്ചു

34. പവർട്രില്ലർ നഗരസഭയുടെ ആസ്തിയായില്ലേയെന്ന് സമിതി ആരാഞ്ഞതിന് ഉപയോഗശൂന്യമായി റിപ്പയർ ചെയ്യേണ്ട അവസ്ഥയിലേയ്ക്ക് വന്നപ്പോൾ ലേലം ചെയ്ത് പുതിയ വാഹനങ്ങൾ വാങ്ങുകയാണുണ്ടായതെന്ന് സെക്രട്ടറി മറുപടി നൽകി.

35. ഓഡിറ്റ് വിഭാഗത്തിന് മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി തീരുമാനിച്ചു.

36. അദ്ധ്യായം 2-ലെ താഴെപ്പറയുന്ന ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

കാർഷിക യന്ത്രവൽക്കരണം ലക്ഷ്യം നേടിയില്ല

(കോഴിക്കോട്, ആലപ്പുഴ, കൊല്ലം ഒഴികെ)

വിവിധ ജില്ലകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതികളുടെ ഭാഗമായി കാർഷികയന്ത്രവൽക്കരണത്തിന് ചെലവഴിച്ച പദ്ധതി വിഹിതം പത്രിക:

ആലപ്പുഴ - 6,05,055/-

നിഗമനങ്ങൾ/ശിപാർശകൾ

37. അയ്മനം ഗ്രാമപഞ്ചായത്ത് പാടശേഖരങ്ങൾക്ക് വാങ്ങി നൽകിയ മോട്ടോറുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

38. തലശ്ശേരി നഗരസഭയുടെ പവർട്ടില്ലർ പാടശേഖര സമിതിയുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്നു എന്ന പരാമർശത്തിന്മേൽ ഒരാഴ്ചയ്ക്കകം ഓഡിറ്റ് വകുപ്പിന് മറുപടി ലഭ്യമാക്കണമെന്ന് 16.09.2021 ലെ യോഗത്തിൽ സമിതി നിർദ്ദേശിച്ചിരുന്നുവെങ്കിലും റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

39. പാലക്കാട് നഗരസഭ പാടശേഖര സമിതിയ്ക്ക് കാർഷികയന്ത്രം എന്ന പദ്ധതിയിൽ വാങ്ങിയ പവർട്ടില്ലർ ശ്രുചീകരണത്തിന് ഉപയോഗിക്കുന്നു എന്ന പരാമർശം സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് മറുപടി ലഭ്യമാക്കുന്നതിനും ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

40. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശത്തിലെ ശേഷിച്ച ഭാഗങ്ങൾ ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

തൃശ്ശൂർ ജില്ല

പൊതുപരാമർശം

ഓഡിറ്റ് ഖണ്ഡിക

പദ്ധതികൾ പൂർത്തിയായില്ല; 15.1 ലക്ഷം കൺവീനർമാരിൽ

തൃശ്ശൂർ ജില്ലയിലെ ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളുടെ 1516178 രൂപ വിവിധ വ്യക്തികളിൽ.

ഗുണഭോക്തൃ സമിതി കൺവീനർമാരുടെ കൈവശം വർഷങ്ങളായി കിടക്കുന്ന തുക ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സർക്കാർ നൽകിയ പദ്ധതി വിഹിതത്തിൽ നിന്നും വകമാറ്റിയതാണ് തുക. ജനകീയാസൂത്രണ വർഷങ്ങളിൽ അംഗീകാരം ലഭിച്ച വിവിധ പദ്ധതികൾക്ക് മുൻകൂർ നൽകിയതാണീ തുക. പദ്ധതികൾ മുഴുവനും മരാമത്ത് പണികളാണ്.

ചില പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും നടത്തിയിട്ടില്ല. മറ്റ് ചില പദ്ധതികളുടെ നിർവഹണം പുരോഗമിച്ചിട്ടുണ്ടാകാം. എന്നാൽ അവസാന ബില്ലുകൾ ഹാജരാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടെയുള്ള നിർവ്വഹണരേഖകൾ ലഭ്യമല്ല.

ചില പദ്ധതികൾക്ക് പഞ്ചായത്തിന്റെ വി.പി.എഫ്.ൽ നിന്നും മുൻകൂർ നൽകിയിട്ടുണ്ട്. മുൻകൂറിൽ ഒതുങ്ങിയ പദ്ധതികളിൽ അധികവും റോഡ് പണി, കുടിവെള്ള വിതരണം എന്നീ അടിസ്ഥാന വികസനം ലക്ഷ്യമിട്ടതാണ്.

97-98 മുതൽ 2001-2002 വരെ അംഗീകാരം ലഭിച്ചവയാണ് പദ്ധതികൾ. അംഗീകാരം ലഭിച്ച വർഷങ്ങളിൽ തന്നെ പൂർത്തിയാക്കേണ്ട പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ പഞ്ചായത്തുകൾ ശ്രമിച്ചതിന് രേഖയില്ല

തുടർ പദ്ധതികളായി അംഗീകരിച്ച് പിന്നീടുള്ള വർഷങ്ങളിൽ പൂർത്തിയാക്കിയതിനും രേഖയില്ല. മുൻകൂർ കൈപ്പറ്റി 45 ദിവസങ്ങളിൽ നിർവ്വഹണം തുടങ്ങാത്ത പദ്ധതികൾക്ക് നൽകിയ മുൻകൂറുകൾ 18 ശതമാനം പിഴപ്പലിശ ചുമത്തി ഈടാക്കാൻ ബഹു. ഓംബുഡ്സ്മാൻ വിധിച്ചിരുന്നു. പഞ്ചായത്തുകൾ വിധി നടപ്പാക്കാൻ ആർജ്ജവം കാട്ടിയില്ല. വർഷങ്ങൾക്കുമുമ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിലും തിരഞ്ഞെടുത്ത ഗുണഭോക്തൃ സമിതിയുടെ നേതൃത്വത്തിലും ഇനി പദ്ധതികൾ നിർവ്വഹിക്കാൻ കഴിയില്ല മാത്രമല്ല ഗുണഭോക്തൃ സമിതികൾ വഴിയുള്ള മരാമത്ത് പദ്ധതി നിർവ്വഹണത്തിന് സാധ്യതയുമില്ല. ഈ അവസ്ഥയിൽ പൊതുപണം സ്വകാര്യ വ്യക്തികൾ കൈയടക്കുന്നതിന് എതിരെ ജാഗ്രതയോടെയുള്ള നടപടികൾ വേണം.

സർക്കാർ ഉയർന്ന പലിശയ്ക്ക് സമാഹരിക്കുന്ന പദ്ധതി വിഹിതം ഇത്തരത്തിൽ ദുർവ്യയം ചെയ്തത് ഗൗരവമായി കാണേണ്ടതാണ്. പദ്ധതികൾ മുൻകൂറുകളായി ഒതുങ്ങി ജനങ്ങൾക്ക് വികസനം നിഷേധിക്കുന്നത് അധികാര വികേന്ദ്രീകരണത്തിന്റെ സത്തയും സാധ്യതകളും തകർക്കുന്നതാണ്.

വിവിധ പഞ്ചായത്തുകളിൽ ഈടാക്കാത്ത തുകകൾ താഴെ വിവരിക്കുന്നു.

മരാമത്ത് പണിയുടെ പേര്	**ഈടാക്കാനുള്ള മുൻകൂർ**
1. മേത്തല ഗ്രാമപഞ്ചായത്ത്	
(99-2000 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 22)	
1. നെല്ലിപറമ്പ് ലക്ഷം വീട് കോളനി റോഡ്	23600
2. മാങ്കുഴി റോഡ്	13500
3. കോട്ടപ്പുറം മാർക്കറ്റ് കാന നിർമ്മാണം	25000
4. കംപംകുളം ശുദ്ധജല പദ്ധതി	110000
5. പാലിയം തുരുത്ത് റോഡ്	16250
6. തീരദേശ റോഡ് അഭിവൃദ്ധി	28300
7. കുരിശിങ്കൽ ലെയിൻ കൾവർട്ട് നിർമ്മാണം	18600
8. മേനക റോഡ് ഫുട്പാത്ത് നിർമ്മാണം	2500

9.	പുറംപോക്ക് ഭൂമി പുനരധിവാസം	23800
10.	ശ്രീനാരായണ കടുക്കച്ചുവട് റോഡ്	2000
11.	പെരുംതോട് റോഡ്	6250
12.	തിരുവഞ്ചിക്കുളം ടെമ്പിൾ റോഡ് അഭിവൃദ്ധി	4550
	ആകെ	
	(ക്രമ നം. 6 മുതൽ 12 വരെ വി.പി.എഫ്.ൽ നിന്ന്)	**274350**

2. പുത്തൻചിറ ഗ്രാമപഞ്ചായത്ത്

(2000 -2001, 2001-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 9)

1.	ചേന്ദംഗിരി പാടശേഖര ബണ്ട്, പെട്ടിപറ നിർമ്മാണം	19000
2.	കോതറ ബണ്ട് റഗുലേറ്റർ ബ്രിഡ്ജ് നിർമ്മാണം	25000
3.	പിണ്ടാണി ലക്ഷംവീട് കോളനി കിണർ	1200
4.	കൊമ്പത്ത് കടവ് ലക്ഷം വീട് കോളനി റോഡ്	20000
5.	കൊമ്പത്ത് കടവ് കണക്കപ്പാടം റോഡ്	17000
	ആകെ	**82200**

3. പുതുക്കാട് ഗ്രാമപഞ്ചായത്ത്

(2000-01, 2001-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 12)

1.	വനിത തൊഴിൽ കേന്ദ്ര നിർമ്മാണം (ജനറൽ, പട്ടികവിഭാഗം)	164585
2.	ഗുരുവിജയ ഈസ്റ്റ് കോളനി റോഡ്	18000
3.	മേലേക്കയം എൽ. ഐ. സ്കീം	6000
	ആകെ	**188585**

4. അളഗപ്പനഗർ ഗ്രാമപഞ്ചായത്ത്

(2000-2001, 2001-2002 പദ്ധതി വിഹിതം ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 10)

1.	പടുക്കപ്പറമ്പ് ചീർപ്പ് നിർമ്മാണം	45000

2.	വില്ലനൊടി പാടം ചെക്ക് ഡാം	22000
3.	ചൂരക്കുളം തോട് നിർമാണം (2000-2001)	5000
4.	തോട്ടുങ്ങി തോട് പുനരുദ്ധാരണം (2000-2001)	22500
5.	ഒരുപറക്കുളം കവലൂർ ഫാംറോഡ് (2000-2001)	9000
6.	എരുമത്തടം റോഡ് (2001-2002)	2943
7.	ഭഗവതിക്കാവ് റോഡ് (2000-2001)	50000
8.	ആമ്പല്ലൂർ വടക്കേമുറി ബാലവാടി കെട്ടിടം (2000- 2001)	22250
9.	കമ്മ്യൂണിറ്റി ലാട്രിൻ (2000-2001)	8880
10	ഹോമിയോ ജലവിതരണ പദ്ധതി (2000-2001)	4540
11.	പഞ്ചായത്ത് ഓഫീസ് കെട്ടിടം അറ്റകുറ്റപ്പണി (00-01)	9400
	ആകെ	**201513**

5. കൊടകര ബ്ലോക്ക് പഞ്ചായത്ത്

(1999-2000, 2001-2002 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 19)

1.	കാവനാട് ലിഫ്റ്റ് ഇറിഗേഷൻ	160000
2.	മൂർക്കിംഗൽ-പുത്തനോലി ഇഞ്ചകുണ്ട് റോഡ്	86000
3.	അസ്ഹർ ഐ.എച്ച്.ഡി.പി.കോളനി ലിഫ്റ്റ് ഇറിഗേഷൻ (99 - 2000)	83000

4.	കുന്നത്തറ ലിഫ്റ്റ് ഇറിഗേഷൻ(2000 -2001)	33500
5.	പുലിക്കണ്ണി - വേലൂപ്പാടം ലിഫ്റ്റ് എക്സ്റ്റൻഷൻ	117530
6.	കോടാത്തിതാഴ ബണ്ട് സംരക്ഷണം	107500
7.	പാറക്കടവ് സംരക്ഷണം	82000
8.	മുപ്ലിയം ബാലവാടി നിർമ്മാണം	70000
	ആകെ	**739530**

6. പുത്തൂർ ഗ്രാമ പഞ്ചായത്ത്

1.	കലാകേന്ദ്രം, സാംസ്കാരിക സമുച്ചയ പുനരുദ്ധാരണം	30000
	ആകെ	**1516178**

പദ്ധതികൾ അടിയന്തിരമായി വിലയിരുത്തേണ്ടതും മൻകൂറുകൾ 18 ശതമാനം പിഴപ്പലിശ (നൽകിയതുമുതൽ തിരിച്ചടയ്ക്കുന്നത് വരെ) ചുമത്തി ഈടാക്കേണ്ടതുമാണ്. ഭരണവകുപ്പിന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.8.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

മേത്തല ഗ്രാമപഞ്ചായത്ത്

മാങ്കുഴി റോഡ് 13,500/- രൂപ

കോട്ടപ്പുറം മാർക്കറ്റ് കാനനിർമ്മാണം 25000/-രൂപ

കംപംകുളം ശുദ്ധജല പദ്ധതി 1,10,000/- രൂപ

41. മേത്തല ഗ്രാമപഞ്ചായത്തിനെ കൊടുങ്ങല്ലൂർ നഗരസഭയിൽ ചേർത്തിട്ടുണ്ടെന്നും മാങ്കുഴി റോഡ്, കോട്ടപ്പുറം മാർക്കറ്റ് കാന നിർമ്മാണം, കംപംകുളം ശുദ്ധജല പദ്ധതി

എന്നിവയിൽ കൺവീനർമാർക്ക് അഡ്വാൻസ് നൽകിയ തുക തിരികെ ഈടാക്കണമെന്നാണ് ഓഡിറ്റ് പരാമർശമെന്നും മാങ്കുഴി റോഡുമായി ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടി ആരംഭിച്ചുവെങ്കിലും തുക ഈടാക്കാൻ സാധിച്ചിട്ടില്ലെന്നും കൺവീനറായിരുന്ന ശ്രീ.പി.കെ.ഭാസ്കരൻ ജീവിച്ചിരിപ്പില്ലെന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞതെന്നും ബാക്കിയുള്ള രണ്ടു കേസുകളിലും ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി പ്രൊസീഡിംഗ്സ് ക്വാഷ് ചെയ്യുവെന്നും കൊടുങ്ങല്ലൂർ നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു

42. 2007-ൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടും ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞതിന് റവന്യൂ റിക്കവറിയിലൂടെ തുക ഈടാക്കി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് റവന്യൂ വകുപ്പിലേയ്ക്ക് ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി വ്യക്തമാക്കി.

43. മാങ്കുഴി റോഡ് പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുവാനും കോട്ടപ്പുറം മാർക്കറ്റ് കാന നിർമ്മാണം, കംപംകുളം. ശുദ്ധജല പദ്ധതി എന്നിവയിന്മേലുള്ള പരാമർശം കോടതി വിധിയുടെ പകർപ്പ് ഹാജരാക്കുന്ന മുറയ്ക്ക് ഒഴിവാക്കാമെന്നും സമിതി തീരുമാനിച്ചു

പുതുക്കാട് ഗ്രാമപഞ്ചായത്ത്

ഗുരുവിജയ ഈസ്റ്റ് കോളനി റോഡ് 18,000/-രൂപ

44. 2001-2002 സാമ്പത്തിക വർഷത്തിൽ 75,000/- രൂപ അടങ്കൽ തുകയുള്ള ഗുരുവിജയ ഈസ്റ്റ് കോളനി റോഡ് പ്രവൃത്തി ഏറ്റെടുത്തിരുന്നുവെന്നും 25.01.2002-ൽ 18,000/- രൂപ മൊബിലൈസേഷൻ അഡ്വാൻസായും 33,500/-രൂപ സെക്കന്റ് അഡ്വാൻസായും നൽകിയിട്ടുണ്ടെന്നും മെറ്റലിംഗ് പ്രവൃത്തി നടന്നുകൊണ്ടിരുന്നപ്പോൾ റെയിൽവേ എതിർപ്പ് പ്രകടിപ്പിച്ചതിനെ തുടർന്ന് പ്രസ്തുത പ്രവൃത്തി നിർത്തിവയ്ക്കേണ്ടി വന്നുവെന്നും റെയിൽവേയുടെ അനുമതിയ്ക്ക് കാലതാമസം വരുമെന്നതിനാൽ 21.05.2005-ൽ അന്നത്തെ പഞ്ചായത്ത് സെക്രട്ടറി വർക്ക് നിർത്തിവയ്ക്കാനുള്ള തീരുമാനമെടുക്കുകയും എഞ്ചിനീയറോട് അതുവരെയുള്ള വാല്യൂവേഷൻ കണക്കാക്കാൻ

ചുമതലപ്പെടുത്തുകയും ചെയ്യുവെന്നും പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

45. ഇതുസംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

അളഗപ്പനഗർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് വർഷം 2000-2001. കമ്മ്യൂണിറ്റി ലാട്രിൻ 8880/-രൂപ

46. കമ്മ്യൂണിറ്റി ലാട്രിനുവേണ്ടി അഡ്വാൻസായി 8,880/-രൂപ നൽകിയിരുന്നുവെങ്കിലും പ്രവൃത്തി പൂർത്തിയായിട്ടില്ലെന്നും 2007-ലെ പഞ്ചായത്ത് കമ്മ്യൂണിറ്റി ലാട്രിൻ പദ്ധതി ഉപേക്ഷിച്ചുവെന്നും അഡ്വാൻസായി നൽകിയ തുക തിരിച്ചടയ്ക്കാൻ കൺവീനറോട് ആവശ്യപ്പെട്ടപ്പോൾ മറുപടിയൊന്നും നൽകിയിട്ടില്ലെന്നും അതിന്റെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചുവെന്നും ആർ. ആർ. നോട്ടീസ് ലഭിച്ചതിനുശേഷം കൺവീനർ മറുപടി നൽകിയെന്നും അവിടെ കുഴി എടുത്ത് കരിങ്കല്ല് ഉപയോഗിച്ച് നിർമ്മിച്ച വകയിൽ 10,000/- രൂപ ചെലവായെന്ന് അദ്ദേഹം അറിയിച്ചുവെന്നും അതിന്റെ മെഷർമെന്റ് എടുത്തിട്ടില്ലായിരുന്നുവെന്നും ആ വ്യക്തിയുടെ പേരിൽ ആമ്പല്ലൂർ വില്ലേജിൽ സ്ഥാവരജംഗമ വസ്തുക്കളില്ലാത്തതിനാൽ റവന്യൂ റിക്കവറി നടപടി മടങ്ങി വരികയാണ് ചെയ്തതെന്നും ആർ. ആർ. നടപടികൾ ഒഴിവാക്കുന്നതിന് സർക്കാരിലേയ്ക്ക് അപേക്ഷ നൽകാൻ 2019-ൽ ഭരണസമിതി തീരുമാനമെടുത്തുവെന്നും പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

47. മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ തീരുമാനിച്ചു.

പഞ്ചായത്ത് ഓഫീസ് കെട്ടിടം അറ്റകുറ്റപണി ഖണ്ഡിക 3.8.1.4.11

(ഓഡിറ്റ് വർഷം 2000-2001 9400/- രൂപ)

48. പഞ്ചായത്ത് ഓഫീസ് കെട്ടിടം അപകടാവസ്ഥയിലായതുകൊണ്ട് മെയിന്റനൻസ് പ്രവൃത്തി ചെയ്യേണ്ടതില്ലെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചുവെന്നും അഡ്വാൻസ് തുക തിരിച്ചടയ്ക്കാത്തതിനാൽ ആർ.ആർ. നടപടിയ്ക്ക് ശിപാർശ ചെയ്യുകയും ആയതിൻ പ്രകാരം 10,308/-രൂപ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ടെന്നും കൺവീനർ 21.03.2017-ന്

മരണപ്പെട്ടതിനാൽ അദ്ദേഹത്തിന്റെ ഭാര്യ ജീവിയ്ക്കാൻ മറ്റ് മാർഗ്ഗങ്ങളില്ലെന്ന് കാണിച്ച് പഞ്ചായത്ത് ഭരണസമിതിയ്ക്ക് അപേക്ഷ നൽകിയിരുന്നുവെന്നും പ്രസ്തുത അപേക്ഷ പരിഗണിച്ച് ആർ.ആർ. നടപടി നിർത്തിവയ്ക്കാൻ സർക്കാരിലേയ്ക്ക് അപേക്ഷ നൽകാൻ തീരുമാനിക്കുകയും 08.01.2020-ന് കത്ത് നൽകുകയും ചെയ്തിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

49. സാധൂകരണം ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റ് വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭിക്കുമ്പോൾ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി തീരുമാനിച്ചു

കൊടകര ബ്ലോക്ക് പഞ്ചായത്ത്

തൃശ്ശൂർ ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളുടെ 15,16,178/-രൂപ വിവിധ വ്യക്തികളിൽ

(ഓഡിറ്റ് റിപ്പോർട്ട് 1999-2000,2001-02 ഖണ്ഡിക 19)

1. കാവനാട് ലിഫ്റ്റ് ഇറിഗേഷൻ -1,60,000/- രൂപ

50. കാവനാട് ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തിയുടെ കൺവീനറായ ശ്രീ.എം.എ.കൃഷ്ണന് അഡ്വാൻസ് ഇനത്തിൽ നൽകിയ 1,60,000/-രൂപ തിരിച്ചുപിടിക്കണമെന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതെന്നും നേരിട്ട് കാര്യങ്ങൾ അന്വേഷിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് ഉൾപ്പെടെ ഫോട്ടോകളും മറ്റ് രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തിന് കൈമാറിയിട്ടുള്ളതാണെന്നും നിലവിൽ പ്രസ്തുത പ്രോജക്ട് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

2. മുർക്കിംഗൽ-പുത്തനോലി ഇഞ്ചക്കുണ്ട് റോഡ്-86,000/- രൂപ

51. 12.06.2015 ലെ ഓഡിറ്റ് അദാലത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കിയിട്ടുള്ളതായി അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

3. അസ്ഹർ ഐ.എച്ച്.ഡി.പി. കോളനി ലിഫ്റ്റ് ഇറിഗേഷൻ (1999-2000) 83,000/-രൂപ

52. പ്രസ്തുത പദ്ധതിയിൽ അഡ്വാൻസായി 83,000/- രൂപ നൽകിയിട്ടുള്ളതാണെന്നും നേരിട്ട് അന്വേഷിച്ചപ്പോൾ പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങളായ പമ്പ് ഹൗസ് നിർമ്മിച്ചിട്ടുള്ളതും പ്രസ്തുത പമ്പ് ഹൗസിൽ നിന്ന് ആദൂർ കോളനിയിലുള്ള രണ്ട് ടാങ്കുകളിലേയ്ക്ക് പൈപ്പ് കണക്ഷൻ നൽകിയിട്ടുള്ളതാണെന്നും അവിടത്തെ എസ്.സി. ഗുണഭോക്താക്കൾക്ക് ഇപ്പോഴും പ്രയോജനം ലഭിക്കുന്ന വളരെ നല്ലൊരു പദ്ധതിയാണിതെന്നും ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിക്കുകയും സമിതി പ്രസ്തുത മറുപടി അംഗീകരിക്കുകയും ചെയ്തു.

4. പുലിക്കണ്ണി- വേലുപ്പാടം ലിഫ്റ്റ് എക്സ്റ്റൻഷൻ - 1,17,530- രൂപ

53. പുലിക്കണ്ണി-വേലുപ്പാടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ അഡ്വാൻസ് തുകയേക്കാൾ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുണ്ടെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എം.ബുക്ക് മെഷർ ചെയ്തിട്ടില്ല എന്നതാണ് പരാമർശമെന്നും നല്ല രീതിയിൽ നടന്നിട്ടുണ്ടെന്നും ഇതു സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയും പ്രസ്തുത മറുപടി സമിതി അംഗീകരിക്കുകയും ചെയ്തു.

54. തൃശ്ശൂർ ജില്ലയെ സംബന്ധിച്ച പൊതുപരാമർശത്തിലെ താഴെപ്പറയുന്ന ഓഡിറ്റ് ഖണ്ഡികകൾ ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

പൊതു പരാമർശം

പദ്ധതികൾ പൂർത്തിയായില്ല; 15.1 ലക്ഷം രൂപ കൺവീനർമാരിൽ

1. മേത്തല ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 1999 -2000 ഖണ്ഡിക 22

1. നെല്ലിപറമ്പ് ലക്ഷം വീട് കോളനി റോഡ്-	23,600/- രൂപ
2. പാലിയംതുരുത്ത് റോഡ് -	16,250/- രൂപ
3. തീരദേശ റോഡ് അഭിവൃദ്ധി -	28,300/- രൂപ

4. കുരിശിങ്കൽ ലെയിൽ കൾവെർട്ട് നിർമ്മാണം - 18,600/- രൂപ

5. മേനക റോഡ് ഫുട്പാത്ത് നിർമ്മാണം - 2500/- രൂപ

6. പുറമ്പോക്ക് ഭൂമി പുനരധിവാസം - 23,800/- രൂപ

7. ശ്രീനാരായണ കടുക്കച്ചുവട് റോഡ് - 2000/- രൂപ

8. പെരുംതോട് റോഡ് - 6250/- രൂപ

9. തിരുവഞ്ചിക്കുളം ടെമ്പിൾ റോഡ് അഭിവൃദ്ധി - 4550/- രൂപ

2) പുത്തൻചിറ ഗ്രാമപഞ്ചായത്ത്

(2000-2001, 2001-2002 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക:9)

ചേന്ദംഗിരി പാടശേഖര ബണ്ട്, പെട്ടിപറ നിർമ്മാണം - 19,000/- രൂപ

കോതറ ബണ്ട് റെഗുലേറ്റർ ബ്രിഡ്ജ് നിർമ്മാണം - 25,000/- രൂപ

പിണ്ടാണി ലക്ഷംവീട് കോളനി കിണർ - 1,200/- രൂപ

കൊമ്പത്ത് കടവ് ലക്ഷംവീട് കോളനി റോഡ് - 20,000/- രൂപ

കൊമ്പത്ത് കടവ് കണക്കപ്പാടം റോഡ് - 17,000/- രൂപ

3) പുള്ളുക്കാട് ഗ്രാമപഞ്ചായത്ത്

(2000-2001, 2001-2002 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക:12)

1. വനിത തൊഴിൽ കേന്ദ്ര നിർമ്മാണം - 1,64,585/- രൂപ
2. ഗുരുവിജയ ഈസ്റ്റ് കോളനി റോഡ് - 18,000/- രൂപ
3. മേലേക്കയം എൽ.ഐ. സ്കീം - 6,000/- രൂപ

4) അളഗപ്പനഗർ ഗ്രാമപഞ്ചായത്ത്

(2000-2001, 2001-2002 പദ്ധതി വിഹിതം ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക:10)

പടുക്കപ്പറമ്പ് ചീർപ്പ് നിർമ്മാണം - 45,000/- രൂപ

വില്ലനൊടി പാടം, ചെക്ക് ഡാം - 22,000/- രൂപ

ചൂരക്കുളം തോട് നിർമ്മാണം (2000-2001) - 5,000/- രൂപ

തോട്ടുരുത്തി തോട് പുനരുദ്ധാരണം (2000-2001) - 22,500/- രൂപ

ഒരുപറക്കുളം കവലൂർ ഫാം റോഡ് (2000-2001) - 9,000/- രൂപ

എരുമത്തടം റോഡ് (2001-2002) - 2,943/- രൂപ

ഭഗവതിക്കാവ് റോഡ് (2000-2001) - 50,000/- രൂപ

ആമ്പല്ലൂർ വടക്കേമുറി ബാലവാടി കെട്ടിടം(2000-2001) - 22,250/- രൂപ

ഹോമിയോ ജലവിതരണ പദ്ധതി (2000-2001) - 4,540/- രൂപ

5) കൊടകര ബ്ലോക്ക് പഞ്ചായത്ത്

(1999-2000, 2001-2002 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക:19)

കുന്നത്തറ ലിഫ്റ്റ് ഇറിഗേഷൻ (2000-2001) - 33,500/- രൂപ

പാറക്കടവ് സംരക്ഷണം - 82,000/- രൂപ

മുപ്ലിയം ബാലവാടി നിർമ്മാണം - 70,000/- രൂപ

കോടാത്തിതാഴ ബണ്ട് സംരക്ഷണം - 1,07,500/- രൂപ

6. പുത്തൂർ ഗ്രാമപഞ്ചായത്ത്

കലാകേന്ദ്രം, സാംസ്കാരിക സമുച്ചയ പുനരുദ്ധാരണം - 30,000/- രൂപ

നിഗമനങ്ങൾ/ശിപാർശകൾ

55. മേത്തല ഗ്രാമപഞ്ചായത്തിലെ കോട്ടപ്പുറം മാർക്കറ്റ്-കാന നിർമ്മാണം, കംപകളം ശുദ്ധജല പദ്ധതി എന്നിവയിന്മേലുള്ള പരാമർശം ബന്ധപ്പെട്ട കോടതി വിധിയുടെ പകർപ്പ് ഹാജരാക്കുന്ന മുറയ്ക്ക് ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

56. പുതുക്കാട് ഗ്രാമപഞ്ചായത്തിലെ ഗുരുവിജയ ഈസ്റ്റ് കോളനി റോഡ് പ്രവൃത്തി സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

57. അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിയ്ക്കായുള്ള അഡ്വാൻസ് തുക തിരികെ ഈടാക്കുന്നതിനായുള്ള

റവന്യൂ റിക്കവറി നടപടി നിർത്തിവയ്ക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം സംബന്ധിച്ച് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകുന്നതിനും ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

58. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിലെ ശേഷിച്ച പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ഷെഡ്യൂൾ നിരക്ക് ബാധകമാക്കിയില്ല ;
മണ്ണ് വിലയിൽ 6.7 ലക്ഷത്തിന്റെ ധൂർത്ത്

ചാഴൂർ, മണലൂർ, അന്തിക്കാട് ഗ്രാമപഞ്ചായത്തുകളിൽ മണ്ണ് വിലയിൽ വർദ്ധനവുണ്ടാക്കി പദ്ധതി വിഹിതം ധൂർത്തടിച്ചു. പഞ്ചായത്തുകളുടെ 99-2000, 2000-2001, 2001-2002 വർഷങ്ങളിലെ പദ്ധതി വിഹിതം ഓഡിറ്റിലാണ് ക്രമക്കേട് തെളിഞ്ഞത്.

പഞ്ചായത്തുകളുടെ മരാമത്ത് പണികൾക്ക് 'റോഡ് മണ്ണിട്ട് ഉയർത്തൽ' എന്ന ഇനത്തിന് അന്തിക്കാട് ബി.എൽ.ഇ.സി. ഉയർന്ന നിരക്കാണ് അനുവദിച്ചത്. 10 ഘനമീറ്റർ മണ്ണിന് പൊതുമരാമത്ത് ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 1.7.96 ൽ 408 രൂപയും 1.7.99-ൽ 730 രൂപയുമാണ് അനുവദനീയം. എന്നാൽ ബി.എൽ.ഇ.സി. ഷെഡ്യൂൾ നിരക്കുകൾ പാലിക്കാതെ 1.7.96 ൽ 1120 രൂപയും 1.7.99 ൽ 1720 രൂപയും അനുവദിച്ചിരിക്കുന്നു.

മണ്ണിന് ബി.എൽ.ഇ.സി. നിരക്ക് നിർണ്ണയിച്ചത് തോന്നിയ പോലെയാണ്. ചില പണികൾക്ക് 1.7.99 ലെ ഷെഡ്യൂൾ നിരക്കിൽ 10 ഘനമീറ്ററിനു 1296 രൂപ നൽകിയിട്ടുണ്ട്. 98-99 ലെ ചില പണികൾക്ക് 1039 രൂപ അനുവദിച്ചപ്പോൾ 99-2000 ൽ 1720 രൂപയും 2000-2001 ൽ 1296 രൂപയും 2002-2003 ൽ 1140 രൂപയും കണക്കാക്കിയിരിക്കുന്നു. നിയമങ്ങളും നിരക്കുകളും പാലിക്കാതെ ബി.എൽ.ഇ.സി. തന്നിഷ്ടപ്രകാരം നിരക്ക് നിർണ്ണയിച്ചതായി കാണാം.

മരാമത്ത് പണികളുടെ ഓരോ ഇനത്തിനും നിരക്ക് നിശ്ചയിക്കുന്ന ഡാറ്റായിലും ഷെഡ്യൂൾ നിരക്കിലും മാറ്റം വരുത്തിയാണ് അധിക നിരക്ക് നൽകിയത്. ഡേറ്റായിലും ഷെഡ്യൂളിലും മാറ്റം വരുത്താൻ സർക്കാരിന് മാത്രമാണ് അധികാരം. അതേപോലെ കടത്ത് കൂലി കണക്കാക്കിയതിലും സർക്കാർ നിർദ്ദേശങ്ങൾ മറികടന്നിട്ടുണ്ട്.

മണ്ണ് പ്രദേശികമായി ലഭ്യമായതിനാൽ കുറഞ്ഞ കടത്ത് കൂലി 5-കി.മി. മാത്രമാണ് അനുവദനീയം. പ്രാദേശികമായി മണ്ണ് ലഭ്യമല്ലാത്ത പ്രദേശങ്ങൾക്ക് സർക്കാർ പ്രത്യേക ഉത്തരവിലൂടെ കടത്ത് കൂലി അനുവദിക്കാറുണ്ട്. ഇങ്ങനെയുള്ള പ്രദേശങ്ങൾ അന്തിക്കാട് ബ്ലോക്കിലില്ല. ഈ നിർദ്ദേശങ്ങൾ ലംഘിച്ച് 15.കി.മീ. വരെ കടത്ത് കൂലി നൽകിയിരിക്കുന്നു.

ഓരോ ഗ്രാമപഞ്ചായത്തിലും മണ്ണ് വില അധികം നൽകിയത് താഴെ വിവരിക്കുന്നു.

1. ചാഴൂർ ഗ്രാമപഞ്ചായത്ത്

(2001-2002, 2001-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 4)

1999-2000, 2000-2001, 2001-2002 ലെ 30 മരാമത്ത് ബില്ലുകൾ പരിശോധിച്ചപ്പോൾ മണ്ണ് വിലയിൽ 439540 രൂപ അധികം നൽകിയതായി കണ്ടെത്തി. ഷെഡ്യൂൾ നിരക്കുകൾ ലംഘിച്ചും കടത്ത്കൂലി 13 കി. മീ. വരെ നൽകിയുമാണ് ബി.എൽ.ഇ.സി. നിരക്കിൽ വർദ്ധനവ് വരുത്തിയത്.

2. മണലൂർ ഗ്രാമപഞ്ചായത്ത്

(1999-2000, 2001-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 4)

1999-2000 മുതൽ 2001-2002 വരെയുള്ള 42 മരാമത്ത് ബില്ലുകളുടെ ഓഡിറ്റിൽ ആകെ 195764 രൂപ മണ്ണ വില അധികം നൽകിയതായി കണ്ടെത്തി.

3. അന്തിക്കാട് ഗ്രാമപഞ്ചായത്ത്

(1999-2000; 2001-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 14)

ഗ്രാമപഞ്ചായത്തിന്റെ 5 മരാമത്ത് ബില്ലുകളുടെ ഓഡിറ്റിൽ 37699 രൂപ അധികം നൽകിയതായി കാണുന്നു.

പൊതുമരാമത്ത് നിയമങ്ങളും നിരക്കുകളും ലംഘിച്ച് മണ്ണിന് ഉയർന്ന നിരക്ക് നൽകിയതിന് നീതീകരണമില്ല. നിയമവിരുദ്ധമായി ചെലവഴിച്ച 672993 രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.8.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

59. ചാഴൂർ ഗ്രാമപഞ്ചായത്തിൽ റോഡ് മണ്ണിട്ട് ഉയർത്തൽ പദ്ധതി നടപ്പാക്കിയപ്പോൾ 4,39,540/- രൂപ അധികം നൽകിയതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശമാണുള്ളതെന്നും ഗവൺമെന്റ് സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം 13 കിലോമീറ്റർ കൺവേയൻസിന് അനുമതി ലഭിച്ചതിനാൽ തടസ്സം ഒഴിവാക്കണമെന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ടെന്നും താന്ന്യം ഗ്രാമപഞ്ചായത്തിന് സമാനരീതിയിലുള്ള ഓഡിറ്റ് പരാമർശം സർക്കാർ ഒഴിവാക്കി നൽകിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

60. താന്ന്യം ഗ്രാമപഞ്ചായത്തിന് പരാമർശം ഒഴിവാക്കി കൊടുത്തു എന്നുള്ളത് വസ്തുതയാണെന്നും ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അനുമതി വാങ്ങിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് തടസ്സം ഒഴിവാക്കണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

61. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ചേർപ്പ് എം.എൽ.എ. ആയിരുന്ന ശ്രീ. കെ. പി. രാജേന്ദ്രന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി നൽകിയ 5.01.2005

തീയതിയായുള്ള കത്തിന്റെ ഉള്ളടക്കം അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിലെ അതിർത്തിക്കുള്ളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെടുക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് മണ്ണ് കൊണ്ടുവരുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 13 കി.മീ. കൺവേയൻസ് അനുവദിക്കുന്നതിന് അനുമതി നൽകുന്നുവെന്നായിരുന്നുവെന്നും ചാഴൂർ, അരിമ്പൂർ, മണലൂർ എന്നിവ അന്തിക്കാട് ബ്ലോക്കിന്റെ കീഴിൽ വരുന്ന പഞ്ചായത്തുകളായതുകൊണ്ടും താന്ന്യം ഗ്രാമപഞ്ചായത്തിന് ഉത്തരവ് നൽകിയിട്ടുള്ളതുകൊണ്ടും 2005 ജനുവരി 5-ാം തീയതി കൊടുത്ത കത്തിന്റെ അടിസ്ഥാനത്തിലുമാണ് മറ്റ് പഞ്ചായത്തുകൾ തീരുമാനമെടുത്ത് സർക്കാരിലേയ്ക്ക് സബ്മിഷൻ നൽകിയിട്ടുള്ളതെന്നും തദ്ദേശസ്വയംഭരണ സെക്രട്ടറി നൽകിയ പ്രസ്തുത കത്ത് ഓഡിറ്റ് വകുപ്പിന് നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

62. മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഖണ്ഡികകളിന്മേലുള്ള ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

63. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെയും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിമാരുടെയും മറുപടിയുടെ അടിസ്ഥാനത്തിൽ ചാഴൂർ, മണലൂർ, അന്തിക്കാട് ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്

മരാമത്ത് പണികൾ പൂർത്തിയായില്ല ;

7.8 ലക്ഷം കൺവീനർമാരിൽ

(1999-2000, 2000-01, 2001-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 21,23)

ജനകീയാസൂത്രണ വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് തുടങ്ങിയ 8 മരാമത്ത് പണികൾ പൂർത്തിയായിട്ടില്ല. ഈ പണികളുടെ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് വിവിധ മുൻകൂറുകളായി 785863/- രൂപ നൽകിയിട്ടുണ്ട്.

97-98, 98-99, 99-2000, 2000-01 വർഷങ്ങളിൽ സമാഹരണ മുൻകൂർ നൽകിയ പണികളാണ് മുടങ്ങിയത്. ജനകീയാസൂത്രണ നിർദ്ദേശ പ്രകാരം സമാഹരണ മുൻകൂർ ക്രമപ്പെടുത്താതെയാണ് തുടർന്ന് ഓരോ സാമ്പത്തിക വർഷവും മുൻകൂറുകൾ നൽകിയത്. ഇതിൽ ചില പദ്ധതികൾ തുടർപദ്ധതികളായി കാണിച്ചിട്ടുണ്ട്.

മുടങ്ങിയ പദ്ധതികൾ ഏറെയും റോഡ് പണികളാണ്. അടിസ്ഥാന പദ്ധതികളായ ഇവ സമയബന്ധിതമായി പൂർത്തിയാക്കാത്തതിൽ ഗ്രാമ പഞ്ചായത്തിന്റെ അനാസ്ഥ പ്രകടമാണ്.

മൂല്യനിർണ്ണയം നടത്തി പണികൾ അടിയന്തരമായി വിലയിരുത്തി കൺവീനർമാർക്ക് അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.8.1.13.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

64. ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച താഴെപ്പറയുന്ന ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു

1. **മരാമത്ത് പണികൾ പൂർത്തിയായില്ല; 7.8 ലക്ഷം കൺവീനർമാരിൽ**

(1999-2000, 2000-01, 2001-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 21, 23)

നിഗമനങ്ങൾ/ശിപാർശകൾ

65. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ആലക്കോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

പദ്ധതി വിഹിതം ചോരുന്നു;
ജലസേചന പദ്ധതികൾ പൂർത്തിയായില്ല

(2001-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക,6,7,8)

ജലസേചന പദ്ധതികളുടെ മറവിൽ പദ്ധതി വിഹിതം ധൂർത്തടിക്കുന്നു ജനകീയാസൂത്രണ വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് തുടങ്ങിയ 8 പദ്ധതികളിലാണ് പദ്ധതി വിഹിതം ചോരുന്നത്.

മൂന്ന് ഘട്ടങ്ങളായി പൂർത്തിയാക്കുവാൻ വിഭാവനം ചെയ്തതാണ് പദ്ധതികൾ. ജലസ്രോതസുകൾ ഒരുക്കുക, ടാങ്ക് നിർമ്മിക്കുക എന്നിവയായിരുന്നു ആദ്യ രണ്ട് ഘട്ടങ്ങളിൽ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഇവ പൂർത്തിയാക്കാതെ മൂന്നാംഘട്ടത്തിൽ ഉൾപ്പെട്ട പമ്പുസെറ്റുകൾ വാങ്ങി കൂട്ടിയതായി കാണുന്നു.

ഗുണഭോക്തൃ സമിതികളെ നിർവ്വഹണം ഏൽപിച്ച പദ്ധതികൾക്ക് നിയമപ്രകാരമുള്ള കരാർ ചമയ്ക്കാതെ വൻതുകകൾ മുൻകൂറായി നൽകിയതായി കാണുന്നു. മൂല്യനിർണയം നടത്തി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ഇവ ക്രമപ്പെടുത്തിയിട്ടില്ല.

8 പദ്ധതികൾക്കായി ഇതേവരെ 555682 രൂപ ചെലവു കാണുന്നു. ഇതിൽ ഒന്നുപോലും പൂർത്തീകരിച്ചിട്ടില്ല.

വർഷങ്ങൾക്കു മുൻപ് തയ്യാറാക്കിയ എസ്റ്റിമേറ്റിലും പദ്ധതി നിർദ്ദേശങ്ങളിലും ഇനി ഈ പദ്ധതികൾ പൂർത്തിയാക്കാനാവുമോ എന്ന് സംശയമാണ്. നിയമപരമായി നിലനിൽക്കുന്ന കരാറുകളുടെ അഭാവത്തിൽ കൺവീനർമാർക്ക് നൽകിയ മുൻകൂറുകളും

തിരിച്ച് ഈടാക്കാനായേക്കില്ല. അതിനാൽ പദ്ധതികൾ സമഗ്രാന്വേഷണം നടത്തി ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.13.7.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

66. 1998 മുതൽ മൂന്ന് വർഷത്തേയ്ക്കുള്ള 9-ഓളം ജലസേചന പദ്ധതികളുടെ പ്രോജക്ടായിരുന്നു ഇതെന്നും അതിൽ മൂന്ന് പദ്ധതികൾക്ക് ജലലഭ്യതയില്ലാത്തതുകാരണം പമ്പും മറ്റ് ഉപകരണങ്ങളും മറ്റ് പദ്ധതികൾക്കായി ഉപയോഗിച്ചുവരുന്നുണ്ടെന്നും ടി പദ്ധതികളുടെ എം. ബുക്കും മറ്റ് രേഖകളും ഹാജരാക്കിയില്ലെന്നുള്ളതാണ് പരാമർശമെന്നും ടി വിഷയം സംബന്ധിച്ച് പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർക്ക് കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ലെന്നും കഴക്കൽ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് അധികമായി കൈപ്പറ്റിയ തുക കൺവീനർ തിരിച്ചടച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്ജ്) അറിയിച്ചു.

67. ഇതുമായി ബന്ധപ്പെട്ട രേഖകൾ കൈവശമുണ്ടോയെന്നും രേഖകൾ നൽകാത്തത് എന്തുകൊണ്ടാണെന്നും സമിതി ആരാഞ്ഞതിന് നിലവിൽ വാല്യുവേഷൻ സർട്ടിഫിക്കറ്റ് മാത്രമാണുള്ളതെന്നും മറ്റുരേഖകളൊന്നും ലഭ്യമായിട്ടില്ലെന്നും നിർദ്ദേശം നൽകിയെങ്കിലും രേഖകൾ ഇതുവരെ ലഭിച്ചിട്ടില്ലെന്നും പദ്ധതികളെല്ലാം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറിയും വ്യക്തമാക്കി.

68. പ്രസ്തുത മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

നിഗമനങ്ങൾ/ശിപാർശകൾ

69. **ആലക്കോട് ഗ്രാമപഞ്ചായത്തിലെ പരാമർശവിധേയമായ ജലസേചനപദ്ധതികൾ നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

കണ്ണൂർ സർവ്വകലാശാല

ഓഡിറ്റ് ഖണ്ഡിക

അധിക ചുമതലക്ക് രണ്ട് ശമ്പളം

(2001-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 20)

അധിക ചുമതലയ്ക്ക് രണ്ട് തസ്തികയിലേയും ശമ്പളം കൈപ്പറ്റി കണ്ണൂർ സർവ്വകലാശാലയിലാണ് സർവ്വീസ് നിയമങ്ങൾക്ക് വിരുദ്ധമായ വേതനം വാങ്ങൽ.

പാലയാട് വിവരശാസ്ത്ര സാങ്കേതിക വിഭാഗം കോ-ഓർഡിനേറ്റർക്ക് ഐ.ടി. വിദ്യാഭ്യാസ വിഭാഗം ഡയറക്ടർ ഇൻ ചാർജ്ജിന്റെ അധിക ചുമതല കൂടി നൽകിയിരുന്നു. കോ- ഓർഡിനേറ്ററുടെ ശമ്പളത്തിന് പുറമെ ഇദ്ദേഹം അധിക ചുമതലയുടെ വേതനമായി മാസം 10000 രൂപ നിരക്കിൽ 38387 രൂപ കൈപ്പറ്റി.

രണ്ട് തസ്തികയിൽ ഒരേ സമയം ശമ്പളം വാങ്ങിയത് കെ.എസ്.ആർ. വാല്യം 1 റൂൾ 53(ബി) (1)ന് വിരുദ്ധമാണ്. അതിനാൽ സർവ്വീസ് നിയമപ്രകാരം ചാർജ്ജ് അലവൻസ് അധിക ചുമതലയുള്ള തസ്തികയിലെ കുറഞ്ഞ നിരക്കായ 16,400 രൂപയുടെ 10% നിരക്കിൽ പരമാവധി മൂന്നു മാസത്തെ ചാർജ്ജ് അലവൻസ് (ജി.ഒ(പി)നമ്പർ 879/98/ഫിൻ തീയതി : 09.05.98) ആയ (1640x3= 4920) കിഴിച്ച് ബാക്കി 33467 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.5.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

70. കുസാറ്റ്-ലെ പ്രൊഫസറായിരുന്ന ഡോ. ഇഗ്നേഷ്യസ് കുഞ്ഞുമോനെ ഡെപ്യൂട്ടേഷനിൽ കണ്ണൂർ സർവ്വകലാശാലയിൽ നിയമിക്കുകയും അദ്ദേഹത്തിന് യൂണിവേഴ്സിറ്റിയുടെ ടീച്ചിംഗ് വിഭാഗമായ പാലയാടിലെ ഐ.ടി. സെന്ററിന്റെ ചാർജ് കൊടുക്കുകയും ചെയ്തുവെന്നും കണ്ണൂർ സർവ്വകലാശാലയിൽ ഐ.ടി. ഡിപ്പാർട്ടുമെന്റിന് പുറമെ 5 ഐ.ടി. സെന്ററുകൾ തുടങ്ങുകയും അവിടെ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് കോഴ്സ് ആരംഭിക്കുകയും ചെയ്തുവെന്നും എന്നാൽ ടി കോഴ്സുകൾ പഠിപ്പിക്കാൻ വിദഗ്ധരായ

അദ്ധ്യാപകരില്ലായിരുന്നുവെന്നും സിൻഡിക്കേറ്റ് തീരുമാനപ്രകാരം അഞ്ച് സെന്ററുകളിൽ പഠിപ്പിക്കുന്നതിന് പ്രത്യേകം പ്രതിഫലമാണ് നൽകിയിരുന്നതെന്നും ഡിപ്പാർട്ട്മെന്റ് പ്രവൃത്തികൾക്ക് മാത്രമാണ് ശമ്പളം നൽകുന്നതെന്നും ഡോ.ഇഗ്നേഷ്യസ് കുഞ്ഞുമോനെ നിയമിച്ചിരുന്നത് ഐ.ടി. ഡിപ്പാർട്ട്മെന്റിലേക്ക് മാത്രമാണെന്നും അധികമായി തുടങ്ങിയ അഞ്ച് സെന്ററുകളുടെ സൂപ്പർവൈസറി ചുമതല കൂടി നൽകിയിട്ടുണ്ടായിരുന്നുവെന്നും അദ്ദേഹം ഇപ്പോൾ ജീവിച്ചിരിപ്പില്ലെന്നും സർവ്വകലാശാല രജിസ്ട്രാർ സമിതിയെ അറിയിച്ചു

71. നിയമപ്രകാരം അധികമായി അനുവദിയ്ക്കാവുന്ന തുക 10 ശതമാനമായി നിജപ്പെടുത്തിയിട്ടുള്ളപ്പോൾ അതിനു മുകളിൽ ശമ്പളം കൊടുത്തത് ന്യായീകരിക്കാനാവില്ലെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു

72. പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചപ്പോൾ ആയത് അയച്ചിട്ടുണ്ടെന്ന് രജിസ്ട്രാർ അറിയിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

73. കണ്ണൂർ സർവ്വകലാശാലയിൽ അധികച്ചുമതലയ്ക്ക് രണ്ട് തസ്തികകളിലെയും ശമ്പളം കൈപ്പറ്റിയെന്ന പരാമർശം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

യാത്രാബത്ത അനുവദിച്ചതിൽ ക്രമക്കേടുകൾ

(2001-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 30)

സെനറ്റ്/സിൻഡിക്കേറ്റ് അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും യാത്രാബത്ത അനുവദിച്ചതിൽ ക്രമക്കേടുകൾ.

1. സെനറ്റ്/സിൻഡിക്കേറ്റ് അംഗങ്ങൾക്ക് അടുത്തടുത്ത ദിവസങ്ങളിലെ മീറ്റിംഗുകൾക്ക് സ്പെഷ്യൽ കൺവേയൻസ് ഉപയോഗിച്ചതായി കാണിച്ച് യാത്രാബത്ത നൽകിയതായി കാണുന്നു. യാത്രാബത്ത വരുമാന മാർഗ്ഗമായി മാറരുതെന്ന നിർദ്ദേശത്തിന് വിരുദ്ധമായി ഈ ഇനത്തിൽ 10044 രൂപ അധികം ചെലവഴിച്ചതായി കാണുന്നു.

2. യാത്രാബത്ത മുൻകൂറായി വൈസ് ചാൻസലർക്ക് 10.10.2001 ൽ അനുവദിച്ച 30000 രൂപയും രജിസ്ട്രാർക്ക് 4.12.2001 ൽ നൽകിയ 12000 രൂപയും ക്രമപ്പെടുത്തിയതായി കാണുന്നില്ല. ധനവകുപ്പിന്റെ പി509/92 ഉത്തരവിന് വിരുദ്ധമായതിനാൽ മുൻകൂറുകൾ 12.5 ശതമാനം ഉൾപ്പെടെ ഈടാക്കണം.

3. സർക്കാർ അനുമതി വാങ്ങാതെ വിമാനയാത്രയ്ക്ക് എന്ന പേരിൽ നൽകിയ 14852 രൂപയും ക്രമീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.5.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

74. പ്രസ്തുത ഖണ്ഡികയുമായി ബന്ധപ്പെട്ട് അറിയിപ്പ് ലഭിച്ചില്ലെന്നും ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് അയയ്ക്കാമെന്നും രജിസ്ട്രാർ സമിതിയെ അറിയിച്ചതിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത ഖണ്ഡികകളെ സംബന്ധിച്ച പരാമർശം സർവ്വകലാശാലയെ അറിയിച്ചിട്ടുണ്ടെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

75. സിൻഡിക്കേറ്റ് അംഗങ്ങളുടെ യാത്രാച്ചെലവുകൾ കെ.എസ്.ആർ.ന്റെ പരിധിയിൽ വരുന്നില്ലെന്നും അവർക്ക് സ്പെഷ്യൽ റൂൾ അനുസരിച്ചുള്ള റ്റി.എ. ആണ് നൽകുന്നതെന്നും അവർ മറ്റ് അക്കോമഡേഷൻ ചാർജ്ജുകളോ ഡി.എ.യോ ക്ലെയിം ചെയ്യുന്നില്ലെന്നും അസിസ്റ്റന്റ് രജിസ്ട്രാർ സമിതിയെ ബോധ്യപ്പെടുത്തി.

76. ഒരു ഖണ്ഡികയെ സംബന്ധിച്ച് മാത്രമേ പരാമർശിച്ചിട്ടുള്ളുവെന്നും രണ്ടാമത്തെ ഖണ്ഡികയെ സംബന്ധിച്ച് അറിയില്ലെന്ന് രജിസ്ട്രാറും എന്നാൽ പ്രസ്തുത ഖണ്ഡിക സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെന്ന് അഡീഷണൽ സെക്രട്ടറിയും അറിയിച്ചപ്പോൾ ഇത്തരത്തിൽ നിരുത്തരവാദപരമായി മറുപടി നൽകിയതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

77. തനിയ്ക്ക് ലഭിച്ച കത്ത് പ്രകാരമാണ് മറുപടി പറഞ്ഞതെന്നും ഇത്തരത്തിൽ മറുപടി നൽകിയതിന് ക്ഷമ ചോദിയ്ക്കുന്നുവെന്നും രജിസ്ട്രാർ അറിയിച്ചു

78. സമിതി മുമ്പാകെ വ്യക്തമായി മറുപടി നൽകാൻ ബാധ്യസ്ഥനായ ഉദ്യോഗസ്ഥൻ അക്കാര്യം അറിയിക്കുന്നതിനുപകരം തെറ്റിദ്ധരിപ്പിക്കുന്നതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു.

79. ഖണ്ഡിക 2&3 എന്നിവ സംബന്ധിച്ച് മുൻകൂർ ഉക ക്രമീകരിച്ചിട്ടുള്ളതിനാൽ തടസ്സം ഒഴിവാക്കാവുന്നതാണെന്ന് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

80. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ഹിന്ദുമതധർമ്മ സ്ഥാപനങ്ങൾ
ശ്രീ തളി ദേവസ്വം, കോഴിക്കോട്

ഓഡിറ്റ് ഖണ്ഡിക

1. തളി ദേവസ്വത്തിൽ ധൂർത്തും ധനാപഹരണവും

(2002 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 14,15,17, 18,19,20)

കോഴിക്കോട് തളി ദേവസ്വത്തിൽ ധൂർത്തും ധനാപഹരണവും. 2002 ലെ കണക്ക് പരിശോധനയിൽ ആകെ 175147 രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തി.

വിശദാംശങ്ങൾ:

1. മൻകൂർ, പലവക രസീത് എന്നിങ്ങനെ വിവിധ തീയതികളിലെ വരവ് 18,373 രൂപ ക്ഷേത്ര ഫണ്ടിൽ ഒടുക്കാതെ അപഹരിച്ചു

2. ക്ഷേത്രഫണ്ട് 65,304.77 രൂപ ചെലവഴിച്ച് കലവറ സാധനങ്ങൾ വാങ്ങിയതായി കാണുന്നെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിനിയോഗം വിശദീകരിച്ചിട്ടില്ല. നിത്യത, വഴിപാട്, വിശേഷങ്ങൾ എന്നിവക്ക് ഇക്കാലത്ത് കലവറ സാധനങ്ങൾ പ്രത്യേകം വാങ്ങി വിനിയോഗിച്ചതിന് സ്റ്റോക്ക് രജിസ്റ്ററിൽ രേഖയുള്ളതിനാൽ ചെലവ് സംശയാസ്പദമാണ്. സാധൂകരണമില്ലാത്ത ചെലവ് 65304.77 രൂപ അനുവദിക്കുന്നില്ല.

3. വഴിപാട് പടിത്തരം പ്രകാരം ആവശ്യമായതിലും അധികം സാധനങ്ങൾ വിവിധ വഴിപാടുകൾക്ക് ഉപയോഗിച്ചതായി കാണുന്നു. വിളക്ക് വഴിപാട്, അപ്പം വഴിപാട്, അഷ്ടദ്രവ്യ ഗണപതി ഹോമം എന്നിവയ്ക്കാണ് പടിത്തരം അനുവദിക്കുന്നതിൽ അധികം എണ്ണ, നെയ്യ് ശർക്കര എന്നിവ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത്. ഈ ഇനത്തിലെ അധിക ചെലവ് 91,469 രൂപ വരും. ഇത്തരം ധൂർത്ത് ക്ഷേത്രാചാരത്തിന് വിരുദ്ധമായതിനാൽ അധിക ചെലവ് 91,469 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ക്ഷേത്ര ഫണ്ടിനുണ്ടായ മുകളിൽ വിവരിച്ച ആകെ നഷ്ടം 1,75,147 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

2. കലവറ സാധനങ്ങൾ സ്റ്റോക്കിലെടുത്തില്ല

(2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 17)

ക്ഷേത്ര കലവറയിലേയ്ക്ക് സാധനങ്ങൾ വാങ്ങുന്നതിന് 65,304.77 രൂപ ചെലവഴിച്ചതായി കാണുന്നു. വാങ്ങിയ സാധനങ്ങൾ കലവറ സ്റ്റോക്ക് രജിസ്റ്ററിൽ വരവ് കാണിച്ചിട്ടില്ല. സാധനങ്ങൾ ചെലവഴിച്ചതിനും രേഖയില്ല. രേഖയില്ലാത്ത ചെലവ് ധനദുർവിനിയോഗമായതിനാൽ 65,304.77 രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.

3. പതിവ് പാലിച്ചിട്ടില്ല. ദേവസ്വത്തിന് 91,469/- രൂപ നഷ്ടം

(2002 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 18, 19, 20)

ക്ഷേത്ര പതിവി (ഡിറ്റം) ന് വിരുദ്ധമായി കൂടുതൽ അളവിൽ കലവറ സാധനങ്ങൾ വഴിപാടുകൾക്ക് ചെലവഴിച്ചു. 2002 ലെ കലവറ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ ഈ ഇനത്തിൽ ദേവസ്വത്തിന് 91,469/- രൂപയുടെ നഷ്ടം കണക്കാക്കുന്നു.

ഓഡിറ്റിൽ കണ്ടെത്തിയ പ്രധാന വിവരങ്ങൾ താഴെ ചേർക്കുന്നു.

1. പതിവിനനുസരിച്ച് ഒരു വിളക്ക് വഴിപാടിന് 10 ഗ്രാം നല്ലെണ്ണ മതി. ഈ നിരക്കിൽ 2002 ൽ നടന്ന ആകെ വിളക്ക് വഴിപാട് 13,615/-എണ്ണത്തിന് 136.150 കിലോഗ്രാം നല്ലെണ്ണ വേണ്ടപ്പോൾ കലവറ സ്റ്റോക്ക് രജിസ്റ്ററിൽ 1348.50 കിലോഗ്രാം ചെലവ് കാണിച്ചിരിക്കുന്നു. പതിവിന് വിരുദ്ധമായി അധികം ചെലവഴിച്ച 1212.80 കിലോഗ്രാം നല്ലെണ്ണ വില 60,640/- രൂപ അംഗീകരിക്കുന്നില്ല.

2. അപ്പം വഴിപാടിന് 1710 ഗ്രാം ശർക്കരയും 3 ഗ്രാം നെയ്യുമാണ് പതിവ്. ഇതിന് വിരുദ്ധമായി 21 ഗ്രാം ശർക്കരയും 4 ഗ്രാം നെയ്യും വീതം കലവറ സ്റ്റോക്ക് രജിസ്റ്ററിൽ ചെലവെഴുതിയിരിക്കുന്നു. ഇതിനാൽ 2002 ൽ ആകെ 23,606.25 രൂപയുടെ നഷ്ടം കണക്കാക്കുന്നു.

3. അഷ്ടദ്രവ്യ ഗണപതി ഹോമത്തിന് 125 ഗ്രാം ശർക്കര വീതമാണ് പതിവ്. കലവറ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 250 ഗ്രാം വീതമാണ് ചെലവ്. പതിവിന് വിരുദ്ധമായി ചെലവഴിച്ച ശർക്കരയുടെ വില 7,223 രൂപ ദേവസ്വത്തിന് നഷ്ടമാണ്.

ദേവസ്വത്തിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 7.II.(i)1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് റവന്യൂ (ദേവസ്വം) വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

81. താഴെപ്പറയുന്ന ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

II ഹിന്ദുമതധർമ്മ സ്ഥാപനങ്ങൾ

(i) എച്ച്.ആർ.ഇ. ഓഡിറ്റ്, പാലക്കാട്

1. ശ്രീ. തളി ദേവസ്വം, കോഴിക്കോട്

തളി ദേവസ്വത്തിൽ ധൂർത്തും ധനാപഹരണവും

(2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 14, 15, 17, 18, 19, 20)

കലവറ സാധനങ്ങൾ സ്റ്റോക്കിലെടുത്തില്ല

(2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 17)

പതിവ് പാലിച്ചിട്ടില്ല; ദേവസ്വത്തിന് 91,469/- രൂപ നഷ്ടം

(2002 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 18, 19, 20)

നിഗമനങ്ങൾ/ശിപാർശകൾ

82. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ശ്രീ. തളി ദേവസ്വത്തെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

എച്ച്.ആർ.ഇ. ഓഡിറ്റ്, തലശ്ശേരി

ശ്രീ കൊട്ടിയൂർ ദേവസ്വം; കണ്ണൂർ

ഓഡിറ്റ് ഖണ്ഡിക

1. കേസ് സർക്കാരിനെതിരെ; ചെലവ് ക്ഷേത്രഫണ്ടിൽ നിന്ന്

(2000-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 30)

സർക്കാർ ഓർഡിനൻസിനെതിരെ കേസ് കൊടുക്കാൻ ക്ഷേത്ര ഫണ്ടിൽ നിന്നും സംഭാവന.

മലബാർ ദേവസ്വം ബോർഡ് ഭൂപീകരിക്കുന്നതിന് സർക്കാർ ഇറക്കിയ ഓർഡിനൻസിനെതിരെ ഹൈക്കോടതിയിൽ കേസ് കൊടുക്കുന്നതിനാണ് മലബാർ ദേവസ്വം ട്രസ്റ്റീസ് അസോസിയേഷന് 13,250 - രൂപ കൊട്ടിയൂർ ദേവസ്വം ഫണ്ടിൽ നിന്നും സംഭാവന നൽകിയത്.

ക്ഷേത്രതാൽപ്പര്യത്തിന് വിരുദ്ധവും ട്രസ്റ്റിമാരുടെ വ്യക്തി താൽപര്യത്തിന് വേണ്ടിയുള്ളതുമായതിനാൽ ചെലവ് 13,250/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഉത്തരവാദികളിൽ നിന്ന് തുക ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 7.II(ii)1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് റവന്യൂ (ദേവസ്വം) വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

83. സർക്കാർ ഓർഡിനൻസിനെതിരെ ഹൈക്കോടതിയിൽ കേസ് കൊടുക്കുന്നതിന് ട്രസ്റ്റീസ് അസ്സോസിയേഷന് ദേവസ്വം ഫണ്ടിൽ നിന്നും തുക നൽകിയതുമായി ബന്ധപ്പെട്ടാണ് ഓഡിറ്റ് പരാമർശമെന്ന് ഡെപ്യൂട്ടി കമ്മീഷണർ സമിതിയെ അറിയിച്ചതിന് മലബാർ ട്രസ്റ്റീസ് അസ്സോസിയേഷൻ ക്ഷേത്ര ഫണ്ടിൽ നിന്നും എടുത്ത തുക തിരികെ ഈടാക്കിയതിനുശേഷം ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ആയത് സമർപ്പിക്കാമെന്ന് ഡെപ്യൂട്ടി കമ്മീഷണർ സമിതിയെ അറിയിക്കുകയും ചെയ്തു.

നിഗമനങ്ങൾ/ശിപാർശകൾ

84. മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിന് സർക്കാർ ഇറക്കിയ ഓർഡിനൻസിനെതിരെ ഹൈക്കോടതിയിൽ കേസ് കൊടുക്കുന്നതിനായി മലബാർ ദേവസ്വം ട്രസ്റ്റീസ് അസോസിയേഷന് ക്ഷേത്രഫണ്ടിൽ നിന്നും നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ശ്രീ പെരളശ്ശേരി ക്ഷേത്രം, കണ്ണൂർ

ഓഡിറ്റ് ഖണ്ഡിക

1. കളം നവീകരണം; ക്ഷേത്രഫണ്ടിന് നഷ്ടം

(2002-03 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 26)

ഭരണവകുപ്പിന്റെ നിർദ്ദേശത്തിന് വിരുദ്ധമായി എസ്റ്റിമേറ്റ് തയ്യാറാക്കിയ ആളെത്തന്നെ ക്ഷേത്രക്കളം നവീകരണ വേലയുടെ മേൽനോട്ടവും മൂല്യനിർണ്ണയവും ട്രസ്റ്റി ബോർഡ് ഏൽപ്പിച്ചു. ഇതിനാൽ ക്ഷേത്രത്തിന് വൻ സാമ്പത്തിക നഷ്ടം കണക്കാക്കുന്നു.

2000-01 ൽ പൂർത്തിയാക്കിയ നവീകരണ വേലയുടെ മേൽനോട്ടം കണ്ണൂരിലെ ഒരു സ്വകാര്യ കമ്പനിക്കായിരുന്നു. ഈ സ്ഥാപനത്തിലെ എസ്റ്റിമേറ്റ് തയ്യാറാക്കിയ ആളെ തന്നെ ക്ഷേത്രം ട്രസ്റ്റി ബോർഡ് പണിയുടെ മേൽനോട്ടം ഏൽപ്പിച്ചു

ട്രസ്റ്റിബോർഡിന്റെ നടപടിക്ക് എച്ച്.ആർ.ഇ. തലശ്ശേരി അസിസ്റ്റന്റ് കമ്മീഷണർ അംഗീകാരം നിഷേധിച്ചു. ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ വ്യവസ്ഥ അനുസരിച്ച് യോഗ്യതയുള്ള ആളെ കുറഞ്ഞ വേതനത്തിന് മേൽനോട്ടം ഏൽപ്പിക്കാനായിരുന്നു അസിസ്റ്റന്റ് കമ്മീഷണറുടെ നിർദ്ദേശം. അസിസ്റ്റന്റ് കമ്മീഷണറുടെ നിർദ്ദേശം അംഗീകരിക്കാതെ ട്രസ്റ്റി ബോർഡ് മേൽനോട്ടം നടത്തിയ ആൾ ആവശ്യപ്പെടാതെ പ്രവൃത്തി മൂല്യത്തിന്റെ 3 ശതമാനം പ്രതിഫലം നിശ്ചയിക്കുകയും ചെയ്തു.

തുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കി മേൽനോട്ടം നടത്തിയ ആളെത്തന്നെ ട്രസ്റ്റി ബോർഡ് പ്രവൃത്തിയുടെ മൂല്യനിർണ്ണയവും ഏൽപ്പിച്ചു. 80.08 ലക്ഷം രൂപയായിരുന്നു പ്രവൃത്തി മൂല്യം. ഇത് നിയമപരമായി ഉത്തരവാദപ്പെട്ട ആരും ചെക്ക് മെഷർ ചെയ്തില്ല. മാത്രമല്ല എസ്റ്റിമേറ്റും മൂല്യനിർണ്ണയവും ഒരാൾ തന്നെയായത് ക്ഷേത്രഫണ്ടിന് വൻ സാമ്പത്തിക ബാധ്യതയും വരുത്തി.

പ്രവൃത്തിമൂല്യത്തിന്റെ 3 ശതമാനം 240252/- രൂപ പ്രതിഫലം നൽകാൻ അസിസ്റ്റന്റ് കമ്മിഷണർ അനുമതി നിഷേധിച്ചതിനെ തുടർന്ന് മേൽനോട്ടക്കാരൻ ഹൈക്കോടതിയിൽ നിന്ന് അനുകൂല വിധി നേടി പ്രതിഫലം വാങ്ങി.

ക്ഷേത്രകുളം നവീകരണത്തിൽ ക്ഷേത്ര താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെട്ടില്ലെന്ന് വ്യക്തമായതിനാൽ അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 7.II(ii)2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് റവന്യൂ (ദേവസ്വം) വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

85. കരാർ കൊടുത്ത പ്രവൃത്തിക്ക് മലബാർ ദേവസ്വം ബോർഡിന്റെ എക്സിക്യൂട്ടീവ് ഓഫീസർ/ട്രസ്റ്റിയാണ് മേൽനോട്ടം വഹിക്കേണ്ടതെന്നും കരാറുകാരന് സൂപ്പർവിഷൻ ചാർജ് നിലവിലെ ഒന്നര ശതമാനത്തിൽനിന്നും മൂന്ന് ശതമാനമാക്കി ഉയർത്തി നൽകിയതാണ് പരാമർശമെന്നും ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് തുക നൽകിയതെന്നും ഡെപ്യൂട്ടി കമ്മീഷണർ സമിതിയെ അറിയിച്ചു

86. എൽ.എസ്.ജി.ഡി. പ്രവൃത്തികൾക്ക് രണ്ടര ശതമാനമാണ് സൂപ്പർവിഷൻ ചാർജ് നൽകുന്നതെന്നും ഇവിടെ കരാർ കൊടുത്ത വ്യക്തിക്ക് മൂന്ന് ശതമാനം നിരക്കിൽ മേൽനോട്ടച്ചുമതല നൽകുകയാണുണ്ടായതെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

87. തുടർന്ന് എഞ്ചിനീയറെ മേൽനോട്ടച്ചുമതല ഏൽപ്പിച്ചിരുന്നെങ്കിൽ ഓഡിറ്റ് പരാമർശം ഉണ്ടാകുമായിരുന്നില്ലെന്നും കരാറുകാരനെ മേൽനോട്ടച്ചുമതല ഏൽപ്പിച്ചത് അംഗീകരിക്കാവുന്നതല്ലെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ, മലബാർ ദേവസ്വം ബോർഡിന് സൂപ്പർവൈസറി അധികാരം മാത്രമേയുള്ളുവെന്നും അതത് ക്ഷേത്രങ്ങളുടെ അധികാരം ട്രസ്റ്റികൾക്കാണെന്നും മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണർ സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത വിഷയം ദേവസ്വം ബോർഡ് കമ്മീഷണർ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും ടി റിപ്പോർട്ട് പരിശോധനയ്ക്ക് വിധേയമാക്കി ഓഡിറ്റ് വകുപ്പ് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു

നിഗമനങ്ങൾ/ശിപാർശകൾ

88. കണ്ണൂർ ശ്രീപെരളശ്ശേരി ക്ഷേത്രക്കുളം നവീകരണത്തിന്റെ മേൽനോട്ടച്ചുമതല ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ വ്യവസ്ഥയനുസരിച്ച് യോഗ്യതയുള്ളയാളെ ഏൽപ്പിക്കാതെ കരാറുകാരനെ ഏൽപ്പിച്ചത് സംബന്ധിച്ച് ദേവസ്വം ബോർഡ് കമ്മീഷണർ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും ആയത് പരിശോധനയ്ക്ക് വിധേയമാക്കി ഓഡിറ്റ് വകുപ്പ് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ശ്രീ നച്യാട്ട് കാവ് ചുഴലി ഭഗവതിക്ഷേത്രം, കണ്ണൂർ

ഓഡിറ്റ് ഖണ്ഡിക

1. കാവൽ ജോലിക്ക് ശമ്പളം രണ്ട് തവണ

(96-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 24 (ബി))

ക്ഷേത്രം കാവൽ ജോലി അധികമായി ചെയ്ത വാദ്യക്കാരന് ശമ്പളകൂടിശ്ശിക രണ്ട് തവണ.

നച്യാട്ട് കാവ് ചുഴലി ഭഗവതി ക്ഷേത്രത്തിലാണ് കാവൽ ജോലിക്ക് ശമ്പള കുടിശ്ശിക നല്കിയതായി രണ്ട് തവണ 19080 രൂപ ചെലവെഴുതിയത്.

കാവൽക്കാരന്റെ തസ്തിക ഒഴിഞ്ഞ് കിടന്നതിനാൽ വാദ്യം ജോലിക്കാരനാണ് കാവൽ ജോലി അധികമായി ചെയ്തിരുന്നത്. 96,97,98 വർഷങ്ങളിലെ കാവൽ തസ്തികയിലെ ആകെ ശമ്പള കുടിശ്ശിക 19080/- രൂപ വാദ്യക്കാരന് യഥാക്രമം 9/98, 4/99, 5/99 എന്നീ മാസങ്ങളിൽ നല്കിയിരുന്നു. തുടർന്ന് 5/2002 ൽ ഇതേ ആവശ്യത്തിന് 19080 രൂപ ചെലവ് എഴുതിയതായി കാണുന്നു. അക്വിറ്റൻസ് രജിസ്റ്ററിൽ ചേർക്കാതെ പ്രത്യേകം ചെലവെഴുതിയ വൗച്ചറുകളിൽ കൈപ്പറ്റ് തീയതി, പേര്, ഒപ്പ് എന്നിവ ഇല്ല. അനധികൃതമായി എഴുതിയെടുത്ത 19080/-രൂപ ഉടൻ ക്ഷേത്രഫണ്ടിൽ തിരിച്ചടക്കേണ്ടതാണ്.

2. സ്ഥിര നിക്ഷേപം: 1.94 ലക്ഷം കാണാനില്ല

(96 -2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 28)

നച്യാട്ട് കാവ് ക്ഷേത്ര ഫണ്ടിൽ നിന്നും സ്ഥിരനിക്ഷേപം നടത്തിയതായി പറയുന്ന 1,94,000/- രൂപയുടെ രേഖകൾ കാണാനില്ല. 2003 അവസാനം ഇത്രയും തുക സ്ഥിരനിക്ഷേപമുള്ളതായി ക്യാഷ് ബുക്കിൽ രേഖയുണ്ട്. എന്നാൽ ഓഡിറ്റിൽ ആവശ്യപ്പെട്ടിട്ടും സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റോ നിക്ഷേപം പിൻവലിച്ച് ക്ഷേത്രഫണ്ടിൽ മുതൽക്കൂട്ടിയ രേഖകളോ ഹാജരാക്കിയില്ല. മാത്രമല്ല സ്ഥിരനിക്ഷേപ രജിസ്റ്ററും ലഭ്യമാക്കിയില്ല. ഇതിനാൽ 1.94 ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപം അപഹരിച്ചതായോ ദുർവിനിയോഗം ചെയ്തതായോ സംശയിക്കുന്നു. ഭരണ വകുപ്പിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 7.II(ii).3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് റവന്യൂ (ദേവസ്വം) വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

89. ക്ഷേത്രം കാവൽ ജോലി അധികമായി ചെയ്ത വാദ്യക്കാരന് ശമ്പള കുടിശ്ശിക രണ്ടുതവണ നൽകിയെന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നതെന്നും ഉത്തരവാദിയായ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. കെ. മോഹൻദാസിന് എതിരെ സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ടെങ്കിലും നടപടി പെൻഡിംഗാണെന്നും ടി വിഷയത്തിന്മേൽ നടപടി സ്വീകരിച്ച് എത്രയുവേഗം ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുകയും നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് ഡെപ്യൂട്ടി കമ്മീഷണർ സമിതിയെ അറിയിക്കുകയും ചെയ്തു.

90. സ്ഥിര നിക്ഷേപം-1.94 ലക്ഷം കാണാനില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സ്ഥിരനിക്ഷേപം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി ക്ഷേത്ര ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് ഈടാക്കി ക്ഷേത്ര ഫണ്ടിൽ വരവ് വയ്ക്കുന്നതിന് നടപടി സ്വീകരിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകണമെന്ന് സമിതി

നിർദ്ദേശിക്കുകയും റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് ഡെപ്യൂട്ടി കമ്മീഷണർ സമിതിയെ അറിയിക്കുകയും ചെയ്തു.

നിഗമനങ്ങൾ/ശിപാർശകൾ

91. ശ്രീ. നച്ച്യാട്ട് കാവ് ചൂഴലി ഭഗവതി ക്ഷേത്രം കാവൽ ജോലി അധികമായി ചെയ്ത വാദ്യക്കാരന് ശമ്പള കുടിശ്ശിക രണ്ട് തവണ നൽകിയെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ഉത്തരവാദിയായ എക്സിക്യൂട്ടീവ് ഓഫീസർക്കെതിരെ നടപടി സ്വീകരിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

92. ക്ഷേത്രത്തിലെ കാണാതായ സ്ഥിരനിക്ഷേപം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി ക്ഷേത്ര ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ശ്രീ ജഗന്നാഥ ക്ഷേത്രം, കണ്ണൂർ

ഓഡിറ്റ് ഖണ്ഡിക

1. അക്കൗണ്ടില്ല; ക്ഷേത്രഫണ്ട് വകമാറ്റുന്നു

(99-2003 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 26)

ലക്ഷങ്ങൾ വരവ് ചെലവുള്ള തലശ്ശേരി ശ്രീ ജഗന്നാഥ ക്ഷേത്ര ഫണ്ടിന് സ്വതന്ത്രമായ അക്കൗണ്ടില്ല.

ക്ഷേത്രവരവിൽ ദൈനംദിന ചെലവ് കിഴിച്ച് ബാക്കി ശ്രീ ജ്ഞാനോദയ യോഗം അക്കൗണ്ടിലേക്ക് വകമാറ്റുകയാണ് ഇപ്പോൾ. യോഗം അക്കൗണ്ടിൽ ക്ഷേത്രത്തിലെ യഥാർത്ഥ വരവ് ചെലവുകൾ പ്രതിഫലിക്കുന്നില്ല. മാത്രമല്ല യോഗം കണക്കുകൾ ഓഡിറ്റിന് പുറത്തായതിനാൽ ക്ഷേത്രത്തിലെ വരവ്/ചെലവിന്റെ കൃത്യത പരിശോധിക്കാനുമാവുന്നില്ല.

99-2003 ൽ ആകെ 31,33,922/- രൂപ ക്ഷേത്ര വരവിൽ ക്ഷേത്ര ചെലവ് 30,15,393/- രൂപ കഴിച്ച് 1,18,529/- രൂപ യോഗം ഫണ്ടിലേക്ക് വകമാറ്റിയതായി കാണുന്നു.

ക്ഷേത്ര ഫണ്ടിന് സ്വതന്ത്രമായ അക്കൗണ്ട് സൃഷ്ടിച്ച് യോഗം അക്കൗണ്ടിലേക്ക് അധികം വകമാറ്റിയ 1,18,529/- രൂപ തിരിച്ച് ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 7.II(ii)4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് റവന്യൂ (ദേവസ്വം) വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

93. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച തുക ക്ഷേത്ര ഫണ്ടിലേക്ക് ഒടുക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ശ്രീ ജഗന്നാഥ ക്ഷേത്രത്തെ 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും ഓഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

94. ഓഡിറ്റ് പരാമർശിച്ച തുക ശ്രീ ജഗന്നാഥ ക്ഷേത്രഫണ്ടിലേയ്ക്ക് തിരികെ ഈടാക്കാനാവശ്യമായ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ക്ഷേത്രത്തെ 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ശ്രീ കാപ്പാട്ടുകാവ് ക്ഷേത്രം, കണ്ണൂർ

ഓഡിറ്റ് ഖണ്ഡിക

1. സ്ഥലം വാങ്ങിയില്ല; മുൻകൂർ തിരിച്ചടച്ചില്ല

(1996-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 29)

സ്ഥലം വാങ്ങിയുമില്ല സ്ഥലവിലയിൽ മുൻകൂറായി ക്ഷേത്ര ഫണ്ടിൽ നിന്നും നൽകിയ 30,000/- രൂപ തിരിച്ച് ഈടാക്കിയുമില്ല.

കണ്ണൂർ ശ്രീ കാപ്പാട്ട്കാവ് ക്ഷേത്ര കണക്കിലാണ് സ്ഥലം വാങ്ങാനെന്ന പേരിൽ രണ്ടര വർഷം മുമ്പ് നൽകിയ മുൻകൂർ ക്രമപ്പെടുത്താനുള്ളത്. ക്ഷേത്രത്തോട് ചേർന്ന് 30 സെന്റ് സ്ഥലം വാങ്ങുന്നതിന് വിലയുടെ ആദ്യ മുൻകൂറായി 30,000/- രൂപ ക്ഷേത്ര കമ്മിറ്റി സെക്രട്ടറിക്ക് 4/2001 ൽ നൽകിയിരുന്നു. നിയമപ്രകാരം ആവശ്യമായ എച്ച്.ആർ.ഇ. തലശ്ശേരി അസിസ്റ്റന്റ് കമ്മിഷണറുടെ അനുമതി ഇതിനില്ലായിരുന്നു. മുൻകൂർ കൈപ്പറ്റി രണ്ടര വർഷം കഴിഞ്ഞിട്ടും സ്ഥലം വാങ്ങിയതായി രേഖയില്ല അതിനാൽ മുൻകൂർ ഉടൻ തിരിച്ച് ഈടാക്കണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 7.II(ii)5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് റവന്യൂ (ദേവസ്വം) വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

95. ഓഡിറ്റ് പരാമർശത്തിന്മേലുള്ള തുക ക്ഷേത്ര ഫണ്ടിൽ തിരിച്ചടച്ചത് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

96. ശ്രീ കാപ്പാട്ടുകാവ് ക്ഷേത്രത്തെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള തുക ക്ഷേത്രഫണ്ടിൽ തിരിച്ചടച്ചത് പരിശോധിച്ച് ബോധ്യപ്പെട്ടു എന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

മധൂർ ശ്രീ മദനന്തേശ്വര
വിനായക ക്ഷേത്രം, കാസർഗോഡ്

ഓഡിറ്റ് ഖണ്ഡിക

1. ദേവസ്വം വാഹനം ദുരുപയോഗം ചെയ്തു

(2002-2003 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 50)

മധൂർ ശ്രീ മദനന്തേശ്വര വിനായക ക്ഷേത്രത്തിലെ ജീപ്പ് ദുരുപയോഗം ചെയ്തു.

2002-03 ൽ ജീപ്പിന് ഡീസൽ, അറ്റകുറ്റപ്പണി ചെലവ് 1.37 ലക്ഷം രൂപയാണ്. ഇതിൽ 62,128/- രൂപ ഡീസൽ ചെലവാണ്.

ക്ഷേത്രാവശ്യത്തിന് പരിമിതമായ യാത്രക്ക് വാങ്ങിയ ജീപ്പ് വൻ ചെലവ് വരുത്തിയത് സംശയാസ്പദമാണ്.

ലോഗ് ബുക്ക് കൃത്യമല്ല. യാത്ര ചെയ്ത ഉദ്യോഗസ്ഥന്റെ പേര്, ഒപ്പ്, ഉദ്യോഗപ്പേര്, യാത്രയുടെ ഉദ്ദേശ്യം, ഇന്ധനം നിറച്ചതിന്റെ വിവരം, ഇന്ധന സംഭരണിയുടെ അളവ്, അറ്റകുറ്റപ്പണികളുടെ വിവരം എന്നിവ ലോഗ് ബുക്കിലില്ല. ക്ഷേത്ര പരിധിയിൽപ്പെടാത്ത കോഴിക്കോട്, കണ്ണൂർ, തളിപ്പറമ്പ് എന്നിവിടങ്ങളിലേക്ക് വാഹനം നിരന്തരം ഓടിയതായി കാണുന്നു. ലോഗ് ബുക്കിലെ മുഴുവൻ പേജുകളും ഒരാൾ തന്നെ എഴുതിയതായി കാണുന്നു.

വാഹന ദുരുപയോഗം അന്വേഷിച്ച് ക്ഷേത്ര ഫണ്ടിനുണ്ടായ നഷ്ടം ഈടാക്കണം. (കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 7.II(ii)6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് റവന്യൂ (ദേവസ്വം) വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

97. അച്ചടിച്ച ലോഗ് ബുക്ക് ഉപയോഗിക്കുകയും യാത്രകൾ സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുകയും ചെയ്തിട്ടുണ്ടെന്നും എല്ലാ വർഷവും ഇന്ധനക്ഷമതാ പരിശോധന നടത്തിയിട്ടുണ്ടെന്നും ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് നൽകിയിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

നിഗമനങ്ങൾ/ശിപാർശകൾ

98. അച്ചടിച്ച ലോഗ് ബുക്ക് ഉപയോഗിക്കുകയും യാത്രകൾ സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുകയും എല്ലാ വർഷവും ഇന്ധനക്ഷമതാ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ടെന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മധൂർ ശ്രീ. മദനന്തേശ്വര വിനായക ക്ഷേത്രത്തെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

പാപ്പിനിശ്ശേരി ശിവക്ഷേത്രം

ഓഡിറ്റ് ഖണ്ഡിക

1. വഴിപാട് വരവിൽ വൻ ധനാപഹരണം

(1996-2003 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 14)

പാപ്പിനിശ്ശേരി ശിവക്ഷേത്രത്തിൽ വഴിപാട് വരവിൽ വൻ ധനാപഹരണം. വഴിപാട് പിരിവിന് ഒരേകാലത്ത് ഒന്നിലധികം രസീത് ബുക്കുകൾ സമാന്തരമായി ഉപയോഗിക്കുകയും പിരിവ് തുക ക്ഷേത്രഫണ്ടിൽ ഒടുക്കാതെയുമായിരുന്ന അപഹരണം. രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമല്ലാത്തതിനാൽ ധനാപഹരണം കൃത്യമായി തിട്ടപ്പെടുത്താനായില്ല. ലഭ്യമായ രസീത് ബുക്കുകളുടെ പരിശോധനയിൽ തന്നെ 52,532.50 രൂപ അപഹരിച്ചതായി കണ്ടെത്തി. 7/95 മുതൽ 10/97 വരെയുള്ള കാലത്ത് പിരിവിനുപയോഗിച്ചതാണീ ബുക്കുകൾ.

95-98 കാലത്ത് വാർഷിക വഴിപാട് വരവ് 3000/- രൂപയിൽ താഴെ മാത്രമായിരുന്നത് പുതിയ എക്സിക്യൂട്ടീവ് ഓഫീസർ സ്ഥാനമേറ്റ ശേഷം 99-2003 കാലത്ത് 47,000/- രൂപയായി വർദ്ധിച്ചത് അപഹരണം സ്ഥിരീകരിക്കുന്നതാണ്.

ധനാപഹരണം കൃത്യമായി തിട്ടപ്പെടുത്തുവാൻ വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 7.II.(ii)7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് റവന്യൂ (ദേവസ്വം) വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

99. സർക്കാരിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിന്, വരവും ചെലവും കുറച്ചുകാണിച്ച് ക്ഷേത്ര വരവ് സേവാസമിതി ഫണ്ടിലേക്ക് മാറ്റുന്ന സ്ഥിതി മുൻപുണ്ടായിരുന്നുവെങ്കിലും നിലവിൽ അങ്ങനെ ചെയ്യുന്നില്ലെന്നും ഡെപ്യൂട്ടി കമ്മീഷണർ സമിതിയെ അറിയിക്കുകയും ഇക്കാര്യം ഓഡിറ്റ് വകുപ്പിനെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

നിഗമനങ്ങൾ/ശിപാർശകൾ

100. ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ഗുരുവായൂർ ദേവസ്വം

ഓഡിറ്റ് ഖണ്ഡിക

1. മുറി ലേലം ചെയ്തില്ല. ദേവസ്വത്തിന് വരുമാന നഷ്ടം

(2001-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 49)

ഗുരുവായൂർ ദേവസ്വം കംഫർട്ട് സ്റ്റേഷനിലെ ഒന്നാം നമ്പർ മുറി 2001-2002 ലും ലേലം ചെയ്തില്ല.

94 മുതൽ 2001 വരെയുള്ള കാലത്ത് കംഫർട്ട് സ്റ്റേഷനിലെ 1-ാം നമ്പർ മുറി തുടർച്ചയായി ലേലം ചെയ്യാതെ ദേവസ്വത്തിന് 76000 രൂപ വരുമാന നഷ്ടമുണ്ടായതായി കഴിഞ്ഞ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നതാണ്. ഓഡിറ്റ് റിപ്പോർട്ടിലൂടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും വരുമാന നഷ്ടം ഒഴിവാക്കാൻ ദേവസ്വം അധികൃതർ ശ്രമിക്കാഞ്ഞത് കുറ്റകരമായി കാണേണ്ടതാണ്.

മുറി തുടർച്ചയായി ലേലം ചെയ്യാത്തതിന് വിശദീകരണം ലഭ്യമല്ല. മാസവാടക 1000 രൂപ നിരക്കിൽ കണക്കാക്കിയാൽ പോലും 2001-2002 ൽ ദേവസ്വത്തിന് 12000 രൂപ നഷ്ടമുണ്ട്.

ഈ വിഷയം അന്വേഷിച്ച് ദേവസ്വത്തിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്ന് ഈടാക്കണം.

2. ശമ്പളം സർവീസ് നിയമത്തിന് വിരുദ്ധം; 5.5 ലക്ഷം അധിക ചെലവ്
(2001-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 96)

സർവ്വീസ് നിയമങ്ങൾക്ക് വിരുദ്ധമായി ജീവനക്കാർക്ക് ശമ്പളം നിർണ്ണയിച്ച് നൽകിയതിനാൽ ഗുരുവായൂർ ദേവസ്വത്തിന് 550550 രൂപ അധിക ചെലവ്.

1985 ൽ സർവ്വീസിൽ വന്ന 65 ക്ലാസ് നാല് ജീവനക്കാർക്ക് 95 ൽ 10 വർഷത്തെ ഗ്രേഡ് അനുവദിച്ചപ്പോൾ നോഷണൽ ഇൻക്രിമെന്റിന്റെ കൂടെ ആർജിക്കാൻ പോകുന്ന പേഴ്സണൽ പേ കൂടി കണക്കാക്കിയാണ് ശമ്പളം നിജപ്പെടുത്തിയത്. നിലവിലുള്ള സർവീസ് നിയമങ്ങൾക്ക് വിരുദ്ധമാണിത്. ഇതിനാൽ ഒരു ജീവനക്കാരന് അനർഹമായി 8470 രൂപ അധികം ലഭിച്ചു.

നിയമ വിരുദ്ധമായി അധികം നൽകിയ ശമ്പളം തിരിച്ച് പിടിക്കേണ്ടതാണ്.
(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 7.I.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് റവന്യൂ (ദേവസ്വം) വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

101. അദ്ധ്യായം 7 ലെ ഗുരുവായൂർ ദേവസ്വത്തെ സംബന്ധിച്ച താഴെപ്പറയുന്ന ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു

1) മുറിലേലം ചെയ്തില്ല; ദേവസ്വത്തിന് വരുമാന നഷ്ടം
(2001-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 49)

2) ശമ്പളം സർവ്വീസ് നിയമത്തിന് വിരുദ്ധം
5.5 ലക്ഷം രൂപ അധിക ചെലവ്
(2001-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 96)

നിഗമനങ്ങൾ/ശിപാർശകൾ

102. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

ജില്ലാ സൈനിക ക്ഷേമ ഓഫീസ്, തൃശ്ശൂർ

ഓഡിറ്റ് ഖണ്ഡിക

1. **ഫ്ലാഗ് ഡേ ഫണ്ട്: 1,27,158 രൂപ പിരിച്ചില്ല**

(2001-2003 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 2)

പതാക ദിനത്തോടനുബന്ധിച്ച് ജില്ലാ സൈനിക ക്ഷേമ ഓഫീസ് 2001 മുതൽ 2003 വരെ വിവിധ ഓഫീസുകൾ വിതരണം ചെയ്ത പതാക വില 1,27,158 രൂപ അടച്ചിട്ടില്ല. തൃശ്ശൂർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് 2001 ൽ നൽകിയ കാർ ഫ്ലാഗിന്റെ വിൽപ്പന വില 50,000 രൂപയും ഇതിൽ ഉൾപ്പെടുന്നു. വിശദമായ അന്വേഷണം നടത്തി തുക ഈടാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 8.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് പൊതുഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

103. പ്രസ്തുത ഓഡിറ്റ് പരാമർശം കളക്ടർ ഒഴിവാക്കാൻ തീരുമാനിച്ചിട്ടുള്ളതാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു

നിഗമനങ്ങൾ/ശിപാർശകൾ

104. പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ജില്ലാ കളക്ടർ തീരുമാനിച്ചിട്ടുള്ളതാണെന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2023 ആഗസ്റ്റ് 10

ടി. പി. രാമകൃഷ്ണൻ,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

അനുബന്ധം I

പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും

ക്രമ നമ്പർ	വകുപ്പ്	ഖണ്ഡിക നമ്പർ	നിഗമനങ്ങളും/ശിപാർശകളും
1	തദ്ദേശസ്വയംഭരണ വകുപ്പ്	3	സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അധ്യായം 1 ലെ 1.1, 1.2, 1,3, 1.4, 1.5, 1.6, 1.7, 1.8, 1.9, 1.10, 1.11 എന്നീ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
2	തദ്ദേശസ്വയംഭരണ വകുപ്പ്	17	കോട്ടയം ജില്ലാ മിനി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കൈവശമുള്ള ഭൂമി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയാൽ മാത്രമേ പ്രസ്തുത ഭൂമിയിൽ പുതിയ പദ്ധതി തുടങ്ങുന്നതിന് സാധിക്കുകയുള്ളൂ എന്നതിനാൽ ഭൂമി കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
3	തദ്ദേശസ്വയംഭരണ വകുപ്പ്	18	ചങ്ങനാശ്ശേരി നഗരസഭ അന്താരാഷ്ട്ര സ്പോർട്ട്സ് കോംപ്ലക്സിനായി വാങ്ങിയ ഭൂമിയുടെ മധ്യഭാഗത്തിലൂടെ ബൈപ്പാസിനായി സർക്കാർ സ്ഥലം ഏറ്റെടുത്തിട്ടുള്ളതിനാൽ വിഭാവനം ചെയ്ത രീതിയിൽ സ്പോർട്ട്സ് കോംപ്ലക്സ് നിർമ്മിക്കാൻ കഴിയില്ലെന്ന് സമിതി വിലയിരുത്തുന്നു. പ്രസ്തുത സ്ഥലത്ത് സർക്കാർ അനുമതിയോടെ മറ്റൊരു പദ്ധതി നടപ്പിലാക്കുന്നതായിരിക്കും ഉചിതം എന്നും സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ

			മേൽവിഷയം സംബന്ധിച്ച് സർക്കാരിൽ നിന്നും സാധൂകരണം നേടുന്നതിനും സാധൂകരണം ലഭ്യമാകുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.
4	തദ്ദേശസ്വയംഭരണ വകുപ്പ്	19	തലശ്ശേരി നഗരസഭ വിവിധ പദ്ധതികൾക്ക് ഏറ്റെടുത്ത ഭൂമി പാഴായിക്കിടക്കുന്നു എന്ന പരാമർശത്തിലുൾപ്പെടെ ജനകീയാസൂത്രണ പദ്ധതി മിനി വ്യവസായ എസ്റ്റേറ്റ്, മത്സ്യമാർക്കറ്റ് വികസനം, ഇറച്ചിമാർക്കറ്റ് നവീകരണം, പ്രീമെട്രിക്ക് ഹോസ്റ്റൽ കെട്ടിട നിർമ്മാണം, കാവുംഭാഗം സ്കൂൾ വികസനം എന്നിവ പൂർത്തിയായിട്ടുണ്ടെന്ന സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശത്തിലെ പ്രസ്തുത ഭാഗങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
5	തദ്ദേശസ്വയംഭരണ വകുപ്പ്	20	പ്രസ്തുത പരാമർശത്തിലെ കുട്ടിമാക്കൂൽ-വയലളം മിനി സ്റ്റേഡിയത്തിലേക്ക് സുഗമമായ വാഹനസൗകര്യം ഒരുക്കുന്നതിനായി ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുത്ത് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്നും പുറമ്പോക്കിൽ താമസിക്കുന്നവരുടെ പുനരധിവാസത്തിനായി 60 സെന്റ് ഭൂമി ലൈഫ് പദ്ധതിയിലുൾപ്പെടുത്തി , ഭവന നിർമ്മാണത്തിനുള്ള പ്രോജക്ട് സമർപ്പിച്ചിട്ടുണ്ടെന്നുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

6	തദ്ദേശസ്വയംഭരണ വകുപ്പ്	21	സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ ആലപ്പുഴ നഗരസഭയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
7	തദ്ദേശസ്വയംഭരണ വകുപ്പ്	23	സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
8	തദ്ദേശസ്വയംഭരണ വകുപ്പ്	26	തലശ്ശേരി നഗരസഭയിലെ വനിതാ വ്യവസായ സഹകരണ സംഘം, വനീത കുട, ചെരുപ്പ് നിർമ്മാണ സഹകരണ സംഘം എന്നിവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശത്തിലെ ശേഷിച്ച ഭാഗങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
9	തദ്ദേശസ്വയംഭരണ വകുപ്പ്	37	അയ്യനം ഗ്രാമപഞ്ചായത്ത് പാടശേഖരങ്ങൾക്ക് വാങ്ങി നൽകിയ മോട്ടോറുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
10	തദ്ദേശസ്വയംഭരണ വകുപ്പ്	38	തലശ്ശേരി നഗരസഭയുടെ പവർട്രില്ലർ പാടശേഖര സമിതിയുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്നു എന്ന പരാമർശത്തിന്മേൽ ഒരാഴ്ചക്കകം ഓഡിറ്റ് വകുപ്പിന് മറുപടി ലഭ്യമാക്കണമെന്ന് 16.09.2021 ലെ യോഗത്തിൽ സമിതി

			നിർദ്ദേശിച്ചിരുന്നുവെങ്കിലും റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
11	തദ്ദേശസ്വയംഭരണ വകുപ്പ്	39	പാലക്കാട് നഗരസഭ പാടശേഖര സമിതിയ്ക്ക് കാർഷികയന്ത്രം എന്ന പദ്ധതിയിൽ വാങ്ങിയ പവർടില്ലർ ശുചീകരണത്തിന് ഉപയോഗിക്കുന്നു എന്ന പരാമർശം സംബന്ധിച്ച് ഓഡിറ്റ് വകുപ്പിന് മറുപടി ലഭ്യമാക്കുന്നതിനും ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.
12	തദ്ദേശസ്വയംഭരണ വകുപ്പ്	40	സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശത്തിലെ ശേഷിച്ച ഭാഗങ്ങൾ ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.
13	തദ്ദേശസ്വയംഭരണ വകുപ്പ്	55	മേത്തല ഗ്രാമപഞ്ചായത്തിലെ കോട്ടപ്പുറം മാർക്കറ്റ്-കാന നിർമ്മാണം, കംപകുളം ശുദ്ധജല പദ്ധതി എന്നിവയിന്മേലുള്ള പരാമർശം ബന്ധപ്പെട്ട കോടതി വിധിയുടെ പകർപ്പ് ഹാജരാക്കുന്ന മുറയ്ക്ക് ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
14	തദ്ദേശസ്വയംഭരണ വകുപ്പ്	56	പുതുക്കാട് ഗ്രാമപഞ്ചായത്തിലെ ഗുരുവിജയ ഈസ്റ്റ് കോളനി റോഡ് പ്രവൃത്തി സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
15	തദ്ദേശസ്വയംഭരണ വകുപ്പ്	57	അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിയ്ക്കായുള്ള അഡ്വാൻസ്

			തുക തിരികെ ഈടാക്കുന്നതിനായുള്ള റവന്യൂ റിക്കവറി നടപടി നിർത്തിവയ്ക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം സംബന്ധിച്ച് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകുന്നതിനും ഓഡിറ്റ് ആയത് പരിശോധിച്ച് ബോധ്യപ്പെടുന്ന മുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.
16	തദ്ദേശസ്വയംഭരണ വകുപ്പ്	58	സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് ഖണ്ഡികയിലെ ശേഷിച്ച പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
17	തദ്ദേശസ്വയംഭരണ വകുപ്പ്	63	പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെയും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിമാരുടെയും മറുപടിയുടെ അടിസ്ഥാനത്തിൽ ചാഴൂർ, മണലൂർ, അന്തിക്കാട് ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
18	തദ്ദേശസ്വയംഭരണ വകുപ്പ്	65	സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
19	തദ്ദേശസ്വയംഭരണ വകുപ്പ്	69	ആലക്കോട് ഗ്രാമപഞ്ചായത്തിലെ പരാമർശ-വിധേയമായ ജലസേചനപദ്ധതികൾ നിലവിൽ നല്ല രീതിയിൽ , പ്രവർത്തിക്കുന്നുണ്ടെന്നുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം

			ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
20	ഉന്നതവിദ്യാഭ്യാസ വകുപ്പ്	73	കണ്ണൂർ സർവ്വകലാശാലയിൽ അധികച്ചുമതലയ്ക്ക് രണ്ട് തസ്തികകളിലെയും ശമ്പളം കൈപ്പറ്റിയെന്ന പരാമർശം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
21	ഉന്നതവിദ്യാഭ്യാസ വകുപ്പ്	80	സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
22	റവന്യൂ (ദേവസ്വം) വകുപ്പ്	82	ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ശ്രീ. തളി ദേവസ്വത്തെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
23	റവന്യൂ (ദേവസ്വം) വകുപ്പ്	84	മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കുന്നതിന് സർക്കാർ ഇറക്കിയ ഓർഡിനൻസിനെതിരെ ഹൈക്കോടതിയിൽ കേസ് കൊടുക്കുന്നതിനായി മലബാർ ദേവസ്വം ട്രസ്റ്റീസ് അസോസിയേഷന് ക്ഷേത്രഫണ്ടിൽ നിന്നും നൽകിയ തുക തിരികെ ഈടാക്കി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
24	റവന്യൂ (ദേവസ്വം) വകുപ്പ്	88	കണ്ണൂർ ശ്രീപെരളശ്ശേരി ക്ഷേത്രക്കുളം നവീകരണത്തിന്റെ മേൽനോട്ടച്ചുമതല ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ വ്യവസ്ഥയനുസരിച്ച് യോഗ്യതയുള്ളയാളെ ഏൽപ്പിക്കാതെ കരാറുകാരനെ ഏൽപ്പിച്ചത് സംബന്ധിച്ച് ദേവസ്വം ബോർഡ് കമ്മീഷണർ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്നും ആയത് പരിശോധനയ്ക്ക്

			വിധേയമാക്കി ഓഡിറ്റ് വകുപ്പ് സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.
25	റവന്യൂ (ദേവസ്വം) വകുപ്പ്	91	ശ്രീ. നടുച്യാട്ട് കാവ് ചുഴലി ഭഗവതി ക്ഷേത്രം കാവൽ ജോലി അധികമായി ചെയ്ത വാദ്യക്കാരന് ശമ്പള കുടിശ്ശിക രണ്ട് തവണ നൽകിയെന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ഉത്തരവാദിയായ എക്സിക്യൂട്ടീവ് ഓഫീസർക്കെതിരെ നടപടി സ്വീകരിച്ച് ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
26	റവന്യൂ (ദേവസ്വം) വകുപ്പ്	92	ക്ഷേത്രത്തിലെ കാണാതായ സ്ഥിരനിക്ഷേപം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി ക്ഷേത്ര ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കി ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
27	റവന്യൂ (ദേവസ്വം) വകുപ്പ്	94	ഓഡിറ്റ് പരാമർശിച്ച തുക ശ്രീ ജഗന്നാഥ ക്ഷേത്രഫണ്ടിലേയ്ക്ക് തിരികെ ഈടാക്കാനാവശ്യമായ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ക്ഷേത്രത്തെ 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
28	റവന്യൂ (ദേവസ്വം) വകുപ്പ്	96	ശ്രീ കാപ്പാട്ടുകാവ് ക്ഷേത്രത്തെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേലുള്ള തുക

			ക്ഷേത്രഫണ്ടിൽ തിരിച്ചടച്ചത് പരിശോധിച്ച് ബോധ്യപ്പെട്ടു എന്ന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
29	റവന്യൂ (ദേവസ്വം) വകുപ്പ്	98	അച്ചടിച്ച ലോഗ് ബുക്ക് ഉപയോഗിക്കുകയും യാത്രകൾ സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുകയും എല്ലാ വർഷവും ഇന്ധനക്ഷമതാ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ടെന്നു ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മധൂർ ശ്രീ. മദനന്തേശ്വര വിനായക ക്ഷേത്രത്തെ സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
30	റവന്യൂ (ദേവസ്വം) വകുപ്പ്	100	ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.
31	റവന്യൂ (ദേവസ്വം) വകുപ്പ്	102	സർക്കാർ ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
32	പൊതുഭരണ വകുപ്പ്	104	പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ജില്ലാ കളക്ടർ തീരുമാനിച്ചിട്ടുള്ളതാണെന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2004 -05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ വിവിധ പരാമർശങ്ങൾക്കുള്ള ന്യൂനത പരിഹാര പത്രിക

പൊതുനിർദ്ദേശങ്ങൾ

ഖണ്ഡിക നം.	നിഗമനങ്ങൾ/ഉപാർശകൾ	സ്വീകരിച്ച നടപടി
1	**പദ്ധതി നിർവ്വഹണം : നിഷ്ക്രിയാസ്തികൾ കുന്നുകൂടുന്നു** ➢ പ്രാദേശിക വികസനം ദിശ തെറ്റുന്നു ➢ നിർമ്മാണ പദ്ധതികൾ സമയക്ലിപ്തത തെറ്റിക്കുന്നു. ➢ പദ്ധതി വിഹിതം കോടികൾ നിക്ഷേപമായി പദ്ധതികൾ പാതിവഴിക്ക് ഉപേക്ഷിച്ചു. ➢ ഉല്പാദനമേഖലാ പദ്ധതികൾ പാളി ➢ ജനപങ്കാളിത്തം പരിമിതം. പദ്ധതി ധന വിനിയോഗത്തിൽ ക്രമക്കേടു ഗുരുതരം.	ജനകീയാസൂത്രണ പ്രക്രിയയുടെ ആദ്യഘട്ടത്തിലെ പദ്ധതി നിർവ്വഹണത്തെക്കുറിച്ചാണ് പരാമർശം എന്നതിനാൽ ഓഡിറ്റിൽ ചൂണ്ടികാണിക്കപ്പെട്ട പോരായ്മകളും ആക്ഷേപങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ളതാണ്. ഇവയെല്ലാം ഉൾക്കൊണ്ടു തന്നെ പദ്ധതി നടത്തിപ്പിൽ കാലാനുസൃതമായി മാറ്റം വരുത്തിയിട്ടുള്ളതും അതിനനുസരിച്ച് ശ്രദ്ധേയമായ പുരോഗതി ഇക്കാര്യങ്ങളിൽ ഉണ്ടായിട്ടുണ്ട്.
1 (i)	**മരാമത്ത് പണികൾ** ➢ മരാമത്ത് പദ്ധതികൾ : ധനദുർവിനിയോഗം ➢ എഞ്ചിനീയർമാരുടേയും കരാറുകാരുടെയും രാഷ്ട്രീയക്കാരുടേയും മേധാവിത്വം. ➢ മരാമത്ത് പദ്ധതി നിർവ്വഹണം മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല. ➢ കേരള വികസന പദ്ധതിയിൽ കരാറുകാരുടെ കുത്തക ➢ സുപ്രധാന രേഖകൾ സൂക്ഷിക്കുന്നില്ല.	പരാമർശം പരിശോധിച്ചതിൽ ഓഡിറ്റ് പരാമർശത്തിൽ പത്രിക (1) ൽ പൂർത്തീകരിക്കാൻ ബാക്കിയുള്ള മരാമത്ത് വേലകളുടെ എണ്ണം നൽകിയിരിക്കുന്നതിൽ പ്രവൃത്തികൾ ഏതാണെന്ന് റിപ്പോർട്ടിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും ഇക്കാലയളവിൽ പദ്ധതികൾ പൂർത്തിയാക്കുവാൻ തടസ്സം ഉണ്ടായിരുന്നവ ഒഴിവാക്കുകയും അല്ലാത്തവ തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. മാത്രമല്ല നിലവിൽ മരാമത്ത് പ്രവർത്തികളുടെ എസ്റ്റിമേറ്റ് പ്രത്യേക സോഫ്റ്റ്

	➢ മുൻകൂർ നിയമലംഘനം വ്യാപകം. ➢ എസ്റ്റിമേറ്റ് യഥാർത്ഥ്യബോധമില്ല. വ്യതിചലനം ഏറുന്നു.	വെയറിൽ തയ്യാറാക്കി ഓൺലൈനായി തന്നെ പ്രോജക്ടുകൾ തയ്യാറാക്കി ഇ-ടെണ്ടർ വഴി കരാറുകാരെ കണ്ടെത്തി കരാറിന്റെ അടിസ്ഥാനത്തിലാണ് നടപ്പാക്കി വരുന്നത്. ആയതിനാൽ പരാമർശം ഒഴിവാക്കി നൽകുവാൻ അഭ്യർത്ഥിക്കുന്നു.
1 (ii)	**<u>മരാമത്ത് പണികൾ : മറ്റ് പൊതു അപാകതകൾ</u>** 1. സ്റ്റാക്ക് ചെയ്ത മെറ്റലിന്റെ വോയ്ഡ് പരിഗണിച്ച് നിശ്ചിത ശതമാന അളവ് കുറയ്ക്കണമെന്ന ഐ.ആർ.സി.515(5) നിബന്ധന പാലിക്കുന്നില്ല. 2. കരാർ കാലാവധിയ്ക്കകം പണി പൂർത്തിയാക്കാത്തവർക്കെതിരെ പൊതുമരാമത്ത് നിയമം അനുശാസിക്കുന്ന പിഴ/ശിക്ഷ സ്വീകരിക്കുന്നില്ല. 3. 0104.1994 മുതൽ ശരാശരി ലീഡ് കണക്കിലെടുക്കണമെന്ന നിർദ്ദേശം ലംഘിച്ച് ലോറികടത്ത് വ്യത്യാസപ്പെടുത്തി എസ്റ്റിമേറ്റ് ലാഭകരമാക്കുന്നു. 4. മരാമത്ത് പണികളിൽ മുൻഗണനാക്രമം പാലിക്കുന്നില്ല. ജലസേചന/കുടിവെള്ള പദ്ധതികൾ ഉദാഹരണം. അന്ത്യഘട്ടത്തിൽ ആവശ്യമായ മോട്ടറുകളും പൈപ്പുകളും ആദ്യഘട്ടത്തിൽ വാങ്ങുന്നു. ജല ലഭ്യതയുടെ കുറവ് കാരണം പിന്നീട് ഇവ ഉയോഗിക്കാനാവാതെ വരുന്നു. 5. മരാമത്ത് പണികൾക്ക് സ്ഥാപനങ്ങൾ വാങ്ങി നൽകുന്ന ബിറ്റുമെൻ, പൈപ്പ്, മോട്ടർ തുടങ്ങിയവയുടെ കൃത്യമായ സംഭരണവിതരണ രേഖകൾ സൂക്ഷിക്കുന്നില്ല. 6. ഉപേക്ഷിക്കപ്പെട്ട പണികൾക്ക് സമാഹരണ/സെക്കോർഡ് മുൻകൂറുകളായി മൂല്യനിർണ്ണയത്തിൽ അധികം പണം നൽകുന്നു. 7. തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ട പദ്ധതികൾ ലക്ഷ്യം കണ്ടില്ല.	തദ്ദേശ സ്വയംഭരണ സംവിധാനത്തിന് തനതായും സ്വന്തമായും എഞ്ചിനീയറിംഗ് വിംഗ് ഇല്ലാതിരുന്ന കാലഘട്ടത്തിൽ 2000 ൽ ആണ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ഇറിഗേഷൻ വകുപ്പിൽ നിന്നും നാമമാത്രമായ ഉദ്യോഗസ്ഥരെ പുനർ വിന്യസിച്ച് പ്രവൃത്തികളുടെ മേൽനോട്ടം നടത്തിയിരുന്നത്. അക്കാലയളവിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് നിരവധി പഞ്ചായത്തുകളുടെയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിരവധി ബ്ലോക്കുകളുടേയും ചുമതല ഉണ്ടായിരുന്നു. അമിത ജോലിഭാരം മൂലം പ്രവൃത്തികളുടെ നടത്തിപ്പിനെ കുറച്ചൊക്കെ ബാധിച്ചിരുന്നു. ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടത്തിൽ തദ്ദേശ സ്ഥാപനങ്ങളിലെ മരാമത്ത് പണികളുടെ നടത്തിപ്പ് സംബന്ധിച്ച നിരവധി പരാതികളുയർന്നിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വന്നിട്ടുള്ള പൊതു പരാമർശമാണിത്. എന്നാൽ കാലക്രമത്തിൽ ഈ അപാകതകൾ പരിഹരിച്ചിട്ടുണ്ട്.

1(iii)	**വ്യക്തിഗത ആനുകൂല്യ പദ്ധതികൾ** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയ വ്യക്തിഗത ആനുകൂല്യപദ്ധതികൾ ദരിദ്രജനവിഭാഗങ്ങളുടെ സാമ്പത്തിക ശാക്തീകരണത്തിന് ഉതകിയില്ല ഇത്തരം പദ്ധതികളുടെ അവലോകനത്തിൽ കണ്ട പൊതു അപാകതകൾ	പരാമർശങ്ങളിൽ പറയുന്ന കാര്യങ്ങൾ തുടർവർഷങ്ങളിൽ പരിഹരിച്ചിട്ടുണ്ട്
1(iv)	**കേന്ദ്രാവിഷ്കൃത പദ്ധതികൾ** പ്രാദേശിക വികസനവും ദാരിദ്ര്യനിർമ്മാർജ്ജനവും മുഖ്യ ലക്ഷ്യമായ കേന്ദ്രാവിഷ്കൃത പദ്ധതികൾ ലക്ഷ്യം കണ്ടില്ല. അഴിമതിയും ക്രമക്കേടുകളും പദ്ധതികളിൽ വ്യാപകമായി. **നിർദ്ദേശങ്ങൾ** 1. അഴിമതിയും ക്രമക്കേടും തടയാൻ കേന്ദ്രാവിഷ്കൃത പദ്ധതി നിർവ്വഹണത്തിൽ കൂടുതൽ ജാഗ്രത ആവശ്യമാണ്. 2. കേന്ദ്രാവിഷ്കൃത പദ്ധതി നിർവ്വഹണം പ്രത്യേക ഏജൻസി അന്വേഷിക്കണം. 3. കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന സാഹചര്യങ്ങൾക്ക് അനുഗുണമായി ഉടച്ച് വാർക്കണം. ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധന പദ്ധതി നിർവ്വഹണത്തിൽ കൂടുതൽ ശക്തമാക്കണം.	കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഓഡിറ്റ് പരാമർശത്തിൽപ്പെട്ട ദൗർബല്യങ്ങൾ ഉണ്ടായിരുന്നു. തുടർവർഷങ്ങളിൽ ഇത് ഗണ്യമായി പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ ഓഡിറ്റിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ ഏറെക്കുറെ പരിഹരിച്ചിട്ടുണ്ട്.

2	**<u>അധികാര വികേന്ദ്രീകരണവും ജനപങ്കാളിത്തവും</u>** ➢ ഗ്രാമസഭകൾ നിർജ്ജീവമാക്കപ്പെട്ടു. ➢ ഗ്രാമവാർഡ് സഭകളിൽ ജനപങ്കാളിത്തം പരിമിതം ➢ ഗ്രാമവാർഡ് സഭ ബാധ്യത നിറവേറ്റാൻ രേഖ ചമച്ചു. ➢ അയോഗ്യതാ നടപടികൾ ഫലപ്രദമായില്ല. ➢ വികസന നിരക്ഷരത ഗ്രാമ വാർഡ് സഭകളെ നിശ്ചലമാക്കി. ➢ ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിൽ ചർച്ച ചെയ്തില്ല. ➢ സോഷ്യൽ ഓഡിറ്റ് സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിൽ കേന്ദ്രീകരിക്കണം	ഇവയും ആദ്യഘട്ടത്തിൽ സൂചിപ്പിച്ച ജനകീയാസൂത്രണ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകളാണ്. പരാമർശ അപാകതകൾ ഇപ്പോൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമസഭകൾ സജീവമാക്കുകയും ജനപങ്കാളിത്തം ഉറപ്പാക്കുകയും ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെടെ ഗ്രാമസഭയിൽ ചർച്ചചെയ്യ വരുകയും ചെയ്തിട്ടുണ്ട്. പ്രശ്നങ്ങൾ നല്ല രൂപത്തിൽ പരിഹരിച്ചിട്ടുണ്ട്.
3	**<u>ബജറ്റ് ബാധ്യത നിറവേറ്റലാകുന്നു.</u>** ➢ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ബജറ്റ് പാസ്സാക്കുന്നില്ല. ➢ ബജറ്റിന് യഥാർത്ഥ്യബോധമില്ല. ➢ യഥാർത്ഥ കണക്കുകളും ബജറ്റ് കണക്കുകളുമായി താരതമ്യാതീത അന്തരം	നിലവിൽ സ്ഥിതി മാറിയിട്ടുണ്ട്. പഞ്ചായത്തുകളിൽ അക്കൗണ്ടന്റ് തസ്തികകൾ സൃഷ്ടിക്കപ്പെടുകയും ബഡ്ജറ്റ് ആധികാരികമായി സൂക്ഷ്മത പുലർത്തി സമർപ്പിച്ചുവരുകയും ചെയ്യുന്നുണ്ട്.
4	**<u>വാർഷിക കണക്ക് ഓഡിറ്റിന് ലഭിക്കുന്നില്ല ; നിയമലംഘനം തുടരുന്നു.</u>**	വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് അതാത് സാമ്പത്തിക വർഷം തന്നെ വാർഷിക കണക്കുകൾ സമർപ്പിക്കുന്നുണ്ട്.
4(i)	**<u>വാർഷിക കണക്കുകളിൽ അപാകതകൾ</u>** ➢ കണക്കുകൾ നൈരന്തര്യമില്ല. ➢ കണക്കുകളുടെ അപൂർണ്ണം	പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികകൾ ഇപ്പോൾ പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമാണ്. ഡിജിറ്റലൈസ് ചെയ്താണ് വാർഷിക കണക്കുകൾ സമർപ്പിക്കുന്നത് എന്നതിനാൽ ചൂണ്ടിക്കാട്ടിയ അപാകതകൾ ഇപ്പോൾ പ്രസക്തമല്ല.
4(ii)	**<u>അക്കൗണ്ടിംഗ് പരിഷ്കരണം ഫലം ചെയ്തില്ല</u>**	സാംഖ്യാ സോഫ്റ്റ് വെയർ സ്ഥാപനം പൂർത്തീകരിച്ചതോടെ ഈ പ്രശ്നത്തിന് ശാശ്വത വിരാമമായിട്ടുണ്ട്. വാർഷിക കണക്കുകൾ നിലവിൽ കൃത്യമായി സമർപ്പിച്ചു വരുന്നുണ്ട്.

4(iii)	**പരിഹാരമാർഗങ്ങളും നിയമനടപടികളും** ➢ കണക്കുകൾ തയ്യാറാക്കുന്നതിന് വിവരസാങ്കേതിക വിദ്യയുടെ സഹായം തേടണം. ➢ പ്രോസിക്യൂഷൻ നടപടിയ്ക്ക് മുൻകൂർ സർക്കാർ അനുമതി റദ്ദാക്കണം. ➢ കണക്കുകളുടെ കൃത്യത പരിശോധിക്കാൻ മുൻകൂർ സംവിധാനം വേണം. ➢ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നതിന് കാലയിളവ് വേണം	നിർദ്ദേശങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ട്.
4(IV)	**കണക്കില്ലാതെ ഓഡിറ്റ് ; ആരോപണം വസ്തു നിഷ്ഠമല്ല** ➢ ചെലവ് ഓഡിറ്റ് സർക്കാർ അനുമതിയോടെ ➢ ചെലവ് ഓഡിറ്റ് അഴിമതിയും ക്രമക്കേടും പ്രതിരോധിക്കാൻ	വാർഷിക കണക്കുകൾ ഇപ്പോൾ കൃത്യമായി പരിശോധിച്ചുവരുന്നു.
5	**തനത് വരുമാനപാലനത്തിൽ അലംഭാവം ; ധനസ്ഥിതി തകർച്ചയിലേക്ക്** ➢ നികുതി നിർണയത്തിലും പിരിവിലും അലംഭാവം ➢ കുടിശ്ശിക പിരിവിൽ പുരോഗതിയില്ല(വടകര) ➢ വരുമാനം പിടിച്ചെടുക്കുന്നതിൽ ഭരണസമിതിക്കും ഭരണ വകുപ്പിനും പെർഫോമൻസ് ഓഡിറ്റിനും വീഴ്ച. ➢ പഞ്ചവത്സര നികുതി പുനർനിർണയം മുടങ്ങി. ➢ തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാർ ഉണർന്ന് പ്രവർത്തിച്ചില്ല, ➢ തനത് വരവിലൂടെ സാമ്പത്തിക സ്വാശ്രയം ➢ പുതിയ വരുമാന സ്രോതസ്സുകൾ ഉപയോഗിച്ചില്ല. ➢ കുടിശ്ശിക നികുതികൾ കാലഹരണപ്പെടുന്നു. ➢ തദ്ദേശ സ്ഥാപനങ്ങളുടെ ധനതകർച്ച സർക്കാരിന് ബാധ്യതയാകും പ്രാദേശിക വികസനം നിഷേധിക്കപ്പെടും ➢ ചെലവിന് മിതത്വം നഷ്ടപ്പെടുന്നു.	പഞ്ചായത്തിന്റെ തനതു വരുമാനം പിരിക്കുന്നതിനും മുതൽകൂട്ടുന്നതിനും പുതിയ വരുമാന സ്രോതസ്സ് കണ്ടെത്തുന്നതിനും തദ്ദേശ സ്ഥാപനങ്ങളെ സർക്കാർ സജ്ജരാക്കിയിട്ടുണ്ട്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൃത്യമായി നടപ്പാക്കിയിട്ടുണ്ട്. കുടിശ്ശിക പിരിവിൽ പുരോഗതിയില്ല എന്ന് ഓഡിറ്റ് വകുപ്പ് പരാമർശിച്ച വടകര നഗരസഭയുടെ തൽസ്ഥിതി ചുവടെ ചേർക്കുന്നു. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്കരണം നഗരസഭ യഥാസമയം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും 2000 ചതുരശ്ര അടി വരെയുള്ള കെട്ടിടങ്ങളുടെ നികുതി പഴയ നിരക്കിൽ തന്നെ ഈടാക്കേണ്ടതിനാലും നിലവിലുള്ള വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിലവിൽ തന്നെ ഉയർന്ന നിരക്കിൽ ആയതിനാലും തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി പരിഷ്കരണം മൂലം കാര്യമായ വർദ്ധനവ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല. കൂടാതെ വസ്തു നികുതി പരിഷ്കരണ തീയതി 1.04.2013 ൽ നിന്നും 01.04.2016 ആക്കി മാറ്റിയതും വസ്തു നികുതി വരവിനത്തിന്

	നിർദ്ദേശങ്ങൾ 1. നികുതി പുനർനിർണ്ണയം അടിയന്തിരമായി നടപ്പാക്കുക. 2. നികുതി - നിർണയം, പിരിവ് കാര്യക്ഷമമാക്കുക. 3. തനത് വരുമാനം കൂടിശികയില്ലാതെ പിരിക്കേണ്ടത് ഭരണസമിതിയുടെ നിയമപരമായ ബാധ്യതയാക്കുക. 4. കാലഹരണപ്പെട്ട വരവ് ഉത്തരവാദിയിൽ നിന്ന് ഈടാക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ ചാർജ്ജ് നടപടി വിപുലീകരിക്കുക 5. സർക്കാർ ധനസഹായ ലഭ്യതയ്ക്ക് കൂടിശികയില്ലാതെയുള്ള തനത് വരുമാന പിരിവ് കൂടി മാനദണ്ഡമാക്കുക. 6. പെർഫോമൻസ് ഓഡിറ്റ് കാര്യക്ഷമമാക്കുക	പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. എന്നിരുന്നാലും നിർമ്മാണം പൂർത്തിയാക്കുന്ന മുഴുവൻ കെട്ടിടങ്ങളെയും ഉടനടി അസസ്സ്മെന്റിൽ ഉൾപ്പെടുത്തി നികുതി യഥാസമയം പിരിച്ചെടുക്കുന്നതിനും നടപടിയാക്കിയിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷങ്ങളിലെയും ഫെബ്രുവരി മാർച്ച് മാസങ്ങളിലെ ഒഴിവു ദിവസങ്ങൾ പ്രവൃത്തി ദിനങ്ങളാക്കി നികുതി പിരിവ് ഊർജ്ജിതമാക്കാറുണ്ട്. അതോടൊപ്പം വാർഡ് തലത്തിൽ മൈക്ക് അനൗൺസ്മെന്റ് മുഖേനയും കൗൺസിലർമാർ മുഖേനയും സ്കൂൾ, മറ്റ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലും ക്യാമ്പ് കളക്ഷൻ നടത്തി കൂടിശ്ശികയടക്കം ഈടാക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ സ്ഥാപനങ്ങളെ ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തി വരുന്നു. കൂടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾക്ക് ഉടൻ നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വടകര മുനിസിപ്പാലിറ്റിയുടെ നികുതി കൂടിശ്ശിക പിരിവ് സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.
6	**ചാർജ്ജ്/ സർചാർജ്ജ് നടപടികൾ**	ഓഡിറ്റ് വകുപ്പുമായി ബന്ധപ്പെട്ടതാണ്
6(I)	**നഷ്ടോത്തരവാദിയെ നിർണയിക്കാനാവുന്നില്ല.** ➢ നഷ്ടോത്തരവാദി നിർണ്ണയം നിയമപ്രശ്നം ➢ ചാർജ്ജ്സർചാർജ്ജ് നിയമം ഭേദഗതി വേണം	ഓഡിറ്റ് വകുപ്പുമായി ബന്ധപ്പെട്ടതാണ്
6(II)	**സമയക്ലിപ്തത : നിയമപരമായ പ്രതിബന്ധങ്ങൾ** ➢ സമയപരിധി അപ്രായോഗികം ➢ ചാർജ്ജ്/ സർചാർജ്ജ് നിയമവ്യാവഹാരം ഏറുന്നു.	ഓഡിറ്റ് വകുപ്പുമായി ബന്ധപ്പെട്ടതാണ്

6(III)	**<u>റവന്യൂ റിക്കവറി നിയമത്തിൽ ഉൾപ്പെടുത്തണം</u>** ➢ ചാർജ്/ സർചാർജ്ജ് റവന്യൂ റിക്കവറി നിയമത്തിൽ മാറ്റം	ഓഡിറ്റ് വകുപ്പുമായി ബന്ധപ്പെട്ടതാണ്.
7.	**<u>മുൻകൂറുകൾ ക്രമീകരിച്ചില്ല ; കോടികൾ സ്വകാര്യ വ്യക്തികളിൽ</u>** ➢ മുൻകൂർ ക്രമീകരിക്കാൻ കോടികൾ ➢ ക്രമീകരിക്കാനുള്ള മുൻകൂറുകൾ വർഷം തോറും ഉയരുന്നു ➢ സർക്കാർ നിർദ്ദേശങ്ങൾ നടപ്പാക്കിയില്ല. ➢ മുൻകൂർ രജിസ്റ്റർ രേഖയുമില്ല. ➢ വ്യക്തമായ കണക്കില്ല.	മുൻകൂറുകൾ ക്രമീകരിക്കാത്തതോ മതിയായ രേഖകൾ/ രജിസ്റ്ററുകൾ/ കണക്കുകൾ ഇല്ലാത്ത കേസുകൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. മേൽ നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി ഉറപ്പാക്കുന്നുണ്ട്.
8.	**<u>പുതിയ പരിഷ്കാരങ്ങൾ ; ചില വസ്തുതകൾ</u>** ➢ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം തുടക്കത്തിലേ പാളി. ➢ കണക്കുകളും രേഖകളും രജിസ്റ്ററുകളും ഇപ്പോഴും കുത്തഴിഞ്ഞ നിലയിൽ ➢ ഫോർമാറ്റുകൾ സൂക്ഷിക്കുന്നില്ല. ➢ ഹെഡ്ഓഫ് അക്കൗണ്ടുകളുടെബാഹുല്യം പ്രധാന പരിമിതി ➢ ഒരു സ്ഥാപനത്തിനു ഒരു അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ➢ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക അക്കൗണ്ട്സ് വിഭാഗം. ➢ ബില്ല് സമ്പ്രദായം നിയമസഭാ സമിതി പ്രവർത്തനത്തിനു ദോഷകരം.	അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ പൂർണ്ണമായ മാറ്റം വന്നിട്ടുണ്ട്. ഇവ പരിഹരിക്കുന്നതിൽ സർക്കാർ കാലാകാലങ്ങളിൽ വ്യക്തമായ നിർദ്ദേശം നല്കിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഡിജിറ്റൽ സംവിധാനം വന്നപ്പോൾ എല്ലാം പരിഹരിച്ചിട്ടുണ്ട്. കൂടുതൽ വിശദീകരണം ഇക്കാര്യത്തിൽ ധനകാര്യവകുപ്പ് നൽകുന്നതാണ്. ബില്ലിംഗ് സമ്പ്രദായം ശ്രദ്ധയിൽപ്പെട്ടതിനുശേഷം പരിഹരിച്ചിട്ടുണ്ട്.
9.	**<u>ഓഡിറ്റ് നേരിടുന്ന പ്രശ്നങ്ങൾ</u>**	

	നിർദ്ദേശങ്ങൾ 1. അക്കൗണ്ട് ഹെഡുകളുടെ എണ്ണം കുറച്ച് പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം പരിഷ്കരിക്കണം 2. ഭരണഘടനയുടെ ആധാരശിലയായ ഫെഡറൽ മൂല്യങ്ങൾക്ക് നിരക്കാത്തതിനാൽ ബില്ല് സമ്പ്രദായം അവസാനിപ്പിച്ച് തദ്ദേശ നിധികളെ ശക്തിപ്പെടുത്തണം. 3. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കണക്കുകൾ സൂക്ഷിക്കുന്നതിന് പ്രത്യേക അക്കൗണ്ട്സ് വിഭാഗം രൂപീകരിക്കണം.	സോഫ്റ്റ് വെയർ അധിഷ്ഠിത അക്കൗണ്ടിംഗ് പ്രാബല്യത്തിൽ വന്നപ്പോൾ ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിച്ചിട്ടുണ്ട്.
9(i)	**ഓഡിറ്റ് സമകാലികമാകുന്നില്ല** ➢ ഓഡിറ്റ് രണ്ട് മുതൽ മൂന്ന് ധനവർഷം പിറകിൽ ➢ ഓഡിറ്റ് കുടിശികയാകുന്നതിന് പ്രധാന കാരണം മനുഷ്യവിഭവശേഷിയിലെ കുറവ് ➢ 194 സ്ഥാപനങ്ങൾക്ക് 593 ഓഡിറ്റർമാർ ➢ മലപ്പുറം ജില്ലയിൽ മാത്രം ആവശ്യമായ മനുഷ്യദിനത്തിൽ 1386 കുറവ് ➢ ചാർജ്ജ് സർചാർജ്ജ് നടപടി ജോലിഭാരം കൂട്ടി ➢ ജോലിഭാരത്തിന് ആനുപാതികമായി മനുഷ്യവിഭവശേഷി പുനർനിർണയിക്കണം	ഓഡിറ്റ് വകുപ്പുമായി ബന്ധപ്പെട്ടതാണ്.
9(ii)	**വകുപ്പ് പുന: സംഘാടനം** ➢ ഓഡിറ്റ് റിപ്പോർട്ട് ഉടൻനടപടിയ്ക്ക് മാത്രം പ്രത്യേക വിഭാഗം	ഓഡിറ്റ് വകുപ്പുമായി ബന്ധപ്പെട്ടതാണ്.
9(iii)	**ഓഡിറ്റിന്റെ ബാഹുല്യം** ➢ ഓഡിറ്റിന്റെ ബാഹുല്യം ആസൂത്രണ പ്രക്രിയയ്ക്ക് തടസ്സം ➢ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിൽ സാധാരണമില്ല. ➢ പെർഫോമൻസ് ഓഡിറ്റ് ചുമതല നിറവേറ്റിയില്ല. ➢ ലോക്കൽ ഫണ്ട് ഓഡിറ്റ് കേന്ദ്രമാക്കി ഓഡിറ്റ് കമ്മീഷൻ	ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് കൂടാതെ പെർഫോമൻസ് ഓഡിറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആന്തരിക തിരുത്തൽ സംവിധാനമായി പ്രവർത്തിച്ചുവരുന്നു. ഇത് കൂടാതെ AG യുടെ ഓഡിറ്റ് നിയമപരമായി ഉത്തരവാദപ്പെട്ടതാകയാൽ ഒഴിവാക്കാൻ കഴിയാത്തതാണ് എന്ന് ബോധ്യപ്പെടുത്തുന്നു.. ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കുന്നതിന് സർക്കാർ നടപടി

		സ്വീകരിച്ചു വരുന്നു.
9(iv)	**രജിസ്റ്ററുകളും രേഖകളുമില്ല ;ചെലവുകൾ സാധൂകരിക്കപ്പെട്ടുന്നില്ല** ➢ രേഖകൾ സൂക്ഷിക്കുന്നതിൽ മുൻവർഷങ്ങളിലെ അച്ചടക്കരാഹിത്യം തുടരുന്നു. അക്കൗണ്ടിംഗ് പരിഷ്കാരം ഫലപ്രദമായില്ല. ➢ അടിസ്ഥാന രജിസ്റ്ററുകൾപോലും കൃത്യമല്ല ➢ കണക്കുകൾ അക്കൗണ്ടുകളുമായി പൊരുത്തപ്പെടുന്നില്ല. ➢ ഗ്രാന്റ് : രേഖയില്ല വിനിയോഗ സർട്ടിഫിക്കറ്റ് നൽകാനാവുന്നില്ല. ➢ ഡിമാന്റ് രജിസ്റ്ററുകൾ നാമാവിശേഷമായി ; വൻവരുമാന ചോർച്ച ➢ രജിസ്റ്ററില്ല ; മുൻകൂർ തിരിച്ചടവ് നിരീക്ഷിക്കാനാവുന്നില്ല. ➢ സ്റ്റോക്ക് വിതരണ രജിസ്റ്ററുകൾ കൃത്യമല്ല. ➢ ഗ്രാമ / വാർഡ് സഭാ യോഗരേഖകൾ സൂക്ഷിക്കുന്നില്ല. ➢ ഭരണസമിതി മിനിട്ട്സ് അപൂർണ്ണം പെർഫോമൻസ് ഓഡിറ്റ് പരാജയം. ➢ രേഖയില്ല ഓഡിറ്റ് തടസ്സവാദങ്ങളും നിരാകരണങ്ങളും കൂടുന്നു.	രേഖകളും, രജിസ്റ്ററുകളും സൂക്ഷിക്കാത്തതും സർക്കാർ നിർദ്ദേശം പാലിക്കാത്തതുമായ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.
9(v)	**തുടർച്ചയായ പരിശീലനം** ➢ ഓഡിറ്റർമാർക്ക് തുടർച്ചയായ പരിശീലനം വേണം ➢ സ്ഥിരം പരിശീലനകേന്ദ്രം വേണം	വകുപ്പിന്റെ അധീനതയിൽലുള്ള KILA നടത്തുന്ന പരിശീലവും മറ്റു സർക്കാർ സംവിധാനങ്ങൾ വഴിയുള്ള പരിശീലനവും ഓഡിറ്റർമാർക്ക്നൽകി വരുന്നു.
11	**നികുതികളും വിഹിതങ്ങളും അടയ്ക്കുന്നില്ല** കുടിശിക 10.5 കോടി	തന്നിരിക്കുന്ന പട്ടികയിൽ നികുതികളും വിഹിതങ്ങളും അടയ്ക്കാത്ത സ്ഥാപനങ്ങളുടെ കൃത്യമായ വിവരങ്ങൾ ഇല്ലാത്തതിനാൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ല.
	അദ്ധ്യായം 2	12931/എൽ.എഫ്.എ.സി എ 2-2021/നി.സെ തീയതി 13.08.2021 കത്തിൽ കൊല്ലം, ആലപ്പുഴ, കോഴിക്കോട് ജില്ലകൾ

1	**ജനകീയാസൂത്രണ അവലോകന യോഗം** (കൊല്ലം , ആലപ്പുഴ, കോഴിക്കോട് ജില്ലകൾ ഒഴിവാക്കിയിട്ടുണ്ട്)	ഒഴിവാക്കിയിട്ടുണ്ട്
	തുടർപ്രവർത്തനമില്ല ; പദ്ധതികൾ ഏറ്റെടുത്ത 4.01 കോടിയുടെ ഭൂമി പാഴാവുന്നു കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വ്യവസായ എസ്റ്റേറ്റിനു വാങ്ങിയ ഭൂമിയിൽ എസ്റ്റേറ്റ് ഇതേവരെ ആരംഭിച്ചിട്ടില്ല. ഏഴു ലക്ഷം രൂപയാണ് പദ്ധതി വിഹിതം ദുരുപയോഗപ്പെട്ടത് (99-2000 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക .5).	ജനകീയാസൂത്രണം 1999-2000 പദ്ധതി വിഹിതം ഉപയോഗിച്ച് കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വാങ്ങിയ 2 ഏക്കർ ഭൂമി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിർമ്മിക്കുന്നതിനുവേണ്ടി കോട്ടയം ജില്ലാ മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ പേർക്ക് പതിച്ചു നൽകിയിരുന്നു. എന്നാൽ നാളിതുവരെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിച്ചിട്ടില്ല. ടി സ്ഥലത്ത് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കണമെന്ന് നിരവധി തവണ സൊസൈറ്റി അധികൃതരോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു നടപടിയും സ്വീകരിക്കാത്തതിനെതുടർന്ന് ടി ഭൂമി തിരികെ ഏറ്റെടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ടെന്നും അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പദ്ധതി വിഹിതം ഉപയോഗിച്ച് വാങ്ങിയ രണ്ടേക്കർ ഭൂമി ബ്ലോക്ക് പഞ്ചായത്തിന് ആസ്തിയായി ലഭിക്കുമെന്നതിനാൽ ടി പദ്ധതി വിഹിതം പൂർണ്ണമായി നഷ്ടമായി എന്നു പറയുവാൻ കഴിയുകയില്ല.
	ആലപ്പുഴ നഗരസഭ 4.79 ആർ സ്ഥലം 211699/- രൂപയ്ക്ക് വാങ്ങിയെങ്കിലും ഉദ്ദേശിച്ച മത്സ്യവിപണന കേന്ദ്രം യാഥാർത്ഥ്യമായില്ല.	മത്സ്യ തൊഴിലാളി സഹകരണ സംഘത്തിനുവേണ്ടി ആലപ്പുഴ മുനിസിപ്പാലിറ്റി ബീച്ച് വാർഡിൽ 4.79 ആർ വസ്തു വാങ്ങിയിരുന്നു. എന്നാൽ ടി സ്ഥലത്ത് വിപണന കേന്ദ്രം ആരംഭിക്കുന്നതിന് ആരും തന്നെ തയ്യാറാകാതിരുന്നതിനാൽ വനിതാ മത്സ്യതൊഴിലാളി വികസന ഓഫീസ് പ്രവർത്തിക്കുന്നതിന് അനുവദിച്ചിട്ടുള്ളതാണ് ടി സ്ഥലം ആലപ്പുഴ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ളതും കെട്ടിടങ്ങൾ നഗരസഭാ സെക്രട്ടറിയുടെ പേരിൽ അഡ്രസ്സ് ചെയ്തിട്ടുള്ളതുമാണ്. ആയതിനാൽ പ്രസ്തുത

		പരാമർശത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ അപേക്ഷിക്കുന്നു.
	ചങ്ങനാശ്ശേരി നഗരസഭ അന്തർദേശിയ സ്പോർട്സ് കോംപ്ലക്സിന് വാങ്ങിയ 4770469 രൂപയുടെ 444..73 ആർ ഭൂമി യാതൊരുവിധ ഉടർ പ്രവർത്തനവുമില്ലാതെ അന്യാധീനപ്പെടുന്നു.	ചങ്ങനാശ്ശേരി നഗരസഭ 1997-98 ൽ 4770459/- രൂപ ചെലവിട്ട് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുവാനായി സ്ഥലം വാങ്ങിയിട്ടുള്ളതും, ഏറ്റെടുത്ത സ്ഥലം അളന്നുതിട്ടപ്പെടുത്തി അതിർത്തി തിരിച്ച് കല്ലിടുകയും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലത്ത് മാലിന്യം നിക്ഷേപിച്ച് വരുന്നില്ല. നഗരമാലിന്യം നിക്ഷപിക്കുന്നത് നഗരസഭയുടെ ഡമ്പിംഗ് ഗ്രൗണ്ടിലാണ്. ആകെ 5.2 ഹെക്ടർ സ്ഥലം ഉള്ളതിൽ സ്റ്റേഡിയത്തിനായി ഏറ്റെടുത്ത സ്ഥലം പിന്നീട് ബൈപ്പാസ് റോഡ് നിർമ്മാണത്തിന് എടുക്കുകയും നിലവിൽ റോഡ് നിർമ്മിച്ച ശേഷം ടി സ്ഥലം റോഡിന്റെ ഇരുവശത്തായാണ് സ്ഥിതി ചെയ്യുന്നത്. 224.7 മീറ്റർ നീളത്തിലും 23.5 മീറ്റർ വീതിയിലും ഉള്ള സ്ഥലം റോഡിനായി സർക്കാരിന് കൈമാറി. ബാക്കി സ്ഥലം അളന്ന് തിട്ടപ്പെടുത്തിയിട്ടുള്ളതാകുന്നു. ബാക്കിയുള്ള 417.80 ആർ സ്ഥലം റോഡിന്റെ ഇരുവശങ്ങളിലായി ഉള്ളതാണ്. സംസ്ഥാന സ്പോർട്സ് കൗൺസിലും ബഹു.എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടും ഉപയോഗിച്ചുകൊണ്ടും ആധുനിക രീതിയിലുള്ള സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് കൗൺസിൽ തീരുമാനിച്ചുവെങ്കിലും, റോഡിന് സ്ഥലം വിട്ടുകൊടുത്തതിനാൽ മുഴുവൻ സ്ഥലവും ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഏറ്റവും കൂടുതൽ സ്ഥലം ബാക്കിയുള്ള സ്ഥലത്ത് ഒരു ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിന് 25.03.2018-ൽ കൂടിയ നഗരസഭയുടെ ബഡ്ജറ്റിൽ തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണ്. 2018-19 വാർഷിക പദ്ധതിയിൽ (പ്രോജക്ട് നം.212) 5,00,000/- രൂപ ആയി

	തലശ്ശേരി നഗരസഭ വിവിധ പദ്ധതികൾക്ക് ഏറ്റെടുത്ത് 12184095 രൂപയുടെ ഭൂമി പാഴായി കിടക്കുന്നു.	ഉൾപ്പെടുത്തിയിട്ടുള്ളതാണ്. മഹാ പ്രളയം ഉയർത്തിയ വെല്ലുവിളികൾ തരണം ചെയ്യുന്നതിനായി നവകേരള നിർമ്മാണം സർക്കാർ വിഭാവനം ചെയ്ത സാഹചര്യത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് കോട്ടയം ജില്ലയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നഗരസഭയുടെ അധീനതയിൽ അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സിനായി പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ സ്ഥലത്ത് മൾട്ടീപർപ്പസ് സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ടി പദ്ധതി ജില്ലാ ആസൂത്രണ സമിതിയുടെ പരിഗണനയിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. തുടർ നടപടിയ്ക്കായി ടി പദ്ധതിയ്ക്കായി ഒരു കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സഹിതം ഡി.പി.സിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. സർക്കാർ അനുമതി നല്കേണ്ടതുണ്ടെങ്കിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്. തലശ്ശേരി നഗരസഭ വിവിധ പദ്ധതികളായ മിനിവ്യവസായ എസ്റ്റേറ്റ്, മൽസ്യമാർക്കറ്റ് വികസനം, പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടം, കാവുംഭാഗം സ്കൂൾ വികസനം ഇവ പൂർത്തിയാക്കിയിട്ടുണ്ട്. മിനി സ്റ്റേഡിയം നിർമ്മാണം കൂട്ടിമാക്കൂൾ വയലളം മിനിസ്റ്റേഡിയം നിർമ്മാണത്തിനു വാങ്ങിയ വസ്തുവിൽ ഗാലറി നിർമ്മാണം, അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ ഇവ നടത്തിയിട്ടുണ്ട്. മിനി സ്റ്റേഡിയത്തിന്റെ പ്രവേശന കവാടം വരുന്ന ഭാഗത്ത് സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വസ്തു സ്ഥിതിചെയ്യുന്നതുകൊണ്ട് സുഗമമായ വാഹനപ്രവേശനം സാധിക്കാത്തതിനാൽ തുടർ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടില്ല. ഇപ്പോൾ മേൽ സൂചിത വസ്തു ആർജ്ജിച്ചുവരുന്നതിനുവേണ്ടി നടപടി സ്വീകരിച്ചുവരുന്നു.
2.	നിക്ഷേപ പദ്ധതികൾ പൂർത്തിയായില്ല : പദ്ധതി വിഹിതം 18.19 കോടി വിവിധ സ്ഥാപനങ്ങളിൽ	നിക്ഷേപ പദ്ധതികളുടെ ഭാഗമായി ഓഡിറ്റിൽ പറയുന്ന തുക ഏതൊക്കെ സ്ഥാപനങ്ങളെന്നു വേർതിരിച്ച് പറയാത്തതിനാൽ കൃത്യമായ മറുപടി നല്കാൻ കഴിയാത്ത സാഹചര്യമാണ്. അതേസമയം ഓഡിറ്റ് പരാമർശത്തിലെ നിക്ഷേപ

		പദ്ധതികളുമായി ബന്ധപ്പെട്ട വ്യാപകമായ പദ്ധതികൾ തുടർ വർഷങ്ങളിൽ നിരുത്സാഹപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നുള്ള പാഠം ഉൾക്കൊണ്ടിട്ടാണ് തുടർ വർഷങ്ങളിലെ പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയിട്ടുള്ളത് എന്നതിനാൽ നിക്ഷേപ പദ്ധതികളിലുള്ള ആക്ഷേപങ്ങൾ ഒരു പരിധിവരെ പരിഹരിച്ചിട്ടുണ്ട്.
3	തൊഴിൽ സംരംഭങ്ങൾ അടച്ചുപൂട്ടി : പദ്ധതി വിഹിതം 4.02 കോടി നഷ്ടം	കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 1998-99 വർഷത്തെ ജനകീയാസൂത്രണം പദ്ധതി പ്രകാരമുള്ള പ്രോജക്ടായിരുന്നു. ചെമ്മനാകരിയിൽ കയർമേഖലയ്ക്ക് വേണ്ടി ഡീഫൈബറിംഗ് മിൽ സ്ഥാപിക്കുക എന്നത് . ഈ പ്രോജക്ട് പ്രകാരം സംഘം വക സ്ഥലത്ത് ഡീഫൈബറിംഗ് മിൽ സ്ഥാപിക്കാനായിരുന്നു ഉദ്ദേശ്യം. എന്നാൽ സംഘം വക സ്ഥലം, ഡീഫൈബറിംഗ് മിൽ സ്ഥാപിക്കുന്നതിനുള്ള യന്ത്രസാമഗ്രികൾ സ്ഥാപിക്കുനനതിന് അനുയോജ്യമല്ലാതാകയാൽ ഇതിനായി വൈക്കം താലൂക്കിൽ കുലശേഖരമംഗലം വില്ലേജിലെ സർവ്വേ നമ്പർ 83/19 ൽ ഉൾപ്പെട്ട 50 സെന്റ് സ്ഥലം സംഘം പേരിൽ തീറായി വാങ്ങുകയായിരുന്നു. ടി സ്ഥലം 1,47,500/- രൂപയ്ക്കാണ് വാങ്ങിയത്. ഇതിൽ 75,000/- രൂപ ജില്ലാ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നുമാണ് വിനിയോഗിച്ചത്. ടി സ്ഥലം ജില്ലാ പഞ്ചായത്തിന്റെ പേരിലേയ്ക്ക് മാറ്റിയിട്ടില്ല. കയർ വികസന വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് 15.10.1997 മുതൽ ഈ സംഘം പ്രവർത്തിച്ചുവരുന്നു. ടി സ്ഥാപനത്തിൽ സ്ഥാപിച്ചിരുന്ന യന്ത്രസാമഗ്രികൾ ലേലം ചെയ്ത തുക സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിനായി യന്ത്രസാമഗ്രികളുടെ വില പി.ഡബ്ല്യു.ഡി അധികാരികൾ നിർണ്ണയിച്ചുതരികയും (ആകെ 6,45,000/- രൂപ ആറ് ലക്ഷത്തി നാല്പത്തിയയ്യായിരം രൂപ മാത്രം) അതുപ്രകാരം ലേല നടപടികൾ സ്വീകരിക്കുകയും ചെയ്തുവെങ്കിലും ടി വിലയ്ക്ക് ലേലം കൊള്ളുവാൻ ആരും സന്നദ്ധരായില്ല എന്നും തുടർന്ന വീണ്ടും ഈ

		വിലയ്ക്ക് തന്നെ 07.10.2014 ൽ വില പുനർ നിർണ്ണയിച്ച് ലേല നടപടികൾ സ്വീകരിച്ചുവെങ്കിലും ടി വിലയ്ക്കും സാധനങ്ങൾ ലേലത്തിൽ പിടിക്കുന്നതിന് ആരും തയ്യാറായില്ല. ആയതിനാൽ വീണ്ടും യന്ത്രസാമഗ്രികളുടെ വില പൊതുമരാമത്ത് അധികാരികളെക്കൊണ്ട് പുനർ നിർണ്ണയിപ്പിക്കുകയും ഡീഫൈബറിംഗ് യൂണിറ്റിന്റെ യന്ത്രഭാഗങ്ങൾ ലേലം ചെയ്യുന്നതിന് പൊതുമരാമത്ത് വിഭാഗം 1,27,250/- രൂപയുടെ വാല്യുവേഷൻ തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട് എന്ന് കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിനെ അറിയിച്ചിരുന്നു. എന്നാൽ ഇതുകൊണ്ട് സർക്കാരിനുണ്ടായ നഷ്ടം നികത്തുവാൻ സാധിക്കുകയില്ല എന്ന് കണ്ടത്തിയതിന്റെ അടിസ്ഥാനത്തിൽ പഴയ മെഷിൻ ലേലം ചെയ്ത് വിറ്റ് കിട്ടുന്ന തുക ഒഴിച്ച് ബാക്കിയുള്ള തുക പ്രോജക്ട് നടപ്പിലാക്കുവാൻ തീരുമാനമെടുത്ത ജില്ലാ പഞ്ചായത്ത് അംഗങ്ങൾ,സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരിൽ നിന്ന് ഈടാക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.
	കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമ പഞ്ചായത്തിലെ തയ്യൽ/ റെഡിമെയ്ഡ് യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല,. പദ്ധതി വിഹിതം 8,95,166/- രൂപയാണ് ഇതിന് ചെലവ്.	തയ്യൽ റെഡിമെയ്ഡ് യൂണിറ്റിനായി ഏഴ് സംഘങ്ങൾക്ക് നാലായിരം രൂപ നിരക്കിൽ ആകെ 28,000/- രൂപയാണ് നല്കിയിരുന്നത്. ടി സംഘങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നതും അതിന് മറുപടി ലഭ്യമാക്കിയിരുന്നതുമാണ്. തയ്യൽ മെഷീനുകൾ ലഭിച്ചവർ പത്തുവർഷത്തിലേറെ യൂണിറ്റ് ഉപയോഗിക്കുകയും പ്രോജക്ട് വിഭാവനം ചെയ്ത സ്ത്രീ ശാക്തീകരണം നടപ്പിലായിട്ടുള്ളതായും കാണുന്നു. അതിൽ ചില സ്ഥലം മാറിപ്പോകുകയും ചില യൂണിറ്റുകൾ കുടുംബശ്രീയുമായി ചേർന്ന് പ്രവർത്തിക്കുകയും ചെയതിട്ടുള്ളതുമാണ്. തയ്യൽ മെഷീനുകളുടെ കാലികമായ രൂപാന്തരം മൂലം പഴയ മെക്കാനിസത്തിലുള്ള തയ്യൽ മെഷീനുകളുടെ ഉപയോഗം കുറയുകയും പുതിയ ടെക്നോളജി ഉപയോഗിച്ചുകൊണ്ടുള്ള തയ്യൽ മെഷീൻ

		ലഭ്യമാക്കുകയും ചെയ്ത സാഹചര്യത്തിൽ കൂടുതൽ മുതൽ മുടക്കോടെ ചില യൂണിറ്റുകൾ കൂടുതൽ വ്യക്തികളെ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്. സബ്സിഡി ലഭിച്ച യൂണിറ്റുകൾ തങ്ങൾക്ക് ലഭിച്ച ആനുകൂല്യം ഫലപ്രദമായി പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കനുസൃതമായി നടപ്പിലാക്കിയിട്ടുള്ളതായി കാണുന്നു. ഏഴ് യൂണിറ്റുകൾക്കായി ആകെ നൽകിയ 28,000/- രൂപയിൽ ഓരോ യൂണിറ്റിനും സബ്സിഡി ആയി ലഭിച്ച 4,000/- രൂപയ്ക്ക് പുറമേ ഓരോ യൂണിറ്റും കെട്ടിട വാടക, ഇലക്ട്രിസിറ്റി ചാർജ്ജ് മറ്റനുബന്ധ സൗകര്യങ്ങൾ എന്നിവയ്ക്കായി 20,000/- രൂപയിലധികം ചെലവഴിച്ചിട്ടുള്ളതാണ്. നല്കപ്പെട്ട ആനുകൂല്യങ്ങൾ വനിതാ സംഘങ്ങൾ ഫലപ്രദമായി ഉപയോഗിക്കുകയും പത്തുവർഷത്തിലേറെ ലാഭകരമായി സംരംഭം കൊണ്ടു നടക്കുകയും ചെയ്ത സാഹചര്യത്തിൽ മേൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.
3.	**<u>കാർഷിക യന്ത്രവത്ക്കരണം ലക്ഷ്യം നേടിയില്ല</u>** തലശ്ശേരി നഗരസഭ 112147 രൂപയ്ക്ക് വാങ്ങിയ പവർ ട്രില്ലർ പാടശേഖരസമിതിയുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്നു	പവ്വർ ട്രില്ലർ ഉപയോഗശൂന്യമായതുമായി ബന്ധപ്പെട്ട് വീഴ്ച്ച വരുത്തിയ ഉദ്യോഗസ്ഥരുടെ മേൽ വകുപ്പു നടപടി സമിതി ശുപാർശ ചെയ്തിരുന്നു. എന്നാൽ ഇക്കാര്യത്തിൽ കൃഷി വകുപ്പിൽ നിന്നും ഉദ്യോഗസ്ഥരുടെ വിവരം നഗരസഭയ്ക്ക് ഇതുവരെ നല്കിയിട്ടില്ല.
	കോട്ടയം ജില്ലയിലെ അയ്മനം ഗ്രാമ പഞ്ചായത്ത് 606084 രൂപയ്ക്ക് പാടശേഖരങ്ങൾക്ക് വാങ്ങി നൽകിയ 4 മോട്ടറുകൾ വൈദ്യുതി ലഭ്യമാക്കാതെയും അനുബന്ധ സാമഗ്രികളുടെ അഭാവത്തിലും ഉപയോഗിക്കപ്പെടാതെ കിടക്കുന്നു.	അയ്മനം ഗ്രാമ പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിൽ നെൽകൃഷിക്കുള്ള അധിക ചെലവ് കുറയ്ക്കുന്നതിനുവേണ്ടി കൃഷി ഓഫീസർ 1999-2000 വാങ്ങിയ 4 മോട്ടറുകൾ 15.46 ഹെക്ടർ വരുന്ന തുരുത്തികണ്ടം പാടശ്ശേഖരം - (30 എച്ച്.പി), 2144 ഹെക്ടർ വരുന്ന പള്ളിയാർ ഈസ്റ്റ് - (40 എച്ച്.പി) 176 ഹെക്ടർ വരുന്ന മേനോൻകരി -(എച്ച്.പി),2144 ഹെക്ടർ വരുന്ന പുത്തരിക്കണ്ടം - (40 എച്ച്.പി) എന്നീ പാടശ്ശേഖര സമിതി സെക്രട്ടറിമാർക്ക് കൈമാറി നൽകിയെങ്കിലും പ്രവർത്തനക്ഷമമാകത്തതിന്റെ പേരിൽ 6,06,084/- രൂപ

		തടസ്സപ്പെടുത്തിയിരുന്നു. കെ.എസ്സ്.ഇ.ബിയുടെ സ്ഥിരം കണക്ഷൻ ലഭ്യമായതോടെ 2005 മുതൽ ഈ നാലു മോട്ടോറുകളും പ്രവർത്തിച്ചുവരുന്നതാണ്. എന്നാൽ 2018 വെള്ളപ്പൊക്കത്തിൽ ഉരുത്തിക്കണ്ടം പാടശ്ശേഖരത്തിന്റെ 30 എച്ച്.പി മോട്ടോർ പ്രവർത്തന രഹിതമായിട്ടുള്ളതും സ്പെയർ പാർട്സ് ലഭ്യമല്ലാത്തതിനാൽ ഈ മോട്ടോർ നിലവിൽ പ്രവർത്തിക്കുന്നില്ലാത്തതുമാണ്. മറ്റ് 3 എണ്ണം ഇപ്പോഴും പ്രവർത്തിച്ചുവരുന്നു. മേൽ സാഹചര്യത്തിൽ 606084/- രൂപയുടെ ചിലവ് അംഗീകരിച്ച് പരാമർശം ഒഴിവാക്കി നൽകണമെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനോട് അപേക്ഷിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം നിയമസഭാസമിതിയുമായി ബന്ധപ്പെട്ടതാണ്.
	പാലക്കാട് നഗരസഭ പാടശേഖര സമിതിയ്ക്ക് കാർഷികയന്ത്രം എന്ന പദ്ധതിയിൽ 5 ലക്ഷം രൂപയ്ക്ക് വാങ്ങിയ പവർ ടില്ലർ ഇപ്പോൾ നഗരസഭ ശുചീകരണത്തിനുപയോഗിക്കുന്നു.	പാടശേഖര സമിതികൾക്ക് 100% സബ്സിഡി നിരക്കിൽ പവർ ടില്ലർ വിതരണം ചെയ്യുന്നതിന് വിഭാവനം ചെയ്തുകൊണ്ട് നഗരസഭ തയ്യാറാക്കിയ പ്രോജക്ടിൽ പദ്ധതി വിഹിതമായി 5,00,000/- രൂപയും സംസ്ഥാനാവിഷ്കൃത വിഹിതമായി 200000/- രൂപയും ഉൾപ്പെടെ 7 ലക്ഷം രൂപയുടെ അടങ്കലാണ് വകയിരുത്തിയിരുന്നത്. ഈ പദ്ധതിയുടെ ഭാഗമായി പദ്ധതി പണം ഉപയോഗിച്ച് ഒരു ലക്ഷം രൂപ വിലയുള്ള 5 പവ്വർ ടില്ലറുകളാണ് വാങ്ങി താഴെ പറയുന്ന പാടശേഖരസമിതികൾക്ക് ടി കാലയളവിൽ വിതരണം ചെയ്തിരുന്നത്. വാഴ്ഞ്ചേരി നമ്പ്യാർ പാടം പാടശേഖരസമിതി , കുറുകോടി പാടശേഖരസമിതി, മുരുകണ്ണി പാടശേഖര സമിതി, പുത്തൂർ പാടശേഖര സമിതി, കള്ളിക്കാട് പാടശേഖരസമിതി. എന്നാൽ പാടശേഖരസമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാലും ടില്ലറുകൾ ഉപയോഗിക്കാതെയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനേയും തുടർന്ന് 28.04.2003 ലെ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 7-ാം നമ്പറായുള്ള

		തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പവർ ടില്ലറുകൾ നഗരസഭകൾ തന്നെ പാടശേഖര സമിതികളുടെ പക്കൽ നിന്നും തിരികെ വാങ്ങുകയും നഗരസഭയുടെ ശുചീകരണ പ്രവർത്തനങ്ങൾക്കായി ടി കാലയളവിൽ ഉപയോഗിച്ചുവരുകയും ചെയ്തിരുന്നു. കാലപ്പഴക്കത്തെ തുടർന്ന് ടില്ലറുകൾക്ക് കേടുപാടുകൾ സംഭവിച്ചതിനാൽ റിപ്പയർ ചെയ്ത് ശരിയാക്കുന്നതിന് ഏകദേശം ആയത് പുതിയവ വാങ്ങുന്നതിന് വരുന്ന സംഖ്യയോളം ചെലവ് വരുമെന്നതിനാലും ടില്ലറിനേക്കൾ കൂടുതൽ സൗകര്യപ്രദമായുള്ള വാഹനങ്ങൾ വാങ്ങുന്നതാണ് ശുചീകരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ നല്ലതെന്ന കൗൺസിലിന്റെ തീരുമാനത്തെ തുടർന്ന് ആയത് ലേല നടപടികൾ സ്വീകരിച്ച് വില്പന നടത്തിയിട്ടുള്ളതുമാണന്ന് പാലക്കാട് നഗരസഭ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗത്തെ അറിയിച്ചിരുന്നതുമാണ്. പദ്ധതി വിഹിതം നഗരസഭയുടെ തന്നെ പ്രവർത്തനങ്ങൾക്കായി പൂർണ്ണമായും വിനിയോഗിച്ചു എന്നത് കണക്കിലെടുത്ത് തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.
	അദ്ധ്യായം 3 **ഓഡിറ്റ് പരാമർശം - ത്രിതല പഞ്ചായത്തുകൾ**	
3.8.1 13.1	**തൃശ്ശൂർ ജില്ല** **പദ്ധതികൾ പൂർത്തിയായില്ല ; 15.1 ലക്ഷം കൺവീനർമാരിൽ** തൃശ്ശൂർ ജില്ലയിലെ ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളുടെ 1516178/- രൂപ വിവിധ വ്യക്തികളിൽ ഉണഭോക്തൃ സമിതി കൺവീനർമാരുടെ കൈവശം വർഷങ്ങളായി കിടക്കുന്ന തുക ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സർക്കാർ നൽകിയ പദ്ധതി വിഹിതത്തിൽ നിന്നും വകമാറ്റിയതാണ് തുക.	**മേത്തല ഗ്രാമ പഞ്ചായത്ത്** പദ്ധതികളെല്ലാം പൂർത്തീകരിച്ച് ബില്ല് സമർപ്പിച്ചിട്ടുണ്ട്. **പുതുക്കാട് ഗ്രാമപഞ്ചായത്ത്** 245000/ രൂപ അടങ്കൽ തുകയുള്ള 1999-2000 വർഷത്തെ പദ്ധതിയായ വനിത തൊഴിൽ കേന്ദ്രം (ജനറൽ) പ്രവൃത്തിക്ക് 2000 മാർച്ച് മാസത്തിൽ ചെക്ക് നമ്പർ 582623 പ്രകാരം 61000/- രൂപ മൊബിലൈസേഷൻ അഡ്വാൻസും 31/03/2000 തീയ്യതിയിലെ 582657 നമ്പർ ചെക്ക് പ്രകാരം 37500/- രൂപ

	ജനകീയാസൂത്രണ വർഷങ്ങളിൽ അംഗീകാരം ലഭിച്ച വിവിധ പദ്ധതികൾക്ക് മുൻതൂർ നൽകിയതാണ് തുക പദ്ധതികൾ മുഴുവനും മരാമത്ത് പണികളാണ്. ചില പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾപോലും നടത്തിയിട്ടില്ല. മറ്റ് ചില പദ്ധതികളുടെ നിർവ്വഹണം പുരോഗമിച്ചിട്ടുണ്ടാകാം. എന്നാൽ അവസാന ബില്ലുകൾ ഹാജരാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടെയുള്ള നിർവ്വഹണരേഖകൾ ലഭ്യമല്ല. മരാമത്ത് പണികൾ പൂർത്തിയായില്ല. ജനകീയാസൂത്രണ വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് തുടങ്ങിയ 8 മരാമത്ത് പണികൾ പൂർത്തിയായില്ല. 97-98, 98-99, 99-2000, 2000-01 വർഷങ്ങളിൽ സമാഹരണ മുൻതൂർ നല്കിയ പണികളാണ് മുടങ്ങിയത്. സമാഹരണ മുൻതൂർ ക്രമപ്പെടുത്താതെയാണ് തുടർന്ന് ഓരോ വർഷവും മുൻതൂറുകൾ നല്കിയത്. മൂല്യനിർണയം നടത്തി പണികൾ അടിയന്തിരമായി വിലയിരുത്തി കൺവീനർമാർക്ക് അധികം നല്കിയ തുക ഈടാക്കേണ്ടതാണ്. **<u>മേത്തല ഗ്രാമ പഞ്ചായത്ത്</u>** ആകെ ഈടാക്കാനുള്ള മുൻതൂറുകൾ 274350. **പുത്തൻചിറ ഗ്രാമ പഞ്ചായത്ത്** **പുതുക്കാട് ഗ്രാമ പഞ്ചായത്ത്** **പുത്തൂർ ഗ്രാമ പഞ്ചായത്ത്** **അളകപ്പ നഗർ ഗ്രാമ പഞ്ചായത്ത്**	സെക്കേർഡ് അഡ്വാൻസും 03/11/2000 തീയ്യതിയിലെ 582694 നമ്പർ ചെക്ക് പ്രകാരം 12486/- രൂപ പാർട്ട് ബില്ലും ഇനത്തിൽ ആകെ 223361/- രൂപ 2000-2001 വരെ നല്കിയിട്ടുള്ളതാണ്. പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം ആകെ മൂല്യം 243598/- രൂപയാണ്. ആയതിൽ ഇതുവരെ നല്കിയ 223361/- രൂപയും പട്ടികജാതി വനിത തൊഴിൽ കേന്ദ്ര നിർമ്മാണം പ്രവൃത്തിക്ക് ഇതേ കൺവീനർക്ക് അധികം നല്കിയ 6761/- രൂപയും ഫൈനൽ ബില്ലിൽ കുറവ് വരുത്തി ബാക്കി 13476 /- രൂപ 30/11/2004 തീയ്യതിയിലെ 0265239 നമ്പർ ചെക്ക് പ്രകാരം നല്കിയിട്ടുണ്ട്. ആയത് 19/2000 അളവ് പുസ്തകത്തിൽ 80-ാം നമ്പർ പേജിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ടി കെട്ടിടം ഇപ്പോൾ വനിത കാന്റീനായി പ്രവർത്തിക്കുന്നുണ്ട് എന്നും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. **<u>പുത്തൂർ ഗ്രാമപഞ്ചായത്ത്</u>** കലാകേന്ദ്രം സാംസ്കാരിക സമുച്ചയം പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ കൺവീനറായ ശ്രീ. സുകുമാരൻ കാരാട്ട് വീട് എന്നവരിൽ നിന്നും മുൻതൂർ നൽകിയ 30000/-രൂപയും 18% പലിശയും സഹിതം 107850/- രൂപ ആർ.ആർ. നടപടികളിലൂടെ 07.10.2015 ലെ 11504400018, 11504400019, 11504400020 രശീതികൾ പ്രകാരം ഗ്രാമപഞ്ചായത്ത് ഈടാക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. **<u>അളകപ്പ നഗർ ഗ്രാമ പഞ്ചായത്ത്</u>** പദ്ധതികൾ ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ട്. **<u>പുത്തൻചിറ ഗ്രാമ പഞ്ചായത്ത്</u>** പദ്ധതികൾ ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ട്.
3..13.7.1	**<u>ആലക്കോട് ഗ്രാമപഞ്ചായത്ത്</u>**	**6 എ. <u>ആറാട്ടുകളം ജലസേചനകളം നിർമ്മാണം</u>**

എ. ആറാട്ട് കടവ്

കൺവീനർ. ശ്രീ. കെ. എം ഷാജു

ആറാട്ട കടവിൽ ജലസേചനത്തിന് കുളം നിർമ്മിക്കുകയായിരുന്നു ആദ്യ ഘട്ടത്തിൽ ലക്ഷ്യമിട്ടിരുന്നത്. ടി പ്രവൃത്തിയുടെ എം. ബുക്ക് ഹാജരാക്കിയിട്ടില്ല. മാത്രമല്ല പ്രവൃത്തി നടത്തിയതിന് യാതൊരു രേഖയും ഹാജരാക്കിയിട്ടില്ല.

1998-99 ൽ തുടങ്ങിയ ടി പ്രവൃത്തിക്ക് താഴെ കാണിച്ച രീതിയിൽ കൺവീനർ തുക കൈമാറിയിട്ടുണ്ട്.

ചെക്ക് നം. 058466/15/03/1999 - 25000

ചെക്ക് നം. 152976/30/03/1999 - 26000

ചെക്ക് നം. 073733/31/03/1999 - 28600

ആകെ - 79600

==========

ഒന്നാം ഘട്ടത്തിൽ യാതൊരു പ്രവർത്തിയുമെടുക്കാതെ രണ്ടാം ഘട്ടത്തിൽ 99-00 ലെ പ്രൊജക്ടിൽ ഉൾപ്പെടുത്തി റെയിഡ്കോയിൽ നിന്നും (ബിൽ നം.00535/28/03/00) 108465/- രൂപയുടെ പമ്പ്സെറ്റും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങിയിട്ടുണ്ട്.

നാളിതുവരെ ടി പദ്ധതിയിൽ യാതൊരു പ്രവർത്തിയുമെടുക്കാതെ കുളം നിർമ്മിക്കുകയും അതോടൊപ്പം പമ്പ് സെറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങിക്കുകയും ചെയ്തു. എന്നാൽ സ്ഥലത്ത് ആവശ്യത്തിന് ജലം ലഭിക്കാതെ വന്നതിനാൽ പ്രസ്തുത പദ്ധതി പഞ്ചായത്തിന്റെ 22.12.2004 ലെ 91/04(9) നമ്പർ തീരുമാന പ്രകാരം ഉപേക്ഷിക്കുകയും പമ്പ് സെറ്റും അനുബന്ധ ഉപകരണങ്ങളും പഞ്ചായത്ത് ഓഫീസിൽ കൊണ്ട വന്ന് സൂക്ഷിക്കുകയും തുടർന്ന് പഞ്ചായത്തിന്റെ 29.11.2007 ലെ 85/07 നമ്പർ തീരുമാനപ്രകാരം പുതിയ പദ്ധതികളായ നെല്ലിപ്പാറ, നരിയമ്പാറ പദ്ധതികൾക്കായി ഉപയോഗിക്കുകയും ചെയ്തു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് അന്നത്തെ കൃഷി ഓഫീസർ ആയിരുന്ന ശ്രീ പി.കെ. രാധാകൃഷ്ണൻ എന്നിവർക്ക് അറിയിപ്പ് നൽകിയിരുന്നു. തുടർന്ന് ടിയാൻ 31012017 ന് പ്രോജക്ട് സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിൽ ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിരുന്നുവെങ്കിലും അനന്തര നടപടികൾ ഒന്നും അദ്ദേഹത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായില്ല. തുടർന്ന് അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസർ കണ്ണൂർ അവർകൾക്ക് കത്ത് നൽകിയിട്ടുണ്ട്. മേൽ പരാമർശത്തിന് ഉത്തരവാദിയായ അന്നത്തെ കൃഷി ഓഫീസർ ശ്രീ രാധാകൃഷ്ണൻ പി.കെ (പുതുപറമ്പിൽ ഹൗസ്, എടക്കേപുറം നോർത്ത്, ചെറുകുന്ന് പി.ഒ, കണ്ണൂർ ജില്ല, ഫോൺ 9447487712) എന്നവർ 2018 മെയ് മാസത്തിൽ സർവ്വീസിൽനിന്നും വിരമിച്ചതാണെന്നും ടിയാൻ ബാധ്യതരഹിത സർട്ടിഫിക്കറ്റിനായി കൃഷിഭവൻ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ വന്നതിനാൽ ടിയാന് എൻ.എൽ.സി നല്കാൻ സാധിച്ചിട്ടില്ലെന്നും ബോധിപ്പിക്കുന്നു.ടിയാനിൽ നിന്നും ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്നും പരാമർശ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടം ഈടാക്കുന്നതിനാവശ്യമായ

	188065/- രൂപ ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക കൺവീനറിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇതിലേക്ക് ബന്ധപ്പെട്ടവരുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. യാതൊരു പ്രവർത്തിയും ചെയ്യാതെ പമ്പ്സെറ്റും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് അന്വേഷണ വിധേയമാക്കേണ്ടതാണ്.	നടപടികൾ നിയമാനുസൃതം സ്വീകരിക്കുന്നതാണ്.
	ബി. ആമക്കുന്ന് ഒന്നാം ഘട്ടം- കൺവീനർ. ശ്രീ അപ്പുക്കുട്ടൻ, ആലപ്പാട്ട് വീട്. മേൽ പ്രവൃത്തിയുടെ നടത്തിപ്പ് സംബന്ധിച്ച് ഹാജരാക്കിയ എം ബുക്കിൽ (നം.4/2002-03) 2003 ൽ മാത്രമാണ് പണി തുടങ്ങിയതായി രേഖപ്പെടുത്തിയത്. ടി പദ്ധതിയിൽ നാളിതുവരെ കൈപ്പറ്റിയ തുകയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു. ഒന്നാം ഘട്ടമെന്ന നിലയിൽ ശ്രീ അപ്പുക്കുട്ടൻ (കൺവീനർ) 98-99 ൽ ആകെ 85700/- രൂപ കൈപ്പറ്റിയിട്ടുണ്ട്. 1998-99- ൽ യാതൊരു പ്രവൃത്തിയുമെടുക്കാതെ രണ്ടാം ഘട്ടത്തിൽ ശ്രീ. ജോഷി ജോർജ്ജ് എന്നയാൾ (ചെക്ക് നം.969501/18-02-2000) 10000/- രൂപ ആമക്കുന്ന് ഇറിഗേഷൻ കൺവീനർ എന്ന നിലയിൽ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ടിയാൻ കരാർ ഉടമ്പടി വെച്ചിട്ടില്ല. കൂടാതെ ടി പ്രവൃത്തിക്ക് വേണ്ടി റെയിഡ്കോയിൽ നിന്ന് (ബിൽ നം.00529/28/03/00) 59841/- രൂപ യുടെ പമ്പ്സെറ്റും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ എം ബുക്കു പ്രകാരം 2003 ൽ മാത്രം തുടങ്ങി കാണുന്ന ടി പ്രവൃത്തിക്ക് വേണ്ടി യാതൊരു മാനദണ്ഡവുമില്ലാതെ നിർവ്വഹണ	**6 ബി. ആമക്കുന്ന് കുളം നിർമ്മാണം** കുളം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

	ഉദ്യോഗസ്ഥൻ 15554/- രൂപ ചെലവഴിച്ചത് ഉരുതരമായ ക്രമക്കേടാണ്. മാത്രമല്ല അഡ്വാൻസ് നൽകിയതിന് ശേഷം ചെയ്ത പ്രവൃത്തിയുടെ അളവ് എടുക്കുകയും മൂല്യ നിർണ്ണയം നടത്തുകയും ചെയ്യുന്നതിന് മുൻപ് വീണ്ടും കൺവീനർക്ക് തുക നൽകിയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ സർക്കാരിൽ നിന്നും സാധുകരണം വാങ്ങേണ്ടതാണ്. തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.	
	സി. കഴുക്കൽ ഒന്നാം ഘട്ടം- കൺവീനർ. ശ്രീ കെ. ബിജു. എം. ബുക്ക് നം.39/98-99 ടി പ്രവൃത്തിക്ക് ആകെ ചെലവായത് 73308/- രൂപയാണ്. എന്നാൽ കൺവീനർ ആകെ 85600/- രൂപ കൈപ്പറ്റിയിട്ടുണ്ട്. കൈപ്പറ്റിയ തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു. ചെക്ക് നം. 058467/15-03-99 - 25000 ചെക്ക് നം. 073722/31-03-99 - 60600 ആകെ - 85600 ആയതിനാൽ ഈ ഇനത്തിൽ അധികം കൈപ്പറ്റിയ 12292/- രൂപ കൺവീനറിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്. കൂടാതെ 1%നിരക്കിൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് ഒടുക്കേണ്ട 733/- രൂപയും 1539/- രൂപ വിൽപന നികുതിയിനത്തിലും ഒടുക്കേണ്ടതാണ്. ടി പ്രവൃത്തിയുടെ രണ്ടാം ഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ മൂന്നാം	**സി. കഴുക്കൽ** പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് അന്നത്തെ കൃഷി ഓഫീസർ ശ്രീ.രാധാകൃഷ്ണൻ എന്നവർക്ക് അറിയിപ്പ് നൽകിയിരുന്നു. തുടർന്ന് ടിയാൻ 31.02.2017 ന് പ്രോജക്ട് സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിരുന്നുവെങ്കിലും തുടർനടപടി ഒന്നും അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. തുടർന്ന് അനന്തരനടപടികൾ സ്വീകരിക്കുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസർ,കണ്ണൂരിന് കത്ത് നൽകിയിട്ടുണ്ട്. പരാമർശത്തിന് ഉത്തരവാദിയായ - ശ്രീ രാധാകൃഷ്ണൻ പി.കെ (പുതുപറമ്പിൽ ഹൗസ്, എടക്കേപുറം നോർത്ത്, ചെറുകുന്ന് പി.ഒ, കണ്ണൂർ ജില്ല, ഫോൺ 9447487712) എന്നവർ 2018 മെയ് മാസത്തിൽ സർവ്വീസിൽ നിന്നും വിരമിച്ചതാണെന്നും ടിയാൻ ബാധ്യതരഹിത സർട്ടിഫിക്കറ്റിനായി കൃഷിഭവൻ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ വന്നതിനാൽ ടിയാന് എൻ.എൽ.സി നല്കാൻ സാധിച്ചിട്ടില്ലെന്നും ബോധിപ്പിക്കുന്നു. ടിയാനിൽ നിന്നും ഉണഭോക്തൃ സമിതി കൺവീനറിൽ നിന്നും

	ഘട്ടം പ്രവൃത്തിയുടെ യാതൊരു രേഖയും ഹാജരാക്കിയിട്ടില്ല.	പരാമർശ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടം ഈടാക്കുന്നതിനാവശ്യമായ നടപടികൾ നിയമാനുസൃതം സ്വീകരിക്കുന്നതാണ്.
	<u>ഡി വേങ്ങയിൽകുണ്ട്</u> ഒന്നാം ഘട്ടം- കൺവീനർ. ശ്രീ ദാമോദരൻ പാലങ്ങാട്ട് എം. ബുക്ക് നം. 39/98-99 ഒന്നാം ഘട്ടത്തിൽ കുളം കുഴിച്ചതിന് ആകെ 107264/- രൂപയാണ് ചെലവായത്. എന്നാല് ടി പ്രവൃത്തിയിൽ നിയമ പ്രകാരം ഒടുക്കേണ്ടിയിരുന്ന നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതവും 1073/- രൂപയും, വില്പന നികുതി 2253/- രൂപയും ഒടുക്കി കാണുന്നില്ല. ടി തുകകൾ ഒടുക്കേണ്ടതാണ്. രണ്ടാം ഘട്ടം. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാം ഘട്ടം. മൂന്നാം ഘട്ടത്തില് ശ്രീ ദാമോദരൻ പാലങ്ങാടിന് ചെക്ക് നം. 447627/27-03-01 പ്രകാരം 2500/- രൂപ നൽകി കാണുന്നു. എന്നാൽ കൈപ്പറ്റ രസീതി ഹാജരാക്കിയിട്ടില്ല. മാത്രമല്ല ടി പ്രവൃത്തിയുടെ എം ബുക്കും ഹാജരാക്കിയിട്ടില്ല. കൺവീനർ കരാർ ഉടമ്പടിയും വച്ചിട്ടില്ല. ടി കാരണങ്ങളാൽ ഈ ഇനത്തിൽ ചെലവഴിച്ച 2500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.	**6 ഡി <u>വേങ്ങയിൽകുണ്ട് കുളം നിർമ്മാണം</u>** പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കുളം നിലവിൽ ഉപയോഗിച്ചു വരുന്നുണ്ട്.
	<u>ഇ. വടക്കും പൊയിൽ</u> ഒന്നാം ഘട്ടം- കൺവീനർ. ശ്രീ ജോണി കുശാപ്പള്ളി എം. ബുക്ക് നം. 40/98-99 ഒന്നാം ഘട്ട പ്രവൃത്തിക്ക് 107334/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിനത്തിൽ 1073/- രൂപയും വിൽപന നികുതിയിനത്തിൽ 2254/- രൂപയും ഒടുക്കിയിട്ടില്ല. ഇവ ഒടുക്കേണ്ടതാണ്.	**6 ഇ . <u>വടക്കും പൊയിൽ കുളം നിർമ്മാണം</u>** കുളം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

	രണ്ടാം ഘട്ടത്തിൽ വാട്ടർ ടാങ്ക് നിർമ്മിച്ചതിന്റെ യാതൊരു രേഖയും ഹാജരാക്കിയിട്ടില്ല. എന്നാൽ റെയിഡ്കോയിൽ നിന്നും (ബിൽ നം. 00533/28-03-00) 94673/- രൂപയുടെ പമ്പ്സെറ്റും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. പ്രവൃത്തി നടത്തിയ രേഖകൾ ഹാജരാക്കാത്തതിനാൽ രണ്ടാം ഘട്ടത്തിൽ ചെലവഴിച്ച 94673/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.	
	എഫ്. ബീംബുംകാട് ഒന്നാം ഘട്ടം- കൺവീനർ. ശ്രീ അഗസ്തി ചാവനാലി എം. ബുക്ക് നം. 35/98-99 ഒന്നാം ഘട്ടം പ്രവൃത്തിക്ക് ആകെ 111210/- രൂപ ചെലവായിട്ടുണ്ട്. എന്നാൽ നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ 1112/- രൂപയും വിൽപന നികുതിയിനത്തിൽ 2335/- രൂപയും ഒടുക്കിയിട്ടില്ല. ഇവ ഒടുക്കേണ്ടതാണ്. രണ്ടാം ഘട്ടത്തിൽ ശ്രീ. ദേവസ്യ തെക്കേമലയിൽ എന്നയാൾ (കൺവീനർ) ചെക്ക് നം. 969701/31-03-00 പ്രകാരം 10000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. കൂടാതെ റെയിഡ്കോയിൽ നിന്നും (ബില്ല് നം. 00527/28-03-00) 75903/- രൂപയുടെ പമ്പ്സെറ്റും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ എം.ബുക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ രണ്ടാം ഘട്ടത്തില് ചെലവഴിച്ച 85903/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.	**എഫ്. ബീംബുംകാട് കളം നിർമ്മാണം** കളം നിർമ്മാണം പൂർത്തിയാക്കി. പൈപ്പ് ലൈനും ടാങ്കും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ആവശ്യമായ ജലലഭ്യത ഇല്ലാത്തതിനാൽ പ്രസ്തുത പദ്ധതി പഞ്ചായത്തിന്റെ 22.12.2004 ലെ91/04(9) നമ്പർ തിരുമാന പ്രകാരം ഉപേക്ഷിക്കുകയും പമ്പ് സെറ്റും അനുബന്ധ ഉപകരണങ്ങളും പഞ്ചായത്ത് ഓഫീസിൽ കൊണ്ടു വന്ന് സൂക്ഷിക്കുകയും തുടർന്ന് പഞ്ചായത്തിന്റെ 29.11.2017 ലെ 85/07 നമ്പർ തീരുമാനപ്രകാരം പുതിയ പദ്ധതികൾക്കായി ഉപയോഗിക്കുകയും ചെയ്തു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് അന്നത്തെ കൃഷി ഓഫീസർ ആയിരുന്ന ശ്രീ പി.കെ. രാധാകൃഷ്ണൻ എന്നവർക്ക് അറിയിപ്പ് നൽകിയിരുന്നു. തുടർന്ന് ടിയാൻ 31.01.2017 ന് പ്രോജക്ട് സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിൽ ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിരുന്നുവെങ്കിലും അനന്തരനടപടികൾ ഒന്നും അദ്ദേഹത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായില്ല. തുടർന്ന് അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസർ, കണ്ണൂർ അവർകൾക്ക് കത്തു നൽകിയിട്ടുണ്ട്. മേൽപരാമർശത്തിന് ഉത്തരവാദിയായ അന്നത്തെ കൃഷി

		ഓഫീസർ ശ്രീ രാധാകൃഷ്ണൻ പി.കെ (പുതുപറമ്പിൽ ഹൗസ്, എടക്കേപുറം നോർത്ത്, ചെറുകുന്ന് പി.ഒ, കണ്ണൂർ ജില്ല, ഫോൺ 9447487712) എന്നവർ 2018 മെയ് മാസത്തിൽ സർവ്വീസിൽ നിന്നും വിരമിച്ചതാണെന്നും ടിയാൻ ബാധ്യതരഹിത സർട്ടിഫിക്കറ്റിനായി കൃഷിഭവൻ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ വന്നതിനാൽ ടിയാന് എൻ.എൽ.സി നല്കാൻ സാധിച്ചിട്ടില്ലെന്നും ബോധിപ്പിക്കുന്നു. ടിയാനിൽ നിന്നും ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്നും പരാമർശ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടം ഈടാക്കുന്നതിനാവശ്യമായ നടപടികൾ നിയമാനുസൃതം സ്വീകരിക്കുന്നതാണ്.
	എ. തോക്കാട് എം ബുക്ക് നമ്പർ 21/99-2000 എം ബുക്ക് പ്രകാരം കുളം നിർമ്മിക്കുന്നതിനായി ആദ്യ രണ്ട് സ്റ്റേജുകൾ മാത്രമാണ് പ്രവർത്തി എടുത്തത്. മറ്റ് ജോലികൾ ഒന്നും തന്നെ നിർവ്വഹിച്ചിട്ടില്ല. ഇതിനായി കൺവീനർ ശ്രീ കെ.സി മോഹൻദാസ് ചെക്ക്നമ്പർ 073781/11-1-2000 പ്രകാരം 10,000 രൂപ കൈപ്പറ്റിയിട്ടുണ്ട്. തുക കൈപ്പറ്റിയിട്ടും നാളിതുവരെ മറ്റു പ്രവർത്തികളൊന്നും തന്നെ ചെയ്യാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 10,000 രൂപ കൺവീനറിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്.	**7 എ തോക്കാട് കുളം നിർമ്മാണം** പ്രവൃത്തി തുടങ്ങിയിരുന്നു. പതിനായിരം രൂപ അഡ്വാൻസ് നൽകിയിരുന്നു. എന്നാൽ പ്രവൃത്തി തുടങ്ങിയതു മുതൽ കുളം തുടർച്ചയായി ഇടിയുന്നതു കാരണം പ്രസ്തുത പദ്ധതി പഞ്ചായത്തിന്റെ 22.12.2004 ലെ91/04(9) നമ്പർ തീരുമാന പ്രകാരം ഉപേക്ഷിക്കുകയും പാർട്ട് ബിൽ പ്രകാരമുള്ള തുക 5862 രൂപ കൺവിനർക്ക് അനുവദിച്ചു. ബാക്കിയുള്ള തുക 4138 രൂപ 6.12.2003 തീയ്യതിയിലെ 8871/39 നമ്പർ രശീതി പ്രകാരം തിരിച്ചു പിടിച്ചിട്ടുണ്ട്. പാർട്ട് ബിൽ സംബന്ധിച്ചുള്ള രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് അന്നത്തെ കൃഷി ഓഫീസർ ആയിരുന്ന ശ്രീ പി.കെ. രാധാകൃഷ്ണൻ എന്നവർക്ക് അറിയിപ്പ് നൽകിയിരുന്നു. തുടർന്ന് ടിയാൻ 31012017 ന് പ്രോജക്ട് സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസില് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിരുന്നുവെങ്കിലും അനന്തരനടപടികൾ ഒന്നും അദ്ദേഹത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായില്ല. തുടർന്ന് അനന്തര നടപടികൾ

		സ്വീകരിക്കുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസർ കണ്ണൂർ അവർകൾക്ക് കത്ത് നൽകിയിട്ടുണ്ട്. മേൽ പരാമർശത്തിന് ഉത്തരവാദിയായ അന്നത്തെ കൃഷി ഓഫീസർ ശ്രീ രാധാകൃഷ്ണൻ പി.കെ (പുതുപറമ്പിൽ ഹൗസ്, എടക്കേപുറം നോർത്ത്, ചെറുകുന്ന് പി.ഒ, കണ്ണൂർ ജില്ല, ഫോൺ 9447487712) എന്നവർ 2018 മെയ്യ് മാസത്തിൽ സർവ്വീസിൽ നിന്നും വിരമിച്ചതാണെന്നും ടിയാന് ബാധ്യതരഹിത സർട്ടിഫിക്കറ്റിനായി കൃഷിഭവൻ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ വന്നതിനാൽ ടിയാന് എൻ.എൽ.സി നല്കാൻ സാധിച്ചിട്ടില്ലെന്നും ബോധിപ്പിക്കുന്നു. ടിയാനിൽ നിന്നും ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്നും പരാമർശ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടം ഈടാക്കുന്നതിനാവശ്യമായ നടപടികൾ നിയമാനുസൃതം സ്വീകരിക്കുന്നതാണ്.
	ബി.വായംതണ്ണി ടി പ്രവർത്തിയുടെ എം ബുക്ക് ഹാജരാക്കിയിട്ടില്ല. പ്രവർത്തി നടന്നതിനുള്ള യാതൊരു രേഖയും ഹാജരാക്കാത്തതിനാൽ ഈ ഇനത്തിൽ ശ്രീ.സണ്ണി ജോസഫ് എന്നയാൾ ചെക്ക് നമ്പർ 969561/2-3-2000 പ്രകാരം കൈപ്പറ്റിയ 10,000/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.	**7 ബി വായംതണ്ണി കുളം നിർമ്മാണം** ആവശ്യമായ ജലലഭ്യത ഇല്ലാത്തതിനാൽ പ്രസ്തുത പദ്ധതി പഞ്ചായത്തിന്റെ 22.12.2004 ലെ91/04(9) നമ്പർ തിരുമാന പ്രകാരം ഉപേക്ഷിച്ചു. കൺവീനർക്ക് നല്കിയ അഡ്വാൻസ് തുക പതിനായിരം രൂപ 24.01.2004 തീയ്യതിയിലെ 88723/39 നമ്പർ രശീതി പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.
	8. കമ്മ്യൂണിറ്റി ഇറിഗേഷന് പദ്ധതി അപാകതകൾ കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി - കണ്ണാടിപ്പാറ എന്ന ഇനത്തിൽ ശ്രീ ദാസയ്യൻ എന്നയാൾക്ക് ചെക്ക് നമ്പർ ഡി(എ) 282361/30-3-02 പ്രകാരം 90,00 രൂപ നൽകിയതായി കാണുന്നു. എന്നാൽ ടി പ്രവർത്തി സംബന്ധിച്ച പ്രോജക്ടും മറ്റ് അനുബന്ധ രേഖകളും ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച്	**8 കണ്ണാടിപ്പാറ ജലസേചന പദ്ധതി** പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പദ്ധതി സമീപവാസികൾക്ക് പ്രയോജനപ്രദമായി തുടരുന്നുണ്ട്. പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകളിൽ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് അന്നത്തെ കൃഷി ഓഫീസർ ആയിരുന്ന ശ്രീ പി.കെ. രാധാകൃഷ്ണൻ എന്നവർക്ക് അറിയിപ്പ് നല്കിയിരുന്നു. തുടർന്ന് ടിയാൻ 31.01.2017 ന് പ്രോജക്ട് സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിൽ

	9000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.	ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിരുന്നുവെങ്കിലും അനന്തരനടപടികൾ ഒന്നും അദ്ദേഹത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായില്ല. തുടർന്ന് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസർ കണ്ണൂർ അവർകൾക്ക് കത്തു നൽകിയിട്ടുണ്ട്. മേൽ പരാമർശത്തിന് ഉത്തരവാദിയായ അന്നത്തെ കൃഷി ഓഫീസർ ശ്രീ രാധാകൃഷ്ണൻ പി.കെ (പുതുപറമ്പിൽ ഹൌസ്, എടക്കേപുറം നോർത്ത്, ചെറുകുന്ന് പി.ഒ, കണ്ണൂർ ജില്ല, ഫോൺ 9447487712) എന്നവർ 2018 മെയ് മാസത്തിൽ സർവ്വീസിൽ നിന്നും വിരമിച്ചതാണെന്നും ടിയാൻ ബാധ്യതരഹിത സർട്ടിഫിക്കറ്റിനായി കൃഷിഭവൻ മുഖേന അപേക്ഷ സമർച്ചിച്ചിരുന്നുവെങ്കിലും ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാതെ വന്നതിനാൽ ടിയാന് എൻ.എൽ.സി നല്കാൻ സാധിച്ചിട്ടില്ലെന്നും ബോധിപ്പിക്കുന്നു. ടിയാനിൽ നിന്നും ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്നും പരാമർശ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് സർക്കാരിനുണ്ടായ നഷ്ടം ഈടാക്കുന്നതിനാവശ്യമായ നടപടികൾ നിയമാനുസൃതം സ്വീകരിക്കുന്നതാണ്.

M.S. BIJUKUTTAN
Additional Secretary to Go
Local Self Government De
Govt. Secretariat, Tvpm.
PEN. 101250

അനുബന്ധം

വടകര ബ്ലോക്ക് പഞ്ചായത്തിന്റെ നികുതി പിരിവ് - - തൽസ്ഥിതി

വർഷം	തനത് വരവിനം	ഡിമാന്റ്	പിരിവ്	പിരിവ് ശതമാനം	റിമാർക്ക്
2017-2018	Property Tax	6,58,91270	5,597,7722	85 %	
	Professional Tax	1,36,94534	1,32,73009	96.92 %	
	Rent on land & Bldgs	212,863,44	1,64,52268	77.28 %	
2018-2019	Property Tax	5,80,00362	4,76,40220	82 %	
	Professional Tax	1,48,06916	1,40,59514	94.95 %	
	Rent on land & Bldgs	1,93,04,712	1,46,27110	75.77 %	
2019-2020	Property Tax	6,643,6740	4,94,84211	75 %	due to Covid 19
	Professional Tax	1,61,28817	1,49,58573	92.74 %	
	Rent on land & Bldgs	1,94,57,216	1,69,64700	87.19 %	
2020-2021	Property Tax	6,0052711	5,50,63297	92 %	
	Professional Tax	1,75,59325	1,56,96559	89.39 %	

	Rent on land & Bldgs	1,65,56,742	1,46,64,216	88.57 %	2021 ലൈസൻസ് പുതുക്കിയ വകയിൽ അരിയർ ഡിമാന്റിനേക്കാൾ കൂടുതലായി ലഭിച്ചിട്ടുണ്ട്.

2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ റവന്യൂ (ദേവസ്വം) വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡികയിന്മേലുള്ള ന്യൂനതാ പരിഹാര നടപടി പത്രിക

ഖണ്ഡിക	പരാമർശം	സ്വീകരിച്ച നടപടി
അധ്യായം-1. 10 (i)	ഗുരുവായൂർ ദേവസ്വം ചാർജ്ജ്/സർചാർജ്ജ് അധികാരം പുനഃപരിശോധിക്കണം	ഗുരുവായൂർ ദേവസ്വം ആക്ടിലെ സെക്ഷൻ 23 മുതൽ 26 വരെ ദേവസ്വം അക്കൌണ്ട്സുമായി ബന്ധപ്പെട്ട ഓഡിറ്റിനെകുറിച്ചും ഓഡിറ്റിൽ കണ്ടെത്തുന്ന അപാകതകൾ, ചാർജ്ജ്/സർചാർജ്ജ് അധികാരം, ബന്ധപ്പെട്ട നടപടികൾ എന്നിവയെക്കുറിച്ചുമുള്ള വ്യവസ്ഥകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥകൾ പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഗുരുവായൂർ ദേവസ്വം കമ്മീഷണർക്കാണ് ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കേണ്ടതും കമ്മീഷണർ തന്നെയാണ് തുടർനടപടികൾ സ്വീകരിക്കേണ്ടതും. ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾക്ക് മാത്രമെ ചാർജ്ജ്/സർചാർച്ച് അധികാരവും തുടർ നടപടികളും ബാധകമാകുന്നുള്ളു. ഓഡിറ്റ് വകുപ്പ് കൺകറന്റ് ഓഡിറ്റ് മാത്രമെ ഗുരുവായൂരിൽ നടത്തുന്നുള്ളൂ. ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് 14-05-2008 ലെ ലോക്കൽ ഫണ്ട് ഡയറക്ടറുടെ തന്നെ എൽ. എഫ്. സി. എ. ആർ .1 / 8512 / 2008 സർക്കുലർ no. 3 / 2008 ലെ നിർദ്ദേശം (VI) പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ദേവസ്വം ബോർഡുകൾ, ഗുരുവായൂർ ദേവസ്വം, ജില്ലാ ടൂറിസം കൗൺസിലുകൾ, ആശുപത്രി വികസന സമിതികൾ, ധന്വന്തരി കേന്ദ്രങ്ങൾ തുടങ്ങിയവയുടെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമപ്രകാരമല്ല നടന്നുവരുന്നത്. അതുകൊണ്ട് അവയെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെടുത്തുന്നത് അനുചിതമായതിനാൽ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള പരാമർശങ്ങൾ അയച്ചുതരേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. Cash verification നുമായി ബന്ധപ്പെട്ട നടപടികൾ അക്കൌണ്ടന്റ് ജനറൽ ഓഫിസിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയോഗിച്ചിട്ടുള്ള ചിഫ് ഫിനാൻസ് ആൻറ് അക്കൌണ്ട്സ് ഓഫീസർ, അസിസ്റ്റൻറ് ഓഡിറ്റ് ഓഫീസർമാർ എന്നിവർ നടത്തി വരുന്നുണ്ട്. ഗുരുവായൂർ ദേവസ്വത്തിന്റെ ബഡ്ജറ്റ് അംഗീകരിക്കുന്നതു മുതൽ ദേവസ്വത്തിലെ മുഴുവൻ സാമ്പത്തിക കാര്യങ്ങൾ നിയന്ത്രിക്കുന്നതും എല്ലാ ചെലവുകളും ബന്ധപ്പെട്ട മറ്റ് വിഷയങ്ങളും പരിശോധിച്ച് അനുമതി നൽകുന്നതും, ദേവസ്വത്തിന്റെ

വസ്തുവകകൾ സംരക്ഷിക്കുന്നത് ഉൾപ്പെടെയുള്ള നടപടികളും ആക്ട് പ്രകാരം ദേവസ്വം കമ്മീഷണറിൽ നിക്ഷിപ്തമാണ്. ഇപ്രകാരം പ്രധാനപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്ന ഗുരുവായൂർ ദേവസ്വം കമ്മീഷണർ തന്നെയാണ് ഓഡിറ്റ് വിഭാഗം കണ്ടെത്തുന്ന സാമ്പത്തിക ക്രമക്കേടുകളും അപാകതകളും പരിശോധിച്ച് തീർപ്പ് കൽപ്പിക്കേണ്ടത് എന്ന ഉത്തമ വിശ്വാസത്തിലാണ് ഗുരുവായൂർ ദേവസ്വം ആക്ട് ഈ അധികാരം കമ്മീഷണർക്ക് നൽകിയിരിക്കുന്നത്.

ഓഡിറ്റ് പരാമർശങ്ങൾ ഗുരുവായൂർ ദേവസ്വം ഭരണസമിതിയെ അറിയിക്കുകയും ഓരോ പരാമർശത്തിനും ഗുരുവായൂർ ദേവസ്വം ഭരണസമിതി സമർപ്പിക്കുന്ന വിശദികരണം ആഡിറ്റിന് അയച്ചുകൊടുത്ത് അഭിപ്രായം ആരാഞ്ഞ ശേഷം ആവശ്യമെങ്കിൽ ഓഡിറ്റ് വിഭാഗത്തിന്റെയും ദേവസ്വത്തിന്റെയും സംയുക്ത യോഗം ചേർന്ന് കാര്യങ്ങൾ വിശദമായി പരിശോധിച്ച ശേഷം ദേവസ്വം താല്പര്യം സംരക്ഷിക്കുന്ന വിധത്തിൽ ന്യായമായതും വസ്തുതാപരവുമായ നടപടികൾ സ്വീകരിക്കുകയുമാണ് നിലവിൽ ഗുരുവായൂർ ദേവസ്വം കമ്മിഷണർ ചെയ്തുവരുന്നത്. ദേവസ്വം അക്കൌണ്ട്സ് യഥാസമയം പരിശോധിക്കുകയും അപാകതകളും ക്രമക്കേടുകളും ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യുകയുമാണ് ഓഡിറ്റിന്റെ ചുമതല. ഓഡിറ്റ് വിഭാഗം സൂചിപ്പിച്ച പോലെ ഗുരുവായൂർ ദേവസ്വം കമ്മീഷണർ ദേവസ്വം ഭരണത്തിന്റെ ഭാഗമല്ല, മറിച്ച് ഭരണം നിയന്ത്രിക്കുന്ന അധികാരിയാണ്. ആയതിനാൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊളേളണ്ടത് ഓഡിറ്റിനും ദേവസ്വത്തിനും ഇടയിലുള്ള സർക്കാരിന്റെ പ്രതിനിധിയായ ഗുരുവായൂർ ദേവസ്വം കമ്മിഷണർ തന്നെയാണ്. ആയതിനാൽ ഇക്കാര്യത്തിൽ ഗുരുവായൂർ ദേവസ്വം ആക്ട് ഭേദഗതി ചെയ്യേണ്ട ആവശ്യകതയും സാഹചര്യവും നിലവിലില്ല.

ഗുരുവായൂർ ദേവസ്വം ആക്ട (1978) ചട്ടം 23 (2) പ്രകാരം The Accounts of the Devaswom shall be subjected to concurrent Audit, that is to say, the audit shall take place, when the expenditure is incurred എന്ന് വ്യക്തമാക്കിയിടുണ്ട്. ദേവസ്വം ആക്ട് പ്രകാരമുള്ള concurrent audit പലകാരണങ്ങളാൽ ഇതുവരെ up to date ആയിട്ടുമില്ല. നിലവിലെ ദേവസ്വം ഭരണസമിതി എല്ലാ വിധത്തിലുള്ള സഹകരണവും ഓഡിറ്റ് വിഭാഗത്തിന് നൽകി വരുന്നുണ്ട്. ഓഡിറ്റിംഗ് കാര്യക്ഷമമായി നടത്തുന്നതിന് സഹായകമാവുന്ന വിധത്തിൽ ഒരു ഇൻേറണൽ ഓഡിറ്റ് വിഭാഗം തന്നെ ദേവസ്വം രൂപികരിച്ചിട്ടുണ്ട്. ഓഡിറ്റ് ആവശ്യപ്പെടുന്ന ഫയലുകളും മറ്റ് രേഖകളും ഇൻേറണൽ

		ഓഡിറ്റ് വിഭാഗം യഥാസമയം ഓഡിറ്റ് വിഭാഗത്തിന് നൽകി വരുന്നുണ്ട്. ദേവസ്വം അക്കൌണ്ട്സുമായി ബന്ധപ്പെട്ട എല്ലാ ഭരണസമിതി തീരുമാനങ്ങളും അതാത് ഫയലുകളിൽ തന്നെ ഉള്ളതും ഓഡിറ്റ് ആവശ്യപ്പെടുന്ന ഭരണസമിതി തിരുമാനങ്ങൾ അവർക്ക് നൽകി വരുന്നതുമാണ്. ക്ഷേത്രം ഭണ്ഡാരം എണ്ണിതിട്ടപ്പെടുത്തുന്നത് സംബന്ധിച്ച് ജസ്റ്റിസ് കൃഷ്ണനുണ്ണി കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഹു. കേരള ഹൈക്കോടതി വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ഇതനുസരിച്ച് ക്ഷേത്ര ഭണ്ഡാരം വരവുകൾ എണ്ണിതിട്ടപ്പെടുത്തുന്ന പ്രവൃത്തി, ഹൈക്കോടതി നിർദ്ദേശാനുസരണം നിയമിച്ചിട്ടുള്ള ചീഫ് ഫിനാൻസ് ആൻറ് അക്കൌണ്ട്സ് ഓഫീസർ, കേരള ക്ഷേത്ര സംരക്ഷണ സമിതിയുടെ പ്രതിനിധികൾ, ഗുരുവായൂർ ദേവസ്വം ഭരണസമിതി അംഗങ്ങൾ, അഡ്മിനിസ്ട്രേറ്റർ, ബാങ്ക് ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഏറ്റവും സുതാര്യമായാണ് നിർവഹിച്ചു വരുന്നത്. അതുകൊണ്ട് തന്നെ ഈ പ്രവൃത്തി നിർവ്വഹിക്കുന്നതിന് ഓഡിറ്റർമാരുടെ സാന്നിദ്ധ്യം അത്യന്താപേക്ഷിതമായി കാണുന്നില്ല. ഗുരുവായൂർ ദേവസ്വം ആക്ട് ആന്റ് റൂൾസ് പ്രകാരം, ഗുരുവായൂർ ദേവസ്വം അക്കൌണ്ട്സ് പരിശോധിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയുമാണ് ഓഡിറ്റ് വിഭാഗത്തിന്റെ ചുമതല. ഈ ചുമതല കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനാവശ്യമായ എല്ലാ സഹകരണങ്ങളും, നടപടികളും ദേവസ്വം ഭരണസമിതി ഉറപ്പ് വരുത്തുന്നുണ്ട്. ഈ സംവിധാനം നിലവിൽ കാര്യക്ഷമമായി നടന്നുവരുന്നതുമാണ്.

ടി. ആർ. ജയപാൽ
പെൺ:101611
അഡീഷണൽ സെക്രട്ടറി
റവന്യൂ (ദേവസ്വം) വകുപ്പ്
അഡീഷണൽ സെക്രട്ടേറിയറ്റ്
ഫോൺ: 04712335426 & 2518397

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004 -05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള നടപടി വിശദീകരണ പത്രിക

ക്രമ നം	ഖണ്ഡിക നം.	ഓഡിറ്റ് പരാമർശം	നടപടി വിശദീകരണ പത്രിക
1	2.1	ആലപ്പുഴ നഗരസഭ 4.79 ആർസ് വസ്തു 2,11,699/- രൂപയ്ക്ക് വാങ്ങിയെങ്കിലും ഉദ്ദേശിച്ച മത്സ്യ വിപണന കേന്ദ്രം സാദ്ധ്യമായില്ല.	ആലപ്പുഴ നഗരസഭ വസ്തു വാങ്ങിയെങ്കിലും ആയതിൽ വിപണന കേന്ദ്രം ആരംഭിക്കുന്നതിലേക്ക് ആരും തന്നെ എത്താത്ത സാഹചര്യത്തിൽ വനിത മത്സ്യ തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘത്തിന്റെ ഓഫീസ് പ്രവർത്തിച്ചുവരുന്നു. ടി സ്ഥലം ആലപ്പുഴ മുനിസിപ്പാലിറ്റി കോമ്പൗണ്ട് വാൾ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നഗരസഭക്ക് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലാത്തതാണ്.
2	3.3.3	ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ഗ്രാമ പഞ്ചായത്ത് 306180/- രൂപയ്ക്ക് വാങ്ങിയ മെതിയെന്ത്രങ്ങളിൽ 4 എണ്ണം ഉപയോഗശൂന്യമായി	ഹരിപ്പാട് നഗരസഭ 1999-2000 വർഷത്തെ ജനകീയാസൂത്രണ പരിപാടിയിൽ സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 5 മെതിയെന്ത്രങ്ങൾ വാങ്ങി വാർഷിക വാടകയായി ഏക്കറിന് 25/- രൂപ നിരക്കിൽ പാടശേഖരസമിതിയ്ക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതിയാണ്. ടി പദ്ധതി സംബന്ധിച്ച ഫയലുകളും അനുബന്ധ രേഖകളും കണ്ടെത്താൻ സാധിച്ചിട്ടില്ലാ എന്ന് നിലവിലെ കൃഷി ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. അന്വേഷണത്തിൽ 4 മെതിയന്ത്രങ്ങൾ നഗരസഭ 8-ാം വാർഡിലുള്ള ശിശുവിഹാർ കോമ്പൗണ്ടിൽ ഉപയോഗശൂന്യമായി (തുരുമ്പെടുത്ത നിലയിൽ) കിടക്കുന്നതായി റിപ്പോർട്ട് ചെയ്യുന്നു. നിർവഹണ ഉദ്യോഗസ്ഥാൻറ്റെ പേര് വിവരങ്ങൾ ലഭ്യമായിട്ടുണ്ട് . ടിയാനിൽ നിന്ന് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്റ്ററുടെ സമാഹൃത റിപ്പോർട്ടിന്മേൽ(2004-2005) (പൊതു പരാമർശങ്ങൾ) മേത്തല ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

(Remedial measures taken statement)

ക്രമ നമ്പർ	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1 (71)	2004-05	3.8.1.1	**പദ്ധതി പൂർത്തിയാക്കിയില്ല.** **15.1 ലക്ഷം കൺവീനർമാരിൽ** മരാമത്ത് പണിൾക്ക് മുൻകൂർ നൽകിയത് ഈടാക്കിയില്ല-1999-2000 ഖണ്ഡിക 22 (പ്ലാൻ ഫണ്ട്) 1 നെല്ലിപ്പറമ്പത്ത് ലക്ഷംവീട് കോളനി റോഡ് - കെ.എസ്.അംബിക, കൺവീനർ. തുക: 23600രൂപ	മേത്തല ഗ്രാമ പഞ്ചായത്തിൽ ഈ പണി 2003-04 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. അന്തിമ ബിൽ വൗച്ചർ **നമ്പർ 13-11/2003** പ്രകാരമുള്ള തുകയായ **26839 രൂപ** യുടെ **26.11.2003ലെ 042951 നമ്പർ ചെക്ക്** നൽകിയിരിക്കുന്നത് ഓഡിറ്റ് പരാമർശത്തിലുള്ള **23600 രൂപ** കഴിച്ചതിനു ശേഷം മാത്രമാണ്. പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്റ്ററോട് അപേക്ഷിച്ചിട്ടുണ്ട്..

~~139~~ 140 -

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ(2004-2005) പൊതു പരാമർശങ്ങൾ) മേത്തല ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

(Remedial measures taken statement)

ക്രമ നമ്പർ	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1 (71)	2004-05	3.8.1.1	2 മങ്കുഴി റോഡ്- പി.കെ. ഭാസ്കരൻ, കൺവീനർ തുക: 13500 രൂപ	പഞ്ചായത്തിനുണ്ടായ നഷ്ടം ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും വസൂലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി പഞ്ചായത്തിൽ നിന്നും 30.05.2007ലെ ഇ-350/2007 നമ്പർ കത്ത് പ്രകാരം കൈപ്പറ്റിയ മുൻകൂറുകൾ തിരിച്ചടക്കണമെന്നും അല്ലാത്ത പക്ഷം റവന്യൂ റിക്കവറി വഴി ഈ തുകകൾ തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ബന്ധപ്പെട്ട കൺവീനർമാരെ അറിയിച്ചിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി 16.08.2007 തീയതിയിൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ(2004-2005) (പൊതു പരാമർശങ്ങൾ) മേത്തല ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

(Remedial measures taken statement)

ക്രമ നമ്പർ	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1 (71)	2004-05	3.8.1.1	3 കോട്ടപ്പുറം മാർക്കറ്റ് കാന നിർമ്മാണം- എം.ടി.തോമസ്, കൺവീനർ- തുക: 25000രൂപ	പഞ്ചായത്തിനുണ്ടായ നഷ്ടം ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും വസൂലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി പഞ്ചായത്തിൽ നിന്നും 30.05.2007ലെ ഇ-350/2007 നമ്പർ കത്ത് പ്രകാരം കൈപ്പറ്റിയ മുൻകൂറുകൾ തിരിച്ചടക്കണമെന്നും അല്ലാത്ത പക്ഷം റവന്യൂ റിക്കവറി വഴി ഈ തുകകൾ തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ബന്ധപ്പെട്ട കൺവീനർമാരെ അറിയിച്ചിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി 16.08.2007 തീയതിയിൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ജില്ലാ കളക്ടറോട് അപേക്ഷിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ(2004-2005) (പൊതു പരാമർശങ്ങൾ) മേത്തല ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

(Remedial measures taken statement)

ക്രമ നമ്പർ	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1 (71)	2004-05	3.8.1.1	4 കമ്പംകുളം ശുദ്ധജല പദ്ധതി-ഒ.സിജോസഫ്, കൺവീനർ തുക: 110000 രൂപ	പഞ്ചായത്തിനുണ്ടായ നഷ്ടം ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും വസൂലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി പഞ്ചായത്തിൽ നിന്നും 30.05.2007ലെ ഇ-350/2007 നമ്പർ കത്ത് പ്രകാരം കൈപ്പറ്റിയ മുൻകൂറുകൾ തിരിച്ചടക്കണമെന്നും അല്ലാത്ത പക്ഷം റവന്യൂ റിക്കവറി വഴി ഈ തുകകൾ തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ബന്ധപ്പെട്ട കൺവീനർമാരെ അറിയിച്ചിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി 16.08.2007 തീയതിയിൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ജില്ലാ കളക്റ്ററോട് അപേക്ഷിച്ചിട്ടുണ്ട്.

143-

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ(2004-2005)

ാതു പരാമർശങ്ങൾ) മേത്തല ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന

ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

(Remedial measures taken statement)

സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
2004-05	3.8.1.1	5 പാലിയംതുരുത്ത് റോഡ് കെ കെ കുമാരൻ, കൺവീനർ തുക: 16250 രൂപ	ഈ പണിയുടെ ശരിയായ പേർ ആനാപ്പുഴ കിഴക്കുഭാഗം തോട് വെട്ടൽ എന്നാണ്. അഡ്വാൻസ് ബില്ലിൽ മാത്രം പാലിയം തുരുത്ത് റോഡ് എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്. മേത്തല ഗ്രാമ പഞ്ചായത്തിൽ ഈ പണി 2000-01 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. അന്തിമ ബിൽ വൗച്ചർ നമ്പർ 61-07/2000 പ്രകാരമുള്ള തുകയായ 27508 രൂപയുടെ 28.07.2000ലെ 286913 നമ്പർ ചെക്ക് നൽകിയിരിക്കുന്നത് ഓഡിറ്റ് പരാമർശത്തിലുള്ള 16250 രൂപ കഴിച്ചതിനു ശേഷം മാത്രമാണ്. പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ(2004-2005) (പൊതു പരാമർശങ്ങൾ) മേത്തല ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

(Remedial measures taken statement)

ക്രമ നമ്പർ	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1 (71)	2004-05	3.8.1.1	6 തീരദേശ റോഡ് അഭിവൃദ്ധിപ്പണികൾ- ടി.എസ്.ഗോപി, കൺവീനർ തുക: 28300 രൂപ	മേത്തല ഗ്രാമ പഞ്ചായത്തിൽ ഈ പണി 2000-01 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. അന്തിമ ബിൽ വൗച്ചർ നമ്പർ 43-05/2000 പ്രകാരമുള്ള തുകയായ 20143 രൂപയുടെ 20.05.2000ലെ 074527 നമ്പർ ചെക്ക് നൽകിയിരിക്കുന്നത് ഓഡിറ്റ് പരാമർശത്തിലുള്ള 28300 രൂപ കഴിച്ചതിനു ശേഷം മാത്രമാണ്. പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ(2004-2005) (പൊതു പരാമർശങ്ങൾ) മേത്തല ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

(Remedial measures taken statement)

ക്രമ നമ്പർ	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1 (71)	2004-05	3.8.1.1	7 കുരിശിങ്കൽ ലെയ്ൻ കൽവർട്ട് നിർമ്മാണം- പി.സി.ജോസഫ്, കൺവീനർ തുക: 18600 രൂപ	മേത്തല ഗ്രാമ പഞ്ചായത്തിൽ ഈ പണി 2000-01 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. അന്തിമ ബിൽ വൗച്ചർ നമ്പർ 29-06/2000 പ്രകാരമുള്ള തുകയായ 22000 രൂപയുടെ 12.06.2000ലെ 674664 നമ്പർ ചെക്ക് നൽകിയിരിക്കുന്നത് ഓഡിറ്റ് പരാമർശത്തിലുള്ള 18600 രൂപ കഴിച്ചതിനു ശേഷം മാത്രമാണ്. പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ(2004-2005) (പൊതു പരാമർശങ്ങൾ) മേത്തല ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

(Remedial measures taken statement)

ക്രമ # നമ്പർ	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1 (71)	2004-05	3.8.1.1	8 മേനക ടാക്കീസിന് വടക്ക് നടപ്പാലം നിർമ്മാണം- ഒ.സി.ജോസഫ്, കൺവീനർ തുക: 2500 രൂപ	മേത്തല ഗ്രാമ പഞ്ചായത്തിൽ ഈ പണി 2000-01 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. അന്തിമ ബിൽ വൗച്ചർ നമ്പർ 81-7/2000 പ്രകാരമുള്ള തുകയായ 2900 രൂപയുടെ 25.07.2000ലെ 074935 നമ്പർ ചെക്ക് നൽകിയിരിക്കുന്നത് ഓഡിറ്റ് പരാമർശത്തിലുള്ള 2500 രൂപ കഴിച്ചതിനു ശേഷം മാത്രമാണ്. പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ(2004-2005) (പൊതു പരാമർശങ്ങൾ) മേത്തല ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

(Remedial measures taken statement)

ക്രമ നമ്പർ	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1 (71)	2004-05	3.8.1.1	9 പുറമ്പോക്ക് ഭൂമി പുനരധിവാസം- ടി.കെ.ശ്രീധരൻ, കൺവീനർ തുക: 23800 രൂപ	മേത്തല ഗ്രാമ പഞ്ചായത്തിൽ ഈ പണി 2000-01 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. അന്തിമ ബിൽ വൗച്ചർ നമ്പർ 38-7/2000 പ്രകാരമുള്ള തുകയായ 21731 രൂപയുടെ 12.07.2000ലെ 074639 നമ്പർ ചെക്ക് നൽകിയിരിക്കുന്നത് ഓഡിറ്റ് പരാമർശത്തിലുള്ള 23800 രൂപ കഴിച്ചതിനു ശേഷം മാത്രമാണ്. പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ(2004-2005) (പൊതു പരാമർശങ്ങൾ) മേത്തല ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

(Remedial measures taken statement)

ക്രമ നമ്പർ	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1 (71)	2004-05	3.8.1.1	10 ശ്രീനാരായണ-കടുക്കച്ചുവട് റോഡ്- സി.സി.രാജഗോപാൽ, കൺവീനർ തുക: 2000 രൂപ	മേത്തല ഗ്രാമ പഞ്ചായത്തിൽ ഈ പണി 2000-01 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. അന്തിമ ബിൽ വൗച്ചർ നമ്പർ 85-7/2000 പ്രകാരമുള്ള തുകയായ 5317 രൂപയുടെ 28.07.2000ലെ 074943 നമ്പർ ചെക്ക് നൽകിയിരിക്കുന്നത് ഓഡിറ്റ് പരാമർശത്തിലുള്ള 2000 രൂപ കഴിച്ചതിനു ശേഷം മാത്രമാണ്. പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ(2004-2005) (പൊതു പരാമർശങ്ങൾ) മേത്തല ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

(Remedial measures taken statement)

ക്രമ നമ്പർ	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1 (71)	2004-05	3.8.1.1	11 വയലമ്പം-പെരുന്തോട് റോഡ് - സുകുമാരൻ, കൺവീനർ തുക: 6250 രൂപ	മേത്തല ഗ്രാമ പഞ്ചായത്തിൽ ഈ പണി 2000-01 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. അന്തിമ ബിൽ വൗച്ചർ നമ്പർ 35-5/2000 പ്രകാരമുള്ള തുകയായ 7525 രൂപയുടെ 12.05.2000ലെ 074370 നമ്പർ ചെക്ക് നൽകിയിരിക്കുന്നത് ഓഡിറ്റ് പരാമർശത്തിലുള്ള 6250 രൂപ കഴിച്ചതിനു ശേഷം മാത്രമാണ്. പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ(2004-2005) (പൊതു പരാമർശങ്ങൾ) മേത്തല ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

(Remedial measures taken statement)

ക്രമ നമ്പർ	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1 (71)	2004-05	3.8.1.1	12 തിരുവഞ്ചിക്കുളം ടെമ്പിൾ റോഡ് അഭവ്യുദ്ധിപ്പണി- കെ.ജി.പ്രേമാനന്ദൻ, കൺവീനർ തുക: 4550 രൂപ	മേത്തല ഗ്രാമ പഞ്ചായത്തിൽ ഈ പണി 2000-01 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. അന്തിമ ബിൽ വൗച്ചർ നമ്പർ 25-6/2000 പ്രകാരമുള്ള തുകയായ 1668 രൂപയുടെ 07.06.2000ലെ 074661 നമ്പർ ചെക്ക് നൽകിയിരിക്കുന്നത് ഓഡിറ്റ് പരാമർശത്തിലുള്ള 4550 രൂപ കഴിച്ചതിനു ശേഷം മാത്രമാണ്. പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ട്.

M. UNNIKRISHNAN
Additional Secretary to Govt.
Local Self Govt. Department
Govt. Secretariat

ലോക്കൽ ഫണ്ട് എക്കൗണ്ട്സ് കമ്മിറ്റി 2004-05

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2004-05) പൊതുപരാമർശങ്ങൾ

പുത്തൻചിറ ഗ്രാമപഞ്ചായത്ത് സ്വീകരച്ച നടപടികൾ ഉൾകൊള്ളുന്ന ആഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക (Remedial Measures taken statement)

ക്രമനമ്പർ	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിൽ സ്വീകരിച്ച നടപടി
1	2004-05	3.8.1.2	**പദ്ധതികൾ പൂർത്തിയായില്ല: 15.1 ലക്ഷം കൺവീനർമാരിൽ** 2000-01, 2001-02 ഓഡിറ്റ റിപ്പോർട്ട് ഖണ്ഡിക 9 വിവിധ മരാമത്ത് പണികൾക്ക് ഗുണഭോക്തൃ സമിതി കൺവിനർമാർക്ക് അഡ്വാസ് തുക നൽകുകയും പണി പൂർത്തീകരിക്കുകയോ തുക തിരിച്ചുപിടിക്കുകയോ ചെയ്യാതിരുന്നതിനെ സംബന്ധിച്ച ഓഡിറ്റ് തടസ്സങ്ങൾ ചേന്ദംങ്കരി- പാടശേഖരബണ്ട്- പെട്ടിപ്പറ നിർമ്മാണം: 19000 രൂപ	1999 - 2000 ലെ പദ്ധതിയിലെ ചേന്ദഗിരി ബണ്ട് റോഡ് നിർമ്മാണവും പെട്ടിപ്പറ റിപ്പയർ എന്ന പ്രവൃത്തിയിൽ ബണ്ട് റോഡ് നിർമ്മാണം 2000-01 ൽ പൂർത്തിയാക്കിയിട്ടുണ്ട്. പെട്ടിപ്പറ പ്രാദേശീകമായി റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കിയതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഇതിനു ചെലവ് വന്നിട്ടില്ല. ബണ്ട് റോഡ് നിർമ്മാണത്തിന് 32000 രൂപയുടെ പ്രവൃത്തി നടത്തുകയും എഞ്ചിനിയർ വ്യാലുവേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതുമാണ്. ഈ പ്രവൃത്തിയിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

	"	"	കോതറ ബണ്ട് റഗുലേറ്റർ ബ്രിഡ്ജ് നിർമ്മാണം : 25000 രൂപ	2001-02 വർഷത്തിൽ പ്രവൃത്തി പൂർത്തീകരിച്ചു 95000 രൂപ എസ്റ്റിമേറ്റ് തുകയുള്ള ഈ പ്രവൃത്തിയുടെ 93207 രൂപയ്ക്കുള്ള ഫൈനൽ ബിൽ തുകയിൽ നിന്നും അഡ്വാസ് തുക കുറവ് ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചുപിടിച്ചിട്ടുണ്ട്. അഡ്വാൻസ് തുക തിരിച്ചുപിടിച്ചത് കഴി ച്ച് 64223 രൂപ 15.10.2001 ൽ 688775 -ാം നമ്പർ ചെക്ക് പ്രകാരം കൺവീനർക്ക് നൽകിയിട്ടുണ്ട്. ഓഡിറ്റ് പരാമർശത്തിൽ പറയുന്ന അഡ്വാൻസ് തുക തിരിച്ചുപിടിച്ചതിനാൽ ഓഡിറ്റ് തടസം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.
3.	"	"	പിണ്ടാണി ലക്ഷം വീട് കോളന കിണർ : 1200 രൂപ	1228 രൂപയുടെ പണി നടത്തി പ്രവർത്തി അവസാനിപ്പിച്ചു. ഈ പ്രവൃത്തി 2000 മാർച്ചിൽ 5 ½ പേർ 13 ദിവസം ചേറെടുത്ത് കിണർ വൃത്തിയാക്കിയതായും 1228 രൂപയുടെ പ്രവൃത്തി നടന്നതായും മസ്റ്ററോൾ പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അഡ്വാൻസായി നൽകിയ 1200 രൂപയിൽ പരിമിതപ്പെടുത്തി പ്രവൃത്തി അവസാനിപ്പിച്ചതിനാൽ ഓഡീറ്റ് തടസം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

	"	"	കൊമ്പത്തുലക്ഷം വീട് കോളനി റോഡ് : 20000 രൂപ	2005-06 വർഷത്തിൽ നൽകിയ ബില്ലിൽ നിന്നു അഡ്വാൻസ് തുക കുറവ് ചെയ്തിട്ടുണ്ട്. റോഡിന് വീതി കൂട്ടുന്നതു സംബന്ധിച്ച് തടസം മൂലമാണ് പണി നീണ്ടുപോയത് തടസം പരിഹരിച്ച് റോഡ് മെറ്റലിംഗ് നടത്തി 73092 രൂപയുടെ ബില്ല് സമർപ്പിച്ചതിൽ 27.2.2006ൽ നൽകിയ ഈ ബില്ലിൽ നിന്നും അഡ്വാൻസ് തുകയായ 20000 രൂപ കുറവു ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റ് തടസം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.
5.	"	"	കൊമ്പത്തുകടവ്-കണക്കപ്പാട-റോഡ് : 17000 രൂപ	റോഡ് വീതികൂട്ടുന്നതു സംബന്ധിച്ച് തർക്കം മൂലം പ്രവൃത്തി അവസാനിപ്പിക്കുകയും അഡ്വാൻസ് തുകയായ 17000 രൂപ 20.7.2005 ൽ 44/59917 നമ്പർ റസീറ്റ് പ്രകാരവും പലിശയിനത്തിൽ 4200 രൂപ 3.10.2005 ൽ 74/59123 റശീറ്റ് പ്രകാരവും പഞ്ചായത്ത് ഫണ്ടിൽ അടച്ച് നഷ്ടം നികത്തിയതിനാൽ ഓഡിറ്റ് തടസം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

133
132
320

ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേൽ (2004-2005) (പൊതുപരാമർശം)
അളഗപ്പനഗർ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടിപത്രിക

ക്രമ നമ്പർ	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
	2004-05	3.8.1.3	**പദ്ധതികൾ പൂർത്തിയായില്ല.** **15.1 ലക്ഷം കൺവീനർമാരിൽ 2000-01, 2001-02 പദ്ധതിവിഹിതം ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിത - 10)** (വിവിധ മരാമത്ത് പണികൾക്ക് ഗുണഭോക്തൃ സമിതി കൺവിനർമാർക്ക് അഡ്വാൻസ് തുക നൽകുകയും പണി പൂർത്തീകരിക്കുകയോ തുക തിരിച്ചുപിടിക്കുകയോ ചെയ്യാതിരുന്നത് സംബന്ധിച്ച ഓഡിറ്റ് തടസ്സങ്ങൾ) 1. പടുക്കപറമ്പ് ചീപ്പ് നിർമ്മാണം - 45,000/- രൂപ	2004-05 ൽ പ്രവൃത്തി പൂർത്തിയായി. ഫൈനൽ ബിൽ പ്രകാരം 23.9.04-ാം തിയ്യതി 1,40,019 രൂപ നൽകിയത് അഡ്വാൻസ് തുക 45,000 രൂപ ഈടാക്കിയ ശേഷമാണ്.

	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
	2004-05	3.8.1.3	2. വില്ലനൊടിപ്പാടം ചെക്ക്ഡാം - 22,000/- രൂപ	2003-04 ൽ പ്രവൃത്തി പൂർത്തിയായി. 1st പാർട്ട് ബിൽ 29.3.03 -ാം തിയ്യതി 32,400 രൂപയും ഫൈനൽ ബിൽപ്രകാരം 31.3.04 -ാം തിയ്യതി 34,072 രൂപയും നൽകിയത് അഡ്വാൻസ് തുക 22,000 രൂപ ഈടാക്കിയ ശേഷമാണ്.
			3. ചൂരക്കുളം തോട് - 5,000/- രൂപ	2003-04 ൽ പ്രവൃത്തി പൂർത്തിയായി. ഫൈനൽ ബിൽപ്രകാരം 30.3.04 -ാം തിയ്യതി 17,552 രൂപ നൽകിയത് അഡ്വാൻസ് തുക 5,000 രൂപ ഈടാക്കിയ ശേഷമാണ്.

ക്രമ നമ്പർ	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
	2004-05	3.8.1.3	4. തോട്ടുരുത്തിതോട് പുനരുദ്ധാരണം - 22,500/- രൂപ	2003-04 ൽ പ്രവൃത്തി പൂർത്തിയായി. ഫൈനൽ ബിൽ പ്രകാരം 30.3.04-ാം തിയ്യതി 173,572 രൂപ നൽകിയത് അഡ്വാൻസ് തുക 22,500 രൂപ ഈടാക്കിയ ശേഷമാണ്.
			5. ഒരുപറക്കുളം കാവല്ലൂർ ഫാം റോഡ് - 9,000/- രൂപ	2003-04 ൽ പ്രവൃത്തി പൂർത്തിയായി. ഫൈനൽ ബിൽപ്രകാരം 7.11.03 -ാം തിയ്യതി 24,080 രൂപ നൽകിയത് അഡ്വാൻസ് തുക 9,000 രൂപ ഈടാക്കിയ ശേഷമാണ്.
			6. എരുമത്തടം റോഡ് - 2,943/- രൂപ	2002-03 ൽ പ്രവൃത്തി പൂർത്തിയായി. 1st പാർട്ട് ബിൽ പ്രകാരം 24.6.02 ൽ 8,809 രൂപയും ഫൈനൽ ബിൽപ്രകാരം 27.7.02 ൽ 2,354 രൂപയും നൽകിയത് അഡ്വാൻസ് തുക 2,943 രൂപ ഈടാക്കിയ ശേഷമാണ്.

ക്ര നമ്പർ	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
	2004-05	3.8.1.3	7. ഭഗവതിക്കാവ് റോഡ് - 50,000 രൂപ	2003-04 ൽ പ്രവൃത്തി പൂർത്തിയായി. 1st പാർട്ട് ബിൽ പ്രകാരം 27.7.02 ൽ 50,000 രൂപയും 2nd പാർട്ട് ബിൽ പ്രകാരം 31.11.02 ൽ 50,000 രൂപയും ഫൈനൽ ബിൽപ്രകാരം 29.8.03 ൽ 38,953 രൂപയും നൽകിയത് അഡ്വാൻസ് തുക 50,000 രൂപ ഈടാക്കിയ ശേഷമാണ്.
			8. ആമ്പല്ലൂർ വടക്കുമുറി ബാലവാടി - 22,250/- രൂപ	2004-05 ൽ പ്രവൃത്തി പൂർത്തിയായി. 1st പാർട്ട് ബിൽ പ്രകാരം 25.10.03 ൽ 11,696 രൂപയും 2nd പാർട്ട് ബിൽ പ്രകാരം 3.11.04 ൽ 33,542 രൂപയും 3rd പാർട്ട് ബിൽ പ്രകാരം 25.1.05 ൽ 20,460 രൂപയ്ക്കുള്ള ഭക്ഷ്യധാന്യവും ഫൈനൽ ബിൽപ്രകാരം 21.2.05 ൽ 2,806 രൂപയും നൽകിയത് അഡ്വാൻസ് തുക 50,000 രൂപ ഈടാക്കിയ ശേഷമാണ്.

136 - 137 - 312 -

ക്രമ നമ്പർ	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
	2004-05	3.8.1.3	9. കമ്മ്യൂണിറ്റി ലാട്രിൻ - 8,880/- രൂപ	2000-01 ലെ ജനകീയാസൂത്രണത്തിലെ 40,000 രൂപ വകയിരുത്തിയ ടി പ്രവൃത്തി പൂർത്തിയായിട്ടില്ല. ടി പ്രവൃത്തിയ്ക്ക് 31.3.01 ൽ മൊബിലൈസേഷൻ അഡ്വാൻസ് ആയി 8,880 രൂപ അനുവദിച്ചു. വർഷങ്ങളായി സ്പിൽ ഓവൽ ആയി തുടർന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ 31.3.07 ന് മുമ്പ് പൂർത്തിയാക്കുവാൻ നിർദ്ദേശിച്ചതനുസരിച്ച് പൂർത്തിയാകാത്ത പ്രവൃത്തികൾ ഉപേക്ഷിയ്ക്കുവാനും അഡ്വാൻസ് തുക തിരിച്ചുപിടിയ്ക്കുവാനും പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചു (തീരുമാനനമ്പർ 2/07(1) തിയ്യതി 13.4.07). അഡ്വാൻസ് തുക തിരിച്ചുപിടിയ്ക്കുവാൻ 7.8.07 -ാം തിയ്യതി വെച്ച് കൺവീനർക്ക് രജി സ്റ്റേർഡ് നോട്ടീസ് അയച്ചു
			10. ഹോമിയോ ജലവിതരണപദ്ധതി - 4,540/- രൂപ	2003-04 ൽ പ്രവൃത്തി പൂർത്തിയായി. ഫൈനൽ ബിൽ പ്രകാരം 21.10.03 ൽ 4,151 രൂപ നൽകിയത് അഡ്വാൻസ് തുക 4,540/- രൂപ ഈടാക്കിയ ശേഷമാണ്.

ക്രമ നമ്പർ	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഓഡിറ്റ് ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
	2004-05	3.8.1.3	11. പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ്	2000-01 ലെ ജനകീയാസൂത്രണത്തിലെ SGRY യിൽ 50,000 രൂപ വകയിരുത്തിയ ടി പ്രവൃത്തി പൂർത്തിയായിട്ടില്ല. ടി പ്രവൃത്തിയ്ക്ക് 2001-02 മൊബലൈസേഷൻ ഡ്വാൻസായി 9400 രൂപ അനുവദിച്ചു. Cheque No. 507449 17.6.02ൽ 1st പാർട്ട് ബില്ലായി 12,495 രൂപയ്ക്കുള്ള 1785 kg ഭക്ഷ്യ ധാന്യം (കിലോവിന് 7 രൂപ നിരക്കിൽ) അനുവദിച്ചു. പാർട്ട് ബിൽ പ്രകാരം പൂർത്തിയായ പ്രവൃത്തിയുടെ വാല്യുവേഷൻ 15,642 രൂപയാണ്. അതിൽ നിന്നും 3,147 രൂപ കുറച്ചാണ് 1st പാർട്ട് ബിൽ നല്കിയത്. തുടർന്ന് കുറച്ച് പ്രവൃത്തികൾ നടത്തിയെങ്കിലും ആയതിന്റെ വാല്യുവേഷൻ എടുത്തിട്ടില്ല. ആദ്യ പാർട്ട് ബില്ലിൽ നിന്നും കുറച്ച 3,147 രൂപ കഴിച്ച് അഡ്വാൻസ് തുകയായ 9,400 രൂപയിൽ ബാക്കി 6253 രൂപ ഗുണഭോക്തൃസമിതിയുടെ കൈവശം നിലവിലുണ്ട്. പണി പൂർത്തീകരിച്ച് ഫൈനൽ ബിൽ ഹാജരാക്കുവാൻ 13.7.2006 -ാം തിയ്യതി ഗുണഭോക്തൃ സമിതി കൺവീനർക്കും ചെയർമാനും രജിസ്റ്റേർഡ് നോട്ടീസ് അയച്ചു. വർഷങ്ങളായി സ്പിൽ ഓവൽ ആയി തുടർന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ 31.3.07 ന് മുമ്പ് പൂർത്തിയാക്കുവാൻ നിർദ്ദേശിച്ചതനുസരിച്ച് പൂർത്തിയാകാത്ത പ്രവൃത്തികൾ ഉപേക്ഷിയ്ക്കുവാനും അഡ്വാൻസ് തുക തിരിച്ചുപിടിയ്ക്കുവാനും പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചു (തീരുമാനനമ്പർ 2/07(1) തിയ്യതി 13.4.07). അഡ്വാൻസ് തുകയിൽ ഗുണഭോക്തൃസമിതിയുടെ കൈവശമുള്ള തുക തിരിച്ചടയ്ക്കുന്നതിന് 7.8.07 തിയ്യതി വെച്ച് കൺവീനർക്ക് രജിസ്റ്റേർഡ് നോട്ടീസ് അയച്ചു.

സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2004-05 ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച മറുപടി

ജില്ല, ബ്ലോക്ക് പഞ്ചായത്തിന്റെ പേര്	ഓഡിറ്റ് വർഷം/പരാമർശ വിഷയം	ബ്ലോക്ക് പഞ്ചായത്തിന്റെ മറുപടി
തൃശ്ശൂർ കൊടകര	**പൊതുപരാമർശം** **പദ്ധതികൾ പൂർത്തിയായില്ല: 15.1 ലക്ഷം കൺവീനർമാരിൽ** തൃശ്ശൂർ ജില്ലയിലെ ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളുടെ 15,16,178/- രൂപ വിവിധ വ്യക്തികളിൽ. ഗുണഭോക്തൃ സമിതി കൺവീനർമാരുടെ കൈവശം വർഷങ്ങളായി കിടക്കുന്ന തുക ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സർക്കാർ നൽകിയ പദ്ധതി വിഹിതത്തിൽ നിന്നും വകമാറ്റിയതാണ് തുക. ജനകീയാസൂത്രണ വർഷങ്ങളിൽ അംഗീകാരം ലഭിച്ച വിവിധ പദ്ധതികൾക്ക് മുൻകൂർ നൽകിയതാണീ തുക. പദ്ധതികൾ മുഴുവനും മരാമത്ത് പണികളാണ്. ചില പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും നടത്തിയിട്ടില്ല. മറ്റ് ചില പദ്ധതികളുടെ നിർവ്വഹണം പുരോഗമിച്ചിട്ടുണ്ടാകാം. എന്നാൽ അവസാന ബില്ലുകൾ ഹാജരാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടെയുള്ള നിർവ്വഹണ രേഖകൾ ലഭ്യമല്ല. ചില പദ്ധതികൾക്ക് പഞ്ചായത്തിന്റെ വി.പി.എഫിൽ നിന്നും മുൻകൂർ നൽകിയിട്ടുണ്ട്. മുൻകൂറിൽ ഒതുങ്ങിയ പദ്ധതികളിൽ അധികവും റോഡ് പണി, കുടിവെള്ള വിതരണം എന്നീ അടിസ്ഥാന വികസനം ലക്ഷ്യമിട്ടതാണ്. 1997-98 മുതൽ 2001 -2002 വരെ അംഗീകാരം ലഭിച്ചവയാണ് പദ്ധതികൾ. അംഗീകാരം ലഭിച്ച വർഷങ്ങളിൽ തന്നെ പൂർത്തിയാക്കേണ്ട പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ പഞ്ചായത്തുകൾ ശ്രമിച്ചതിന് രേഖയില്ല. തുടർ പദ്ധതികളായി അംഗീകരിച്ച് പിന്നീടുള്ള വർഷങ്ങളിൽ പൂർത്തിയാക്കിയതിനും	1) **കാവനാട് ലിഫ്റ്റ് ഇറിഗേഷൻ സ്കീം** 1998-99 വർഷം 2,27,500/- രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച കാവനാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്കുവേണ്ടി കൺവീനറായ എം.എ.കൃഷ്ണൻ, മഠത്തിൽ വീട്, കാവനാട്, മറ്റത്തൂർകുന്ന് പി.ഒ എന്നയാൾ എഗ്രിമെന്റ് വെച്ച് മൊബിലൈസേഷൻ അഡ്വാൻസായി 50,000/- രൂപയും 1,10,000/- കൈപ്പറ്റിയെങ്കിലും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കൈപ്പറ്റിയ തുക തിരിച്ചു പിടിക്കുന്നതിനുള്ള റവന്യൂ റിക്കവറിക്കു വേണ്ടിയുള്ള നടപടികൾ നടന്നു വരുന്നു എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2) **മൂർക്കിംഗൽ-പുത്തനോല ഇഞ്ചകുണ്ട് റോഡ്** 1998-99 വർഷം 179000/- രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച മുരിക്കിംഗൽ - പുത്തനോല ഇഞ്ചക്കുണ്ട് റോഡിനുവേണ്ടി കൺവീനറായ വി.കെ.തിലകൻ, വെട്ടത്തി വീട്, മുരിക്കിങ്ങൽ എഗ്രിമെന്റ് വെച്ച് മൊബിലൈസേഷൻ അഡ്വാൻസായി 36,000/- രൂപയും സെക്യോർഡ് അഡ്വാൻസായി 50,000/- രൂപയും കൈപ്പറ്റിയെങ്കിലും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കൈപ്പറ്റിയ തുക തിരിച്ചു പിടിക്കുന്നതിനുള്ള റവന്യൂ റിക്കവറിക്കു വേണ്ടിയുള്ള നടപടികൾ നടന്നു വരുന്നു എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

രേഖയില്ല. മുൻകൂർ കൈപ്പറ്റി 45 ദിവസങ്ങളിൽ നിർവ്വഹണം നടങ്ങാത്ത പദ്ധതികൾക്ക് നൽകിയ മുൻകൂറുകൾ 18 ശതമാനം പ ലിശ ചുമത്തി ഈടാക്കാൻ ബഹു.ഓംബുഡ്സ്മാൻവിധിച്ചിരുന്നു. പഞ്ചായത്തുകൾ വിധി നടപ്പാക്കാൻ ആർജ്ജവം കാട്ടിയില്ല. വർഷങ്ങൾക്കു മുമ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിലും തിരഞ്ഞെടുത്ത ഗുണഭോക്തൃ സമിതിയുടെ നേതൃത്വത്തിലും ഇനി പദ്ധതികൾ നിർവ്വഹിക്കാൻ കഴിയില്ല. മാത്രമല്ല ഗുണഭോക്തൃ സമിതികൾ വഴിയുള്ള മരാമത്ത് പദ്ധതി നിർവ്വഹണത്തിന് സാധ്യതയുമില്ല. ഈ അവസ്ഥയിൽ പൊതുപണം സ്വകാര്യ വ്യക്തികൾ കൈയടക്കുന്നതിന് എതിരെ ജാഗ്രതയോടുള്ള നടപടികൾ വേണം.

സർക്കാർ ഉയർന്ന പലിശയ്ക്ക് സമാഹരിക്കുന്ന പദ്ധതി വിഹിതം ഇത്തരത്തിൽ ദുർവ്യയം ചെയ്തത് ഗൗരവമായി കാണേണ്ടതാണ്. പദ്ധതികൾ മുൻകൂറുകളായി ഒതുങ്ങി ജനങ്ങൾക്ക് വികസനം നിഷേധിക്കുന്നത് അധികാരവികേന്ദ്രീകരണത്തിന്റെ സത്തയും സാധ്യതകളും തകർക്കുന്നതാണ്.

കൊടകര ബ്ലോക്ക് പഞ്ചായത്ത്

(1999-2000, 2001-2002 ഓഡിറ്റ് റിപ്പോർട്ട് : ഖണ്ഡിക 19)

1)	കാവനാട് ലിഫ്റ്റ് ഇറിഗേഷൻ	160000
2)	മൂർക്കിംഗൽ-പുത്തനോലി ഇഞ്ചകുണ്ട് റോഡ്.	86000
3)	അസ്ഹൂർ ഐ.എച്ച്.ഡി.പി. കോളനി ലിഫ്റ്റ് ഇറിഗേഷൻ (99-2000).	83000
4)	കുന്നത്തറ ലിഫ്റ്റ് ഇറിഗേഷൻ (2000-2001).	33500
5)	പുലിക്കണ്ണി - വേലുപ്പാടം ലിഫ്റ്റ് എക്സ്റ്റൻഷൻ.	117530
6)	കോടാത്തിതാഴ ബണ്ട് സംരക്ഷണം.	107500
7)	പാറക്കടവ് സംരക്ഷണം.	82000
8)	മുപ്ലിയം ബാലവാടി നിർമ്മാണം	70000
	ആകെ	739530

3) അസ്ഹൂർ ഐ.എച്ച്.ഡി.പി. കോളനി ലിഫ്റ്റ് ഇറിഗേഷൻ (99-2000).

1998-99 വർഷം 138400/-രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച മേൽ പ്രവർത്തിക്കുവേണ്ടി കൺവീനറായ ടി.പി.കറപ്ഷൻ, തെക്കിനോടി വീട്, ആദൂർ, കലൂർ.പി.ഒ എന്നയാൾ എഗ്രിമെന്റ് വെച്ച് മൊബിലൈസേഷൻ അഡ്വാൻസായി 33000/- രൂപയും സെക്യോർഡ് അഡ്വാൻസായി 60000/-രൂപയും അടക്കം ആകെ 93000/-രൂപ കൈപ്പറ്റിയെങ്കിലുംപ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കൈപ്പറ്റിയ തുക തിരിച്ചുപിടിക്കുന്നതിനുള്ള റവന്യൂ റിക്കവറിക്കു വേണ്ടിയുള്ള നടപടികൾ നടന്നുവരുന്നു.

4) കുന്നത്തറ ലിഫ്റ്റ് ഇറിഗേഷൻ (2000-2001). 33500

2000-2001 വർഷം 1,00,000/- രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച കുന്നത്തറ ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തിക്കുവേണ്ടി കൺവീനറായ ശ്രീ.പി.എ.അനിൽ, പടിഞ്ഞാറെകുന്നത്ത്, കൊടകര പി.ഒ എന്നയാൾ എഗ്രിമെന്റ് വെച്ച് മൊബിലൈസേഷൻ അഡ്വാൻസായി 10,000/- രൂപയും സെക്യോർഡ് അഡ്വാൻസായി 23,500/- രൂപയും അടക്കം ആകെ 33,500/- രൂപയും കൈപ്പറ്റി പ്രവർത്തി പൂർത്തീകരിച്ച് 31.03.2004 -ൽ ഫൈനൽ ബിൽ നൽകിയിരുന്നു. പമ്പ് ഹൗസ് നിർമ്മിച്ച് 20 എച്ച്.പി. മോട്ടോർ പ്രവർത്തിപ്പിച്ച് കുന്നത്തറ കോളനിയിലേക്ക് വെള്ളം എത്തിച്ചു കൊണ്ടിരിക്കുന്നു.

5) പുലിക്കണ്ണി - വേലുപ്പാടം ലിഫ്റ്റ് എക്സ്റ്റൻഷൻ. 117530

2000-2001 വർഷം 1,50,000/- രൂപയുടെഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച കുന്നത്തറ ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തിക്കുവേണ്ടി കൺവീനറായ എൻ.എം.തോമസ്, ഞെരിഞ്ഞാംപിള്ളി വീട്, വെലുപ്പാടം പി.ഒ എന്നയാൾ എഗ്രിമെന്റ് വെച്ച് മൊബിലൈസേഷൻ അഡ്വാൻസായി 7500/- രൂപയും പൈപ്പ് വാങ്ങുന്നതിനായി 110030/- രൂപയും കൈപ്പറ്റി

പ്രവർത്തി പൂർത്തീകരിച്ചു. ഇത് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. ഇതുമൂലം ജലക്ഷാമം അനുഭവപ്പെടുന്ന പുലിക്കണ്ണ് വേലുപ്പാടം നിവാസികൾക്ക് വേനൽക്കാലത്തും വെള്ളം എത്തിക്കുവാൻ സാധിക്കുന്നു.

6) കോടാത്തിതാഴ ബണ്ട് സംരക്ഷണം

107500

കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ 98-99 വർഷത്തെ കോടാത്തിതാഴ ബണ്ട് സംരക്ഷണം എന്ന പ്രവൃത്തിക്ക 2,00,000/- രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമ തിയും ലഭിച്ചിരുന്നു. ഇതിൽ 1,00,000/- രൂപ ഇ.എ.എസ് ഫണ്ടിൽ നിന്നും 90,000/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും 10,000/- രൂപ ഗുണഭോക്തൃവിഹിതവുമായിട്ടാണ് ഫണ്ട് വകയിരുത്തി- യിട്ടുള്ളത്. ഗുണഭോക്തൃ സമിതിയിൽ നിന്നും സജീവ് എൻ.വി നാരായണത്തോട്ടത്തിൽ വീട്, മണക്കുളങ്ങര പി.ഒ എന്നയാൾ ഗുണഭോക്തൃ കൺവീനറായി എഗ്രിമെന്റ് വെച്ച് മൊബിലൈ സേഷൻ അഡ്വാൻസായി 47,000/- രൂപയും സെക്യൂർഡ് അഡ്വാൻസായി 60,500/- രൂപ അടക്കം ആകെ 1,07,500/- രൂപ കൈപ്പറ്റിയിരുന്നു. 90,000/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും 17,500/-രൂപ ഇ.എ.എസ് ഫണ്ടിൽ നിന്നുമാണ് നൽകിയിരുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ 27.03.2008 -ലെ 6-ാം നമ്പർ തീരുമാന പ്രകാരം സ്പിൽ ഓവർ ആയി നിന്നിരുന്ന എല്ലാ പ്രവൃത്തി കളും ക്ലോസ് ചെയ്യുന്നതിനുവേണ്ടി ചെയ്ത പ്രവൃത്തിയുടെ വാല്യുവേഷൻ എടുത്ത് അവസാനിപ്പിക്കാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ.എസ്.ജി.ഡി, ബി.എൽ.ടി. എ.ജി അംഗങ്ങൾ ഉൾപ്പെട്ട ഒരു ടീമിനെ ചുമതലപ്പെടുത്തു കയും അതു പ്രകാരം എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വാല്യുവേഷൻ നടത്തി ബി.എൽ. ടി.എ.ജി അംഗീകരിച്ച് പ്ലാൻ ഫണ്ടിൽ നിന്നും 99,054/- രൂപയുടേയും ഇ.എ.എസ് ഫണ്ടിൽ നിന്നും 95,206/- രൂപയുടെയും ബില്ലുകൾ പാസ്സാക്കി, 29.03.2008-ന് പേമെന്റ് നൽകി പ്രവൃത്തി അവസാനിപ്പിച്ചു.

7) പാറക്കടവ് സംരക്ഷണം. - 82000

കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ ഇ.എ.എസ്. 2000-2001-ൽ ഉൾപ്പെട്ട മേൽ പ്രവൃത്തിയ്ക്ക് 2,00,000/- രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. 19.04.2000 -ൽ ചേർന്ന ഗുണഭോക്തൃ സമിതിയിൽ നിന്ന് ശ്രീ.ദേവസിക്കുട്ടി. ആട്ടോക്കാരൻ വീട്. വേലുപ്പാടം എന്നയാളെ ചെയർമാനായി തിരഞ്ഞെടുക്കുകയും 17.07.2000-ൽ എഗ്രിമെന്റ് വെച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു.മൊബിലൈസേഷൻ അഡ്വാൻസായി 50,000/- രൂപയും സെക്വേർഡ് അഡ്വാൻസായി 41,000/- രൂപയും 13190 കിലോഗ്രാം ഭക്ഷ്യധാന്യത്തിന്റെ വിലയടക്കം 1,83,330/- രൂപ നൽകുകയും ചെയ്തു. കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെ 27.03.2008 തീയതിയിലെ 6-ാം നമ്പർ തീരുമാനപ്രകാരം ചെയ്ത പ്രവൃത്തിയുടെ വാല്യുവേഷൻ എടുത്ത് പ്രവൃത്തി അവസാനിപ്പിക്കുവാൻ തീരുമാനിച്ചു. അതനുസരിച്ച് എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എഞ്ചിനീയർ വാല്യുവേഷൻ എടുത്ത് 87278/- രൂപയുടെ ബിൽ 31.03.2008 -ൽ നൽകുകയും ചെയ്തു. അധികമായി കൈപ്പറ്റിയ തുക 18% പലിശ സഹിതം തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് അധികമായി നൽകിയ 96052/- രൂപ 18% പലിശ സഹിതം 194025/- രൂപ ഗുണഭോക്തൃ കമ്മിറ്റി കൺവീനർ 01.10.2010 -ൽ തിരിച്ചടയ്ക്കുകയും ചെയ്തു. ടി തുക ബന്ധപ്പെട്ട അക്കൗണ്ടിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്.

8) മുപ്ലിയം ബാലവാടി നിർമ്മാണം - 70000

2000-2001 വർഷം എഗ്രിമെന്റ് വെച്ച മേൽ പ്രവൃത്തി മൊബിലൈസേഷൻ അഡ്വാൻസ്, സെക്വേർഡ് അഡ്വാൻസ് എന്നിവ കൈപ്പറ്റി 30.07.2005 -ൽ പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടുള്ളതാണ്. മുപ്ലിയം ബാലവാടി കെട്ടിടം ഐ.സി.ഡി.എസിന് കൈമാറുകയും സെന്റർ നമ്പർ 112 മുപ്ലിയം അംഗൻവാടിയായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

Joint Director (Local Fund Audit) Govt. Secretariat

154(a)

147

154

Pasas Sanchaya-3

Annexure 19(7)

ANNEXURE C - X

(See Para 26.2 of the G.O. (P) No. 177/2006/Fin.Dated, 12.04.2006)

RECEIPT

KODAKARA BLOCK/DISTRICT PANCHAYAT

Receipt No. 11 Date: 01/10/2010

Received from Devassikutty, Attokkaran(H), P.O. Veluppadan

a sum of Rs. 1,94,025/- (Rupees One lakh ninety four thousand and twenty five only

towards refund of the excess amount already given to the convenor of the work EAS 2000-2001 protection works to Pandavu in Varandarappilly Panchayath (Rs. 96052/-) with its interest Rs. 97973/-

BLOCK PANCHAYAT OFFICE KODAKARA P.O. PUDUKAD Date

Authorised Clerk/Official

President

SECRETARY KODAKARA BLOCK PANCHAYATH

GLM-18Q/06

True copy

SECRETARY KODAKARA BLOCK PANCHAYAT

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2004-2005 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്മേൽ തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സ്വീകരിച്ച നടപടികളുടെ ഓഡിറ്റ് സൂനത പരിഹാര പത്രിക

ക്രമ നമ്പർ	സമാഹൃത റിപ്പോർട്ട് വർഷം	സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിൽ സ്വീകരിച്ച നടപടി
6	2004-05	3.8.1	മരാമത്ത് പണികൾ പൂർത്തിയായില്ല ജനകീയാസൂത്രണ വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് ഇടങ്ങിയ 8 മരാമത്ത് പണികൾ പൂർത്തിയായില്ല. 97-98, 98-99, 99-2000,2000-01 വർഷങ്ങളിൽ സമാഹരണ മുൻഗണ നല്കിയ പണികളാണ് ഇടങ്ങിയത്. സമാഹരണ മുൻഗണ ക്രമപ്പെടുത്താതെയാണ് തുടർന്ന് ഓരോ വർഷവും ഇനങ്ങൾ നല്കിയത്. മൂല്യനിർണയം നടത്തി പണികൾ അടിയന്തിരമായി വിലയിരുത്തി കൺവീനർമാർക്ക് അധികം നല്കിയ തുക ഈടാക്കേണ്ടതാണ്	**ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്** റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന 8 റോഡുകളും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഖണ്ഡിക 21(1), 21(2), 21(3), 21(4) എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ലഭ്യമായിട്ടില്ലെന്നും 21(1) ഏ.കെ.ജി റോഡ് നിർമ്മാണം 2009-10 വർഷത്തിൽ സ്പിൽ ഓവർ വർക്കായി കാണുന്നു എന്നും 21(2) കൊട്ടാരം റോഡ് കാനയും പാച്ച് വർക്കും എന്ന പ്രവൃത്തിക്ക് 2004-05 വർഷം ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചിട്ടുണ്ട്.
7	2004-05	3.8.2	1999-2000, 2000-2001, 2001-2002 വർഷങ്ങളിലെ പൊതുമരാമത്ത് ബില്ലുകൾ പരിശോധിച്ചപ്പോൾ മണ്ണ് വിലയിൽ 439540/- രൂപ അധികം നൽകിയതായും ഷെഡ്യൂൾ നിരക്കുകൾ ലംഘിച്ചും കടത്തുകൂലി 13 കി.മീ വരെ നൽകിയുമാണ് ബി.എൽ.ടി.സി. നിരക്കിൽ വർദ്ധന വരുത്തിയത്	**മാള ഗ്രാമപഞ്ചായത്ത്** 439540/- രൂപ അധികം നൽകിയതു സംബന്ധിച്ച് ബി.എൽ.ടി.സി അധികൃതരുമായി കത്തിടപാടുകൾ നടത്തിയപ്പോൾ ഗവ.സെക്രട്ടറിയുടെ 05.01.2005 ലെ 60726/ഡി.പി/01/04 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം 13 കി.മീ കൺവേയൻസ് അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽതടസ്സം ഒഴിവാക്കി കിട്ടുന്നതിന് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷിച്ചിട്ടുള്ളതും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ 28/01/2006 ലെ എൽ. എഫ്.ടി 11/1306/05 കത്ത് പ്രകാരം തടസ്സം ഒഴിവാക്കുന്നതിന് നിയമസഭാസമിതിയുടെ അംഗീകാരം ആവശ്യമാണെന്നറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടി

				പരാമർശം ഒഴിവാക്കുന്നതിലേക്കായി ബഹു.കേരള ഗവൺമെൻറ് സെക്രട്ടറിക്ക് 04/08/2007 ന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതും 2015 ഓഗസ്റ്റ് മാസം 12-ാം തീയതി ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുൻപാകെ ഹാജരായിട്ടുള്ളതുമാണ്.
8	2004-05	3.8.2	99 -- 2000 മുതൽ 2001 – 2002 വരെയുള്ള 42 മരാമത്ത് ബില്ലുകളുടെ ഓഡിറ്റിൽ ആകെ 195764/ രൂപ മണ്ണ് വില അധികം നല്കിയതായി കണ്ടെത്തിയത്	**മണലൂർ ഗ്രാമപഞ്ചായത്ത്** കനോലി കനാലിന്റെ തീരത്തുള്ളതും CRZ നിയമം നിലവിലുള്ളതുമായ പഞ്ചായത്താണിത്. തീരദേശ പഞ്ചായത്തായതിനാൽ റോഡുകളുടെ പണികൾക്കാവശ്യമായ ചുവന്ന മണ്ണും ഗ്രാവലും പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ വളരെ ദൂരെ നിന്ന് കൊണ്ടുവരേണ്ടതുണ്ട്. അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് അതിർത്തിക്കുള്ളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് മണ്ണ് കൊണ്ടുവരുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 13 കി.മീ. കൺവേയൻസ് അനുവദിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 60726/ഡി പി 1/04/ ത.സ്വ.ഭ.വ തീയതി 05/01/2005 പ്രകാരം അനുമതി നല്കിയിട്ടുള്ളതാണ്. ടി ബ്ലോക്കിലെ തന്നെ സമാന ഓഡിറ്റ് തടസ്സമുള്ള താന്ന്യം ഗ്രാമ പഞ്ചായത്തിന്റെ അപേക്ഷ പരിഗണിച്ച് ഗവണ്മെന്റ് ബി.എൽ.ഇ.സി അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരം ചെയ്ത പ്രവൃത്തികൾക്ക് വന്ന ഓഡിറ്റ് തടസ്സം ഒഴിവാക്കി സർക്കാർ ഉത്തരവ് (ആർ.ടി) 1023/2005/ ത.സ്വ.ഭ.വ തിയതി 17.03.2005 പ്രകാരം സാധുകരണം നല്കിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ (എസി) വകുപ്പിന്റെ സർക്കുലർ -1 നം.22512/എസി 2/11/ ത.സ്വ.ഭ.വ തീയതി 21/08/2014 പ്രകാരം മണ്ണിട്ട് നികത്തുന്ന പ്രവൃത്തികൾക്ക് നിരക്ക് കണക്കാക്കുമ്പോൾ പ്രവൃത്തിക്ക് നല്കുന്ന നിരക്കിൽ നിന്ന് ഒരു ലീഡും ലിഫ്റ്റും കുറക്കേണ്ടതില്ല എന്ന ചീഫ്എഞ്ചിനീയറുടെ (പി.ഡബ്ലു.ഡി അഡ്മിനിസ്ട്രേഷൻ) 06/01/2005 ലെ 2/2005

				ഫാം നമ്പർ സർക്കുലർ തദ്ദേശ സ്വയംഭരണ വകുപ്പിനും (മുൻകാല പ്രാബല്യത്തോടെ) ബാധകമാക്കി നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.
9	2004-05	3.8.2	റോഡ് മണ്ണിട്ട് ഉയർത്തലിന് ഉയർന്ന നിരക്ക് നൽകി - അധിക ചെലവ് അംഗീകരിക്കുന്നില്ല. - അന്തിക്കാട് ഗ്രാമപഞ്ചായത്തിൽ 5 മരാമത്ത് ബില്ലുകളുടെ ഓഡിറ്റിൽ 37699/- രൂപ അധികം നൽകിയതായി കാണുന്നു.	**അന്തിക്കാട് ഗ്രാമപഞ്ചായത്ത്** അന്തിക്കാട് പഞ്ചായത്ത് ഉൾപ്പെടുന്ന അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രദേശം തീരദേശമായതിനാൽ റോഡ് പ്രവൃത്തികൾക്ക് റോഡിന്റെ ഉപരിതലം ഉയർത്തിയ വകയിൽ വന്ന അധിക തുക ചെലവാക്കിയതിന് സർക്കാരിൽ നിന്നും (സ.ഉ.(ആർ.ടി) 1023/2005/തസ്വഭ, തീയതി 17.3.2015) സാധൂകരണം നല്കിയിട്ടുണ്ട്. കൂടാതെ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 5.1.2005 തീയതിയിലെ 60726/ഡിപി1/04/തസ്വഭവ നമ്പർ കത്ത് പ്രകാരം അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെപൊതുമരാമത്ത് പ്രവൃത്തികൾക്ക് മണ്ണ് കൊണ്ടു വരുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

158 – 345

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറി (2004-2005)

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ ആലക്കോട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.

ക്രമനമ്പർ	സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം	ആഡിറ്റ് ഖണ്ഡിക നമ്പർ	ആഡിറ്റ് പരാമർശ വിഷയം	ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1	2004 - 2005	3 . 13.1.7.1	**പദ്ധതി വിഹിതം ചോരുന്നു. ജലസേചന പദ്ധതികൾ പൂർത്തിയായില്ല.** 2001 – 2002 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 6,7,8 ജലസേചന പദ്ധതിയുടെ മറവിൽ പദ്ധതി വിഹിതം ധൂർത്തടിക്കുന്നു. ജനകീയാസൂത്രണ വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് തുടങ്ങിയ 8 പദ്ധതികളിലാണ് പദ്ധതി വിഹിതം ചോരുന്നത്. മൂന്നു ഘട്ടങ്ങളിലായി പൂർത്തിയാക്കുവാൻ വിഭാവനം ചെയ്തതാണ് പദ്ധതികൾ. ജലസ്രോതസ്സുകൾ ഒരുക്കുക, ടാങ്ക് നിർമ്മിക്കുക, എന്നിവയായിരുന്നു ആദ്യഘട്ടങ്ങളിൽ ല്ക്ഷ്യമിട്ടിരുന്നത്. എന്നാൽ ഇവ പൂർത്തിയാക്കാതെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെട്ട പമ്പുസെറ്റുകൾ വാങ്ങി കൂട്ടിയതായി കാണുന്നു. ഗുണഭോക്തൃ സമിതികളെ നിർവഹണം ഏൽപ്പിച്ച പദ്ധതികൾക്ക് നിയമപ്രകാരമുള്ള കരാർ ചമയ്ക്കാതെ വൻ തുകകൾ മുൻകൂറായി നൽകിയതായി കാണുന്നു. മൂല്ല്യനിർണയം നടത്തി അളവു പുസ്തകത്തിൽ രേഖപ്പെടുത്തി ഇവ ക്രമപ്പെടുത്തിയിട്ടില്ല. പദ്ധതികൾക്കായി ഇതേവരെ 555682രൂപ ചെലവു കാണുന്നു. ഇതിൽ ഒന്നു പോലും പൂർത്തീകരിച്ചിട്ടില്ല. Contd...2	**ജലസേചന പദ്ധതി & കുളം നിർമ്മാണം** (1) ആറാട്ടുകടവ് ജല സേചനം, കുളം-നിർമ്മാണം കുളം നിർമ്മിക്കുകയും അതോടൊപ്പം പമ്പ് സെറ്റും അനുബന്ധ സാധനങ്ങളും വാങ്ങിക്കുകയും ചെയ്തു. എന്നാൽ ആവശ്യത്തിന് ജല ലഭ്യമല്ലാത്തതിനാൽ പദ്ധതി പഞ്ചായത്തിന്റെ 20-12-2004ലെ 91/04 (9) നമ്പർ തീരുമാനപ്രകാരം ഉപേക്ഷിക്കുകയും പമ്പ് സെറ്റും പൈപ്പും അനുബന്ധ സാധനങ്ങളും പഞ്ചായത്തോഫീസിൽ കൊണ്ടുവന്നു സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ 29/11/07-ലെ 85/07-ാം നമ്പർ തീരുമാനപ്രകാരം കൂടിവെള്ള പദ്ധതികളായ നെല്ലിപ്പാറ, നരിയൻപാറ എന്നീ പദ്ധതികൾക്കു വേണ്ടി പൈപ്പുകളും മറ്റും വിതരണം ചെയ്തു.. **2. കഴുക്കൽ കുളം നിർമാണ്ണം** പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

159-

546-

			വർഷങ്ങൾക്കു മുൻപു തയ്യാറാക്കിയ എസ്റ്റിമേറ്റിലും പദ്ധതി നിർദ്ദേശങ്ങളിലും ഇനി ഈ പദ്ധതികൾ പൂർത്തിയാക്കാനാവുമോ എന്ന് സംശയമാണ നിയമപരമായി നിലനിൽക്കുന്ന കരാറുകളുടെ അഭാവത്തിൽ കൺവീനർമാർക്ക് നൽകിയ മുൻകൂറുകളും തിരിച്ച് ഈടാക്കാനായേക്കില്ല. ആയതിനാൽപദ്ധതികൾ സമഗ്ര അന്വേഷണം നടത്തി ഗ്രാമ പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കേണ്ടതാണ്.	3. വായം തണ്ണി കുളം നിർമ്മാണം ജല ലഭ്യതയില്ലാത്തതിനാൽ പഞ്ചായത്തിന്റെ 22/12/2004 - ലെ 91/04(9) -ാം നമ്പർ തീരുമാനപ്രകാരം പദ്ധതി ഉപേക്ഷിച്ചു. കൺവീനർക്ക് നൽകിയ അഡ്വാൻസ് തുക 10000/- രൂപ 24/01/2007 ന് 88723/39 -ാം നമ്പർ രശീതി പ്രകാരം തിരിച്ചടച്ചിട്ടുണ്ട്. 4. തോക്കാട് കുളം നിർമ്മാണം പ്രവർത്തി തുടങ്ങിയിരുന്നു. 10000/- രൂപാ അഡ്വാൻസ് നൽകിയിരുന്നു. പ്രവർത്തി തുടങ്ങിയതു മുതൽ കുളം തുടർച്ചയായി ഇടിയുന്നതു കാരണം പഞ്ചായത്തിന്റെ 22/12/2004 - ലെ 91/04(9) -ാം നമ്പർ തീരുമാനപ്രകാരം പദ്ധതി ഉപേക്ഷിച്ചു. പാർട്ട് ബിൽ പ്രകാരമുള്ള തുക 5862/- രൂപ കൺവീനർക്ക് നൽകി ബാക്കി 4138/- രൂപ 06/12/2003 ന് 88711/39 -ാം നമ്പർ രശീതി പ്രകാരം തിരിച്ചുപിടിച്ചിട്ടുണ്ട്.

5. ബീംബുംകാട കുളം നിർമ്മാണം

കുളം നിർമ്മാണം പൂർത്തിയാക്കി പൈപ്പ്ലൈനും ടാങ്കും നിർമ്മിച്ചിട്ടുണ്ട്. ആവശ്യത്തിന് വെള്ളം ലഭ്യമല്ലാത്തതിനാൽ പഞ്ചായത്തിന്റെ 22/12/2004 - ലെ 91/04(9) -ാം നമ്പർ തീരുമാനപ്രകാരം പദ്ധതി ഉപേക്ഷിച്ചു. ഇതിനായി വാങ്ങിയ പമ്പ് സെറ്റും മറ്റും പുതിയപ്രവർത്തികൾക്ക് ഉപയോഗിക്കുന്നതിന് പഞ്ചായത്ത് മേൽ തീരുമാനപ്രകാരം തീരുമാനിച്ചിട്ടുണ്ട്.എം ബുക്കും മറ്റ് രേഖകളും ഹാജരാക്കത്തതിനാലാണ് ഓഡിറ്റിൽ തടസ്സം ഉന്നയിച്ചിട്ടുള്ളത്. തടസ്സം ഒഴിവാക്കുന്നതിനുവേണ്ടി നിർവഹണ ഉദ്യോഗസ്ഥനായ ഇപ്പോൾ ചെറുവത്തൂർ കൃഷി ഓഫീസർ ആയ ശ്രീ. പി.കെ രാധാകൃഷ്ണനോട് 13/09/06 -ലെ 1003/04- ാം നമ്പർ കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. ഇതുവരെ നടപടികൾ ഒന്നും എടുക്കാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് പ്രിൻസിപ്പൽ കൃഷി ഓഫീസർ കണ്ണൂർ, കൃഷി ഡയറക്ടർ എന്നിവരോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന യഥാക്രമം 07/07/07, 05/09/07 എന്നീ തീയ്യതികളിൽ A1 - 1003/04 - ാം നമ്പർ കത്തിലൂടെ അപേക്ഷിച്ചിട്ടുണ്ട്.

6. വേങ്ങയിൽ കുണ്ട് കുളം നിർമ്മാണം

പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. വിജയകരമായി പ്രവർത്തിച്ചുവരുന്നു.

			7. കണ്ണാടിപ്പാറ ജലസേചന പദ്ധതി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. വിജയകരമായി പ്രവർത്തിച്ചു വരുന്നു. എം. ബുക്കും മറ്റ് രേഖകളും ഓഡിറ്റിന് ഹാജരാക്കാത്തതിനാലാണ് ഓഡിറ്റിൽ തടസ്സം ഉന്നയിച്ചിട്ടുള്ളത്. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനു വേണ്ടി ചെറുവത്തൂർ കൃഷി ഓഫീസർ ആയ ശ്രീ. പി.കെ രാധാകൃഷ്ണ നോട് 3/09/06 -ലെ 1003/04- ാം നമ്പർ കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. ഇതുവരെ നടപടികൾ ഒന്നും എടുക്കാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് പ്രിൻസിപ്പൽ കൃഷി ഓഫീസർ, കണ്ണൂർ കൃഷി ഡയറക്ടർ എന്നിവരോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന യഥാക്രമം 07/07/07, 05/09/07 എന്നീ തീയ്യതികളിൽ A1 - 1003/04 - ാം നമ്പർ കത്തിലൂടെ അപേക്ഷിച്ചിട്ടുണ്ട്. **8. വടക്കുംപൊയിൽ** കുളം നിർമ്മിച്ചു വാല്യൂവേഷൻ പ്രകാരമുള്ള തുക മാത്രമേ കൺവീനർക്ക് നൽകിയിട്ടുള്ളൂ. ജല ലഭ്യതയില്ലാത്തതിനാൽ പഞ്ചായത്തിന്റെ 22/12/2004 ലെ 91/04(9) - ാം നമ്പർ തീരുമാന പ്രകാരം പദ്ധതി ഉപേക്ഷിച്ചു. ടാങ്ക് നിർമ്മിച്ചിട്ടില്ല. റെയിഡ്കോവിൽ നിന്നും വാങ്ങിയ പൈപ്പുകളും മറ്റും മറ്റ് പദ്ധതികൾക്കു വിതരണം ചെയ്യുന്നതിന് പഞ്ചായത്തിന്റെ 29-11-2007ലെ 85/07 നമ്പർ തീരുമാനപ്രകാരംതീരുമാനിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ കണ്ണൂർ സർവ്വകലാശാല സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക (Remedial Measures Taken Statement)

ക്രമ നമ്പർ	സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം	ആഡിറ്റ് ഖണ്ഡിക നമ്പർ	ആഡിറ്റ് പരാമർശ വിഷയം	ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി
1	2	3	4	5
1)	2004-05	5.5.1	അധിക ചുമതലക്ക് രണ്ട് ശമ്പളം : (2001- 2002 ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 20) അധിക ചുമതലക്ക് രണ്ട് തസ്തികയിലേയും ശമ്പള ം കൈപ്പറ്റി. കണ്ണൂർ സർവ്വകലാശാലയിലാണ് സർവ്വീസ് നിയമങ്ങൾക്ക് വിരുദ്ധമായ വേതനം വാങ്ങൽ. പാലയാട് വിവരശാസ്ത്ര സാങ്കേതിക വിഭാഗം കോ ഓർഡിനേറ്റർക്ക് ഐ.ടി വിദ്യാഭ്യാസ വിഭാഗം ഡയറക്ടർ ഇൻ ചാർജ്ജിന്റെ അധിക ചുമതല കൂടി നൽകിയിരുന്നു. കോ ഓർഡിനേറ്ററുടെ ശമ്പളത്തിന് പുറമെ ഇദ്ദേഹം അധിക ചുമതലയുടെ വേതനമായി മാസം 10000/- രൂപ നിരക്കിൽ 38387/- രൂപ കൈപ്പറ്റി. രണ്ട് തസ്തികയിൽ ഒരേ സമയം ശമ്പളം വാങ്ങിയത് കെ.എസ്.ആർ. വാല്യം 1 റൂൾ 53 (ബി) (1) ന് വിരുദ്ധമാണ്. അതിനാൽ സർവ്വീസ് നിയമ പ്രകാരം ചാർജ്ജ് അലവൻസ് അധിക ചുമതലയുള്ള തസ്തിക യിലെ കുറഞ്ഞ നിരക്കായ 16400/- രൂപയുടെ 10% നിരക്കിൽ പരമാവധി മൂന്നുമാസത്തെ ചാർജ്ജ് അലവൻസ് (ജി.ഒ (പി) നമ്പർ.879/98 ഫിൻ തീയതി 09.05.98) ആയ 1640 X 3 = 4920 കഴിച്ച് ബാക്കി 33467/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്.	ഐ.ടി. മേഖലയിലെ തൊഴിൽ സാധ്യതകൾ കണക്കിലെടുത്ത് ഒരു വ്യത്യസ്ത സംരംഭം എന്ന നിലയിൽ തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ്, മാങ്ങാട്ടുപറമ്പ്, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ ആദ്യഘട്ടം എന്ന നിലയിൽ സർവ്വകലാശാല ഐ.ടി. കേന്ദ്ര ങ്ങൾ സ്ഥാപിക്കുവാനും അവിടെ കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തര ബിരുദ കോഴ്സ് നടത്തുവാനും തീരുമാനിച്ച തിന്റെ അടിസ്ഥാനത്തിൽ വിപുലമായ പാഠ്യ പദ്ധതി ആവിഷ്കരിക്കുകയും വിവിധ ഏജൻസികളുടെ സഹായ ത്താൽ ഈ അഞ്ച് സ്ഥലങ്ങളിലും കോഴ്സുകൾ നടത്തുന്ന തിന് ഒട്ടേറെ പ്രാരംഭ നടപടികൾ കൈക്കൊള്ളുകയും ചെയ്തു. അദ്ധ്യാപകരുടെ പരിശീലനമടക്കമുള്ള കാര്യങ്ങൾക്കായി പാലയാടിലെ ഐ.ടി കേന്ദ്രത്തിൽ അദ്ധ്യാപകനായിരുന്ന ശ്രീ. ഇഗ്നേഷ്യസ് കുഞ്ഞുമോൻ മാത്രമേ മുന്നോട്ടു വന്നുള്ളൂ. വിവിധ കേന്ദ്രങ്ങളിൽ കോഴ്സ് നടത്തിപ്പ് ക്രമീകരിക്കുന്ന തിനും അദ്ധ്യാപകരുടെ പരിശീലനവും ലാബിന്റെ പ്രവർത്തന വും മറ്റും മേൽനോട്ടം വഹിക്കുന്നതിനും അദ്ദേഹത്തിന് സാധാരണ ഓഫീസ് സമയത്തിനപ്പുറം ഈ വ്യത്യസ്ത സ്ഥലങ്ങളിൽ ചെലവഴിക്കേണ്ടതായിട്ടുണ്ടായിരുന്നു. ഇക്കാര്യ ങ്ങളൊക്കെ കണക്കിലെടുത്താണ് സർവ്വകലാശാല യുടെ സിൻഡിക്കേറ്റ് ഏറ്റവും ചെലവ് ചുരുങ്ങിയ സംവിധാനം എന്ന നിലയിൽ ഈ കോഴ്സുകൾ ഭംഗിയായി നടത്തുന്ന തിനുവേണ്ടി ശ്രീ. ഇഗ്നേഷ്യസ് കുഞ്ഞുമോനെ ഡയറക്ടറായി നിയമിച്ചത്. ഒരു അധിക ചുമതല എന്ന നിലയ്ക്ക്

2)	2004-05	5.5.2	**യാത്രാ ബത്ത അനുവദിച്ചതിൽ ക്രമക്കേടുകൾ** സെനറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും യാത്രാബത്ത അനുവദിച്ചതിൽ ക്രമക്കേടുകൾ. 1:സെനറ്റ്/ സിൻഡിക്കേറ്റ് അംഗങ്ങൾക്ക് അടുത്തടുത്ത ദിവസങ്ങളിലെ മീറ്റിംഗുകൾക്ക് സ്പെഷ്യൽ കൺവേയൻസ് ഉപയോഗിച്ചതായി കാണിച്ച് യാത്രാ ബത്ത നൽകിയതായി കാണുന്നു. യാത്രാ ബത്ത വരുമാന മാർഗ്ഗമായി മാറ്റരുതെന്ന നിർദ്ദേശത്തിന് വിരുദ്ധമായി ഈ ഇനത്തിൽ 10044/- രൂപ അധികം ചെലവഴിച്ചതായി കാണുന്നു. 2. യാത്രാബത്ത മുൻകൂറായി വൈസ് ചാൻസലർക്ക് 10.10.2001ൽ അനുവദിച്ച 30000 രൂപയും രജിസ്ട്രാർക്ക് 04.12.2001ൽ നൽകിയ 12000 രൂപയും ക്രമപ്പെടുത്തിയതായി കാണുന്നില്ല. ധനവകുപ്പിന്റെ പി 509/92 ഉത്തരവിന് വിരുദ്ധമായതിനാൽ മുൻകൂറുകൾ 12.5 ശതമാനം പലിശ ഉൾപ്പെടെ ഈടാക്കണം.	1. സിൻഡിക്കേറ്റിന്റെ മെമ്പർമാരും സെനറ്റ് മെമ്പർമാരും യാത്രാ ചെലവുകൾ സംബന്ധിച്ച് കെ.എസ്.ആർ ന്റെ പരിധിയിൽ വരുന്നവരല്ല. ഇവർക്ക് സിറ്റിംഗ് ഫീ, റോഡ് യാത്രക്ക് കിലോമീറ്ററിന് 2 രൂപ നിരക്കിൽ യാത്രചെലവും അല്ലാതെ യാത്ര നടത്തിയ ദിവസങ്ങളിൽ താമസസൗകര്യം, താമസ ചെലവുകൾ എന്നിവ സർവ്വകലാശാല നൽകുന്നില്ല. ഹാൾട്ട് സംബന്ധിച്ച വ്യവസ്ഥകൾ ഒന്നും പറഞ്ഞിട്ടില്ല. ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള 13 കേസ്സുകളിൽ 7 എണ്ണവും 50 കി.മീ. കൂറവ് ദൂരം ദിവസേന യാത്ര ചെയ്തിട്ടുള്ളവയാണ്. 5 എണ്ണം സർവ്വകലാശാലയുടെ പ്രവർത്തന പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്തിട്ടുള്ളവയാണ്. ബാക്കിയുള്ള ഒരെണ്ണം കലാശാലാ പ്രവർത്തന പരിധിക്ക് പുറത്തുള്ളതാണെങ്കിലും 59 കി.മീ ദൂരം മാത്രമേ യാത്ര ചെയ്തിട്ടുള്ളു. മേൽ വസ്തുതകൾ കണക്കിലെടുത്ത് ഓഡിറ്റ് റിപ്പോർട്ടിൻ മേലുള്ള സിൻഡിക്കേറ്റിന്റെ കമന്റ് ലോക്കൽ ഫണ്ടിന്റെ പരിഗണനക്ക് സമർപ്പിച്ചിട്ടുണ്ട്. മേൽ കാര്യങ്ങൾ പരിഗണിച്ച് ഓഡിറ്റ് പരാമർശത്തിലെ തടസ്സം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു. 2. വൈസ് ചാൻസലർക്ക് 10.10.2001ലും രജിസ്ട്രാർക്ക് 04.12.2001ലും യഥാക്രമം 30,000/-, 12000/- എന്ന തോതിൽ അനുവദിച്ച യാത്രാബത്ത സർവ്വകലാശാലയുടെ മുൻകൂർ രജിസ്റ്ററിൽ (പി.പി.ആർ) രേഖപ്പെടുത്തുകയും ആയവ യഥാക്രമം 12.12.2001, 15.01.2002 എന്നീ തിയതികളിൽ ക്രമപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് പലിശ ഈടാക്കേണ്ടതില്ല. സർവ്വകലാശാല ഇതു സംബന്ധിച്ച് വിശദമായ മറുപടി നൽകിയിട്ടുള്ളതാണ്. മറുപടിയുടെ അടിസ്ഥാനത്തിൽ വസ്തുതാ പരിശോധനക്ക് വിധേയമായി ഓഡിറ്റ് പരാമർശത്തിലെ തടസ്സം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ 16.01.2007 തീയതി എൽ.എഫ്. ബി2/887/06 നമ്പർ കത്ത് പ്രകാരം ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

			3. സർക്കാർ അനുമതി വാങ്ങാതെ വിമാനയാത്രയ്ക്ക് എന്ന പേരിൽ നൽകിയ 14852 രൂപയും ക്രമീകരിക്കേണ്ടതാണ്.	3. സർവ്വകലാശാലയുടെ ഇംഗ്ലീഷ് പഠന വകുപ്പിൽ പ്രൊഫസറെ നിയമിക്കുവാനുള്ള ഇന്റർവ്യൂ ബോഡിൽ അംഗമായിട്ടുള്ള വിദഗ്ദന്റെ യാത്രാചെലവ് ഇനത്തിലാണ് 14852 രൂപ ചെലവായത്. ഇന്റർവ്യൂ ബോർഡ് അംഗത്തിന്റെ നിയമനം അതീവ രഹസ്യ സ്വഭാവത്തോടുകൂടിയുള്ളതായതിനാൽ വൈസ് ചാൻസലർ നേരിട്ട് ബോർഡിൽ ഉൾപ്പെടുത്തിയ ആൾക്കാണ് തുക നൽകിയിട്ടുള്ളത്. മടക്കയാത്രക്കടക്കമുള്ള ഒരൊറ്റ ടിക്കറ്റ് ആയതിനാൽ ഫിനാൻസ് ഓഫീസർ നേരിട്ട് ടിക്കറ്റ് പരിശോധിച്ച് ടിക്കറ്റ് നമ്പറടക്കം യാത്രാ ബില്ലിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. സർവ്വകലാശാല ഇതു സംബന്ധിച്ച് വിശദമായ മറുപടി നൽകിയിട്ടുള്ളതാണ്. മറുപടിയുടെ അടിസ്ഥാനത്തിൽ വസ്തുതാ പരിശോധനക്ക് വിധേയമായി ഓഡിറ്റ്പരാമർശത്തിലെ തടസ്സം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ 16.01.2007 തീയതി എൽ.എഫ്. ബി2/887/06 നമ്പർ കത്ത് പ്രകാരം ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

C.V. USHA
Joint Secretary to Govt.
Higher Education Dept.
Govt. Secretariat, Tvpm.
Phone: 2333653

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019-21) - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-2005 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - മലബാർ ദേവസ്വം ബോർഡിനെയും ഗുരുവായൂർ ദേവസ്വത്തെയും സംബന്ധിക്കുന്ന പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട്

ഖണ്ഡിക	പരാമർശം	സ്വീകരിച്ച നടപടി
7.11(i) 1.2	**കലവറ സാധനങ്ങൾ സ്റ്റോക്കിലെടുത്തില്ല** (2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 17)	ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 17 ൽ സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 3/12/2005 ലെ എൽ.എഫ്.എച്ച്.ആർ.ഇ. പി.5-466/04(1) നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഇനി മലബാർ ദേവസ്വം ബോർഡ് തലത്തിൽ നടപടിയില്ല എന്ന് ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.
7.11(i) 1.3	**പതിവ് പാലിച്ചിട്ടില്ല; ദേവസ്വത്തിന് 91,469/- രൂപ നഷ്ടം.** (2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 18, 19, 20)	ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 18, 19, 20 എന്നിവയിൽ സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 3/12/2005 ലെ എൽ.എഫ്.എച്ച്.ആർ.ഇ. പി.5-466/04(1) നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഇനി മലബാർ ദേവസ്വം ബോർഡ് തലത്തിൽ നടപടിയില്ല എന്ന് ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

V. VILASACHANDRAN NAIR
Additional Secretary to Govt.
Revenue (Devaswom) Dept.
Govt. Secretariat
Ph: 0471 - 2335426 & 2518397

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2019-21) - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-2005 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - മലബാർ ദേവസ്വം ബോർഡിനെയും ഗുരുവായൂർ ദേവസ്വത്തെയും സംബന്ധിക്കുന്ന പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട്

ഖണ്ഡിക	പരാമർശം	സ്വീകരിച്ച നടപടി
(i) 1	**ശ്രീ. തളി ദേവസ്വം, കോഴിക്കോട്.** തളി ദേവസ്വത്തിൽ ധൂർത്തും ധനാപഹരണവും - (2002 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 14, 15, 17, 18, 19, 20)	14, 15, 17, 18, 19, 20 നമ്പർ ഖണ്ഡികകളിൽ സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 3/12/2005 ലെ എൽ.എഫ്.എച്ച്.ആർ.ഇ. പി.5-466/04(1) നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഇനി മലബാർ ദേവസ്വം ബോർഡ് തലത്തിൽ നടപടിയില്ല എന്ന് ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.
(ii) 1	**ശ്രീ. കൊട്ടിയൂർ ദേവസ്വം, കണ്ണൂർ** കേസ് സർക്കാരിനെതിരെ; ചെലവ് ക്ഷേത്ര ഫണ്ടിൽ നിന്ന്. (2000-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 30)	ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 30 ന് എക്സിക്യൂട്ടീവ് ഓഫീസർ നൽകിയ മറുപടിയിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ എച്ച്.ആർ.ഇ.(ടി.3)118/2005 തീയതി 28/4/2005 നമ്പരായി പുറപ്പെടുവിച്ച പുനരഭിപ്രായത്തിൽ ഖണ്ഡിക 30 ലെ തടസ്സം ഒഴിവാക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി വാങ്ങേണ്ടതാണെന്ന് പരാമർശിച്ചിട്ടുണ്ടെന്നും ഇതിനുശേഷം ഓഡിറ്റ് വകുപ്പിന്റെ എച്ച്.ആർ.ഇ.(ടി.3)88/2006 പ്രാദേശിക പരിശോധന റിപ്പോർട്ടിൽ ഖണ്ഡിക 30 ന്റെ മറുപടി തൃപ്തികരമല്ല തുക ഈടാക്കേണ്ടതാണ് എന്നറിയിച്ചിട്ടുണ്ടെന്നും നിയമ പ്രകാരം തുക ഈടാക്കുന്നതിന് സർചാർജ്ജ് നടപടികൾ സ്വീകരിക്കേണ്ടത് ഓഡിറ്റ് വകുപ്പാണെന്നും ക്ഷേത്രഫണ്ടിനുണ്ടായ 13,250/- രൂപയുടെ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ദേവസ്വം അക്കൌണ്ടിസ്റ്റ് വരവ് വെച്ച് രശീതി

		പകർപ്പ് സഹിതം വിവരം റിപ്പോർട്ട് ചെയ്യാൻ തലശ്ശേരി അസിസ്റ്റന്റ് കമ്മീഷണർ മുഖേന എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടെന്നും ഇക്കാര്യത്തിലെ നിജസ്ഥിതി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കുകയും പ്രസ്തുത ടീം സമർ പ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് വിശദമായ ശുപാർശ സമർപ്പിക്കുന്നതാണെന്നും ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.
(ii) 2	**ശ്രീ. പെരളശ്ശേരി ക്ഷേത്രം, കണ്ണൂർ** കുളം നവീകരണം: ക്ഷേത്ര ഫണ്ടിന് നഷ്ടം. (2000-03 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 26)	ശ്രീ. പെരളശ്ശേരി ക്ഷേത്രച്ചിറ നവീകരണം, കരാർ പ്രകാരം 08/02/2000 ന് ആരംഭിച്ച് 25/06/2001 ന് പൂർത്തീകരിച്ചുവെന്നും ഇതിന്റെ മൊത്തം പ്രവൃത്തിമൂല്യം 80,08,390/- രൂപയാണെന്നും ചിറ നവീകരണത്തിന് ദൈനംദിന സൂപ്പർവിഷൻ നിർവ്വഹിക്കുന്നതിന് കണ്ണൂരിലെ കേരള എഞ്ചിനീയറിംഗ് ഉടമയും എഞ്ചിനീയറുമായ ശ്രീ. സി.വി. സുദേവനെ പ്രവൃത്തി മൂല്യത്തിന്റെ 3% നിരക്കിൽ പ്രതിഫലം നല്കാമെന്ന വ്യവസ്ഥയിലാണ് ചുമതലപ്പെടുത്തിയതെന്നും മൊത്തം പ്രവൃത്തിമൂല്യത്തിന്റെ 3% നിരക്കിൽ പ്രതിഫലം നൽകാത്തതിനാൽ ടിയാന് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി. നം. 8069/2003 ലെ 13/02/2003 ലെ വിധിയനുസരിച്ച് ടിയാൻ ആവശ്യപ്പെട്ട പ്രതിഫലം ദേവസ്വത്തിൽ നിന്നും തീർത്തു നൽകിയതായും ക്ഷേത്രം മാനേജർ, മലബാർ ദേവസ്വം ബോർഡ് അസിസ്റ്റന്റ് കമ്മീഷണർ മുമ്പാകെ ബോധിപ്പിച്ചിട്ടുണ്ടെന്നും ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

		ബഹു. ഹൈക്കോടതി വിധിപ്രകാരമാണ് പ്രത് നൽകിയതെങ്കിലും ഇക്കാര്യത്തിൽ ക്ഷേത്രതാൽപര സംരക്ഷിക്കുന്നതിൽ ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും വന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് സ്പെഷ്യൽ ടീ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത ടീമിന്റെ റിപ്പോർട്ട് പരിശേ നിയമാനുസൃത തുടർനടപടികൾ അടിയന്തിര സ്വീകരിക്കുന്നതാണെന്നും മലബാർ ദേവസ്വം ബോർഡ് കമ്മീഷ അറിയിച്ചിട്ടുണ്ട്.
(ii) 3	**ശ്രീ. നച്യാട്ട്കാവ് ചുഴലി ഭഗവതിക്ഷേത്രം, കണ്ണൂർ** **1.** കാവൽ ജോലിയ്ക്ക് ശമ്പളം 2 തവണ. (1996-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 24 ബി)	തടസ്സപ്പെടുത്തിയ തുക ക്ഷേത്രഫണ്ടിൽ തിരിച്ചടയ്ക്കാത്തതിനെ തു അന്നത്തെ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. കെ. മോഹൻദാസ പേരിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ എൽ. 19007/സ്പെ.സെൽ/എസ്.സി.4 എ/2005 തീയതി 26/12/2006 പ്ര സർചാർജ്ജ് നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ഇനി സ്വീകരിക്കേണ്ടത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പാണെന്നും മല ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.
	2. സ്ഥിരനിക്ഷേപം - 1.94 ലക്ഷം കാണാനില്ല (1996-2002 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 28)	കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, 03/06/2005 ലെ എച്ച്.അ (ടി.3) നം. 214/2005 പ്രകാരം പുറപ്പെടുവിച്ച പുനരഭിപ്രായ സ്ഥിരനിക്ഷേപത്തിൽ നിന്ന് ധനാപഹരണം വഴി 29,000/- നഷ്ടമായത് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. കെ. മോഹൻദാ നിന്നും ഈടാക്കുന്നതിനായി ചാർജ്ജ് നടപ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നും എന്നാൽ 26/12 ലെ എൽഎഫ്.19007/സ്പെ.സെൽ/എസ്.സി.4 എ/2005

		സർചാർജ്ജ് നോട്ടീസിൽ ഖണ്ഡിക 28 ഉൾപ്പെടുത്തിയിട്ടില്ല എന്നും സ്ഥിരനിക്ഷേപങ്ങൾ ദുരുപയോഗം ചെയ്ത എക്സിക്യൂട്ടീവ് ഓഫീസർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാൻ ട്രസ്റ്റി ബോർഡ് ചെയർമാന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും നിലവിലെ സ്ഥിതിവിവരങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ടെന്നും ടി ടീമിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.
(ii) 4	**ശ്രീ ജഗന്നാഥ ക്ഷേത്രം, കണ്ണൂർ.** അക്കൗണ്ടില്ല; ക്ഷേത്രഫണ്ട് വകമാറ്റുന്നു.	01/08/2012 ലെ സർക്കാർ ഗസറ്റ് നോട്ടിഫിക്കേഷൻ ജി.ഒ.(പി) നം. 371/2012/ആർ.ഡി. പ്രകാരം തലശ്ശേരി ശ്രീ. ജഗന്നാഥ ക്ഷേത്രത്തെ ഹിന്ദുമത ധർമ്മസ്ഥാപന നിയമം 1951-ന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഇനി തുടർ നടപടി സ്വീകരിക്കുവാൻ കഴിയുന്നതല്ലെന്ന് ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.
(ii) 5	**ശ്രീ. കാപ്പാട്ടുകാവ് ക്ഷേത്രം, കണ്ണൂർ.** സ്ഥലം വാങ്ങിയില്ല; മുൻകൂർ തിരിച്ചടച്ചില്ല. (1996-2002 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 29)	തടസ്സപ്പെടുത്തിയ തുക ആകെ 48,236/- രൂപ 22/08/2005 ന് ദേവസ്വം ഫണ്ടിൽ തിരിച്ചടച്ചിട്ടുണ്ടെന്നും ആയതിനാൽ തുടർ നടപടി ആവശ്യമില്ലെന്നും ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.
	മധൂർ ശ്രീ മദനന്തേശ്വര വിനായക ക്ഷേത്രം ദേവസ്വം വാഹനം ദുരുപയോഗം ചെയ്തു. (2002-2003 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 50)	സ്പെഷ്യൽ ടീം ദേവസ്വം വാഹനം ദുരുപയോഗം ചെയ്തതായി അന്വേഷണത്തിൽ കണ്ടെത്തുകയും ദേവസ്വത്തിന് നഷ്ടം വന്ന തുക ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതിന് വകുപ്പ് ഡെപ്യൂട്ടി

		കമ്മീഷണർക്ക് ശുപാർശ നൽകുകയും ചെയ്തിരുന്നുവെന്നും ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ചിട്ടുണ്ടെന്നും ഇതിന്റെ അടിസ്ഥാനത്തിൽ നഷ്ടം ഈടാക്കുന്നതിന് നിലവിലെ നിയമവ്യവസ്ഥ അനുസരിച്ച് സർചാർജ്ജ് നടപടികൾ സ്വീകരിക്കാൻ ഓഡിറ്റ് വകുപ്പിന് ശുപാർശ സമർപ്പിക്കുന്നതാണെന്നും ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.
	പാപ്പിനിശ്ശേരി ക്ഷേത്രം വഴിപാട് വരവിൽ വൻ ധനാപഹരണം. (1996-2003 ഓഡിറ്റ് റിപ്പോർട്ട്: ഖണ്ഡിക 14)	ക്ഷേത്രവരവ് സേവാസമിതി ഫണ്ടിലേയ്ക്ക് മാറ്റുകയും, നാമമാത്രമായ വരവും ചെലവും കാണിച്ച് യഥാർത്ഥ വരവ്-ചെലവുകൾ മുഴുവനും അനധികൃത കമ്മിറ്റിയായ സേവാ സമിതി നിർവ്വഹിച്ചു എന്നല്ലാതെ ധനാപഹരണം നടത്തിയതായി യാതൊരു പരാതിയും ലഭിച്ചിട്ടില്ലെന്നും മുൻ മാനേജിംഗ് ട്രസ്റ്റിമാരും സാമ്പത്തികമായ പിന്നോക്കം നിൽക്കുന്നവരുമായ 2 വ്യക്തികളുടെ പേരിൽ മാത്രം ധനാപഹരണ കുറ്റം ചുമത്താൻ യാതൊരു തെളിവുമില്ലെന്നും ഇക്കാര്യത്തിൽ അന്വേഷണം നടത്തിയ മലബാർ ദേവസ്വം ബോർഡിലെ സ്പെഷ്യൽ ടീം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഈ റിപ്പോർട്ടിന്റെ ആധികാരികത ഒന്നുകൂടി പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

	3. ഗുരുവായൂർ ദേവസ്വം **1.** മുറി ലേലം ചെയ്തില്ല; ദേവസ്വത്തിന് വരുമാന നഷ്ടം. (2001-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക-49).	പരാമർശ വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുകയും (ശ്രീ. ജയരാമൻ കെ.കെ. എന്ന ലൈസൻസി മുഴുവൻ ലൈസൻസ് ഫീയും അടവാക്കിയതിനെ തുടർന്ന്) ഗുരുവായൂർ ദേവസ്വം കമ്മീഷണറുടെ 13/2/2006 ലെ GDC-164/2005 ഉത്തരവ് പ്രകാരം ഫയൽ തീർപ്പാക്കിയിട്ടുള്ളതാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ നടപടി വീഴ്ചയുണ്ടായിട്ടില്ല എന്നും അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്.
	2. ശമ്പളം സർവ്വീസ് നിയമത്തിന് വിരുദ്ധം; 5.5 ലക്ഷം അധിക ചെലവ്. (2001-2002 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക-96)	65 ജീവനക്കാർക്ക് 10 വർഷ ഹയർ ഗ്രേഡ് അനുവദിച്ചപ്പോൾ അധികമായി നൽകിയ സംഖ്യ തിരിച്ച് പിടിച്ച് ഇക്കാര്യം ഗുരുവായൂർ ദേവസ്വം കമ്മീഷണറെ അറിയിച്ചതിനെ തുടർന്ന് പ്രസ്തുത പരാമർശം പ്രൊസീഡിംഗ്സ് നം. 164/2005/ജിഡിസി തീയതി 16/7/2010 പ്രകാരം ഒഴിവാക്കി ഉത്തരവായിട്ടുള്ളതാണെന്നും ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്.

M. HARSHAN
Additional Secretary to Govt.
Revenue (Devaswom) Dept.
Govt. Secretariat
Ph : 0471 - 2335426 & 2518397

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിന്മേലുള്ള ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക (Remedial Measures Taken Statement)

ക്രമനമ്പർ	സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം	ആഡിറ്റ് ഖണ്ഡിക നമ്പർ	ആഡിറ്റ് പരാമർശ വിഷയം	ആഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1	2004 - 2005	8.4.1	ഫ്ളാഗ് ഡേ ഫണ്ട് 1,27,158/- രൂപ പിരിച്ചില്ല	ഫ്ളാഗ് ഡേ ഫണ്ടിനത്തിൽ തൃശൂർ സൈനികക്ഷേമ വകുപ്പ് മുഖാന്തിരം ലഭിക്കേണ്ടതായ 1,27,158/- രൂപയിൽ 1,26,498/- രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. ബി.ഡി.ഒ ചാവക്കാടിൽ നിന്നും ലഭിക്കേണ്ടതായ 660/- രൂപ പിരിച്ചെടുക്കാൻ വേണ്ട നടപടി തൃശൂർ ജില്ലാ സൈനികക്ഷേമ ഓഫീസർ സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം,
19 .12.2007.

അഡീഷണൽ സെക്രട്ടറി

Additional Secretary
General Administration Dept.
Govt. Secretariat, Trivandrum